# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## തിരൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**നഗരസഭാ ഓഡിറ്റ് കാര്യാലയം**

**തിരൂർ പി.ഒ**

**ഇ-മെയിൽ: mltir.ksad@kerala.gov.in**

**ഫോൺ :**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.ആർ.എം.2/ 93 /2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തിരൂർ പി.ഒ
തീയ്യതി: 28/03/2026
ഇ-മെയിൽ: mltir.ksad@kerala.gov.in
ഫോൺ:

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തിരൂർ മുനിസിപ്പാലിറ്റി

സർ,

**വിഷയം : തിരൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

K Subha

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. ജോയിന്റ് ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം
3. കാര്യാലയ പകർപ്പ്

MUNICIPAL AUDIT OFFICE
KERALA STATE AUDIT DEPARTMENT

നമ്പർ: കെ.എസ്.എ.ടി.ആർ.എം.2/ 93 /2026 തീയ്യതി: 28/03/2026

## മലപ്പുറം ജില്ലയിലെ തിരൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 25-03-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 191 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 56 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-02-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീഷ് കുമാർ കെ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 01-11-2024 | 11-03-2026 |
| ശ്രീമതി. ശുഭാദേവി കെ | ഡെപ്യൂട്ടി ഡയറക്ടർ | 12-03-2026 | 25-03-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-11-2024 | 25-03-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ, ഓഡിറ്റ് ഓഫീസർ 01-11-2024 മുതൽ 25-03-2026 വരെ

ശ്രീ. മുഹമ്മദ് മുസ്തഫ പി, അസി. ഓഡിറ്റ് ഓഫീസർ 01-11-2024 മുതൽ 25-03-2026 വരെ

ശ്രീ. മിലാഷ് സി എൻ, അസി. ഓഡിറ്റ് ഓഫീസർ 28-07-2025 മുതൽ 26-09-2025 വരെ

ശ്രീ. ഫാസിൽ ടി ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ 12-06-2023 മുതൽ 31.07.2025 വരെ

ശ്രീമതി. വിനീത പി പി, സീനിയർ ഗ്രേഡ് ഓഡിറ്റർ 06-10-2025 മുതൽ 25-03-2026 വരെ

ശ്രീമതി. നിഷ എസ്, ഓഡിറ്റർ 01-11-2024 മുതൽ 25-06-2025 വരെ

ശ്രീ. അനീസ് ബാബു കെ, ഓഡിറ്റർ 25-06-2025 മുതൽ 30-07-2025 വരെ

ശ്രീമതി. സുഹൈല കെ, ഓഡിറ്റർ 02-08-2025 മുതൽ 08.10.2025 വരെ

ശ്രീ. വർഗ്ഗീസ് ഫിലിപ്പ്, ഓഡിറ്റർ 10-10-2025 മുതൽ 25-03-2026 വരെ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നസീമ. എ.പി | ചെയർപേഴ്സൺ | 01-04-2024 | 31-03-2025 |
| ശ്രീമതി. സിനി.ടി.എൻ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ധന്യ. ടി.വി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി. പ്രൻസി സേവ്യർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2024 | 01-02-2025 |
| ശ്രീമതി. പിങ്കി ആർ വി | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 02-02-2025 | 31-03-2025 |
| ശ്രീ. അബൂബക്കർ. പി | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ/കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. അനിൽകുമാർ | സീനിയർ വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ. കുഞ്ഞവറാൻകുട്ടി | പ്രധാനാധ്യാപകൻ , ജി.എച്ച്.എസ്.എസ്, എഴൂർ | 01-04-2024 | 31-03-2025 |
| ഡോ. സെൽവരാജ്.കെ.ആർ | മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി | 01-04-2024 | 23-01-2025 |
| ഡോ. അലിഗർ ബാബു.സി | മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി | 24-01-2025 | 31-03-2025 |
| ശ്രീ. ജീവരാജ്.ഇ.കെ | ഹെൽത്ത് സൂപ്പർവൈസർ (സി.സി.എം) | 01-04-2024 | 09-10-2024 |
| ശ്രീ.ബാബു ഇ | ഹെൽത്ത് സൂപ്പർവൈസർ (സി.സി.എം) | 10-10-2024 | 31-03-2025 |
| ശ്രീ. റഷീദുദ്ദീൻ | പ്രോജക്ട് ഓഫീസർ, യു.പി.എ.സി | 01-04-2024 | 19-12-2024 |
| ശ്രീ. അഭിലാഷ് എം കെ | പ്രോജക്ട് ഓഫീസർ, യു.പി.എ.സി | 20-12-2024 | 31-03-2025 |
| ശ്രീമതി. ലിത കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 23-04-2024 |
| ശ്രീമതി.സരിത ഇ | ഐ സി ഡി എസ് സൂപ്പർവൈസർ | 24-04-2024 | 31-03-2025 |
| ശ്രീമതി. സെൽന എം | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.റിജ. പി.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കുറിപ്പുകൾ,അനുമാനങ്ങൾ , മുൻ വർഷ താരതമ്യ തുകകൾ എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | (2023-24) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ്, തൻ വർഷത്തെ (2024-25) ട്രയൽ ബാലൻസ് മുന്നിരിപ്പുമായി പൊരുത്തപ്പെടുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ബാങ്ക് റീ കൺസീലിയേഷൻ പത്രികകൾ ഹാജരാക്കിയില്ല. | 1-1-3 |
| 5 | ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക്ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തി. | 1-1-4 |
| 6 | വാർഷിക കണക്കിന്റെ കൃത്യത പരിശോധിക്കാവുന്ന തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-5 |
| 7 | ബാങ്ക്, ട്രഷറി അക്കൗണ്ടുകൾ എല്ലാ മാസവും റീകൺസീലിയേഷൻ നടത്തുന്നില്ല. | 1-1-6 |
| 8 | ബാങ്ക് / ട്രഷറി റികൺസിലിയേഷൻ - വ്യതിയാനങ്ങൾ ക്രമീകരിക്കുന്നില്ല. | 1-1-7 |
| 9 | പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റുന്നില്ല | 1-1-8 |
| 10 | ആസ്തി - മൂല്യ നിർണ്ണയം നടത്തിയിട്ടില്ല | 1-1-9 |
| 11 | യഥാർത്ഥ ശീർഷകത്തിൽ ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-10 |
| 12 | ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. | 1-1-11 |
| 13 | നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല | 1-1-12 |
| 14 | തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-1-13 |
| 15 | പ്രതിമാസ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല | 1-1-14 |
| 16 | വരവുകൾ തെറ്റായ ഹെഡിൽ ബുക്ക് ചെയ്തു. | 1-1-15 |
| 17 | നഗരസഭയുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-16 |
| 18 | മുൻബാക്കി ക്രമീകരിക്കുന്നതിനുള്ള ജേണൽ എൻട്രി രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. | 1-1-17 |
| 19 | AUEGS വരവ് അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-18 |
| 20 | അക്കൗണ്ടിംഗ് നടപടികളിലെ അപാകതകൾ– വരവ് ചെലവുകൾ പെരുപ്പിക്കപ്പെട്ടു. | 1-1-19 |
| 21 | വരവുകളുടെ കൃത്യത ഉറപ്പുവരുത്താനാവുന്നില്ല. | 1-1-20 |
| 22 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് - പലിശ തനത് വരവായി അക്കൗണ്ട് ചെയ്തു. | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | ബജറ്റ് പരിശോധന- അപാകതകൾ | 1-2-1 |
| 25 | സാമ്പത്തിക വിശകലനം | 1-3 |
| 26 | ഫണ്ട് വിനിയോഗം | 1-4 |
| 27 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ - പരിശോധന അപാകതകൾ | 1-4-1 |
| 28 | പദ്ധതി അവലോകനം | 1-5 |
| 29 | പദ്ധതി രൂപീകരണ മാർഗ്ഗരേഖ പൂർണമായി പാലിക്കാതെ പദ്ധതി തയ്യാറാക്കി. | 1-5-1 |
| 30 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 31 | ക്ഷേമ പദ്ധതികൾ | 1-7 |
| 32 | ക്യാഷ് പരിശോധന | 1-8 |
| 33 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 34 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-10 |
| 35 | പ്ലാൻഫണ്ട് ഫണ്ട് ചെലവഴിച്ചില്ല –2.41 കോടി രൂപ ലാപ്സ് ആയി. | 1-11 |
| 36 | എസ്.സി.എസ്.പി ഫണ്ട് ചെലവഴിച്ചില്ല – 33.96 ലക്ഷം രൂപ പൊതു വിഭാഗം ഫണ്ട് വകമാറ്റപ്പെട്ടു. | 1-11-1 |

| | | |
|---|---|---|
| 37 | തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ വീഴ്ച – പ്ലാൻ വിഹിതത്തിൽ നിന്ന് 495200 രൂപ നഷ്ടപ്പെട്ടു. | 1-12 |
| 38 | ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വരവ് വന്ന 2.52 കോടി രൂപ കണക്കിലുൾപ്പെടുത്തിയിട്ടില്ല | 1-13 |
| 39 | കണക്കിൽപ്പെടാതെ 2 കോടിയിലധികം രൂപ ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് പിൻവലിച്ചു | 1-14 |
| 40 | ബാങ്കിൽ സമർപ്പിച്ച ചെക്കുകൾ– 3.8 കോടി രൂപ വരവ് വന്നിട്ടില്ല. | 1-15 |
| 41 | ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല | 1-16 |
| 42 | നിക്ഷേപങ്ങൾ - ഭൗതിക പരിശോധന - അപാകതകൾ | 1-17 |
| 43 | 1.68 കോടിയിലധികം രൂപ മുൻകൂർ– ക്രമീകരിച്ചിട്ടില്ല. | 1-18 |
| 44 | നഗരസഭയുടെ മുഴുവൻ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-19 |
| 45 | ചെലവുകൾ തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്തു. | 1-20 |
| 46 | വരവ് തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്തു. | 1-21 |
| 47 | ഇടപാടുകൾ നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ -തുടർ നടപടി സ്വീകരിക്കണം | 1-22 |
| 48 | ഗ്രാന്റ് വരവ് - അപാകതകൾ | 1-23 |
| 49 | തനത് ഫണ്ട് -വരവിനങ്ങളിൽ 5.70 കോടി കുടിശ്ശിക. | 1-24 |
| 50 | GST കളക്ഷൻ , ഒടുക്ക് അപാകതകൾ. | 1-25 |
| 51 | AUEGS- അക്കൗണ്ട് ചെയ്തതിലെ അപാകതകൾ | 1-26 |
| 52 | വാർഡ് സഭ യോഗം- മുനിസിപ്പാലിറ്റി നിയമം, ചട്ടങ്ങൾ എന്നിവ പൂർണ്ണമായി പാലിക്കുന്നില്ല. | 1-27 |
| 53 | പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള തീരുമാനം നടപ്പാക്കിയില്ല- നഗരസഭക്ക് 71 ലക്ഷം രൂപയിൽ അധികം ബാധ്യത | 1-28 |
| 54 | ഓഡിറ്റ് റിപ്പോർട്ടിൽ തുടർ നടപടി സ്വീകരിക്കുന്നില്ല. | 1-29 |
| 55 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. | 1-30 |
| 56 | ആസ്തികളുടെ ഉടമസ്ഥതാരേഖ ലഭ്യമാക്കിയില്ല | 1-31 |
| 57 | മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമാക്കപ്പെട്ട പുറമ്പോക്ക് ഭൂമിയുടെ വിവരം ലഭ്യമല്ല. | 1-32 |
| 58 | ഇ പേയ്മെന്റ് - 35 ലക്ഷം രൂപ അക്കൗണ്ടിൽ സമയബന്ധിതമായി വരവ് വന്നില്ല- പലിശ ഇനത്തിൽ നഷ്ടം | 1-33 |
| 59 | കറണ്ട് അക്കൗണ്ടിൽ വൻതുക നിലനിർത്തുന്നു - ₹ 8.5 ലക്ഷത്തിലധികം നഷ്ടം. | 1-34 |
| 60 | ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു - തുടർ നടപടി സ്വീകരിക്കുന്നില്ല. | 1-35 |
| 61 | പ്ലാസ്റ്റിക് ഉപയോഗം പിഴ- കൗൺസിൽ തീരുമാനത്തിൽ തുടർ നടപടി സ്വീകരിച്ചതായി രേഖയില്ല | 1-36 |
| 62 | ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപീകരിച്ചിട്ടില്ല. | 1-37 |
| 63 | 5 വർഷമായിട്ടും പ്രവർത്തനക്ഷമമാകാത്ത ജല പരിശോധന ലാബ്- ₹ 199868 പാഴ്ച്ചെലവ്. | 1-38 |
| 64 | പൊതു തെരുവുകളിലെ പരസ്യങ്ങൾ - നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. | 1-39 |
| 65 | മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടത്തിന് വിരുദ്ധമായ ബാങ്ക് അക്കൗണ്ടുകൾ | 1-40 |
| 66 | വൈദ്യുതി ചാർജ്ജ് ഒടുക്ക്- കണക്ഷനുകളുടെ വ്യക്തമായ രേഖകൾ ലഭ്യമല്ല. | 1-41 |
| 67 | ആദായ നികുതി നോട്ടീസ് -സമയബന്ധിതമായി തുടർ നടപടി സ്വീകരിക്കുന്നില്ല. | 1-42 |
| 68 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതല നിറവേറ്റുന്നില്ല. | 1-43 |
| 69 | കെ-സ്മാർട്ട് ആപ്ലിക്കേഷൻ– പരിശോധനയിൽ കണ്ടെത്തിയ അപാകതകളും ന്യൂനതകളും | 1-44 |
| 70 | തനത് വരവ് അവലോകനം | 1-45 |
| 71 | വസ്തു നികുതി - പൊതു അപാകതകൾ | 1-46 |
| 72 | വസ്തു നികുതി നിർണ്ണയം - രേഖകളിലെ അപാകതകൾ | 1-47 |
| 73 | അനധികൃത കെട്ടിടങ്ങൾ– കെ സ്മാർട്ട് രേഖയിൽ നിന്ന് ഒഴിവാക്കി. | 1-48 |
| 74 | അനധികൃത നിർമ്മാണം സംബന്ധിച്ച കേസുകൾ - നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കിയില്ല | 1-48-1 |

| | | |
|---|---|---|
| 75 | അനധികൃത നിർമ്മാണം -ഈടാക്കാനുള്ള തുക പൊരുത്തപ്പെടുന്നില്ല. | 1-48-2 |
| 76 | നഗരസഭയിലെ അനധികൃത കെട്ടിടങ്ങൾ -ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചില്ല | 1-48-3 |
| 77 | അനധികൃത കെട്ടിടങ്ങൾ - വസ്തുനികുതി രേഖയിൽ നിയമാനുസൃത കെട്ടിടമായി രേഖപ്പെടുത്തി | 1-48-4 |
| 78 | നിലം/നഞ്ച ഭൂമിയിൽ നിർമ്മിച്ച കെട്ടിടങ്ങൾക്ക് മാനദണ്ഡങ്ങൾ പാലിക്കാതെ ക്രമവൽക്കരിച്ചു- നമ്പർ/ഒക്കുപ്പൻസി അനുവദിച്ചു | 1-49 |
| 79 | ക്രമവത്ക്കരണ അപേക്ഷ- തുടർനടപടികൾ സ്വീകരിച്ചില്ല | 1-50 |
| 80 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക | 1-51 |
| 81 | ടൗൺഹാൾ , സ്റ്റേഡിയം, സമുച്ചയം വാടക - വരുമാന നഷ്ടത്തിനും ദുരുപയോഗത്തിനും സാധ്യത. | 1-52 |
| 82 | നഗരസഭയുടെ വിവിധ വസ്തുവകകളിൽ നിന്നും ഫീ കളക്ഷൻ ലേലം -അപാകതകൾ | 1-53 |
| 83 | മാർക്കറ്റ് ഫീസ് കളക്ഷൻ | 1-53-1 |
| 84 | പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ ഫീസ് കളക്ഷൻ | 1-53-2 |
| 85 | ബസ് സ്റ്റാന്റ് ഫീസ് കളക്ഷൻ | 1-53-3 |
| 86 | അറവ് ശാല ഫീസ് കളക്ഷൻ | 1-53-4 |
| 87 | വ്യാപാരങ്ങൾക്കും സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ | 1-54 |
| 88 | സ്വകാര്യ ആശുപത്രികൾ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപന രജിസ്ട്രേഷൻ -നടപടി സ്വീകരിക്കുന്നില്ല. | 1-55 |
| 89 | രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-55-1 |
| 90 | അനധികൃത സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നില്ല – പിഴ ഇനത്തിൽ വൻ നഷ്ടം | 1-55-2 |
| 91 | രജിസ്ട്രേഷൻ, പുതുക്കൽ എന്നിവയ്ക്ക് ഫീസ് നിശ്ചയിച്ച് നൽകിയിട്ടില്ല. | 1-55-3 |
| 92 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - നഗരസഭ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല. | 1-56 |
| 93 | ജിയോ ഡിജിറ്റൽ ഫൈബർ കേബിൾ - ഫീസ് ഈടാക്കിയില്ല ₹12.48 ലക്ഷം കുടിശ്ശിക. | 1-57 |
| 94 | സ്റ്റേഡിയത്തിന് മുൻവശം വാടക-സമയബന്ധിതമായി നടപടി സ്വീകരിച്ചില്ല ₹ 18000 നഷ്ടം | 1-58 |
| 95 | ലൈസൻസില്ലാത്ത സ്വകാര്യ വണ്ടിത്താവളങ്ങൾ - നഗരസഭ നടപടി സ്വീകരിക്കുന്നില്ല. | 1-59 |
| 96 | EMS ചിൽഡ്രൻസ് പാർക്ക് - കരാർ പ്രകാരമുള്ള ഫീസ് ലഭ്യമാകുന്നില്ല. | 1-60 |
| 97 | വിനോദ നികുതി കളക്ഷൻ - പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-61 |
| 98 | തൊഴിൽ നികുതി - മുനിസിപ്പാലിറ്റി നിയമപ്രകാരം നടപടി സ്വീകരിക്കുന്നില്ല. | 1-62 |
| 99 | നഗരസഭ കെട്ടിടങ്ങളിൽ നിന്നുള്ള വാടക വരവ് - വ്യക്തമായ രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-63 |
| 100 | റൂം ലേലം- തുടർ നടപടി വിവരങ്ങൾ ലഭ്യമല്ല. | 1-63-1 |
| 101 | വാടകക്ക് നൽകിയ കെട്ടിടങ്ങളുടെ വ്യക്തമായ രേഖകൾ സൂക്ഷിക്കുന്നില്ല | 1-64 |
| 102 | കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കി അംഗീകരിച്ചിട്ടില്ല. | 1-64-1 |
| 103 | വാടകക്ക് നൽകുന്ന കെട്ടിടങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല | 1-64-2 |
| 104 | സംവരണം ചെയ്യപ്പെട്ട വാടക റൂമുകളുടെ വിവരം പ്രത്യേകമായി എഴുതി സൂക്ഷിക്കുന്നില്ല | 1-64-3 |
| 105 | പരസ്യലേലം / ടെണ്ടർ നപടി സ്വീകരിക്കാതെ ലൈസൻസ് നൽകുന്നു | 1-64-4 |
| 106 | അപൂർണ്ണമായ കരാറുകൾ | 1-64-5 |
| 107 | പെൻഷൻ പരിശോധന-അപാകതകൾ | 1-65 |
| 108 | പി എം എ വൈ ഭവന പദ്ധതി - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 1-66 |
| 109 | ഹോമിയോ ഡിസ്പെൻസറിയിലേക്കു മരുന്നു വാങ്ങൽ– മരുന്നുകൾ ലഭ്യമായില്ല. | 1-67 |
| 110 | സ്ട്രീറ്റ് ടാപ്പ് വാട്ടർ ചാർജ്ജ് -ചെലവ് തെറ്റായി അക്കൗണ്ട് ചെയ്തു | 1-68 |
| 111 | എസ്.എസ്.എ വിഹിതം നൽകൽ -സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-69 |

| | | |
|---|---|---|
| 112 | ഫെസ്റ്റിവൽ അഡ്വാൻസ് ₹ 336190 ക്രമീകരിച്ചിട്ടില്ല. | 1-70 |
| 113 | നിയമ വിരുദ്ധ ദിവസ വേതന നിയമനം- തുടർ നടപടി സ്വീകരിച്ചില്ല. | 1-71 |
| 114 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം | 1-71-1 |
| 115 | ഡ്രൈവർ നിയമനം | 1-71-2 |
| 116 | വാച്ച്മാൻ നിയമനം | 1-71-3 |
| 117 | ഹോമിയോ ഡോക്ടർ നിയമനം | 1-71-4 |
| 118 | കൈതവളപ്പ് റോഡിന്റെ കോണ്ടൂർ സർവേ - രേഖകൾ ലഭ്യമല്ല. | 1-72 |
| 119 | അക്കൗണ്ട് ട്രെയ്നി സ്റ്റൈപ്പന്റ് - സർക്കാർ അനുവദിച്ചതിൽ അധികം തുക നൽകി. | 1-73 |
| 120 | ട്രഞ്ചിംഗ് ഗ്രൗണ്ടിൽ സി.സി.ടി.വി സ്ഥാപിക്കൽ - മുൻകൂർ സമയബന്ധിതമായി ക്രമീകരിച്ചില്ല. | 1-74 |
| 121 | ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിക്കൽ - ചെലവ് രേഖകൾ ലഭ്യമല്ല. | 1-75 |
| 122 | KSEB ക്ക് മുൻകൂർ -പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-76 |
| 123 | മരം മുറിച്ച മാറ്റൽ - മുൻകൂർ ക്രമീകരിച്ചില്ല | 1-77 |
| 124 | നെറ്റ്‌വർക്കിംഗ് പ്രവൃത്തി- പദ്ധതിയിൽ ഉൾപ്പെടുത്താതെ മുൻകൂർ നൽകി. | 1-78 |
| 125 | വാഹന പരിപാലനം- മുനിസിപ്പാലിറ്റി ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-79 |
| 126 | പ്രൊവിഡൻറ് ഫണ്ട് അക്കൗണ്ട് പരിശോധന | 1-80 |
| 127 | പി.എഫ് മുൻകൂർ  അനുവദിച്ചത് - അപാകതകൾ | 1-81 |
| 128 | പരിരക്ഷ പാലിയേറ്റീവ് കെയർ -മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 1-82 |
| 129 | മുട്ട കോഴി വിതരണം- അധിക നിരക്കിൽ സബ്സിഡി നൽകി ₹ 37160 അധികച്ചെലവ്. | 1-83 |
| 130 | ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം- അപാകതകൾ | 1-84 |
| 131 | ഭിന്നശേഷി ഡാറ്റാബേസ് തയ്യാറാക്കിയിട്ടില്ല. | 1-84-1 |
| 132 | സ്കോളർഷിപ്പ് വിതരണം- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-84-2 |
| 133 | ബഡ്സ് സ്കൂളിൽ ഹാജരാകാത്തവർ അനർഹമായി ആനുകൂല്യം കൈപ്പറ്റുന്നു. | 1-84-3 |
| 134 | ബഡ്സ് സ്കൂൾ വാഹനം ഉപയോഗപ്പെടുത്തുന്നവരുടെ യാത്രാബത്ത നഗരസഭക്ക് ലഭ്യമാക്കുന്നില്ല | 1-84-4 |
| 135 | ജൈവ വളം വിതരണം - കർഷകർക്കും നഗരസഭക്കും അധികച്ചെലവിന് അവസരം സൃഷ്ടിച്ചു. | 1-85 |
| 136 | യു.പി.എ പ്രൊജക്ട് ഓഫീസർ - രജിസ്റ്ററുകൾ ശരിയായി സൂക്ഷിക്കുന്നില്ല. | 1-86 |
| 137 | വീട് വാസയോഗ്യമാക്കൽ (SC) - ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 1-87 |
| 138 | ബാലസഭ പ്രവർത്തനം - അപാകതകൾ | 1-88 |
| 139 | അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി ചെലവ് രേഖകൾ ലഭ്യമല്ല. | 1-89 |
| 140 | ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യാത്തത് മൂലം പിഴ - തുടർ നടപടി സ്വീകരിച്ചിട്ടില്ല. | 1-90 |
| 141 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം - അപാകതകൾ | 1-91 |
| 142 | ശുചീകരണത്തിന് ടിപ്പർ ലോറി വാങ്ങൽ - ബിൽ പ്രകാരമുള്ള ലോറി വിതരണം ചെയ്തില്ല. | 1-92 |
| 143 | അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനുള്ള ചാക്ക് വിതരണം - വാങ്ങൽ നടപടികളിൽ അപാകത | 1-93 |
| 144 | വയോ മിത്രം മരുന്ന് വാങ്ങൽ - സ്റ്റോക്ക് & ഇഷ്യു രേഖകൾ ലഭ്യമല്ല. | 1-94 |
| 145 | 8,9,10 ക്ലാസുകളിലെ കുട്ടികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം- മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവ് | 1-95 |
| 146 | എഞ്ചിനിയറിംഗ് വിഭാഗം നിർവഹണോദ്യോഗസ്ഥർ കാഷ്ബുക്ക് എഴുതിയിട്ടില്ല. | 1-96 |
| 147 | അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ട്- അപാകതകൾ | 1-97 |
| 148 | അക്കൗണ്ടിലെ സാമ്പത്തിക ഇടപാടുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-97-1 |
| 149 | ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 1-97-2 |
| 150 | പലിശ വരവ് അക്കൗണ്ട് ചെയ്യാത്തതിലെ അപാകതകൾ | 1-97-3 |

| | | |
|---|---|---|
| 151 | മരാമത്ത് പ്രവൃത്തിയിൽ നിന്നുള്ള ഡിഡക്ഷൻ - 5.09 ലക്ഷം രൂപ ഒടുക്ക് വരുത്തിയില്ല. | 1-98 |
| 152 | ഇലക്ട്രിക്കൽ പ്രവൃത്തി- എഞ്ചിനിയറുമായി കരാർ ചമക്കാതെ പ്രവൃത്തി നടത്തി. | 1-99 |
| 153 | നഗരസഭാ ഓഫീസ് ഫ്രണ്ട് ഓഫീസ്, കൗൺസിലേഴ്സ് ലോഞ്ച് നവീകരണം പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ | 1-100 |
| 154 | നഗരസഭയിൽ സംഭരിച്ച ബിറ്റുമിൻ ഉപയോഗിച്ചില്ല- സാമ്പത്തിക നഷ്ടം. | 1-101 |
| 155 | പി.ഡബ്ല്യു.ഡി റോഡിൽ ട്രാഫിക് സിഗ്നൽ - സർക്കാർ അനുമതിയില്ലാതെ നടപ്പാക്കി. | 1-102 |
| 156 | നഗരസഭാ ഓഫീസ് ബിൽഡിംഗ് നവീകരണം പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ | 1-103 |
| 157 | എസ്റ്റിമേറ്റ് പ്രകാരമല്ലാതെ പ്രവൃത്തി നടത്തി - ₹135758 അധികച്ചെലവ്. | 1-104 |
| 158 | വാർഡ് 5അംഗൻവാടി കെട്ടിട നിർമ്മാണം | 1-104-1 |
| 159 | 8ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം | 1-104-2 |
| 160 | 17-ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം | 1-104-3 |
| 161 | 24-ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം | 1-104-4 |
| 162 | 28-ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം- | 1-104-5 |
| 163 | ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിൽ ടോയ്‌ലറ്റ് കോംപ്ലക്സ് സ്ഥാപിക്കൽ ( 320/25) - അപാകതകൾ | 1-105 |
| 164 | മണ്ണ് നീക്കുന്നതിന് തെറ്റായ ഡാറ്റ അനുവദിച്ചു - ₹50539 അധികച്ചെലവ്. | 1-106 |
| 165 | മരാമത്ത് പ്രവൃത്തി - ബില്ലിൽ നിന്നുള്ള കിഴിവുകൾ ഒടുക്ക് വരുത്തിയില്ല. | 1-107 |
| 166 | പൂർത്തീകരിക്കാൻ വൈകിയ മരാമത്ത് പ്രവൃത്തികൾ - കരാർ പ്രകാരം പിഴ ഈടാക്കിയില്ല. | 1-108 |
| 167 | ചോലക്കത്താഴം പാത്ത്‌വേ കോൺക്രീറ്റിംഗ് | 1-108-1 |
| 168 | ജെ.എം സ്കൂൾ റോഡ് നവീകരണം- പിഴ ഈടാക്കാതെ പണം നൽകി ₹10573 നഷ്ടം | 1-108-2 |
| 169 | മരാമത്ത് പ്രവൃത്തി- പൊളിച്ചുമാറ്റിയ സാധനങ്ങൾ കണക്കിൽ പെടുത്തിയില്ല. | 1-109 |
| 170 | GLPS അന്നാര നവീകരണം -പൊളിച്ചുമാറ്റിയ 433.382 Kg സ്റ്റീൽ നഷ്ടപ്പെട്ടു. | 1-109-1 |
| 171 | ഫിഷ്മാർക്കറ്റ് നവീകരണം - പൊളിച്ചുമാറ്റിയ സാധനങ്ങളുടെ വില ഒടുക്ക് വരുത്തിയിട്ടില്ല. | 1-109-2 |
| 172 | GHSS ഏഴൂർ നവീകരണം - പൊളിച്ചുമാറ്റിയ സാധനങ്ങൾ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-109-3 |
| 173 | വാഗൺ ട്രാജഡി സ്മാരക മ്യൂസിയം- എസ്റ്റിമേറ്റിൽ തെറ്റായ ഇനം അനുവദിച്ചു -₹ 16211 അധികച്ചെലവ് | 1-110 |
| 174 | കുണ്ടനാത്ത് കടവ് പാലം ഫെൻസിംഗ് - അളവ് രേഖപ്പെടുത്തിയതിൽ അപാകത ₹81234 അധികച്ചെലവ്. | 1-111 |
| 175 | ഓഡിറ്റ് ഇംപാക്ട് | 1-112 |
| 176 | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല – അനർഹമായി ആനുകൂല്യം കൈപ്പറ്റുന്നതിന് അവസരം നിലനിൽക്കുന്നു. | 1-113 |
| | **ഭാഗം 2** | |
| 1 | ജിയോ ഡിജിറ്റൽ ഫൈബർ കേബിൾ - ഫീസ് ഈടാക്കിയില്ല 12.48 ലക്ഷം കുടിശ്ശിക | 2-1 |
| 2 | സ്റ്റേഡിയത്തിന് മുൻവശം വാടക-സമയബന്ധിതമായി നടപടി സ്വീകരിച്ചില്ല ₹ 18000 നഷ്ടം | 2-2 |
| | **ഭാഗം 3** | |
| 1 | മുട്ട കോഴി വിതരണം- അധിക നിരക്കിൽ സബ്സിഡി നൽകി ₹ 37160 അധികച്ചെലവ്. | 3-1 |
| 2 | എസ്റ്റിമേറ്റ് പ്രകാരമല്ലാതെ പ്രവൃത്തി നടത്തി - ₹135758 അധികച്ചെലവ്. | 3-2 |
| 3 | നടപ്പാക്കാത്ത പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തി പണം നൽകി. - ₹ 48430 അധികച്ചെലവ്. | 3-3 |
| 4 | മണ്ണ് നീക്കുന്നതിന് തെറ്റായ ഡാറ്റ അനുവദിച്ചു - ₹50539 അധികച്ചെലവ്. | 3-4 |
| 5 | ഫിഷ്മാർക്കറ്റ് നവീകരണം - പൊളിച്ചുമാറ്റിയ സാധനങ്ങളുടെ വില ഒടുക്ക് വരുത്തിയിട്ടില്ല. | 3-5 |
| 6 | കുണ്ടനാത്ത് കടവ് പാലം ഫെൻസിംഗ് - അളവ് രേഖപ്പെടുത്തിയതിൽ അപാകത ₹81234 അധികച്ചെലവ്. | 3-6 |

| | | |
|---|---|---|
| 7 | മേസനറി പ്രവൃത്തി അധിക നിരക്ക് അനുവദിച്ചു നൽകി -₹ 16211 അധികച്ചെലവ് | 3-7 |
| 8 | നഗരസഭാ ഓഫീസ് ബിൽഡിംഗ് നവീകരണം- എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്തിയില്ല ₹ 30064അധികച്ചെലവ് | 3-8 |
| 9 | GLPS അന്നാര നവീകരണം -പൊളിച്ചുമാറ്റിയ 433.382 Kg സ്റ്റീൽ നഷ്ടപ്പെട്ടു. | 3-9 |
| | **ഭാഗം 4** | |
| 1 | മെഡിസെപ്പ് അവലോകനം | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം (വാർഷിക ധനകാര്യ പത്രിക പ്രകാരം) | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

(1) തിരൂർ നഗരസഭയുടെ 2025 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണ സമിതിയുടെ 27.11.2025 തീയതിയിലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 30.11.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

(2) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിൻമേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

(3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തിരൂർ മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31-03-2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31-03-2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തിരൂർ

28.03.2026

ഡെപ്യൂട്ടി ഡയറക്ടർ

നഗരസഭ ഓഡിറ്റ് കാര്യാലയം, തിരൂർ

### 1-1-1 കുറിപ്പുകൾ,അനുമാനങ്ങൾ , മുൻ വർഷ താരതമ്യ തുകകൾ എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

2007 കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 58 ൽ നിഷ്കർഷിക്കുന്ന താഴെ പരാമർശിക്കുന്ന പത്രികകൾ വാർഷിക ധനകാര്യ പത്രികയുടെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടില്ല.

എ) നോട്ട്സ് ഓൺ അക്കൗണ്ട്സ്

ബി) ഫിനാൻഷ്യൽ പെർഫോമൻസ് ഇൻഡിക്കേറ്റേഴ്സ്

**1-1-2 (2023-24) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ്, തൻ വർഷത്തെ (2024-25) ട്രയൽ ബാലൻസ് മുന്നിരിപ്പുമായി പൊരുത്തപ്പെടുത്തപ്പെടുന്നില്ല.**

കഴിഞ്ഞ വർഷത്തെ (2023-24) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ്, തൻ വർഷത്തെ (2024-25) ട്രയൽ ബാലൻസ് മുന്നിരിപ്പുമായി പൊരുത്തപ്പെടുത്തപ്പെടുന്നില്ല.

| Head Code | Head Name | Amount | Remarks |
|---|---|---|---|
| 3202037 | Other Revenue Grants | 435473 | മുൻവർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ കാണുന്നില്ല.പ്രസ്തുത തുക എപ്രകാരമാണ് ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കേണ്ടതാണ്. |
| 3401001 | Earnest Money Deposit | 95335 | മുൻവർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം 10200/- രൂപയാണ്. വ്യത്യാസം വിശദമാക്കേണ്ടതാണ്. |
| 3401002 | Security Deposit | 9083 | മുൻവർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം 7483/- രൂപയാണ്.വ്യത്യാസം വിശദമാക്കേണ്ടതാണ്. |
| 3508099 | Other Liabilities Payable | 129020 | മുൻവർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ കാണുന്നില്ല. പ്രസ്തുത തുക എപ്രകാരമാണ് ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കേണ്ടതാണ്. |

മുൻ വർഷത്തെ ബാലൻസ് ഷീറ്റ് B1 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത തുകകൾ തൻവർഷത്തെ ട്രയൽ ബാലൻസ് മുന്നിരിപ്പായി രേഖപ്പെടുത്തിയതിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| കോഡ് | ഇനം | 31.03.2024 ലെ തുക (നീക്കിയിരിപ്പ്) (As Per B1 Landscape Schedule Of AFS) | 01.04.2024 ലെ തുക (മുന്നിരിപ്പ്) | വ്യത്യാസം |
|---|---|---|---|---|
| 310100100 | General Fund | 22387021 | 181020773 | 158633752 |
| 310900100 | Excess Of Income Over Expenditure | 154025888 | 4607863 | 149418025 |

**1-1-3 ബാങ്ക് റീ കൺസീലിയേഷൻ പത്രികകൾ ഹാജരാക്കിയില്ല.**

ചുവടെ ചേർത്ത അക്കൌണ്ടുകളുടെ 31.03.2025 ലെ ബാങ്ക് റീ കൺസീലിയേഷൻ പത്രിക ലഭ്യമാക്കാത്തതിനാൽ RP 40(b) യിൽ ചേർത്തിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നം. | അക്കൗണ്ട് നം | നീക്കിയിരിപ്പ് |
|---|---|---|
| 1 | AXIS Bank -AB-9643 | 1302448 |
| 2 | HDFC BANK-Waste Disposal-9452 | 1899885 |
| 3 | ICICI Bank-SBM-1257 | 51800 |
| 4 | SBI-MPLADS-6999 | 5359 |
| 5 | SBI-VAT-7465 | 6329 |

**1-1-4 ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക്ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തി.**

**E-Pay D&O-0501 Accountന്റെ** മാർച്ച് മാസത്തിലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 31.03.2025 ലെ Closing Balance As Per Bank Book ആയി രേഖപ്പെടുത്തിയ തുക 7736505/- രൂപയാണ്. എന്നാൽ കെ സ്മാർട്ട് ഓഡിറ്റ് ലോഗിൻ മുഖേന ലഭ്യമായ മേൽ അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, വാർഷിക ധനകാര്യപത്രിക എന്നിവ പ്രകാരം നീക്കിയിരുപ്പ് 6369233/- രൂപയാണ്.

**1-1-5 വാർഷിക കണക്കിന്റെ കൃത്യത പരിശോധിക്കാവുന്ന തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.**

വാർഷിക കണക്കിലെ തുകകൾ ഉറപ്പുവരുത്തുന്നതിന് സാധ്യമായ വിധത്തിൽ വിവിധ രജിസ്റ്ററുകൾ കാലികമായ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. B- 12പ്രകാരം ഫിക്സഡ് ഡെപ്പോസിറ്റ് ഇനത്തിൽ 6184406/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ / ഷെയർ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. ഷെഡ്യൂൾ B-4ൽ ഉൾപ്പെട്ടിട്ടുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചവയുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ പ്രസ്തുത ഗ്രാന്റുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-7 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.

4.ലോൺ രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ ഷെഡ്യൂൾ B-5 നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5.അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-18 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.

**1-1-6 ബാങ്ക്, ട്രഷറി അക്കൗണ്ടുകൾ എല്ലാ മാസവും റീകൺസീലിയേഷൻ നടത്തുന്നില്ല.**

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 54 പ്രകാരം എല്ലാ മാസവും എല്ലാ ബാങ്ക് / ട്രഷറി അക്കൗണ്ടുകളും ബാങ്ക് ബുക്കുകളുമായി റിക്കൺസിലിയേഷൻ നടത്തി അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കുന്നില്ല.

**1-1-7 ബാങ്ക് / ട്രഷറി റികൺസിലിയേഷൻ - വ്യതിയാനങ്ങൾ ക്രമീകരിക്കുന്നില്ല.**

നഗരസഭയുടെ 31.03.2025 ലെ ബാങ്ക് / ട്രഷറി റികൺസിലിയേഷനിൽ കണ്ടെത്തിയ താഴെ പരാമർശിക്കുന്ന വ്യതിയാനങ്ങൾ ക്രമീകരിക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല.

1. Directly Debited By Bank **7860843 രൂപ-** നഗരസഭയുടെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നിന്നായി **7860843 രൂപ നഗരസഭയുടെ കണക്കിൽ ഉൾപ്പെടാതെ** ബാങ്കിൽ നിന്ന് പിൻവലിക്കപ്പെട്ടതായി കാണിച്ചിട്ടുണ്ട്. നഗരസഭ ചെലവഴിക്കാത്ത തുക ബാങ്കിൽ നിന്ന് പിൻവലിക്കപ്പെട്ടത് എങ്ങനെയാണ് എന്ന് കണ്ടെത്തി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.
2. Directly Credited By Bank **19480680 രൂപ - നഗരസഭയുടെ കണക്കിൽ ഉൾപ്പെടാതെ** സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വരവ് വന്ന **19480680** രൂപ ഏതിനത്തിൽ വന്നതാണ് എന്ന് പരിശോധിച്ച് അക്കൗണ്ട് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.
3. Cheque Presented To Bank Not Collected **37346377** രൂപ - നഗരസഭയുടെ കണക്കിൽ ഉൾപ്പെടുത്തി വരവ് രേഖപ്പെടുത്തി സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച ചെക്കുകൾ പ്രകാരമുള്ള **37346377** രൂപ നാളിതു വരെ ക്രെഡിറ്റിൽ വന്നിട്ടില്ല. ഇക്കാര്യം ക്രമീകരിക്കുന്നതിന് നാളിതുവരെ നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല.
   വിശദ വിവരങ്ങൾ 1-13, 1-14,1-15 എന്നീ ഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-1-8 പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റുന്നില്ല**

നഗരസഭ ഇഷ്യൂ ചെയ്ത ചെക്ക് അതിന്റെ കാലാവധിക്കകം പണമാക്കാത്ത പക്ഷം ചെക്ക് പ്രകാരമുള്ള തുകകൾ

Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റണം എന്ന് കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾ ചട്ടം 45 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.
നഗരസഭയുടെ 31.03.2025 ലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം Cheque Issued But Not Presented In To Bank എന്നതിൽ ഉൾപ്പെട്ട 12409285 രൂപയുള്ള ചെക്കുകൾ മേൽ ചട്ടപ്രകാരം Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതായിരുന്നു. എന്നാൽ ഈ നടപടി പാലിച്ചിട്ടില്ല.
വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Canara IHSDP -2512 | 10000 |
| Epos Acc Canara -5374 | 309470 |
| DB- 4960 | 7000 |
| OWN Fund – 4268 | 6919701 |
| PNB Health Grant -137448 | 2904907 |
| SBI Own Fund -3639 | 112500 |
| UCB -4250 | 21500 |
| LGTSB -0582 | 2124207 |

## 1-1-9 ആസ്തി – മൂല്യ നിർണ്ണയം നടത്തിയിട്ടില്ല

നഗരസഭയുടെ ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ നഗരസഭയുടെ ആസ്തികളുടെ മൂല്യം രേഖപ്പെടുത്താത്തതിനാൽ 2024-25 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം നഗരസഭയുടെ ആസ്തിയായി കാണിച്ച ആസ്തികളുടെ നിജസ്ഥിതി പരിശോധിക്കുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ല.

## 1-1-10 യഥാർത്ഥ ശീർഷകത്തിൽ ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല

2024-25 ലെ വിവിധ ചെലവുകൾ, മുൻകൂറുകൾ എന്നിവ യഥാർത്ഥ ചെലവ് ഹെഡിലല്ലാതെ തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്തതിനാൽ ധനകാര്യ പത്രിക ചെലവുകളെയും നീക്കിയിരുപ്പുകളെയും യഥാർത്ഥ രീതിയിൽ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വ്യക്തമായി
വിശദ വിവരങ്ങൾ ഖ 1-20 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-1-11 ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമായില്ല.

2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് ചെലവ് ചെയ്ത 79 ലക്ഷത്തിലധികം രൂപയുടെ ചെലവ് രേഖകൾ കെ സ്മാർട്ടിൽ കണ്ടെത്താനായില്ല. മേൽ ചെലവുകൾക്കാധാരമായ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽത്തന്നെ വാർഷിക കണക്കിൽ കാണിച്ച ചെലവുകളുടെ ആധികാരികത ഉറപ്പ് വരുത്താനായില്ല.
വിശദ വിവരങ്ങൾ ഖ 1-75 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-1-12 നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം 6184406 രൂപയുടെ നിക്ഷേപമുണ്ട്. എന്നാൽ, ഭൗതിക പരിശോധനയിൽ 2453909രൂപ യുടെ നിക്ഷേപമാണ് കണ്ടെത്തിയത്. വിശദാംശങ്ങൾ ഖ.1-17 ൽ നൽകിയിട്ടുണ്ട്.

## 1-1-13 തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

## 1-1-14 പ്രതിമാസ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി ( അക്കൗണ്ട്സ് ) റൂൾ 2007 ചട്ടം 56 പ്രകാരമുള്ള പ്രതിമാസ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് അക്കൗണ്ട്സ് ഓഫീസർ തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല.

## 1-1-15 വരവുകൾ തെറ്റായ ഹെഡിൽ ബുക്ക് ചെയ്തു.

നഗരസഭയുടെ തനത് വരവുകളായ മാർക്കറ്റ് ലേലം ഫീസ്, ബസ് സ്റ്റാന്റ് ഫീസ്, കംഫർട്ട് സ്റ്റേഷൻ ഫീ,

ടൗൺഹാൾ വാടക തുടങ്ങിയ വിവിധ ഇനങ്ങളുടെ വരവുകൾ Deposit ബാധ്യതാ ഹെഡുകളിൽ അക്കൗണ്ട് ചെയ്തു. ഡെപ്പോസിറ്റ് റീഫണ്ട് ഇനത്തിൽ AUEGS ഫണ്ടിൽ നിന്ന് തിരിച്ചടച്ച 498000 രൂപ തൊഴിൽ നികുതി ഹെഡിൽ അക്കൗണ്ട് ചെയ്തതായും വ്യക്തമായി.
ഇക്കാരണത്താൽ ത്തന്നെ വാർഷിക ധനകാര്യപത്രിക നഗരസഭയുടെ യഥാർത്ഥ വരവ് പ്രതിഫലിപ്പിക്കുന്നില്ല.
വിശദ വിവരങ്ങൾ 1-21, 1-26 ഖണ്ഡികകളിൽ പരാമർശിച്ചിട്ടുണ്ട്.

**1-1-16 നഗരസഭയുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.**

2023-24 വാർഷിക ധനകാര്യ പത്രികയിലെ RP40(b) ഷെഡ്യൂൾ പ്രകാരം നഗരസഭക്ക് 55 അക്കൗണ്ടുകളുണ്ട്. എന്നാൽ 2024- 25 വാർഷിക കണക്കിലെ OB-Bank Schedule പ്രകാരം 31 അക്കൗണ്ടുകൾ മാത്രമാണ് കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻ വർഷ കണക്കിൽ ഉൾപ്പെടുത്തിയ 24 എണ്ണം അക്കൗണ്ടുകൾ 2024-25 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
ഉൾപ്പെടുത്താത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്തതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമായിട്ടില്ല.
വിശദ വിവരങ്ങൾ ഖ 1-19 ൽ പരാമർശിച്ചിട്ടുണ്ട്.

**1-1-17 മുൻബാക്കി ക്രമീകരിക്കുന്നതിനുള്ള ജേണൽ എൻട്രി രേഖകൾ പരിശോധനക്ക് ലഭ്യമായില്ല.**

നഗരസഭയുടെ വാർഷിക കണക്ക് പ്രകാരമുള്ള വിവിധ അക്കൗണ്ട് ഹെഡുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ അക്കൗണ്ടിലെ നീക്കിയിരുപ്പ് ക്രമീകരിക്കുന്നതിനായി വിവിധ ജേണൽ എൻട്രികൾ നൽകിയതായി വ്യക്തമായി. എന്നാൽ മേൽ ജേണൽ എൻട്രികൾ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ വാർഷിക കണക്കിലെ നീക്കിയിരുപ്പിന്റെ നിജസ്ഥിതി പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.
വിശദ വിവരങ്ങൾ 1-16 ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്.

**1-1-18 AUEGS വരവ് അക്കൗണ്ട് ചെയ്തിട്ടില്ല**

സെക്ഷനിൽ നിന്നും ലഭ്യമാക്കിയ ക്യാഷ് ബുക്ക്, BIMS സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ AUEGS ഫണ്ടിൽ ₹ 10530952 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ ചെലവ് നഗരസഭയുടെ വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
വിശദ വിവരങ്ങൾ ഖ 1-26 ൽ പരാമർശിച്ചിട്ടുണ്ട്.

**1-1-19 അക്കൗണ്ടിംഗ് നടപടികളിലെ അപാകതകൾ- വരവ് ചെലവുകൾ പെരുപ്പിക്കപ്പെട്ടു.**

GST ഇനത്തിൽ തനത് ഫണ്ടിൽ രസീത് ചെയ്ത തുകകൾ തനത് ഫണ്ട് അക്കൗണ്ടിൽ നിന്ന് നഗരസഭയുടെ GST അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നത് Contra Entry ചെയ്യുന്നതിന് പകരമായി GST TDS ഹെഡിൽ ചെലവായി അക്കൗണ്ട് ചെയ്തു. ഇത്തരത്തിൽ GST അക്കൗണ്ടിൽ വരവ് വന്ന തുകകൾ രസീത് നൽകി വരവിൽ ഉൾപ്പെടുത്തുകയും GST അക്കൗണ്ടിൽ നിന്ന് തുക ഒടുക്ക് വരുത്തുമ്പോൾ വീണ്ടും ചെലവായി അക്കൗണ്ട് ചെയ്യുകയും ചെയ്തു.
തനത് ഫണ്ടിൽ നിന്ന് AUEGS ന് നൽകിയ മുൻകൂർ തുകകൾ വിവിധ ചെലവ് ഹെഡുകളിലും മുൻകൂർ തിരികെ ലഭിച്ചത് തനത് വരവ് ഹെഡുകളിലും അക്കൗണ്ട് ചെയ്തു.
ഈ അപാകതകൾ മൂലം നഗരസഭയുടെ പ്രസ്തുത ഇനങ്ങളിലെ വരവുകളും ചെലവുകളും ഇരട്ടിപ്പിക്കപ്പെട്ടു. ഇതു കൂടാതെ GST ഇനത്തിലെ കളക്ഷൻ പേയ്മെന്റ് GST TDS ഇനത്തിൽ അക്കൗണ്ട് ചെയ്തതിനാൽ GST ഇനത്തിൽ കളക്ട് ചെയ്ത തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിൽ കാണിക്കുന്നതിനും ഇടയായിട്ടുണ്ട്. വിശദ വിവരം ഖ 1-25 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.
ഇത്തരത്തിലുള്ള അപാകതകൾ കാരണം വരവ് , ചെലവുകളും, ബാധ്യതയും തെറ്റായാണ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ളത്

**1-1-20 വരവുകളുടെ കൃത്യത ഉറപ്പുവരുത്താനാവുന്നില്ല.**

അക്രൂവൽ ഡിമാന്റ് രേഖപ്പെടുത്തുന്ന വരവിനങ്ങളായ വസ്തു നികുതി, വാടക, സ്ഥാപന തൊഴിൽ നികുതി, തുടങ്ങിയ വരവിനങ്ങളുടെ 2024-25 ലെ ഡിമാന്റിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ, ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കാത്തതിനാൽ ഇത്തരം വരവിനങ്ങളിലെ വരവിന്റെയും നീക്കിയിരുപ്പിന്റെയും നിജസ്ഥിതി പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.
നോൺ അക്രൂവൽ വരവിനങ്ങളുടെ കളക്ഷൻ, രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാലും കളക്ഷൻ പൂർണ്ണമായി ലഭിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാലും ഈ ഇനങ്ങളിലെ വരവിന്റെ നിജസ്ഥിതിയും ഓഡിറ്റിന് പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല. വിവിധ ഇനങ്ങളിലെ ലെഡ്ജർ ബാലൻസും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിക്കേണ്ടതാണ്.
വിശദ വിവരങ്ങൾ ഖ 1-45 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-1-21 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് - പലിശ തനത് വരവായി അക്കൗണ്ട് ചെയ്തു.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ബാങ്കിൽ നിക്ഷേപിക്കുന്നത് വഴി ലഭിക്കുന്ന പലിശയും പ്രസ്തുത ഗ്രാന്റ് വരവായാണ് അക്കൗണ്ട് ചെയ്യേണ്ടത്.

എന്നാൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് ആയ ഹെൽത്ത് ഗ്രാന്റ് നിക്ഷേപിച്ച ബാങ്ക് അക്കൗണ്ടുകളിലെ ( PNB അക്കൗണ്ട് നം 4356000100137448 , PNB അക്കൗണ്ട് നം 4356000100137439 ) നിക്ഷേപത്തിന്റെ പലിശ ഇനത്തിൽ ലഭിച്ച 388043 രൂപ, 1711001- Interest From Bank Accounts എന്ന തനത് വരവ് ഹെഡിലാണ് അക്കൗണ്ട് ചെയ്തത്.

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നഗരസഭയുടെ ബാധ്യതയായി 31.03.2025 ലെ ബാലൻസ് ഷീറ്റിൽ കാണിക്കേണ്ടിയിരുന്ന പ്രസ്തുത തുക തെറ്റായ അക്കൗണ്ട് ചെയ്തത്മൂലം നഗരസഭയുടെ ബാധ്യതയിൽ നിന്ന് ഒഴിവാകുകയും നഗരസഭയുടെ അസറ്റിൽ ഉൾപ്പെടുന്നതിന് ഇടയാകുകയും ചെയ്തു.

ഇക്കാരണത്താൽത്തന്നെ നഗരസഭയുടെ വാർഷിക ധനകാര്യ പത്രിക വരവിന്റെയും ബാധ്യതയുടെയും യഥാർത്ഥ ചിത്രം നൽകുന്നില്ല.

## 1-2 ബജറ്റ്

നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ബജറ്റ് 13.02.2024 ലെ തീയതിയിലെ 1-ാം തീരുമാന പ്രകാരവും പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.03.2025 ലെ 1ാം തീരുമാനപ്രകാരവും അംഗീകരിക്കുകയുണ്ടായി. അംഗീകരിച്ച ബജറ്റിന്റെ വിവരം താഴെ നൽകുന്നു.

| ഇനം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 188158021 | 135942877 |
| വരവ് | 450545094 | 485118859 |
| ആകെ | 638703115 | 621061736 |
| ചെലവ് | 528110376 | 473603029 |
| നീക്കിയിരിപ്പ് | 110592739 | 147458707 |

## 1-2-1 ബജറ്റ് പരിശോധന- അപാകതകൾ

2024-25 സാമ്പത്തിക വർഷത്തെ ബജറ്റും അനുബന്ധരേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1) തൻവർഷ ബജറ്റ് പ്രകാരമുള്ളതും വാർഷിക കണക്ക പ്രകാരമുള്ളതുമായ വരവ് ചെലവുകൾ തമ്മിലുള്ള വ്യത്യാസം**

2024-25 ബജറ്റ് എസ്റ്റിമേറ്റിലേയും പുതുക്കിയ എസ്റ്റിമേറ്റിലെയും കണക്കുകൾ യഥാർത്ഥ കണക്കുകളുമായി വലിയ വ്യത്യാസമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 135942877 | 188158021 | 135942877 |

| | | | |
|---|---|---|---|
| വരവ് ( I&E) | 369844284 | 450545094 | 485118859 |
| ചെലവ് (I&E) | 360878298 | 528110376 | 473603029 |
| നീക്കിയിരിപ്പ് | 164484434 | 110592739 | 147458707 |

2024-25 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റിലെ മുന്നിരിപ്പ് തുകയും പുതുക്കിയ ബജറ്റിലെ മുന്നിരിപ്പ് തുകയും തമ്മിൽ 52215144/- രൂപയുടെ വ്യതിയാനം കാണുന്നു. നഗരസഭയുടെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും യഥാർത്ഥ വരവും ചെലവും തമ്മിലും വലിയ അന്തരം നിലനിൽക്കുന്നുണ്ട്. വ്യതിയാനങ്ങൾക്കുള്ള കാരണം എവിടെയും വിശദീകരിച്ചിട്ടില്ല.

**2) 2024-25 വർഷത്തെ ബജറ്റ് പ്രൊവിഷനും യഥാർഥ ചെലവും തമ്മിലുള്ള വ്യത്യാസം**

കേരള മുനിസിപ്പാലിറ്റി നിയമം 293-ാം വകുപ്പ് 6-ാം ഉപവകുപ്പ് പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവാക്കാൻ പാടില്ലാത്തതാകുന്നു. ആയതിനാൽ ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ഏതെങ്കിലും ഒരു ചെലവ് നഗരസഭ വരുത്തിവെയ്ക്കാൻ പാടില്ലാത്തതാണ്. എന്നാൽ സ്ഥാപനത്തിന്റെ 2024-25 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കും, വലിയ തുക വകയിരുത്തിയ ചില ഇനങ്ങൾക്ക് നാമമാത്രമായും ചിലയിനങ്ങൾക്ക് വകയിരുത്തിയതിൽ കൂടുതലായും തുക ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള ഒരു ബജറ്റ് സാമ്പത്തിക നിയന്ത്രണം സാധ്യമാക്കാനോ സ്ഥാപനത്തിന്റെ പ്രകടനം മെച്ചപ്പെടുത്താനോ ഉതകുന്നതല്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഡീറ്റൈൽഡ് ഹെഡ് കോഡ് | ഇന വിവരം | 2024-25 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരം വകയിരുത്തൽ | 2024-25 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ചെലവ് (I &E Statement പ്രകാരം) |
|---|---|---|---|---|
| 1 | 210100300 | ബോണസ് | 586580 | 176000 |
| 2 | 220110200 | വാട്ടർ ചാർജ് | 3987340 | 2277895 |
| 3 | 220210100 | പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി | 750000 | 1502044 |
| 4 | 230510300 | അറ്റകുറ്റപ്പണിയും സംരക്ഷണവും-വിദ്യാലയങ്ങൾ | 500000 | 2364923 |
| 5 | 230500800 | അറ്റകുറ്റപ്പണിയും സംരക്ഷണവും-ശുദ്ധീകരണ പ്ലാന്റുകൾ | 30000 | 751660 |
| 6 | 230100100 | വൈദ്യുതി ചാർജ്ജുകൾ | 5850000 | 3206390 |

നഗരസഭ ബജറ്റ് കെ-സ്മാർട്ട് ലിങ്ക് ചെയ്യാത്ത സാഹചര്യത്തിൽ ബജറ്റ് പ്രോവിഷൻ ഉള്ള ചെലവുകൾ തന്നെയാണോ നടത്തിയിട്ടുള്ളതെന്ന് സ്ഥാപനത്തിന് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

**3) നഗരസഭ പുതിയ വരുമാനമാർഗ്ഗം കണ്ടെത്തുന്നില്ല.**

പുതിയ വരുമാന മാർഗ്ഗങ്ങൾ തേടുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നില്ല. ബജറ്റിൽ പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങൾ ഉണ്ടായിട്ടില്ല. പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായില്ല. നഗരസഭയുടെ വരുമാന വർദ്ധനവിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന നിർദ്ദേശങ്ങൾ, കാര്യക്ഷമമായ ഇടപെടലുകൾ എന്നിവ സ്റ്റാൻഡിങ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്.

**4) ദാരിദ്ര്യ നിർമ്മാർജ്ജന ഫണ്ട്**

1994ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 284-ാംവകുപ്പ് പ്രകാരം വാർഷിക റവന്യൂ വരുമാനത്തിന്റെ 2% തുക ദാരിദ്ര്യ നിർമ്മാർജ്ജന ഫണ്ടിലേക്ക് വെക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ ദാരിദ്ര്യ നിർമ്മാർജ്ജന ഫണ്ടിന് ബജറ്റ് പ്രൊവിഷൻ നൽകിയിട്ടില്ല.

**5. ഡിമാന്റ് തുകകൾക്ക് ബജറ്റിൽ നിന്നുള്ള വ്യതിയാനം**

നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ്, കെട്ടിട നിർമ്മാണ ലൈസൻസ് ഫീസ് എന്നിവയിൽ വാർഷിക കണക്കുകൾ പ്രകാരമുള്ള ഡിമാന്റ് തുകകൾ ബജറ്റ് തുകയിൽ നിന്നും താഴെ വിവരിച്ച പ്രകാരം വലിയ അന്തരം കാണിക്കുന്നു. 2024-25 വർഷത്തെ ബജറ്റ് രൂപീകരണ ഘട്ടത്തിലും പുതുക്കി അവതരിപ്പിക്കുന്ന ഘട്ടത്തിലും യഥാർത്ഥ വരുമാന സാധ്യത തിട്ടപ്പെടുത്തുന്നതിൽ നഗരസഭ വീഴ്ച വരുത്തി. മുൻവർഷ ഡിമാന്റ് തുക, മുൻവർഷ ബജറ്റ് എന്നിവയിൽ നിശ്ചിത ശതമാനം വർദ്ധന വരുത്തി പ്രതീക്ഷിത വരുമാനം കണക്കാക്കുകയും യഥാർത്ഥ ലഭ്യത വിലയിരുത്താത്തതിനാലുമാണ് ബജറ്റിൽ നിന്നും ഇത്തരത്തിലുള്ള വ്യതിയാനം കാണിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിക്കുന്നത് | യഥാർത്ഥ വരവ് |
|---|---|---|
| തൊഴിൽ നികുതി (ജീവനക്കാരുടേത്) | 11150000 | 13733333 |
| വിനോദ നികുതി | 3500000 | 2482009 |
| ഡി & ഒ ലൈസൻസ് | 3928750 | 2305000 |
| കെട്ടിട നിർമ്മാണ പെർമിറ്റ് | 9500000 | 8852075 |
| വാടക ചാർജ്ജുകൾ | 53833648 | 22978209 |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 135942877 |
| വരവ് | 275755983 |
| ആകെ | 411698860 |
| ചെലവ് | 247214426 |
| നീക്കിയിരിപ്പ് | 164484434 |

## 1-4 ഫണ്ട് വിനിയോഗം

| ക്രമ നം. | ഗ്രാന്റിന്റെ പേര് | മുന്നിരിപ്പ് | വരവ് തുക | ആകെ വരവ് | ചെലവു തുക | നീക്കിയിരുപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|---|
| 01 | വികസന ഫണ്ട് (ജനറൽ) | 0 | 45629390 | 45629390 | 37080815 | 8548575 |
| 02 | വികസന ഫണ്ട് (എസ്.സി.പി) | 0 | 16395510 | 16395510 | 7303406 | 9092104 |
| 03 | വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| 04 | മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 2773000 | 2773000 | 1761794 | 1011206 |
| 05 | മെയിന്റനൻസ് | 0 | 19030000 | 19030000 | 13578857 | 5451143 |

| | | | | | | |
|---|---|---|---|---|---|---|
| | ഫണ്ട്(നോൺറോഡ്) | | | | | |
| 06 | സി.എഫ്.സി. ടൈഡ് | 3166275 | 23607392 | 42988170 | 35291803 | 7696367 |
| 07 | സി.എഫ്.സി. അൺ ടൈഡ് | | 16214503 | | | |

കുറിപ്പ്.

സി.എഫ്.സി ടൈഡ്, അൺ ടൈഡ് ഇനങ്ങളിലെ മുൻബാക്കി, നീക്കിയിരുപ്പ് എന്നിവ കൃത്യമായി എത്രയാണ് എന്ന് ഓഡിറ്റിന് പരിശോധിക്കാൻ സാധിക്കുന്നില്ല. ടൈഡ്, അൺ ടൈഡ് ഫണ്ടുകളുടെ വരവ് ചെലവുകൾ ഒരേ ബാങ്ക് അക്കൗണ്ടിലൂടെ നടത്തുന്നതിനാൽ ഓരോ ഇനത്തിലെയും വരവ് , ചെലവുകൾ എത്രയാണ് എന്ന് വ്യക്തമായി പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. പലിശ ഇനത്തിലെ വരവുകൾ പൂർണ്ണമായും അൺ ടൈഡ് ഫണ്ടിലാണ് വരവ് വച്ചത്. സുലേഖ പത്രിക പ്രകാരമുള്ള ചെലവ് പൂർണ്ണമായി ബാങ്ക് അക്കൗണ്ടിൽ നിന്ന് പിൻവലിക്കപ്പെട്ടിട്ടില്ല എന്നും പരിശോധനയിൽ വ്യക്തമായി,. സുലേഖ ചെലവ് പത്രിക പ്രകാരം 36483505 രൂപയാണ് സി.എഫ്.സി ഫണ്ടിനത്തിൽ ആകെ ചെലവായി കാണിച്ചത്.

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ - പരിശോധന അപാകതകൾ

ഫണ്ട് ഇനത്തിലെ ചെലവ് തുകകൾ വാർഷിക കണക്ക്, എ.സി.ആർ എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു,

| **ക്രമ നം.** | **ഫണ്ടിനം** | **ചെലവ് തുക (₹)** | |
|---|---|---|---|
| | | **എ.സി.ആർ** | **വാർഷിക കണക്ക് (I-6 + B-3)** |
| 1 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 22974766 | 19372120 |

ഫണ്ട് ഇനത്തിലെ ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ,

| **ക്രമ നം.** | **ഫണ്ടിനം** | **ചെലവ് തുക (₹)** | |
|---|---|---|---|
| | | **ഗ്രാന്റ് സ്റ്റേറ്റ്മെന്റ്** | **എ.സി.ആർ+ സോഴ്സ് ഡിഡക്ഷൻ** |
| 1 | വികസനഫണ്ട് (ജനറൽ) | 40098798 | **41637724** (37287657+ 4350067) |

## 1-5 പദ്ധതി അവലോകനം

2024-25 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും അവ നടപ്പാക്കിയതിന്റേയും വിശദവിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 428 | 319922455 | 211 | 133049909 | - | 217 | 49.2 % |

## 1-5-1 പദ്ധതി രൂപീകരണ മാർഗ്ഗരേഖ പൂർണമായി പാലിക്കാതെ പദ്ധതി തയ്യാറാക്കി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ GO(MS) 86/2022/LSGD Dt 19.04.2022, നം സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

നഗരസഭയുടെ 2024-25 വർഷ പദ്ധതി രൂപീകരണ രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിന്

പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് നഗരസഭ പ്ലാൻ തയ്യാറാക്കിയത് എന്ന് വ്യക്തമായി.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

**1) നഗരസഭാതല ആസൂത്രണ സമിതി പ്രവർത്തന വിവരം ലഭ്യമല്ല.**

തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലെ പദ്ധതി ആസൂത്രണം, നിർവഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുക എന്നതാണ് നഗരസഭാതല ആസൂത്രണ സമിതിയുടെ മുഖ്യ ചുമതല. നഗരസഭയിൽ ചെയർപേഴ്സൺ അദ്ധ്യക്ഷനായി ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും സമിതിയുടെ യോഗ നടപടികളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

പദ്ധതി ആസൂത്രണ ഘട്ടങ്ങളിൽ ആസൂത്രണ സമിതി തുടർച്ചയായും അല്ലാത്ത സമയങ്ങളിൽ മൂന്ന് മാസത്തിലൊരിക്കലും ആസൂത്രണ സമിതി യോഗം ചേരണം എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അത്തരത്തിൽ സമിതി യോഗം ചേർന്നതായും രേഖയില്ല.

**2)വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം-കാര്യക്ഷമമല്ല.**

നഗരസഭയിൽ ആകെ 16 വർക്കിംഗ് ഗ്രൂപ്പുകൾ ആണ് രൂപീകരിച്ചത്. 2024-25 വർഷത്തെ പദ്ധതി തയ്യാറാക്കുന്നതിന് ആകെ ഒരു യോഗം മാത്രമാണ് ചേർന്നത് ( 06.12.2023 ന്). ഇത് കൂടാതെ വികസന സെമിനാറിന്റെഭാഗമായി 18.01.2024നും വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ ഒരു വർക്കിംഗ് ഗ്രൂപ്പിന്റെയും മിനുട്സ് ശരിയായി എഴുതിയിട്ടില്ല എന്ന് വ്യക്തമായി. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും വിവര ശേഖരണം നടത്തുന്നതിലും, വർക്കിംഗ് ഗ്രൂപ്പുകളെ ചുമതലപ്പെടുത്തിയ മറ്റ് ചുമതലകൾ നിറവേറ്റുന്നതിലും യാതൊരു പങ്കും വർക്കിംഗ് ഗ്രൂപ്പ് വഹിച്ചിട്ടില്ല എന്നാണ് വ്യക്തമാകുന്നത്.

ഏതാനും പ്രൊജക്ട് നിർദ്ദേശങ്ങൾ എഴുതുക മാത്രമാണ് മിക്ക വർക്കിംഗ് ഗ്രൂപ്പുകളും ചെയ്തിട്ടുള്ളത്. ബഹു ഭൂരിപക്ഷം വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനുട്സ് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾനസൃതമായി നടപ്പാക്കാവുന്ന പ്രൊജക്ടുകൾ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ശുപാർശ ചെയ്യുക, കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുക എന്ന ചുമതലയും വർക്കിംഗ് ഗ്രൂപ്പ് നിറവേറ്റിയതായി കാണുന്നില്ല.

വാർഷിക പദ്ധതി അംഗീകരിക്കപ്പെട്ട ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം എന്ന നിർദ്ദേശവും പാലിക്കുന്നില്ല.

**3) സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയത് എങ്ങനെ എന്ന് വ്യക്തമല്ല.**

നഗരസഭയുടെ 2024-25 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയത് സംബന്ധിച്ച ഒരു വിവരവും വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഭരണ സമിതി സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചതിന്റെ വിവരവും പ്രസ്തുത റിപ്പോർട്ടിൽ ഇല്ല.

പരിശോധനക്ക് ലഭ്യമാക്കിയ 2024-25 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ മുൻ വർഷത്തിൽ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതിന് അടിസ്ഥാനമാക്കിയ നടപടികളുടെയും വിവരശേഖരണത്തിന്റെയും വിവരങ്ങൾ ഒന്നും ലഭ്യമാകാത്തതിനാലും റിപ്പോർട്ടിൽ ആധികാരിക വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാലും സ്റ്റാറ്റസ് റിപ്പോർട്ടിന്റെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

**4)പദ്ധതി ആസൂത്രണ ഗ്രാമസഭ- പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ചർച്ചകൾ നടന്നിട്ടില്ല.**

പദ്ധതി ആസൂത്രണ ഗ്രാമസഭകളിൽ പദ്ധതി രൂപീകരണം സംബന്ധിച്ച് വിഷയാടിസ്ഥാനത്തിലുള്ള ചർച്ചകൾ നടന്നിട്ടില്ല. നടപ്പാക്കേണ്ട പദ്ധതികളുടെ മുൻഗണനയും വാർഡ് സഭകളിൽ ചർച്ചചെയ്ത് നിശ്ചയിച്ച് നൽകിയിട്ടില്ല.

**5) വികസന സെമിനാർ- ലക്ഷ്യം നിറവേറുന്നില്ല.**

ഭരണസമിതി അംഗീകരിച്ച കരട് പദ്ധതി രേഖ ചർച്ച ചെയ്ത് അന്തിമമാക്കുന്നതിന് വികസന സെമിനാർ 18.01.2024 ന് നടക്കുകയുണ്ടായി. വികസന സെമിനാറിൽ പങ്കെടുത്തവരുടെ ഹാജർ രേഖകൾ ലഭ്യമാക്കിയെങ്കിലും, സെമിനാറിലെ ചർച്ചകളും നിർദ്ദേശങ്ങളും രേഖപ്പെടുത്തിയ മിനുട്സ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

വികസന സെമിനാറിന്റെ അന്നേദിവസം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിഷയാടിസ്ഥാനത്തിൽ ചർച്ചകളൊന്നും നടന്നിട്ടില്ല. വിവിധ വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകളിൽ ഏതാനും പദ്ധതി നിർദ്ദേശങ്ങൾ എഴുതുക മാത്രമാണ് ചെയ്തിട്ടുള്ളത്.

രേഖകൾ ലഭ്യമല്ലാത്തതിനാൽ വികസന രേഖ , കരട് പദ്ധതി രേഖ എന്നിവ ചർച്ച ചെയ്ത് ആവശ്യമായ നിർദേശങ്ങൾ നൽകുക എന്ന ലക്ഷ്യം വികസന സെമിനാർ നിറവേറ്റിയോ എന്നത് പരിശോധിക്കാനായിട്ടില്ല.

**6)അന്തിമ പദ്ധതി തയ്യാറാക്കുന്നതിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ പങ്ക് വഹിക്കുന്നില്ല.**

പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന്റെ മുന്നോടിയായി ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, ഏറ്റെടുക്കേണ്ട പ്രൊജക്ടുകൾ എന്നിവ സംബന്ധിച്ച് ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികളും ശുപാർശ നൽകേണ്ടതുണ്ട്. എന്നാൽ നഗരസഭയിലെ ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയും ഇത്തരത്തിൽ ശുപാർശ നൽകിയിട്ടില്ല എന്ന് മിനുട്സ് പരിശോധിച്ചതിൽ വ്യക്തമായി.

നഗരസഭയിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ സുതാര്യമായും ആവശ്യകത സംബന്ധിച്ച് വ്യക്തമായ പഠനം നടത്തിയും തയ്യാറാക്കേണ്ട വാർഷിക പദ്ധതി രൂപീകരണത്തിൽ സർക്കാർ നിർദ്ദേശിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നഗരസഭയിൽ നടന്നിട്ടില്ല എന്നാണ് രേഖകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നത്.

ഏതാനും ജന പ്രതിനിധികളും, ഉദ്യോഗസ്ഥരും മാത്രമാണ് പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിച്ചത് എന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ഇത്തരത്തിൽ ആവശ്യകതയും പ്രായോഗികതയും പരിഗണിക്കാതെ പദ്ധതി തയ്യാറാക്കിയതാണ് പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് തടസ്സമായത് എന്നും അതു വഴി പ്ലാൻ ഫണ്ട് ഉൾപ്പെടെയുള്ള പദ്ധതിപ്പണം സമയബന്ധിതമായി ചെലവഴിക്കുന്നതിന് സാധിക്കാത്തതിന് കാരണമായതെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ( 155/31.01.2026) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി രൂപീകരണ നടപടികളിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

AUEGS വരവ്, ചെലവ്, തനത് ഫണ്ടിൽ നിന്നും ലഭിച്ച അഡ്വാൻസ് തുക എന്നിവ അക്കൗണ്ട് ചെയ്തിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ ക്യാഷ് ബുക്ക്, BIMS സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ വരവ് OB ഉൾപ്പെടെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 3308.77 | 10531043 | 10534351.77 | 10530952 | 3399.77 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 723200 | 43 |
| വിധവാപെൻഷൻ | 27680900 | 1787 |
| വാർദ്ധക്യകാലപെൻഷൻ | 57831000 | 3888 |
| വികലാംഗപെൻഷൻ | 8284200 | 536 |

| | | |
|---|---|---|
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 726200 | 50 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് കാലയളവിൽ വിവിധ തിയ്യതികളിൽ നടത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | പരിശോധനയിൽ കണ്ടെത്തിയ ബാലൻസ് ക്യാഷിന്റെ വിവരം | ക്യാഷ് ബുക്ക് പ്രകാരമുള്ള ക്യാഷ് ബാലൻസ് |
|---|---|---|---|
| 1 | 11.03.2025 | 823611 | 1834903 (Dr) |
| 2 | 24.04.2025 | 334028 | 15242693.5 (Dr) |
| 3 | 22.05.2025 | 150958 | 6116491.5 (Cr) |
| 4 | 25.06.2025 | 75204 | 6122064.5 (Cr) |
| 5 | 29.07.2025 | 121858 | 5904716.5 (Cr) |
| 6 | 27.08.2025 | 143174 | 5892928.5 (Cr) |
| 7 | 08.10.2025 | 201425 | 201425 (Cr) |
| 8 | 14.11.2025 | 116383 | 116383 (Cr) |
| 9 | 31.12.2025 | 330108 | 330108 (Cr) |
| 10 | 28.01.2025 | 145893 | 145893 (Cr) |
| 11 | 26.02.2025 | 557775 | 557775 |

ക്യാഷ് പരിശോധനയിൽ കണ്ടെത്തിയ നീക്കിയിരിപ്പും ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും മേൽ പട്ടികയിൽ ക്രമ നമ്പർ 1 മുതൽ 6 വരെയുള്ള കാലയളവിൽ (2025 മാർച്ച് മുതൽ 2025 ഓഗസ്റ്റ് വരെ) വ്യത്യാസപ്പെട്ടിരിക്കുന്നു. ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറികൾക്ക് (നം. 03/06.12.2024, 04/07.01.2025, 05/20.02.2025, 06/12.03.2025) കെ.സ്മാർട്ടിൽ കോൺട്രാ എൻട്രി രേഖപ്പെടുത്തുന്നതിൽ വരുന്ന അപാകതമൂലമാണ് ഇപ്രകാരം വ്യത്യാസം ഉണ്ടായതെന്ന മറുപടിയാണ് നൽകിയത്. കെ സ്മാർട്ടുമായി ബന്ധപ്പെട്ട് ഇപ്രകാരം അപാകതകൾ ഉണ്ടാകുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

2024-25 വർഷ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

- കേരള മുനിസിപ്പാലിറ്റി നിയമം 207(1), 208 A(1) വകുപ്പുകൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമാക്കപ്പെട്ട ആസ്തികളുടെ വിവരം ശേഖരിച്ച് നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.
- ആസ്തി രജിസ്റ്റർ പ്രകാരം നഗരസഭയുടെ ആസ്തിയായി ഉൾപ്പെടുത്തിയിട്ടുള്ള ഭൂമികളുടെ റവന്യൂ രേഖകൾ പ്രകാരമുള്ള ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ നഗരസഭയിൽ ലഭ്യമല്ല.
- നഗരസഭയുടെ സ്ഥിര നിക്ഷേപങ്ങൾ പരിശോധന നടത്തി അവയുടെ കൃത്യത ഉറപ്പുവരുത്തുന്നില്ല.
- നഗരസഭയുടെ ബാങ്ക് അക്കൗണ്ടുകളിലൂടെയുള്ള പണം വരവിന്റെയും , ചെലവിന്റെയും കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല.
- അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും നിയമപ്രകാരമുള്ള നടപടികൾ

സ്വീകരിച്ചിട്ടില്ല

- നഗരസഭയിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവര ശേഖരണം നടത്തി പൂർണ്ണമായി നികുതി ഈടാക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
- നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെയും, കൈവശക്കാരുടെയും വ്യക്തമായ വിവരങ്ങൾ, വാടക സംബന്ധിച്ച വിവരങ്ങൾ എന്നിവയൊന്നും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
- നികുതി വരവുകൾ പൂർണ്ണമായി ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നില്ല.
- നഗരസഭയിൽ നിന്ന് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും സംരംഭങ്ങളെയും കണ്ടെത്തി നിയമ പ്രകാരമുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല.
- നഗരസഭാ ആസ്തികൾ അനധികൃതമായി ഉപയോഗിക്കുന്നവരെക്കണ്ടെത്തുന്നതിനും നിയമപ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നില്ല.
- ടൗൺഹാൾ , സാംസ്കാരിക സമുച്ചയം, സ്റ്റേഡിയം എന്നിവ വാടകക്ക് നൽകുന്നതിലും വാടക ഈടാക്കുന്നതിലും സുതാര്യത ഉറപ്പുവരുത്തുന്ന രീതിയിൽ രേഖകൾ സൂക്ഷിക്കുന്നില്ല.
- കേരള മുനിസിപ്പാലിറ്റി നിയമം, ചട്ടങ്ങൾ എന്നിവയിലെ നിബന്ധനകൾക്ക് വിരുദ്ധമായി ദിവസ വേതന നിയമനം നടത്തുകയും തുടർന്നുവരികയും ചെയ്യുന്നു.
- തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.
- വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല.
- ഓഡിറ്റ് റിപ്പോർട്ടുകളിൽ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല.
- കേരള മുനിസിപ്പാലിറ്റി ( അക്കൗണ്ട്സ് ) റൂൾ 2007 ചട്ടം 56 പ്രകാരമുള്ള പ്രതിമാസ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല.
- 2007 കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 58 (5) പ്രകാരം കൗൺസിൽ അംഗീകരിച്ച വാർഷിക കണക്കുകൾ നഗരസഭ ചെയർപേഴ്സണും സെക്രട്ടറിയും ഒപ്പ് വെച്ച് ഓഡിറ്റിന് സമർപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ, മാന്വലായി ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയിൽ നഗരസഭ ചെയർപേഴ്സൺ ഒപ്പ് വെച്ചിട്ടില്ല.

## 1-10 ഹെൽത്ത് ഗ്രാന്റ് - അവലോകനം

**ഫയൽ നം H3-13258/22**

15-ാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ 2021-22 മുതൽ 2024-25 സാമ്പത്തിക വർഷം വരെ നഗരസഭക്ക് ആകെ 28094000 രൂപ അലോട്ട് മെന്റ് ലഭിച്ചിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നഗരസഭക്ക് ലഭിച്ച തുകകളുടെ വിവരം താഴെ നൽകുന്നു.

**2021-22 ഹെൽത്ത് ഗ്രാന്റ്.**

| ക്രമ നം | ഉത്തരവ് നം | തുക | കുറിപ്പ് |
|---|---|---|---|
| 1 | DUA/4280/2022-DC4 Dt 08.07.2022 | 75,00,000 | Health & Wellness Centres Establishment |
| 2 | DUA/4280/2022-DC4 (1) Dt 03.08.2022 | 58,00,000 | Urban Poly Clinic- 10,00,000<br>Recurring Expenditure- 36,00,000<br>Other Activites – 12,00,000 |
| | ആകെ | 1,33,00,000 | |

മേൽ പരാമർശിച്ച തുകകൾ നഗരസഭയുടെ PNB അക്കൗണ്ട് നം 4356000100137448 ൽ 2022-23 സാമ്പത്തിക വർഷത്തിൽ വരവ് വന്നിട്ടുണ്ട്.

**2021-22 – അഡീഷണൽ ഹെൽത്ത് ഗ്രാന്റ്**

| ക്രമ നം | ഉത്തരവ് നം | തുക | കുറിപ്പ് |
|---|---|---|---|
| 1 | LSGD/ PD/ 15167/2023-DPLD4 Dt 29.04.2023 | 73,94,000 | Universalisation Of Paliative Care-24,00,000<br>Prevension& Early Detection Of Cancer – 205,000<br>Recurring Cost For UPHCs- 289,000<br>360 Degree NCD Care Centeres-45,00,000 |

മേൽ പരാമർശിച്ച തുക 08.05.2023 ന് നഗരസഭയുടെ PNB അക്കൗണ്ട് നം 4356000100137448 ൽ വരവ് വന്നിട്ടുണ്ട്.

**2022-23 വർഷ ഹെൽത്ത് ഗ്രാന്റ്-**

| ക്രമ നം | ഉത്തരവ് നം | തുക | കുറിപ്പ് |
|---|---|---|---|
| 1 | GO(RT)1625/2023/ LSGD Dt 09.08.2023 | 3704000 | നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ-37.04 ലക്ഷം രൂപ |

മേൽ പരാമർശിച്ച തുക തിരൂർ മുനിസിപ്പാലിറ്റിയുടെ പേരിൽ PNB തിരൂർ ശാഖയിലെ 4356000100137439 നം അക്കൗണ്ടിൽ 07.11.2023 ന് വരവ് വന്നിട്ടുണ്ട്.

**ഹെൽത്ത് ഗ്രാന്റ് 2022-23 സ്കീം 6**

| ക്രമ നം | ഉത്തരവ് നം | തുക | കുറിപ്പ് |
|---|---|---|---|
| 1 | സ.ഉ (സാധാ) നം 177/2025/ LSGD Dt 18.01.2025 | 3696000 | ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തന ചെലവുകൾ - 2975000<br>ഫീൽഡ് തല പ്രവർത്തനങ്ങൾ - 721000 |

മേൽ പരാമർശിച്ച തുക 11.03.2025 ന് നഗരസഭയുടെ PNB അക്കൗണ്ട് നം 4356000100137448 ൽ വരവ് വന്നിട്ടുണ്ട്.

ഫണ്ട് വിനിയോഗം പരിശോധിച്ചതിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

**1) 2021-22 ലെ ആരോഗ്യമേഖലാ ഗ്രാന്റ്**

തിരൂർ നഗരസഭയിൽ 3 അർബൻ ഹെൽത്ത് & വെൽനെസ് സെന്ററുകൾ , ഒരു അർബൻ പോളി ക്ലിനിക് എന്നിവ സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 13300000 രൂപയാണ് 2021-22 ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നഗരസഭക്ക് അനുവദിക്കപ്പെട്ടിട്ടുള്ളത്. മേൽ പരാമർശിച്ച തുക 12.07.2022, 06.08.2022 തിയ്യതികളിലായി നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്.

2021-22 ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സ.ഉ(സാധാ) നം 2132/ 2022/ LSGD Dt 31.08.2022 നം ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

**ഹെൽത്ത് & വെൽനസ് സെന്ററുകൾ, അർബൻ പി.എച്ച്.സി**

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നഗരസഭയിൽ ഇല്ലത്തുപാടം , നടുവിലങ്ങാടി എന്നിവിടങ്ങളിലായി രണ്ട് ഹെൽത്ത്& വെൽനസ് സെന്ററുകളാണ് നാളിതുവരെ സ്ഥാപിച്ചത്. കൂടാതെ ഒരു അർബൻ പി.എച്ച്.സി യും നഗരസഭയിൽ പ്രവർത്തിക്കുന്നുണ്ട്.

അർബൻ പി.എച്ച്.സി സ്വന്തം കെട്ടിടത്തിലും, ഹെൽത്ത് &വെൽനസ് സെന്ററുകൾ വാടക കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്.

അന്നാരയിൽ പ്രവർത്തിക്കുന്ന UPHC യിൽ ലാബ്, OP, ഫാർമസി, ഇമ്മ്യൂണൈസേഷൻ, വാക്സിനേഷൻ, ഫസ്റ്റ് എയ്ഡ് ഉടങ്ങിയ സേവനങ്ങൾ നൽകുന്നുണ്ട്. കൂടാതെ അർബൻ പോളി ക്ലിനിക്കിന്റെ ഭാഗമായി വിവിധ ദിവസങ്ങളിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനവും നൽകി വരുന്നുണ്ട്.

ഹെൽത്ത് & വെൽനസ് സെന്ററുകളിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, സപ്പോർട്ടിംഗ് സ്റ്റാഫ് എന്നിവരാണ് സേവനം നൽകുന്നത്. OP, ഫാർമസി, വാക്സിനേഷൻ, ഫസ്റ്റ് എയ്ഡ് ഉടങ്ങിയ സേവനങ്ങൾ വെൽനസ് സെന്ററുകൾ മുഖേന നൽകി വരുന്നുണ്ട്.

അന്നാര UPHC യിൽ രാവിലെ 8 വൈകിട്ട് 6 വരെയും, ഹെൽത്ത് & വെൽനസ് സെന്ററുകളിൽ ഉച്ചക്ക് 12 മുതൽ വൈകിട്ട് 6 വരെയുമാണ് OP, ഫാർമസി സേവനം നൽകി വരുന്നത്. UPHC യിലെ ലാബ് രാവിലെ 8 മുതൽ വൈകിട്ട് 3 വരെയാണ് പ്രവർത്തിക്കുന്നത്.

JHI, 6 JPHN എന്നിവരുടെ നേതൃത്വത്തിൽ ആശാ പ്രവർത്തകരുടെ സഹായത്തോടെ വിവിധ ഫീൽഡ് പ്രവർത്തനങ്ങൾ, സാമ്പിൾ കളക്ഷൻ എന്നിവ നടന്നു വരുന്നുണ്ട്. കളക്ട് ചെയ്യുന്ന സാമ്പിളുകൾ UPHC ലാബിൽ എത്തിച്ച് പരിശോധന നടത്തുകയും കൂടുതൽ പരിശോധന ആവശ്യമായവ മലപ്പുറം എത്തിച്ച് പരിശോധിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

**ഒരു ഹെൽത്ത്& വെൽനസ് സെന്റർ നാളിതുവരെ പ്രവർത്തനം ആരംഭിച്ചില്ല - 14.51 ലക്ഷം രൂപ നഷ്ടപ്പെട്ടു.**

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നഗരസഭയിൽ രണ്ട് ഹെൽത്ത്& വെൽനസ് സെന്ററുകളാണ് നാളിതുവരെ സ്ഥാപിച്ചത്. ഫണ്ട് ലഭ്യമായി 42 മാസം പിന്നിട്ടിട്ടും പദ്ധതിപ്രകാരമുള്ള മൂന്നാമത്തെ സെന്റർ ആരംഭിക്കുന്നതിന് നഗരസഭക്ക് സാധിച്ചിട്ടില്ല.

മൂന്നാമത്തെ സെന്റർ യഥാസമയം സ്ഥാപിക്കാത്തതിനാൽ 2021-22 ഹെൽത്ത് ഗ്രാന്റ് പ്രകാരം മൂന്ന് സെന്ററുകളുടെ ആവർത്തന ചെലവുകൾ, മറ്റു പ്രവർത്തനങ്ങൾ എന്നിവയ്ക്കായി അനുവദിക്കപ്പെട്ട 48 ലക്ഷം രൂപയിൽ നിന്ന് പ്രവർത്തനം ആരംഭിക്കാത്ത ഒരു സെന്ററിന്റെ ഒരു വർഷത്തെ പ്രവർത്തനച്ചെലവ് ഇനത്തിൽ അനുവദിക്കപ്പെട്ട 14.51 ലക്ഷം രൂപ NHM അക്കൗണ്ടിലേക്ക് നഗരസഭക്ക് തിരിച്ചടക്കേണ്ടിവന്നു .(നഗരകാര്യ ഡയറക്ടറുടെ 14.03.2024 ലെ LSGD/PD/5562/2024-DPLD4 നം കത്ത്.)

**അർബൻ പോളിക്ലിനിക്**

പൊതുജനങ്ങൾക്ക് സ്പെഷ്യാലിറ്റി സേവനം ലഭ്യമാക്കുന്നതിനുവേണ്ടി അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിൽ ഒരു നിശ്ചിത ദിവസം തെരഞ്ഞെടുക്കപ്പെട്ട സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകുന്നതിന് അർബൻ പോളിക്ലിനിക് ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നഗരകാര്യ ഡയറക്ടറുടെ 14.03.2024 ലെ LSGD/PD/5562/2024-DPLD4 നം കത്ത് പ്രകാരം ഈ തുക അർബൻ പി.എച്ച്.സി യുടെ HMC അക്കൗണ്ടിലേക്ക് നഗരസഭ ഫണ്ടിൽ നിന്ന് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.

നഗരസഭയുടെ അർബൻ പോളി ക്ലിനിക് അന്നാരയിൽ (UPHC ) ആഴ്ചയിൽ വിവിധ ദിവസങ്ങളിലായി ENT, ശിശുരോഗ വിഭാഗം, മനോരോഗം, ഗൈനക്കോളജി ഉടങ്ങിയ സ്പെഷ്യാലിറ്റിയിലെ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

**2021-22 - അഡീഷണൽ ഹെൽത്ത് ഗ്രാന്റ്**

അഡീഷണൽ ഹെൽത്ത് ഗ്രാന്റ് ആയി 7394000 രൂപ 08.05.2023 ന് നഗരസഭയുടെ PNB അക്കൗണ്ട് നം 4356000100137448 ൽ വരവ് വന്നിട്ടുണ്ട്.

സ.ഉ (സാധാ) നം 1078/2023/LSGD Dt 20.05.2023 ഉത്തരവ് പ്രകാരം ഇത്തരത്തിൽ അനുവദിക്കപ്പെട്ട തുക വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഫണ്ട് വിനിയോഗം പരിശോധിച്ചതിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

**1) പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ - 24 ലക്ഷം തിരിച്ചടച്ചു**

സ.ഉ (സാധാ) നം 1078/2023/LSGD Dt 20.05.2023 ഉത്തരവ് പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് അനുവദിച്ച ഫണ്ട് വിനിയോഗിക്കുന്നതിന് താഴെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ നൽകിയിരുന്നു.

A) സ.ഉ (സാധാ) നം 553/2019/LSGD Dt 07.03.2019 പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ 2023-24 വർഷം നടപ്പാക്കാവുന്നതാണ്.

B) പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്ക് പ്രൊജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിൽ ആയത് ഭേദഗതി ചെയ്ത് പദ്ധതി തയ്യാറാക്കാവുന്നതാണ്.

C) ഇതിന് ഹെൽത്ത് ഗ്രാന്റ് പ്രകാരം അനുവദിച്ച തുക തികയാതെ വരികയാണെങ്കിൽ വാർഷിക പദ്ധതിയിൽ ഇതിനായി തുക വകയിരുത്താവുന്നതാണ്.

D) നിലവിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടത്തുന്ന അതേ ആരോഗ്യ സ്ഥാപനം മുഖേന പ്രൊജക്ട് നടപ്പാക്കാവുന്നതാണ്.

കൂടാതെ പദ്ധതി നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിന് ഇത്തരം പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടാതെ തന്നെ നിർവഹണം നടത്തുന്നതിനും സർക്കാർ അനുമതി നൽകിയതാണ്.

പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വളരെ വ്യക്തവും ഉദാരവുമായ നിർദ്ദേശങ്ങൾ സർക്കാർ നൽകി എങ്കിലും നഗരസഭ മേൽ നിർദ്ദേശങ്ങൾ പാലിച്ച് ഫണ്ട് വിനിയോഗിക്കുന്നതിന് പ്രൊജക്ട് തയ്യാറാക്കിയില്ല.

2023-24 സാമ്പത്തിക വർഷത്തിൽ ഫണ്ട് ചെലവഴിക്കാതിരുന്നതിനാൽ നഗരകാര്യ ഡയറക്ടർ നിർദ്ദേശിച്ചതനുസരിച്ച് ( Letter No LSGD/ PD/ 5562/ 2024-DPLD4 Dt 14.03.2024 ) ഈ ഇനത്തിൽ അനുവദിക്കപ്പെട്ട 24 ലക്ഷം രൂപ നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നഗരസഭ ട്രാൻസ്ഫർ ചെയ്ത് നൽകി.

**2) Prevention &Early Detection Of Cancer – 2.05 ലക്ഷം തിരിച്ചടച്ചു.**

സ.ഉ (സാധാ) നം 1078/2023/LSGD Dt 20.05.2023 ഉത്തരവ് പ്രകാരം ഈ ഇനത്തിൽ അനുവദിച്ച ഫണ്ട് വിനിയോഗിക്കുന്നതിന് താഴെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ നൽകിയിരുന്നു.

A) പ്രൊജക്ട് നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നഗര ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും നടപ്പാക്കണം.

B) ഒന്നിലേറെ ആശുപത്രികൾ ഉള്ള സ്ഥലങ്ങളിൽ ഓരോ ആശുപത്രിക്കും അതത് മെഡിക്കൽ ഓഫീസർമാർ നിർവഹണോദ്യോഗസ്ഥരായി വെവ്വേറെ പ്രൊജക്ട് തയ്യാറാക്കണം

C) ഈ പ്രൊജക്ട് നടപ്പാക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ സ.ഉ (സാധാ) നം 555/2023/ആ.കു.വ Dt 12.03.2023 ഉത്തരവിലെ മാർഗ്ഗരേഖയിലെ പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്.

മേൽ ഉത്തരവ് പ്രകാരമുള്ള പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ ക്ലിയറൻസ് ആവശ്യമില്ല എന്നും വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടെ നിർവഹണ നടപടികൾ ആരംഭിക്കാവുന്നതാണ് എന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട് ( ഖ 4.4 )

എന്നാൽ ഈ ഫണ്ട് വിനിയോഗിക്കുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം നഗരസഭ പ്രൊജക്ട് തയ്യാറാക്കിയിട്ടില്ല.

2023-24 സാമ്പത്തിക വർഷത്തിൽ ഫണ്ട് ചെലവഴിക്കാതിരുന്നതിനാൽ നഗരകാര്യ ഡയറക്ടർ നിർദ്ദേശിച്ചതനുസരിച്ച് ( Letter No LSGD/ PD/ 5562/ 2024-DPLD4 Dt 14.03.2024 ) ഈ ഇനത്തിൽ അനുവദിക്കപ്പെട്ട 2.05 ലക്ഷം രൂപ നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നഗരസഭ ട്രാൻസ്ഫർ ചെയ്ത് നൽകി.

**3) 360 ഡിഗ്രീ NCD കെയർ സെന്റർ**

മുഖ്യമന്ത്രിയുടെ 100ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 2021-22 വർഷ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിച്ച പദ്ധതിയാണിത്. തിരൂർ ജില്ലാ ആശുപത്രിയിൽ 360 ഡിഗ്രീ NCD

കെയർ സെന്റർ സ്ഥാപിക്കുന്നതിനാണ് നഗരസഭക്ക് പണം അനുവദിക്കപ്പെട്ടത്.

സ.ഉ (സാധാ) നം 1078/2023/LSGD Dt 20.05.2023 ഉത്തരവ് പ്രകാരം ഇത്തരത്തിൽ അനുവദിക്കപ്പെട്ട തുക വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് കെട്ടിടത്തിലെ നവീകരണ പ്രവർത്തനങ്ങൾക്ക് എഞ്ചിനിയർ , യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഫർണിച്ചർ മറ്റ് അത്യാവശ്യ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് സെക്രട്ടറി, മെഡിക്കൽ ഉപകരണങ്ങൾക്ക് ബന്ധപ്പെട്ട ആശുപത്രിയിലെ തെരഞ്ഞെടുക്കപ്പെട്ട മെഡിക്കൽ ഓഫീസർ എന്നിവർ നിർവഹണോദ്യോഗസ്ഥനായി പദ്ധതി തയ്യാറാക്കി നടപ്പാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

**<u>360 ഡിഗ്രി NCD കെയർ സെന്റർ സ്ഥാപിക്കുന്നതിന് 2023-24 ൽ താഴെ പരാമർശിക്കും പ്രകാരം പ്രൊജക്റ്റ് രൂപീകരിച്ച് അംഗീകാരം നേടി.</u>**

| പ്രൊജക്റ്റ് | അടങ്കൽ | നിർവഹണോദ്യോഗസ്ഥൻ |
|---|---|---|
| 360 ഡിഗ്രി കെയർ സെന്ററിലേക്ക് ഫർണിച്ചർ വാങ്ങൽ ( 390/24 ) | 19,00,000 | സെക്രട്ടറി |
| 360 ഡിഗ്രി എൻ.സി.ഡി സെന്ററിലേക്ക് ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങൽ ( 392/24 ) | 16,00,000 | മെഡിക്കൽ ഓഫീസർ, ഗവർമെന്റ് ഹോസ്പിറ്റൽ |
| 360 ഡിഗ്രി എൻ.സി.ഡി കെയർ സെന്റർ - ഭൗതിക സാഹചര്യം ഒരുക്കൽ ( 391/24) | 10,00,000 | അസിസ്റ്റന്റ് എഞ്ചിനിയർ |

അംഗീകരിക്കപ്പെട്ട പ്രൊജക്റ്റുകളിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായ പ്രൊജക്റ്റ് മാത്രമാണ് 2023-24 ൽ നടപ്പാക്കിയത് ( ചെലവ് ₹ 652003 ).

360 ഡിഗ്രി എൻ.സി.ഡി കെയർ സെന്റർ സ്ഥാപിക്കുന്നതിന് അനുവദിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഉണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട എച്ച്.എം.സി അക്കൗണ്ടിലേക്ക് കൈമാറാൻ നഗരകാര്യ ഡയറക്ടർ നിർദ്ദേശിച്ചതനുസരിച്ച് ( Letter No LSGD/ PD/ 5562/ 2024-DPLD4 Dt 14.03.2024 ) ₹ 3847997 തിരൂർ ജില്ലാ ആശുപത്രിയുടെ HDC അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകി.

2023-24 ൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പ്രൊജക്റ്റിൽ ബിൽ നൽകിയ 652003 രൂപ മാത്രമാണ് ഈ പദ്ധതിക്ക് യഥാർത്ഥത്തിൽ ചെലവായത് എങ്കിലും നഗരസഭയുടെ പദ്ധതി വിവരം രേഖപ്പെടുത്തുന്ന സുലേഖ സോഫ്റ്റ്‌വെയറിൽ 2023-24 ൽ പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയ മൂന്ന് പ്രൊജക്റ്റുകളും പൂർണ്ണമായി നടപ്പാക്കി മുഴുവൻ തുകയും ചെലവ് ചെയ്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

തിരൂർ ജില്ലാ ആശുപത്രി അധികൃതൽ ലഭ്യാക്കിയ കണക്കനുസരിച്ച് NCD സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് നാളിതുവരെ 3755944 രൂപയാണ് HDC അക്കൗണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുള്ളത്. എഞ്ചിനിയർ ചെലവഴിച്ചതുൾപ്പെടെ ആകെ ചെലവ് 4407947 രൂപ.

ചെലവിന്റെ ഇനം തിരിച്ച വിവരങ്ങൾ താഴെ നൽകുന്നു.

| ക്രമനം | ഇനം | ചെലവ് |
|---|---|---|
| | Civil Work By Municipality | 652003 |
| | Electronic Equipments | 148120 |
| | Medical Equipments | 639246 |
| | Lab Equipments | 1140987 |
| | IEC | 58700 |
| | Stationary | 1617 |
| | Water Purifier | 24300 |
| | Printing | 25134 |
| | E Health Connectivity | 50130 |
| | Lab Instruments | 72172 |

| | | |
|---|---|---|
| | Furniture | 464736 |
| | Lab Reagents | 344101 |
| | NCD Clinic Renovation – Civil Works | 786701 |
| | **TOTAL** | **4407947** |

**2022-23 വർഷ ഹെൽത്ത് ഗ്രാന്റ്-**

നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തുന്നതിന് 37.04 ലക്ഷം രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. മേൽ പരാമർശിച്ച തുക തിരൂർ മുനിസിപ്പാലിറ്റിയുടെ പേരിൽ PNB തിരൂർ ശാഖയിലെ 4356000100137439 നം അക്കൗണ്ടിൽ 07.11.2023 ന് വരവ് വന്നിട്ടുണ്ട്.

2022-23 ലെ ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സ.ഉ(സാധാ) നം 1625/ 2023/ LSGD Dt 09.08.2023 നം ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

**ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.**

A) പ്രവർത്തനങ്ങൾ പൂർണ്ണമായും നഗര ഭരണ സ്ഥാപനങ്ങൾ നടപ്പാക്കണം (ഖ 4.5.2)

B) നഗര പ്രദേശത്തെ വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വിവിധ ടെസ്റ്റുകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, മെയിന്റനൻസ്, പരിശീലനം മോണിറ്ററിംഗ് തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്ക് ഫണ്ട് ചെലവഴിക്കാവുന്നതാണ്. ( ഖ 4.5.3 )

C) UPHC കളിൽ നടപ്പിലാക്കുന്ന പദ്ധതികൾ സെക്രട്ടറി നിർവഹണം നടത്തേണ്ടതാണ്. - 4 മാസത്തെ പ്രവർത്തനങ്ങൾക്കാവശ്യമായ മുൻകൂർ തുക ബന്ധപ്പെട്ട UPHC HMC ക്ക് മുൻകൂറായി നൽകാവുന്നതാണ്.

37.04 ലക്ഷം രൂപ വകയിരുത്തി മേൽ പദ്ധതി നടപ്പാക്കുന്നതിന് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ പ്രൊജക്ട് പ്രകാരം നാളിതുവരെ 400000 രൂപയാണ് ചെലവഴിച്ചത്. ലാബ് പ്രവർത്തനങ്ങൾക്കായി തുക UPHC അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.

**ഹെൽത്ത് ഗ്രാന്റ് 2022-23 സ്കീം 6**

| ക്രമ നം | ഉത്തരവ് നം | തുക | കുറിപ്പ് |
|---|---|---|---|
| 1 | സ.ഉ (സാധാ) നം 177/2025/ LSGD Dt 18.01.2025 | 3696000 | ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തന ചെലവുകൾ - 2975000<br>ഫീൽഡ് തല പ്രവർത്തനങ്ങൾ - 721000 |

മേൽ പരാമർശിച്ച തുക 11.03.2025 ന് നഗരസഭയുടെ PNB അക്കൗണ്ട് നം 4356000100137448 ൽ വരവ് വന്നിട്ടുണ്ട്. ഈ ഇനത്തിൽ പണം ചെലവഴിച്ചിട്ടില്ല.

**ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.**

നഗരസഭയുടെ ഹെൽത്ത് ഗ്രാന്റ് ബാങ്ക് അക്കൗണ്ട് PNB 4356000100137448 ൽ നിന്ന് വിവിധ വൗച്ചറുകളിലായി പിൻവലിക്കപ്പെട്ട 916454 രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ഖ 1-75 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**₹ 1.27 കോടി ചെലവഴിക്കാതെ അവശേഷിക്കുന്നു.**

ഹെൽത്ത് & വെൽനസ് സെന്ററുകൾ സജ്ജീകരിക്കുന്നതിനും, സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും തുടർ പ്രവർത്തനങ്ങൾക്കും വിവിധ ഫീൽഡ് തല പ്രവർത്തനങ്ങൾക്കുമായി അനുവദിക്കപ്പെട്ടതിൽ 31.03.2025 ന് പലിശ ഉൾപ്പെടെ ₹ 12729087 രൂപ ( PNB 137448 – 9294414, PNB 37439 – 3434673 ) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നഗരസഭയിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

**1-11 പ്ലാൻഫണ്ട് ഫണ്ട് ചെലവഴിച്ചില്ല –2.41 കോടി രൂപ ലാപ്സ് ആയി.**

നഗരസഭയുടെ 2024-25 വർഷത്തെ ചെലവ് പദ്ധതിച്ചെലവ് രേഖകൾ പരിശോധിച്ചതിൽ പ്ലാൻ ഫണ്ട് ഇനത്തിൽ നഗരസഭക്ക് അനുവദിക്കപ്പെട്ട 24103028 രൂപ ചെലവഴിക്കാത്തതിനാൽ ലാപ്സ് ആയി

നഷ്ടപ്പെട്ടതായി വ്യക്തമായി.

2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭക്ക് പ്ലാൻ ഫണ്ട് ഇനത്തിൽ അനുവദിക്കപ്പെട്ടതും ചെലവഴിച്ചതുമായ തുകയുടെ വിവരം താഴെ നൽകുന്നു.

| ഇനം | അലോട്ട്മെന്റ് | ചെലവ് | ചെലവഴിക്കാത്തതിനാൽ ലാപ്സ് ആയ തുക |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 45629390 | 37080815 | 8548575 |
| വികസന ഫണ്ട് എസ്.സി.പി | 16395510 | 7303406 | 9092104 |
| റോഡ് മെയിന്റനൻസ് ഗ്രാന്റ് | 2773000 | 1761794 | 1011206 |
| നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് | 19030000 | 13578857 | 5451143 |
| ആകെ | 83827900 | 59724872 | 24103028 |

പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

വികസന, സംരക്ഷണ ഫണ്ടിനത്തിൽ ആകെ അനുവദിക്കപ്പെട്ട 83827900 രൂപയിൽ 59724872 രൂപ മാത്രമാണ് 2024- 25 സാമ്പത്തിക വർഷത്തിൽ നഗരസഭക്ക് ചെലവഴിക്കാനായത്. ( 71.25 % ) .

ചെലവഴിക്കാതെ ലാപ്സ് ആയതിൽ ഷോർട്ട് ഫാൾ ഇനത്തിൽ ഒരോ ഇനത്തിലും എത്ര രൂപ നഷ്ടപ്പെട്ടു എന്നതും , എത്ര രൂപ അടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്യപ്പെട്ടിട്ടുണ്ട് എന്നതും സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 149/27.01.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11-1 എസ്.സി.എസ്.പി ഫണ്ട് ചെലവഴിച്ചില്ല – 33.96 ലക്ഷം രൂപ പൊതു വിഭാഗം ഫണ്ട് വകമാറ്റപ്പെട്ടു.

വികസന ഫണ്ടിനത്തിലും, സംരക്ഷണ ഫണ്ടിനത്തിലും ഓരോ വർഷത്തിലും അനുവദിക്കപ്പെട്ട തുകയിൽ പൂർണ്ണമായി ചെലവഴിക്കാത്ത തുകയുടെ പരമാവധി 20% വരെയുള്ള തുക ക്യാരി ഓവർ ആയി അനുവദിക്കുന്നതിനും, എസ്.സി വിഭാഗം ഫണ്ടിൽ സാമ്പത്തിക വർഷം അനുവദിക്കപ്പെട്ട തുകയിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ അനുവദിക്കപ്പെട്ട 20% തുക കഴിച്ച് ബാക്കി വരുന്ന ഷോർട്ട്ഫാൾ തുക തൊട്ടടുത്ത വർഷത്തെ പൊതുവിഭാഗം ഫണ്ടിൽ നിന്ന് പരിഹരിക്കുന്നതാണെന്നും സ.ഉ (കൈ) നം 79/ 2021/ ധന തി. 15.07.2021 നം ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ നഗരസഭക്ക് അനുവദിക്കപ്പെട്ട എസ്.സി.പി ഫണ്ട് ചെലവഴിക്കുന്നതിലെ വീഴ്ച കാരണം ഷോർട്ട് ഫാൾ ഇനത്തിൽ നഷ്ടപ്പെട്ട 3395510 രൂപ നഗരസഭയുടെ 2024-25 വർഷ പ്ലാൻഫണ്ട് ജനറൽ വിഹിതത്തിൽ നിന്ന് എസ്.സി പി ഫണ്ടിലേക്ക് പുനഃക്രമീകരിച്ചിട്ടുണ്ട്. ( സ.ഉ (സാധാ) നം 1625/2025/ധന തി. 20.02.2025 )

എസ്.സി വിഭാഗം ഫണ്ടിൽ ഷോർട്ട്ഫാൾ വരുന്ന തുക പ്ലാൻഫണ്ട് ജനറൽ വിഭാഗത്തിൽ നിന്ന് ക്രമീകരിക്കുന്നതാണ് എന്ന് വ്യക്തമായ സർക്കാർ ഉത്തരവ് ഉണ്ടായിട്ടും എസ്.സി.പി ഷോർട്ട് ഫാൾ ഇല്ലാതാക്കുന്നതിന് നഗരസഭ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തതാണ് പൊതു വിഭാഗം ഫണ്ടിൽ നിന്ന് 34 ലക്ഷത്തോളം രൂപ ക്രമീകരിക്കപ്പെടാൻ ഇടയാകുകയും അത് വഴി നഗരസഭയുടെ പൊതുവിഭാഗം ഫണ്ട് നഷ്ടപ്പെടുന്നതിന് ഇടയാക്കുകയും ചെയ്തത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

SCP ഫണ്ട് ചെലവഴിക്കാത്തത് മൂലം ജനറൽ ഫണ്ട് വകമാറ്റപ്പെടുന്നത് ഒഴിവാക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

## 1-12 തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ വീഴ്ച – പ്ലാൻ വിഹിതത്തിൽ നിന്ന് 495200 രൂപ നഷ്ടപ്പെട്ടു.

ധന വകുപ്പിന്റെ 18.10.2022 ലെ സ.ഉ ( കൈ) 179/ 2022/ ധന നം ഉത്തരവ് പ്രകാരം തനത് വരുമാന ഡിമാന്റിന്റെ 90% തുക പിരിച്ചെടുക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തൊട്ടടുത്ത വർഷത്തെ പ്ലാൻഫണ്ട് പൊതു വിഭാഗം വിഹിതത്തിന്റെ 1% തുക അലോട്ട്മെന്റിൽ കുറവ് വരുത്തുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നഗരസഭയുടെ മുൻ വർഷത്തെ തനത് റവന്യൂ കളക്ഷൻ 90% ൽ കുറവായതിനാൽ നഗരസഭയുടെ 2024-25 വർഷത്തെ പ്ലാൻഫണ്ട് (ജനറൽ ) അലോട്ട്മെന്റിൽ നിന്ന് 495200 രൂപ പിഴ ഇനത്തിൽ കുറവ് ചെയ്താണ് പ്ലാൻഫണ്ട് വിഹിതം സർക്കാർ നഗരസഭക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്. ( സ.ഉ (സാധാ) നം 1625/2025/ ധന തി. 20.02.2025 )

റവന്യൂ കളക്ഷൻ കുറവായ കാരണത്താൽ നഗരസഭക്ക് ലഭ്യമാകേണ്ട പ്ലാൻഫണ്ട് അലോട്ട്മെന്റിൽ നിന്ന് പിഴ ഇനത്തിൽ പണം കുറവ് ചെയ്യപ്പെട്ടത് നഗരസഭയുടെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ, നഗരസഭാ കൗൺസിലിന്റെയോ അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്തിട്ടില്ല എന്ന് മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. റവന്യൂ കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് 2024-25 സാമ്പത്തിക വർഷത്തിലും നഗരസഭ ക്രിയാത്മകമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
റവന്യൂ കളക്ഷൻ പിരിച്ചെടുക്കുന്നതിലെ വീഴ്ചമൂലം 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി 792,000 രൂപ (431360+ 360640) ഇത്തരത്തിൽ കുറവ് ചെയ്യപ്പെട്ടിട്ടുണ്ട്.
വരവ് പിരിച്ചെടുക്കുന്നതിലെ വീഴ്ച മൂലം 1287200 ( 792000+ 495200 )നഷ്ടപ്പെട്ടത് ഗൗരവമായി കാണേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 97/ 31.12.2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-13 ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വരവ് വന്ന 2.52 കോടി രൂപ കണക്കിലുൾപ്പെടുത്തിയിട്ടില്ല**

2025 മാർച്ചിലെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Credited By Bank ആയി ചേർത്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | തുക |
|---|---|
| EPOS ACE CANARA-5374 | 95082 |
| CFD TIED - IDBI-5466 | 38300 |
| IDBI-SWM-8930 | 1316158 |
| OWN FUND-4268 | 17021049 |
| SBI-SECC | 101 |
| SBI NUTRITION-3242 | 4925 |
| SBI EPF | 3600 |
| SBI – OWN FUND-3639 | 995144 |
| SBI-SSA-5696 | 10022 |
| E-Pay D&O | 4738503 |
| SBI GST | 1062261.2 |
| ആകെ | 25285145.2 |

റികൺസിലിയേഷൻ പത്രികയിൽ മേൽ തുകകളുടെ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ലഭ്യമല്ലാത്തതിനാൽ പരാമർശിക്കപ്പെട്ട തുകകളുടെ നിജസ്ഥിതി ഓഡിറ്റിന് പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.
നഗരസഭയുടെ കണക്കിൽ ഉൾപ്പെടാതെ, സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വരവ് വന്ന തുകകൾ ഏതിനത്തിൽ വന്നതാണ് എന്ന് പരിശോധിച്ച് അക്കൗണ്ട് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. (112/09.01.2026) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ പരാമർശിക്കപ്പെട്ട തുകകൾ ഏതിനത്തിൽ വരവ് വന്നതാണ് എന്ന് കണ്ടെത്തി കണക്കിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 കണക്കിൽപ്പെടാതെ 2 കോടിയിലധികം രൂപ ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് പിൻവലിച്ചു

2025 മാർച്ചിലെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Debited By Bank ആയി ചേർത്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | തുക |
|---|---|
| EPOS ACE CANARA-5374 | 2500 |
| CFD TIED - IDBI-5466 | 14500 |
| IDBI-EMS HOUSING-2621 | 7332238 |
| SBI NUTRITION-3242 | 4925 |
| SBI – OWN FUND-3639 | 76630+430050(OLD) |
| SBI GST | 1131950.20 |
| TSIB-16305 | 25000 |
| SBI -EPF | 94270 |
| 799013000000582 | 12056886 |
| ആകെ | 21168949.2 |

റികൺസിലിയേഷൻ പത്രികയിൽ പരാമർശിക്കുന്ന മേൽ തുകകളുടെ വിശദ വിവരങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ആയതിനാൽത്തന്നെ പിൻവലിക്കലിന്റെ നിജസ്ഥിതി ഓഡിറ്റിന് പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.

നഗരസഭയുടെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നിന്നായി നഗരസഭയുടെ കണക്കിൽ ഉൾപ്പെടാതെ ബാങ്കിൽ നിന്ന് പണം പിൻവലിക്കപ്പെട്ടത് വളരെ ഗൗരവതരമായ അപാകതയാണ്. മുൻവർഷ ഓഡിറ്റിലും ഇതേ അപാകത പരാമർശിച്ചിരുന്നു എങ്കിലും ആയത് പരിഹരിച്ച് അക്കൗണ്ട് ക്രമീകരിക്കുന്നതിന് നഗരസഭ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. മുൻ വർഷ ഓഡിറ്റ് പരാമർശത്തിന് മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടില്ല.

ഈ അപാകത സംഭവിച്ചത് എങ്ങനെയാണ് എന്ന് കണ്ടെത്തി ക്രമീകരിക്കുന്നതിന് നഗരസഭ നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. ( 113/09.01.2026) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിക്കപ്പെട്ട പിൻവലിക്കലുകൾ ഏതിനത്തിലുള്ളതാണ് എന്ന് കണ്ടെത്തി കണക്കിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ബാങ്കിൽ സമർപ്പിച്ച ചെക്കുകൾ- 3.8 കോടി രൂപ വരവ് വന്നിട്ടില്ല.

2025 മാർച്ചിലെ വിവിധ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നഗരസഭയുടെ കണക്കിൽ ഉൾപ്പെടുത്തി വരവ് രേഖപ്പെടുത്തി സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച ചെക്കുകൾ പ്രകാരമുള്ള താഴെ പരാമർശിക്കുന്ന തുകകൾ നാളിതു വരെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല എന്ന് വ്യക്തമായി. വിശദ വിവരം താഴെ നൽകുന്നു.

| **അക്കൗണ്ട്** | **തുക** |
|---|---|
| EPOS-CANARA | 3869886 |
| HDFC-SAYAM PRABHA | 950 |
| CFC-TIED IDB2 | 209196 |
| OWN FUND-4268 | 2050835+18513232(OLD) |
| SBI OWN FUND (3639) | 1254220+1873620 (Old) |
| E Pay D&O | 8968452 |
| SBI GST 9010 | 247694 |
| **A/C No. 799013000000582** | 333292 |
| TSIB | 25000 |

| A/C No. 0426053000016305 | |
|---|---|
| Provident Fund | 104774 |
| SBI Pension | 1376839 |
| ആകെ | 38827990 |

നഗരസഭയുടെ വരവിൽ ഉൾപ്പെടുത്തി ബാങ്കിൽ നൽകിയ ചെക്ക് പ്രകാരമുള്ള തുകകൾ അക്കൗണ്ടിൽ വരവ് വരാത്തത് വളരെ ഗൗരവമായി കാണേണ്ടതുണ്ട്. ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. (111/12.01.2026) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2023-24 ഓഡിറ്റ് റിപ്പോർട്ടിൽ മേൽ അപാകത പരാമർശിച്ചിരുന്നു എങ്കിലും ഓഡിറ്റ് പരാമർശത്തിന് മറുപടി ലഭ്യമാക്കുകയോ അപാകത പരിഹരിക്കുകയോ ചെയ്തിട്ടില്ല.

റീകൺസിലിയേഷൻ പത്രികയിൽ കാണിച്ച തുകകൾ ഏതെല്ലാം ചെക്കുകൾ പ്രകാരം വരവ് വരാനുള്ളതാണ് , ആയത് വരവ് വരാത്തത് പരിശോധിച്ച് ഇക്കാര്യത്തിൽ നഗരസഭ സ്വീകരിച്ച തുടർ നടപടികൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല

1. വാർഷിക കണക്ക് I -19 ഷെഡ്യൂൾ പ്രകാരം Prior Period Income ഇനത്തിന്റെ (2801001) ലെഡ്ജർ പരിശോധിച്ചതിൽ നിന്നും വിവിധ ഹെഡുകളിൽ തുകകൾ ജേർണൽ എൻട്രി മുഖേന ഡെബിറ്റ്/ ക്രെഡിറ്റ് ചെയ്ത് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| HEAD CODE | VOUCHER NO | HEAD DETAILS | DEBIT | CREDIT | REMARK |
|---|---|---|---|---|---|
| 3111101 | J-M100400-25000303 | Distress Relief Fund | 0 | 3330 | UCB - 0020050004250 എന്ന ബാങ്കിൽ ക്രെഡിറ്റ് ചെയ്തDistress Relief Fund -ൻറെ പ്രാരംഭ ബാക്കി ക്രമപ്പെടുത്തുന്ന ജേണൽ |
| 3201001 | J-M100400-25000255 | Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres | 10399770 | 0 | OB Correction |
| 3201002 | J-M100400-25000258 | Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | 3731012 | 0 | OB Correction - HG - Towards Support For Diagnostic InfraStructure To The PHCs Credited To PNB PHC 4356000100137439 |
| 3201005 | J-M100400-25000368 | Central Finance Commission Grant - Untied | 85602 | 0 | CFC TIED PFMS IDBI എന്ന ബാങ്കിൽ ക്രെഡിറ്റ് ചെയ്ത CFC Untied ഫണ്ടിൻറെ പ്രാരംഭ ബാക്കി ക്രമപ്പെടുത്തുന്ന ജേണൽ |
| 3201011 | J-M100400-25000351 | Prime Minister S Awas Yojana (PMAY) - General | 161056 | 0 | Axis Bank-AXIS PMAY എന്ന ബാങ്കിൽ ക്രെഡിറ്റ് ചെയ്ത PMAY General ഫണ്ടിൻറെ |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രാരംഭ ബാക്കി ക്രമപ്പെടുത്തുന്ന ജേണൽ |
| 3201012 | J-M100400-25000356 | Prime MinisterS Awas Yojana (PMAY) - Minorities | 325 | 0 | AXIS HOUSING SC 918010103031917 എന്ന ബാങ്കിൽ ക്രെഡിറ്റ് ചെയ്ത PMAY SC ഫണ്ടിൻറെ പ്രാരംഭ ബാക്കി ക്രമപ്പെടുത്തുന്ന ജേണൽ |
| 3201017 | J-M100400-25000359 | Integrated Housing And Slum Development Programme | 5116741 | 0 | Canara IHSDP എന്ന ബാങ്കിൽ ക്രെഡിറ്റ് ചെയ്ത ഫണ്ടിൻറെ പ്രാരംഭ ബാക്കി ക്രമപ്പെടുത്തുന്ന ജേണൽ |
| 3201020 | J-M100400-25000296 | Intergrated Child Development Service | 9846543 | 0 | SBI Nutrition എന്ന ബാങ്കിൽ ക്രെഡിറ്റ് ചെയ്ത Intergrated Child Development Service ഫണ്ടിൻറെ പ്രാരംഭ ബാക്കി ക്രമപ്പെടുത്തുന്ന ജേണൽ |
| 3201023 | J-M100400-25000267 | Member Of Parliament Local And Development Scheme | 0 | 297153 | SBI MP LADS 37720706999 എന്ന ബാങ്കിൽ ക്രെഡിറ്റ് ചെയ്ത Member Of Parliament Local And Development Scheme ഫണ്ടിൻറെ പ്രാരംഭ ബാക്കി ക്രമപ്പെടുത്തുന്ന ജേണൽ |
| 3201026 | J-M100400-25000256 | Sarva Siksha Abhiyan | 1492652 | 0 | OB Correction - Sarva Siksha Abhiyan Fund In SBI SSA 67135175696 |
| 3201031 | J-M100400-25000280 | Swaccha Bharat Mission - Capacity Building | 51800 | 0 | OB Correction - Fund Credited To ICICI SBM 021905001257 |
| 3201032 | J-M100400-25000279 | Swaccha Bharat Mission - City Sanitation Action Plan | 653250 | 0 | Opening Balance Amount Correction - Swaccha Bharat Mission - City Sanitation Action Plan Credited To IDBI SWM 2 0749104000048930 |
| 3201050 | J-M100400-25000394 | Grants Contributions For Specific Purposes - Central Government | 0 | 11585081 | 3201050 എന്ന ഹെഡിലെ തെറ്റായ പ്രാരംഭ ബാക്കി ക്രമപ്പെടുത്തുന്നതിനായുള്ള ജേണൽ |
| | J-M100400-25000395 | Grants Contributions For Specific Purposes - Central Government | 132612 | 0 | Fund In HDFC SAYAMPRABHA 50100235345544 Opening Balance |
| 3202006 | J-M100400-25000399 | Development Fund-Special Grant | 0 | 7500 | 3202006 എന്ന ഹെഡിലെ തെറ്റായ പ്രാരംഭ ബാക്കി |

| | | | | | |
|---|---|---|---|---|---|
| | | | | | ക്രമപ്പെടുത്തുന്നതിനായുള്ള ജേണൽ |
| 3202013 | J-M100400-25000381 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds- Slaughter Houses | 0 | 22250 | 3202013 എന്ന ഹെഡിലെ തെറ്റായ പ്രാരംഭ ബാക്കി ക്രമപ്പെടുത്തുന്നതിനായുള്ള ജേണൽ |
| 3202017 | J-M100400-25000382 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Local Area Development Fund For Members Of Legislative Assembly | 20000 | 0 | 3202017 എന്ന ഹെഡിലെ തെറ്റായ പ്രാരംഭ ബാക്കി ക്രമപ്പെടുത്തുന്നതിനായുള്ള ജേണൽ |
| 3202037 | J-M100400-25000325 | Other Revenue Grants | 105232 | 0 | UNION BANK OF INDIA BIO DIVERSITY എന്ന ബാങ്കിൽ ക്രെഡിറ്റ് ചെയ്ത ഫണ്ടിൻറെ പ്രാരംഭ ബാക്കി ക്രമപ്പെടുത്തുന്ന ജേണൽ |
| 3208099 | J-M100400-25000386 | Other Grants & Contributions For Specific Purpose | 0 | 82485488 | 3208099 എന്ന ഹെഡിലെ തെറ്റായ പ്രാരംഭ ബാക്കി ക്രമപ്പെടുത്തുന്നതിനായുള്ള ജേണൽ |
| | J-M100400-25000383 | Other Grants & Contributions For Specific Purpose | 41242744 | 0 | 3208099 എന്ന ഹെഡിലെ തെറ്റായ പ്രാരംഭ ബാക്കി ക്രമപ്പെടുത്തുന്നതിനായുള്ള ജേണൽ |

2. ലെഡ്ജർ (3503011)പരിശോധിച്ചതിൽ നിന്നും വിവിധ ഹെഡുകളിൽ തുകകൾ ജേർണൽ എൻട്രി മുഖേന ഡെബിറ്റ്/ ക്രെഡിറ്റ് ചെയ്ത് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്.

| Head Code | Voucher No | Credit | Remarks |
|---|---|---|---|
| 2530201-Govt. And Other Dues TCS- Income Tax | J-M100400-25000403 | 426485 | JE For Correcting Government And Other Dues Payable - TCS - Income Tax |

മേൽ പരാമർശിച്ചിട്ടുള്ള ജേണൽ എൻട്രികൾ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 നിക്ഷേപങ്ങൾ - ഭൗതിക പരിശോധന - അപാകതകൾ

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 47 (2) പ്രകാരം നഗരസഭ സെക്രട്ടറി ഓരോ പാദ വർഷത്തിലും നിക്ഷേപങ്ങൾ പരിശോധന നടത്തി ഉറപ്പുവരുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. നഗരസഭയുടെ നിക്ഷേപങ്ങൾ സെക്രട്ടറി ഭൗതിക പരിശോധന നടത്തി നിജസ്ഥിതി ഉറപ്പു വരുത്തുന്നില്ല എന്ന് വ്യക്തമായി.

വാർഷിക ധനകാര്യ പത്രിക പ്രകാരം 6184406 രൂപയുടെ നിക്ഷേപമുണ്ട് (Investments- 4055600, Fixed Deposits – 2128806). എന്നാൽ, ഭൗതിക പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | വാർഷിക കണക്ക് പ്രകാരം | ഭൗതിക പരിശോധനയിൽ കണ്ടെത്തിയത് | റിമാർക്ക്സ് |
|---|---|---|---|
| കേരള മർമ്മ ആയുർവേദിക് കോ-ഓപ്പറേറ്റീവ് ഫാർമസി | 100 | 100 | - |
| കെ.യു.ആർ.ഡി.എഫ്.സി | 35000 | 27000 | ഭൗതിക പരിശോധനയിൽ 27000 രൂപയുടെ സർട്ടിഫിക്കറ്റ് മാത്രമാണ് കണ്ടെത്താൻ സാധിച്ചത്. |
| എം.ഡി.സി. സ്പിന്നിംഗ് മിൽ | 5000 | 5000 | - |
| ഗവ. പ്രസ്സ്, തിരുവനന്തപുരം | 500 | - | ഭൗതിക പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല |
| ആർട്ടിസാൻ കോർപ്പറേഷൻ | 10000 | - | ഭൗതിക പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല |
| എം.ഡി.സി. ഹോസ്പിറ്റൽ | 5000 | - | ഭൗതിക പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല |
| ഫിക്സഡ് ഡെപ്പോസിറ്റ് | 2128806 | 2421809 | സ്ഥിര നിക്ഷേപത്തിന്റെ മൂല്യം പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല |
| ഇക്വിറ്റി ഷെയർ | 4000000 | - | ഭൗതിക പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല |
| ആകെ | 6184406 | 2453909 | |

വാർഷിക കണക്ക് പ്രകാരം 6184406 രൂപയുടെ നിക്ഷേപം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഭൗതിക പരിശോധനയിൽ 2453909 രൂപയുടെ നിക്ഷേപം മാത്രമാണ് കണ്ടെത്താനായത്. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശം പാലിച്ച് നിക്ഷേപങ്ങൾ പരിശോധന നടത്തി നിജസ്ഥിതി ഉറപ്പുവരുത്തേണ്ടതാണ്. നിക്ഷേപങ്ങളിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 1.68 കോടിയിലധികം രൂപ മുൻകൂർ- ക്രമീകരിച്ചിട്ടില്ല.

നഗരസഭയുടെ 31.03.2025 ലെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ നഗരസഭയിൽ നിന്ന് വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും മുൻകൂറായി നൽകിയ 1.68 കോടിയിലധികം രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട് എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

( B18 Schedule Of AFS )

| ഇനം | 31.03.2024 ന് ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 31.03.2025 ന് ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| Festival Advance To Employees | 7190 | 336190 |
| Marriage Loan | 310151 | 180151 |
| Other Loans And Advances | 1718664 | 2119570 |
| Advance To Contractors - Advance Paid - Special Funds | 3,841,473 | 3841473 |
| Advance To Beneficiary Committee Conveners – Scheme Expenditure | 720,000 | 720000 |
| Advance To Implementing Agencies | 3797283 | 3797283 |
| Electricity Deposits | 158660 | 158660 |
| Water Deposits | 5701878 | 5701878 |
| ആകെ | | 16855205 |

നഗരസഭയുടെ മുൻവർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ നഗരസഭ നൽകിയ മുൻകൂറുകളിൽ **15202459** രൂപ കഴിഞ്ഞ 5 വർഷത്തിലധികമായി ക്രമീകരിക്കാൻ അവശേഷിക്കുന്നതാണ് എന്ന് വ്യക്തമായി.

ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ വിശദ വിവരം ലഭ്യമാക്കുന്നതിനും , തുകകൾ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കാൻ 2023-24 ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നു എങ്കിലും നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

മുൻകൂർ നൽകിയ തുകകളുടെ വിവരം രേഖപ്പെടുത്തിയ മുൻകൂർ രജിസ്റ്റർ , മുൻകൂറുകളുടെ വിശദ വിവരങ്ങൾ , അവയുടെ നിലവിലെ സ്ഥിതി , മുൻകൂർ ക്രമീകരിക്കുന്നതിന് നഗരസഭ സ്വീകരിച്ച് വരുന്ന നടപടികളുടെ രേഖകൾ എന്നിവ ഹാജരാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (134/19.01.2026) ക്ക് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

മുൻകൂർ നൽകിയ തുകകളുടെ വിവരം രേഖപ്പെടുത്തിയ മുൻകൂർ രജിസ്റ്റർ , മുൻകൂറുകളുടെ വിശദ വിവരങ്ങൾ , അവയുടെ നിലവിലെ സ്ഥിതി , മുൻകൂർ ക്രമീകരിക്കുന്നതിന് നഗരസഭ സ്വീകരിച്ച് വരുന്ന നടപടികളുടെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 നഗരസഭയുടെ മുഴുവൻ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

2023-24 വാർഷിക ധനകാര്യ പത്രികയിലെ RP40(b) ഷെഡ്യൂൾ പ്രകാരം നഗരസഭക്ക് 55 അക്കൗണ്ടുകളുണ്ട്. എന്നാൽ 2024- 25 വാർഷിക കണക്കിലെ OB-Bank Schedule പ്രകാരം 31 അക്കൗണ്ടുകൾ മാത്രമാണ് കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻ വർഷ കണക്കിൽ ഉൾപ്പെടുത്തിയ 24 എണ്ണം അക്കൗണ്ടുകൾ 2024-25 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| Panjab National Bank | 0.00 |
| Canara Bank | 0.00 |
| Treasury MF Own Fund A/C 2040/1 | 0.00 |
| TSB(OWN FUND) A/C | 0.00 |
| Treasury PD A/C | 0.00 |
| Treasury -Pension Regular A/C TPA-321 | 0.00 |
| SDSTSB Account - COVID | 0.00 |
| Treasury -Pension Contigent A/C TPA-265 | 0.00 |
| STSB Account Contingent Pension 7352 | 0.00 |
| SBT (VAMBAY)-57003535656 | 0.00 |
| Canara Literacy Program | 0.00 |
| ICICI BANK (PMAY-PFMS) 021901002995 | 0.00 |
| ICICI BANK (SBM-PFMS) 021901003009 | 0.00 |
| Indian Bank (Padna Likhina Abhiyan Pad) | 0.00 |
| ICICI(SBM-IEC)021901003543 | 0.00 |
| ICICI(SBM-IHHL)021901003539 | 0.00 |
| STSB Account PF 7351 | 0.00 |
| Canara Bank (NULM PFMS) 0800101105708 | 0.00 |
| IDBI ( SWM-1) A/C 104000048921 | 0.00 |
| MF/MCF II (A) Development Fund (GENERAL) | 0.00 |
| MF/MCF II (B) Development Fund (SCP) | 0.00 |
| Treasury MF A/C III Maintenance Fund | 0.00 |
| MFA IV | 0.00 |
| Treasury-MFA V | 0.00 |

മേൽ അക്കൗണ്ടുകൾ ഉൾപ്പെടുത്താത്തതിന് കാരണം / അക്കൗണ്ടുകൾ ക്ലോസ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 115/09.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. അക്കൗണ്ടുകൾ ക്ലോസ് ചെയ്യാതെ വാർഷിക കണക്കിൽ നിന്ന് ഒഴിവാക്കുന്നത് സാമ്പത്തിക ക്രമക്കേടുകൾക്ക് ഇടയാക്കാൻ സാധ്യതയുള്ളതിനാൽ മേൽ പരാമർശിക്കപ്പെട്ട അക്കൗണ്ടുകൾ ക്ലോസ് ചെയ്ത രേഖകൾ ഹാജരാക്കുകയോ അല്ലാത്ത പക്ഷം വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

**1-20 ചെലവുകൾ തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്തു.**

നഗരസഭയുടെ 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ;ചെലവുകൾ തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്തതായി വ്യക്തമായി.

ഏതാനും അപാകതകൾ താഴെ നൽകുന്നു.

| വൗച്ചർ നം / തുക | ചെലവ് ഇനം | Note |
|---|---|---|
| ₹ 80000<br>PM100400-24000161/11.06.2024 | മരം മുറിച്ച് മാറ്റുന്നതിന് നൽകിയ മുൻകൂർ | 4605004 Temporary Advance For Official Purpose എന്ന ഹെഡിന് പകരം 2208099 Miscellanious Administrative Expences എന്ന ഹെഡിൽ അക്കൗണ്ട് |
| ₹ 150000<br>PM100400-24000826/17.12.2024 | കേരളോത്സവം അഡ്വാൻസ് | |

| | | |
|---|---|---|
| | | ചെയ്തു. |
| ₹ 174842 PM100400-24001069/15.02.2025 | സ്ട്രീറ്റ്മെയിൻ സ്ഥാപിക്കുന്നതിന് KSEB ക്ക് മുൻകൂർ നൽകിയത് | 4605004 Advance To Implementing Agencies എന്ന ഹെഡിന് പകരം 2208099 Miscellanious Administrative Expences എന്ന ഹെഡിൽ അക്കൗണ്ട് ചെയ്തു. |
| ₹ 92877 PM100400-24001059/15.02.2025 | സ്ട്രീറ്റ്മെയിൻ സ്ഥാപിക്കുന്നതിന് KSEB ക്ക് മുൻകൂർ നൽകിയത് | |
| ₹ 142931 PM100400-24001082/21.02.2025 | സ്ട്രീറ്റ്മെയിൻ സ്ഥാപിക്കുന്നതിന് KSEB ക്ക് മുൻകൂർ നൽകിയത് | |
| ₹ 74200 PM100400-24000979/21.01.2025 | കാലിത്തീറ്റ വിതരണം - ഗുണഭോക്തൃ വിഹിതം ചെലവഴിച്ചത് | 2510201 Animal Husbendary (Cow) എന്ന ഹെഡിന് പകരം 2208099 Miscellanious Administrative Expences എന്ന ഹെഡിൽ അക്കൗണ്ട് ചെയ്തു. |
| ₹ 72800 PM100400-24001213/21.03.2025 | കാലിത്തീറ്റ വിതരണം - ഗുണഭോക്തൃ വിഹിതം ചെലവഴിച്ചത് | |
| ₹ 75000 PM100400-24000075/07.05.2024 | 1301002 Rent From Stadium എന്ന ഹെഡിൽ വരവ് വച്ച തുക തിരികെ നൽകുന്നത് | Remission & Refund എന്ന ഹെഡിന് പകരം 3408001 Deposit From Halls &Stadium എന്ന ഹെഡിൽ ചെലവ് അക്കൗണ്ട് ചെയ്തു. |
| ₹ 36450 PM100400-24000266/12.07.2024 | ദിവസ വേതന വാച്ച്മാന്റെ ദിവസക്കൂലി നൽകിയത്. | Wages ഹെഡിന് പകരം 2101003 Salaries Permenant Staff എന്ന ഹെഡിൽ ചെലവ് അക്കൗണ്ട് ചെയ്തു. |

ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ ഏതാനും അപാകതകൾ മാത്രമാണ് മുകളിൽ നൽകിയിട്ടുള്ളത്.

മുൻകൂർ നൽകുന്നത് ചെലവ് ഹെഡിൽ അക്കൗണ്ട് ചെയ്യുന്നത് മുൻകൂർ തുകയുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് സാധിക്കാത്ത അവസ്ഥ സൃഷ്ടിക്കുകയും ഇത് നഗരസഭക്ക് സാമ്പത്തിക നഷ്ടത്തിന് ഇടയാക്കാനും സാധ്യത ഉണ്ടാക്കുന്നുണ്ട്. കൂടാതെ ചെലവുകൾ തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്യുന്നത് നഗരസഭയുടെ ചെലവുകൾ സംബന്ധിച്ച് അവ്യക്തത ഉണ്ടാക്കുന്നതിനും ഇടയാക്കുന്നു.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 152/29.01.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-21 വരവ് തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്തു.

നഗരസഭയുടെ 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ വരവുകൾ അക്കൗണ്ട് ചെയ്തതിൽ താഴെ പരാമർശിക്കുന്ന വിവിധ അപാകതകൾ കണ്ടെത്തി.

വിശദ വിവരം താഴെ നൽകുന്നു.

**1) ഗുണഭോക്തൃ വിഹിതം തനത് വരവ് ആയി അക്കൗണ്ട് ചെയ്തു.**

വിവിധ പദ്ധതികൾക്ക് ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഈടാക്കിയ നഗരസഭയിൽ ഒടുക്ക് വരുത്തുന്ന തുകകൾ 3208010 – Benefiary Contribution എന്ന ബാധ്യതാ ഹെഡിലായിരുന്നു അക്കൗണ്ട് ചെയ്യേണ്ടത്.

എന്നാൽ 2024-25 ൽ ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയ 546935 രൂപ 1603002- Beneficiary Contribution എന്ന തനത് വരവ് ഹെഡിൽ ആണ് വരവ് വച്ചിട്ടുള്ളത്.

ബാധ്യതയായി അക്കൗണ്ട് ചെയ്യേണ്ട തുക തനത് വരവായി അക്കൗണ്ട് ചെയ്തതിനാൽ ഗുണഭോക്തൃ വിഹിതം വിനിയോഗം നിരീക്ഷിക്കാൻ സാധിക്കുന്നില്ല.

**2) തനത് വരവ് തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്തു.**

നഗരസഭയുടെ തനത് വരവുകളായ വാടക , ലേലം തുടങ്ങിയ വിവിധ ഇനങ്ങളിലെ വരവുകൾ തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്തതായി പരിശോധനയിൽ വ്യക്തമായി.

ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു

| വരവിനം | തുക | രസീത് നം | കുറിപ്പ് |
|---|---|---|---|
| സ്റ്റേഡിയം വാടക | 7800 | 24002758/9.5.24 | 3408001 – Deposit From Townhall, Satdium And Auditorium എന്ന ഹെഡിൽ അക്കൗണ്ട് ചെയ്തു. |
| ടൗൺ ഹാൾ വാടക | 28350 | 240021077/10.1.25 | |
| ടൗൺ ഹാൾ വാടക | 14175 | 240021459/17.1.25 | |
| സ്റ്റേഡിയം മുൻവശം വാടക | 12000 | 240023363/6.2.25 | |
| Ems പാർക്ക് വാടക | 91150 | 24017989/ 7.11.24 | 3402001 – Rent Deposit എന്ന ഹെഡിൽ അക്കൗണ്ട് ചെയ്തു. |
| വാർഡ് വിഭജനം കരട് റിപ്പോർട്ട് കോപ്പി നൽകുന്നതിനുള്ള ചാർജ്ജ് | 1050 | 24018686/23.11.2024 | 3402006 – Election Deposits ( Candidates) എന്ന ഹെഡിൽ അക്കൗണ്ട് ചെയ്തു. |
| ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് | 170000 | 24011407/03.09.2024 | 3402002– Auction Deposit എന്ന ഹെഡിൽ അക്കൗണ്ട് ചെയ്തു. |
| മാർക്കറ്റ് യാർഡ് ലേലം ഫീ | 84400 | 24013969/25.09.2024 | |

തനത് വരവുകൾ ഡെപ്പോസിറ്റ് ഹെഡുകളിൽ അക്കൗണ്ട് ചെയ്യുന്നത് ഭാവിയിൽ ഡെപ്പോസിറ്റ് റിഫണ്ട് ക്ലെയിം ചെയ്യുന്നതിനും അതുവഴി നഗരസഭക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതിനും ഇടയാക്കാൻ സാധ്യതയുണ്ട്. കൂടാതെ തെറ്റായ ഹെഡിൽ വരവ് അക്കൗണ്ട് ചെയ്യുന്നത് വരുമാനത്തെക്കുറിച്ചും നഗരസഭയുടെ ബാധ്യതകളെക്കുറിച്ചും തെറ്റായ കണക്കുകൾ നൽകുന്നതിനും ഇടയാക്കുന്നുണ്ട്.

വരവുകൾ തെറ്റായി അക്കൗണ്ട് ചെയ്യുന്നത് മുൻവർഷ ഓഡിറ്റിൽ നഗരസഭയുടെ ശ്രദ്ധയിപ്പെടുത്തിയതാണെങ്കിലും അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല എന്നാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 145/27.01.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-22 ഇടപാടുകൾ നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ -തുടർ നടപടി സ്വീകരിക്കണം

**1) 2024-25 വാർഷിക ധനകാര്യ പത്രിക പരിശോധനാ വേളയിൽ സ്ഥാപനത്തിലെ ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അക്കൗണ്ടുകളിൽ ഇടപാടുകൾ നടക്കുന്നില്ല എന്ന് വ്യക്തമായി.**

| ക്ര.നം | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | അക്കൗണ്ട് ടൈപ്പ് | നീക്കിയിരിപ്പ് (31.03.2025) | ആവശ്യം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് | 67177973005 | സേവിംഗ്സ് | 15207 | സെൻസസ് 2011 | |

| ക്ര.നം | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | അക്കൗണ്ട് ടൈപ്പ് | നീക്കിയിരിപ്പ് (31.03.2025) | ആവശ്യം | റിമാർക്സ് |
|---|---|---|---|---|---|---|
| | SECC | | | | | |
| 2 | സ്റ്റേറ്റ് ബാങ്ക് VAT | 67191437465 | കറന്റ് | 6329 | VAT | 2021 മുതൽ ഇടപാടുകൾ നടക്കുന്നില്ല |
| 3 | MDCB | 090031201000123 | സേവിംഗ്സ് | 205452 | വ്യകതമല്ല | ഉപയോഗ ത്തിലില്ല |
| 4 | സ്റ്റേറ്റ് ബാങ്ക് SSA | 67135175696 | സേവിംഗ്സ് | 1533550 | SSA | |

ഉപയോഗിക്കാത്ത അക്കൗണ്ടുകൾ നിലനിർത്തുന്നത് ഭാവിയിൽ സാമ്പത്തിക ക്രമക്കേടുകൾക്ക് ഇടയാക്കാൻ സാധ്യതയുള്ളതിനാൽ ആവശ്യമില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**2) ഇടപാടുകൾ നടക്കുന്നില്ല- അക്കൗണ്ട് ബ്ലോക്ക് ചെയ്യപ്പെട്ടു.**

വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ആവശ്യത്തിലേക്ക് എച്ച്.ഡി.എഫ്.സി ബാങ്കിൽ ആരംഭിച്ച 50200024199452 നമ്പർ കറണ്ട് അക്കൗണ്ടിലെ 31.03.2025 ലെ നീക്കിയിരിപ്പ് 1899885 രൂപയാണ്. അതേ തുക തന്നെയാണ് 31.03.2024 ലുമുള്ളത്. അക്കൗണ്ട് സ്റ്റാറ്റസ് പരിശോധിച്ചതിൽ ഇടപാടുകൾ നടക്കാത്തതിനാൽ Dr Blocked Dormant എന്നാണുള്ളത്.

അടിയന്തിരമായി അക്കൗണ്ട് പുനരുജ്ജീവിപ്പിക്കേണ്ടതും പലിശ വരവ് ഉറപ്പുവരുത്തുന്നതിന് കറണ്ട് അക്കൗണ്ട് മാറ്റി സേവിങ്സ് അക്കൗണ്ട് ആക്കുന്നത് പരിഗണിക്കേണ്ടതുമാണ്. അക്കൗണ്ട് നിലനിർത്തേണ്ടത് അനിവാര്യമല്ല എങ്കിൽ ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
മേൽ പരാമർശിക്കപ്പെട്ട അപാകതകൾ 2023-24 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതായിരുന്നെങ്കിലും നഗരസഭ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-23 ഗ്രാന്റ് വരവ് - അപാകതകൾ

2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ഗ്രാന്റ് വരവുകളിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) അനുവദിച്ച ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.**

GO(RT) 2075/2025/Fin Dt 04.03.2025 പ്രകാരം 2020-21 വർഷത്തെ ഫിനാൻസ് കമ്മിഷൻ ഗ്രാന്റ് ചെലവഴിക്കാത്തത് താഴെ നൽകും പ്രകാരം തിരൂർ നഗരസഭക്ക് പുനർ അനുവദിച്ചിട്ടുണ്ട്.

Basic Grant - ₹ 211243

Tied Grant - ₹ 2202670

എന്നാൽ മേൽ ഉത്തരവ് പ്രകാരമുള്ള തുക നഗരസഭയുടെ 2024- 25 വാർഷിക കണക്കിൽ ഗ്രാന്റ് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**2) ഗ്രാന്റ് അനുമതി ഉത്തരവുകൾ പരിശോധനക്ക് ഹാജരാക്കിയില്ല.**

നഗരസഭയുടെ 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ( R-11 ) ഗ്രാന്റ് ഇനത്തിലെ വരവുകളുടെ അനുമതി ഉത്തരവ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

| ഇനം | വരവ് |
|---|---|
| 3201001-Grants For Specific Purposes -Health Grant -Towards Conversion Of PHCs And Subcentres Into Health And Wellness Centres | 3696000 |

| | |
|---|---|
| 3201020-Intergrated Child Development Service | 6064027 |
| 3201026- Sarva Siksha Abhiyan | 40898 |
| 3201029- Swaccha Bharat Mission - Solid Waste Management | 203720 |
| 3201040- NULM | 357050 |
| 3202013 - Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds- Slaughter Houses | 22250 |
| 3202026- Library Grant | 21820 |
| 3208099- Other Grants & Contributions For Specific Purpose | 26250 |
| 3201050 -Grants Contributions For Specific Purposes – Central Government | 7120000 |
| 3201056 – Special Grants | 1117750 |

അനുമതി ഉത്തരവുകൾ ലഭ്യമാക്കാത്തതിനാൽ ഗ്രാന്റുകൾ അനുവദിക്കപ്പെട്ടത് ഏത് ഉദ്ദേശ്യത്തിനാണ് എന്നതും ഫണ്ടിൽ നിന്നുള്ള ചെലവുകൾ അനുവദിക്കപ്പെട്ട ലക്ഷ്യത്തിന് വേണ്ടിയാണോ എന്നതും പരിശോധിക്കാൻ സാധിച്ചിട്ടില്ല. അനുമതി ഉത്തരവുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 144/27.01.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം/ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

**1-24 തനത് ഫണ്ട് -വരവിനങ്ങളിൽ 5.70 കോടി കുടിശ്ശിക.**

**2024-25** ലെ വാർഷിക കണക്ക് ഷെഡ്യൂൾ **B-14** പ്രകാരം ചുവടെ ചേർത്ത ഇനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

| | |
|---|---|
| Receivables For Property Taxes (Current) | 23299159 |
| Receivables For Property Taxes (Arrears) | 5581683 |
| Receivables For Profession Tax - Institutions/ Traders (Arrears) | 3275084 |
| Receivables For Profession Tax - Institutions/Traders (Current) | 2123540 |
| Receivables For Service Cess (Current) | 2205160 |
| Receivables For Service Cess (Arrears) | 743234 |
| Receivable For License Fees (Current) | 205740 |
| Receivable For License Fees (Arrears) | 673794 |
| Receivables For Private Hospital & Paramedical Institutions Registration Fee (Current) | 3500 |
| Rent Receivable From Buildings (Current) | 3882628 |
| Rent Receivable From Buildings (Arrears) | 10714838 |
| Receivables From Markets (Current) | 2829933 |
| Receivables From Comfort Station (Current) | 727300 |
| Receivables From Bus Stand (Current) | 500065 |
| Receivables From Slaughter House (Current) | 28000 |
| Rent Receivables From Local Body Properties (Current) | 163101 |
| Receivable For Tutorial College Registration Fee (Current) | 1500 |
| TOTAL | 56958259 |

കുടിശ്ശിക പിരിച്ചെടുക്കാൻ നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (105/03.01.2026) ക്ക് വസ്തു നികുതി പിരിച്ചെടുക്കുന്നതിനായി മുഴുവൻ വാർഡുകളിലും ഡിമാന്റ്

നോട്ടീസ് നൽകുകയും, ക്യാമ്പ് കളക്ഷൻ നടത്തി വരുന്നുവെന്നും മറുപടി നൽകി. കുടിശ്ശിക പിരിച്ചെടുക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-25 GST കളക്ഷൻ , ഒടുക്ക് അപാകതകൾ.

നഗരസഭയുടെ 2024-25 വർഷത്തെ CGST, SGST ഇനങ്ങളിലെ ലെഡ്ജർ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) CGST, SGST - ഒടുക്ക് വരുത്താതെ വൻ തുക അവശേഷിക്കുന്നു.**

നഗരസഭയുടെ 31.03.2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം ( B8 Schedule Of AFS ) CGST, SGST ഇനത്തിൽ പിരിച്ചെടുത്തതിൽ വൻ തുക ഒടുക്ക് വരുത്താതെ അവശേഷിക്കുന്നതായി കാണുന്നു. വിശദ വിവരം താഴെ നൽകുന്നു.

| ഇനം | 31.03.2024 ന് ഒടുക്കാൻ അവശേഷിക്കുന്ന തുക | 31.03.2025 ന് ഒടുക്കാൻ അവശേഷിക്കുന്ന തുക | കുറിപ്പ് |
|---|---|---|---|
| 3503008-Government And Other Dues Payable - CGST | 656202 | 3130683 | ആകെ 34974 രൂപ മാത്രമാണ് Payment നടത്തിയിട്ടുള്ളത്. |
| Government And Other Dues Payable - SGST | 443889 | 2779870 | ആകെ 34974 രൂപ മാത്രമാണ് Payment നടത്തിയിട്ടുള്ളത്. |

**2) GST കളക്ഷൻ തുകകൾ GST TDS എന്ന ഹെഡിൽ ചെലവ് ചെയ്തു.**

3503005-Government And Other Dues Payable TDS – CGST, 3503006-Government And Other Dues Payable TDS – SGST എന്നീ ലെഡ്ജറുകളിലെ ട്രാൻസാക്ഷൻ പരിശോധിച്ചതിൽ നഗരസഭയിൽ GST ഇനത്തിൽ 3503008 , 3503009 എന്നീ ഹെഡുകളിൽ വരവ് വന്നതുകകൾ Journal Entry നൽകി ഹെഡ് മാറ്റാതെ GST TDS എന്ന ഹെഡിൽ Payment അക്കൗണ്ട് ചെയ്തതായി വ്യക്തമായി.
ഈ അപാകത കാരണമാണ് മേൽ പരാമർശിക്കപ്പെട്ട നീക്കിയിരുപ്പ് ബാലൻസ് ഷീറ്റിൽ കാണിക്കുന്നത് എന്നാണ് ഓഡിറ്റ് പരിശോധനയിൽ വ്യക്തമായത്.

**3) Contra Entry ക്ക് പകരമായി Payment Entry ചെയ്തു.**

നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വന്ന CGST, SGST തുകകൾ നഗരസഭയുടെ തന്നെ GST ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് Contra Entry ചെയ്യുന്നതിന് പകരം Payment ആയി അക്കൗണ്ട് ചെയ്തു ( Eg Vr No PM100400- 24000211, PM100400- 24000215, PM100400- 24000251, PM100400- 24000560, PM100400-24000705 ) . ഇത്തരത്തിലുള്ള Payment മുഖേന GST ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന തുകകൾ രസീത് നൽകി വരവ് എടുക്കുകയാണ് നഗരസഭ ചെയ്തിട്ടുള്ളത്.

ഇത് ഈ ഇനത്തിലെ വരവുകളുടെയും, ചെലവുകളുടെയും ഇരട്ടിപ്പിന് ഇടയാക്കിയിട്ടുണ്ട്.

**4) GST ഒടുക്കിയ രേഖകൾ KSMARTൽ കണ്ടെത്താനായില്ല.**

GST , GST TDS ഇനങ്ങളിൽ നഗരസഭ കളക്ട് ചെയ്ത തുകകൾ ഒടുക്ക് വരുത്തിയ രേഖകൾ കെ സ്മാർട്ടിൽ കണ്ടെത്താനായില്ല. സെക്രട്ടറിയും മറ്റ് നിർവഹണോദ്യോഗസ്ഥരും GST, GST TDS ഇനങ്ങളിൽ കളക്ട് ചെയ്ത തുകകൾ ഒടുക്ക് വരുത്തിയതിന്റെ യാതൊരു രേഖയും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 159/03.02.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

GST ഒടുക്ക് പരിശോധിക്കുന്നതിന് ഓരോ നിർവഹണോദ്യോഗസ്ഥരും 2024-25 വർഷത്തിൽ ഫയൽ ചെയ്ത GSTR1 , GSTR7 എന്നിവ പൂർണ്ണമായി പരിശോധനക്ക് ഹാജരാക്കേണ്ടതും, മറ്റ് അപാകതകൾ

പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 AUEGS- അക്കൗണ്ട് ചെയ്തതിലെ അപാകതകൾ

2024-25 വർഷത്തിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് രേഖകൾ പരിശോധിച്ചതിൽ കണക്കുകൾ അക്കൗണ്ട് ചെയ്തതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1. AUEGS വരവ്-ചെലവ് കണക്കുകൾ വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല.**

2024-25 വർഷത്തിൽ AUEGS ഫണ്ടിൽ നിന്ന് താഴെ നൽകും പ്രകാരം ₹ 10530952 ചെലവഴിച്ചിട്ടുണ്ട്.

| Payment | Amount |
|---|---|
| Salary To Overseer | 299684 |
| Salary To Accountant | 277204 |
| Onam Bonus | 5500 |
| Audit Charge | 5000 |
| Wages Paid To PMAY | 2685722 |
| Wages Paid To Ward | 3945474 |
| Wages Paid To Dairy Farmer | 1689642 |
| 100 Mandays Benefit | 85000 |
| Previous Year Advance Refund | 1537726 |

എന്നാൽ മേൽ പരാമർശിക്കപ്പെട്ട ചെലവ് നഗരസഭയുടെ വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

**2. മുൻകൂർ നൽകിയ തുക തെറ്റായി അക്കൗണ്ട് ചെയ്തു.**

2024-25 സാമ്പത്തിക വർഷത്തിൽ വിവിധ പേയ്മെന്റ് വൗച്ചറുകൾ പ്രകാരം 1901960/- രൂപ AUEGS ന് അഡ്വാൻസ് നൽകിയിട്ടുണ്ട്. കെ-സ്മാർട്ട് ഫയലുകൾ ( 885051-2024 , 1023630-2024, 2023418-2024 ) എന്നാൽ പേയ്മെന്റ് വൗച്ചറുകൾ പരിശോധിച്ചതിൽ തുകകൾ അഡ്വാൻസ് ഹെഡിൽ അക്കൗണ്ട് ചെയ്യുന്നതിന് പകരം 3501102 Net Slary Payable, 2101005- Salaries Temp Staff, 2101004- Salaries, 2101101- Wages തുടങ്ങിയ വിവിധ പേയ്മെന്റ് ഹെഡിലാണ് വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത്.
ഇക്കാരണത്താൽ 1901960/- രൂപ മുൻകൂർ നൽകിയ വിവരം വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്യപ്പെടാതെപോകുകയും മേൽ തുക നഗരസഭയുടെ ചെലവായി അക്കൗണ്ട് ചെയ്യപ്പെടുന്നതിനും ഇടയായി. നഗരസഭയുടെ ചെലവുകൾ പെരുപ്പിക്കപ്പെടുന്നതിന് ഇത് ഇടയാക്കുകയും ചെയ്തു.

**3. മുൻകൂർ തിരികെ ലഭിച്ചത് - വരവായി അക്കൗണ്ട് ചെയ്തു.**

2023-24, 2024-25 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുകകളിൽ റീഫണ്ട് ഇനത്തിൽ ആകെ 3439686 രൂപ AUEGS ഫണ്ടിൽ നിന്നും തിരികെ ലഭ്യമായിട്ടുണ്ട്. ഈ തുകകൾ മുൻകൂർ നൽകിയ ഹെഡിൽ രസീത് ചെയ്യുകയായിരുന്നു ചെയ്യേണ്ടിയിരുന്നത് എന്നാൽ അതിനു പകരമായി ഇത് നഗരസഭയുടെ വിവിധ തനത് വരവ് ഹെഡുകളിലാണ് അക്കൗണ്ട് ചെയ്തത്

**വിശദ വിവരം താഴെ ചേർക്കുന്നു.**

| തുക | Receipt No | Head Code |
|---|---|---|
| 498000 | R-M100400-25019565 /31.03.2025 | 1101001- Proffesional Tax ഹെഡിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത് |
| 3321 | R-M100400-25019568/31.03.2025 | 1808099- Miscellaneous Receipts ഹെഡിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത് |
| 499990 | R-M100400-25019568/31.03.2025 | 1808099- Miscellaneous Receipts ഹെഡി ലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത് |
| 366352 | R-M100400-25021284/31.03.2025 | 1808099- Miscellaneous Receipts ഹെഡി ലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത് |

| | | |
|---|---|---|
| 2072023 | R-M100400-25021283/31.03.2025 | 1808099- Miscellaneous Receipts ഹെഡിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത് |

ഇത്തരത്തിൽ അക്കൗണ്ട് ചെയ്തതുമൂലം നഗരസഭ കടമായി നൽകിയ തുക തിരികെ ലഭിച്ചത് വീണ്ടും നഗരസഭയുടെ തനത് വരവായി അക്കൗണ്ട് ചെയ്യപ്പെടുന്നതിനും വാർഷിക കണക്കിൽ തനത് വരവ് ഇരട്ടിപ്പിനും ഇടയാക്കിയിട്ടുണ്ട്.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-27 വാർഡ് സഭ യോഗം- മുനിസിപ്പാലിറ്റി നിയമം, ചട്ടങ്ങൾ എന്നിവ പൂർണ്ണമായി പാലിക്കുന്നില്ല.

നഗരസഭയിലെ വാർഡുസഭാ യോഗ മിനുട്സ് പരിശോധിച്ചതിൽ കേരള മുനിസിപ്പാലിറ്റി നിയമം, ചട്ടങ്ങൾ എന്നിവ പൂർണ്ണമായി പാലിക്കാതെയാണ് വാർഡുസഭാ യോഗങ്ങൾ നടക്കുന്നത് എന്ന് വ്യക്തമായി.

വിശദ വിവരങ്ങൾ താഴെ നൽകുന്നു.

കേരള മുനിസിപ്പാലിറ്റി നിയമം 42 A, 46 വകുപ്പുകളിൽ വാർഡ് സഭകളുടെ രൂപീകരണം , അവകാശങ്ങൾ എന്നിവ വയെക്കുറിച്ച് താഴെ പരാമർശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

- ഒരു വാർഡിനെ പ്രതിനിധീകരിക്കുന്ന കൗൺസിലർ ആ വാർഡ് സഭയുടെ കൺവീനറായിരിക്കും.( Section 42 A (2) )
- വാർഡ് സഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണം. ഏതൊരു യോഗത്തിലും ചെയർപേഴ്സണോ അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ ഡെപ്യൂട്ടി ചെയർപേഴ്സണോ ചെയർപേഴ്സൻ നിർദ്ദേശിക്കുന്ന ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോ അവരുടെ അസാന്നിധ്യത്തിൽ കൺവീനറോ അദ്ധ്യക്ഷം വഹിക്കേണ്ടതാണ്. ( Section 42 A (3) )
- ഒരു വാർഡിനെ സംബന്ധിച്ച മുൻവർഷത്തെ വികസന പരിപാടികളും നടപ്പുവർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പരിപാടികളും അതിനു വേണ്ടിവരുന്ന ചെലവും സംബന്ധിച്ച ഒരു റിപ്പോർട്ടും മുൻവർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റും ഭരണ നിർവഹണത്തിന്റെ റിപ്പോർട്ടും വാർഡ് സഭ മുമ്പാകെ കൺവീനർ വയ്ക്കേണ്ടതാണ്. ( Section 42 A (6) )
- വാർഡ് സഭയുടെ അവകാശങ്ങൾ ( Section 46 (2) )

I) അടുത്ത മൂന്ന് മാസങ്ങളിൽ ലഭ്യമാക്കേണ്ട സേവനങ്ങൾ, ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുക.

Ii) ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദമായ കണക്കുകൾ സംബന്ധിച്ച വിവരം ലഭിക്കുക.

Iii) വാർഡ് പ്രദേശത്തെ സംബന്ധിച്ച കൗൺസിലിന്റെ ഓരോ തീരുമാനവും യുക്തിപൂർവ്വമാണോ എന്നറിയുക

Iv) വാർഡ് സഭയുടെ തീരുമാനത്തിൽ എടുത്ത തുടർ നടപടികളെപ്പറ്റിയും ഏതെങ്കിലും തീരുമാനം നടപ്പാക്കിയില്ല എങ്കിൽ അതിനുള്ള കാരണവും അറിയുക.

V) വാർഡിനെ സംബന്ധിച്ച വിശദമായ നഗരാസൂത്രണ പദ്ധതികൾ, കെട്ടിട നിർമ്മാണ പെർമിറ്റുകൾ മുതലായവ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുക.

നഗരസഭയിലെ 38 വാർഡുകളുടെയും വാർഡ് സഭ യോഗ മിനുട്സ് പരിശോധിച്ചതിൽ യോഗങ്ങൾ ചേരുന്നതിലും , യോഗ നടപടിക്രമങ്ങളിലും, അജണ്ടയിലും നിയമപ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല എന്ന് വ്യക്തമായി.

ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

**1) നിശ്ചിത ഇടവേളകളിൽ യോഗം ചേരുന്നില്ല.**

വാർഡ് സഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണം എന്ന് ചട്ടത്തിൽ വ്യക്തമായി നിർദ്ദേശിച്ചതാണ് . എന്നാൽ നഗരസഭയിലെ വാർഡ് സഭ മിനുട്സ് പരിശോധിച്ചതിൽ 2024, 2025 കലണ്ടർ വർഷങ്ങളിൽ ആകെ മൂന്ന് വാർഡ്സഭായോഗങ്ങൾ മാത്രമാണ് ചേർന്നത് എന്ന് വ്യക്തമായി.

( , 2024 ആഗസ്റ്റ് , 2025 ജനവരി, 2025 ആഗസ്റ്റ് ) .

2024- 25 സാമ്പത്തിക വർഷത്തിൽ ആകെ രണ്ട് യോഗങ്ങൾ മാത്രമേ ചേർന്നിട്ടുള്ളൂ.

**2) വികസന പ്രവർത്തനങ്ങളുടെ വിവരം, വാർഷിക കണക്ക് എന്നിവ വാർഡ് സഭയിൽ അവതരിപ്പിക്കുന്നില്ല.**

ഒരു വാർഡിനെ സംബന്ധിച്ച മുൻവർഷത്തെ വികസന പരിപാടികളും നടപ്പുവർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പരിപാടികളും അതിനു വേണ്ടിവരുന്ന ചെലവും സംബന്ധിച്ച ഒരു റിപ്പോർട്ടും മുൻവർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റും ഭരണ നിർവഹണത്തിന്റെ റിപ്പോർട്ടും വാർഡ് സഭ മുമ്പാകെ കൺവീനർ വെയ്ക്കേണ്ടതാണെങ്കിലും നഗരസഭയിലെ ഒരു വാർഡ് സഭയിലും ഇത്തരത്തിലുള്ള റിപ്പോർട്ട് അവതരിപ്പിച്ചിട്ടില്ല.

**3) വാർഡ് സഭയുടെ തീരുമാനങ്ങളിൽ എടുത്ത തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യുന്നില്ല.**

വാർഡ് സഭയുടെ തീരുമാനത്തിൽ എടുത്ത തുടർ നടപടികളെപ്പറ്റിയും ഏതെങ്കിലും തീരുമാനം നടപ്പാക്കിയില്ല എങ്കിൽ അതിനുള്ള കാരണവും വാർഡ് സഭകളിൽ റിപ്പോർട്ട് ചെയ്യുന്നില്ല.

**4) യോഗ നടപടിക്രമം- ചട്ടത്തിലെ നിർദ്ദേശം പൂർണ്ണമായി പാലിക്കുന്നില്ല.**

നിയമപ്രകാരം വാർഡ് സഭയുടെ ഏതൊരു യോഗത്തിലും ചെയർപേഴ്സണോ അദ്ദേഹത്തിന്റെ അസാനിദ്ധ്യത്തിൽ ഡെപ്യൂട്ടി ചെയർപേഴ്സണോ ചെയർപേഴ്സൻ നിർദ്ദേശിക്കുന്ന ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോ അവരുടെ അസാന്നിധ്യത്തിൽ കൺവീനറോ ആണ് അദ്ധ്യക്ഷം വഹിക്കേണ്ടത്. എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെ ഏതാനും വാർഡ് സഭകളിൽ യോഗം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക , വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളെ തെരഞ്ഞെടുക്കുക എന്നിവ മാത്രമാണ് മിക്ക വാർഡ് സഭകളിലും നടന്നിട്ടുള്ളത്, പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കാര്യമായ ചർച്ചകളും, നിർദ്ദേശങ്ങളും വാർഡ് സഭകളിൽ ഉണ്ടായിട്ടില്ല എന്നാണ് പരിശോധനയിൽ വ്യക്തമായത്.

ആസൂത്രിത വികസനത്തിലും തദ്ദേശ ഭരണ കാര്യങ്ങളിലും വർദ്ധിച്ച അളവിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ലക്ഷ്യം വച്ചുള്ള 1992 ലെ 74ാം ഭരണഘടനാഭേധഗതിയുടെ ലക്ഷ്യം നേടുന്നതിന് തദ്ദേശ ഭരണത്തിൽ വാർഡുസഭകൾ കാര്യക്ഷമമായി ഇടപെടൽ നടത്തേണ്ടതുണ്ട്. ആയതിനാൽ വാർഡുസഭകൾ നിയമപ്രകാരം യോഗം ചേർന്ന് ചുമതലകൾ നിറവേറ്റുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള തീരുമാനം നടപ്പാക്കിയില്ല- നഗരസഭക്ക് 71 ലക്ഷം രൂപയിൽ അധികം ബാധ്യത

നഗരസഭയിലെ സ്ട്രീറ്റ് വാട്ടർ ടാപ്പുകൾ പൂർണ്ണമായി നിർത്തലാക്കുന്നതിന് 24.02.2024 ലെ 24-ാം നമ്പർ തീരുമാനപ്രകാരം നഗരസഭാ കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്.

എന്നാൽ കൗൺസിൽ തീരുമാനം എടുത്ത് 22 മാസത്തിന് ശേഷവും തീരുമാനം നടപ്പാക്കിയിട്ടില്ല. 2026 ജനുവരി മാസം ഉൾപ്പെടെയുള്ള ചാർജ്ജ് ഒരു മാസം 323945 രൂപ നിരക്കിൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ 2026 ജനുവരി വരെ ഏറ്റവും കുറഞ്ഞത് 7126790 രൂപ ( 22x 323945 ) നഗരസഭക്ക് അധിക ബാധ്യത വന്നിട്ടുണ്ട്.

കൗൺസിൽ തീരുമാനം നടപ്പിലാക്കുന്നതിന് കാലതാമസം വരുത്തിയത് കാരണം 2024-25 സാമ്പത്തിക വർഷത്തിൽ മാത്രം വാട്ടർ ചാർജ്ജിനത്തിൽ ₹3887340 (323945x12) നഗരസഭക്ക് സാമ്പത്തിക ബാധ്യത വന്നിട്ടുണ്ട്. സമയബന്ധിതമായി വാട്ടർ ചാർജ്ജ് ഒടുക്ക് വരുത്താത്തതിനാൽ പിഴ ഇനത്തിലും വൻതുക നഗരസഭക്ക് സാമ്പത്തിക ബാധ്യത വരുന്നതായും രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി.

കൗൺസിൽ തീരുമാനം നടപ്പാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (124/ 14.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ട്രീറ്റ് വാട്ടർ ടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള നഗരസഭാ കൗൺസിൽ തീരുമാനം സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-29 ഓഡിറ്റ് റിപ്പോർട്ടിൽ തുടർ നടപടി സ്വീകരിക്കുന്നില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി അതിനുമേൽ കൗൺസിൽ തീരുമാനങ്ങളെടുത്തശേഷം രണ്ട് മാസത്തിനുള്ളിൽ അതിൽ പരാമർശിച്ചിട്ടുള്ള ക്രമക്കേടുകളും ന്യൂനതകളും

മുനിസിപ്പാലിറ്റി പരിഹരിക്കേണ്ടതും റിപ്പോർട്ടിൻമേൽ മുനിസിപ്പാലിറ്റി കൈക്കൊണ്ട നടപടികൾ സംബന്ധിച്ച് ഒരു റെക്റ്റിഫിക്കേഷൻ റിപ്പോർട്ട് ഓഡിറ്റർക്ക് അയച്ച് നൽകേണ്ടതാണെന്നും 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21 ൽ നിർദ്ദേശിച്ചിട്ടുണ്ട്.

നഗരസഭയുടെ മുൻവർഷങ്ങളിലെ 24 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.
1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും )ചട്ടങ്ങളലെ ചട്ടം 21 പ്രകാരം നടപടികൾ സ്വീകരിച്ച് ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

**1-30 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.**

നഗരസഭയിലെ 2024-25 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് രേഖകൾ പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖ 86/2022/ LSGD Dt. 19.04.2022 നം സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നഗരസഭയിൽ പൂർണ്ണമായി പാലിച്ചിട്ടില്ല എന്ന് വ്യക്തമായി.

പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

**1) ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്ന നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.**

- അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവരുടെ കരട് ലിസ്റ്റ് അതാത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തയ്യാറാക്കിയിട്ടില്ല.
- അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ പേരേയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
- അർഹരായ അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പ്രസിദ്ധീകരിച്ചിട്ടില്ല.
- വാർഡ് സഭകളിൽ കരട് മുൻഗണനാ ലിസ്റ്റ് ചർച്ച നടന്നതായിരേഖപ്പെടുത്തലുകൾ ഇല്ല. എന്നാൽ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട് - ഗുണഭോക്താക്കൾക്ക് ലഭിച്ച മാർക്ക് മിക്ക മിനുട്സുകളിലും രേഖപ്പെടുത്തിയിട്ടില്ല.

**2) നഗരസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ വിവരം മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.**

**ഫയൽ നമ്പർ :** A5-1495486-2024

നഗരസഭയുടെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വിവിധ പ്രൊജക്ടുകൾക്കുള്ള ഗുണഭോക്തൃ പട്ടിക 19/ 27.11.2024 നം കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊജക്ടുകളുടെ വിവരം, അംഗീകരിക്കപ്പെട്ട ഗുണഭോക്താക്കളുടെ പേര് വിവരം എന്നിവ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട കെ സ്മാർട്ട് ഫയൽ (1495486-2024 ) പരിശോധിച്ചതിൽ ഭരണസമിതി അംഗീകരിച്ച ഗുണഭോക്താക്കളുടെ പേര് വിവരം പ്രസ്തുത ഫയലിലും ഉൾപ്പെടുത്തിയിട്ടില്ല എന്ന് വ്യക്തമായി.

ഭരണസമിതി അംഗീകരിച്ച ഗുണഭോക്താക്കളുടെ പേര് വിവരം മിനുട്സിൽ രേഖപ്പെടുത്താത്തതിനാലും സർക്കാർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിക്കാത്തതിനാലും വിവിധ പ്രൊജക്ടുകൾ പ്രകാരം ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ ഭരണസമിതി അംഗീകരിച്ചവർതന്നെയാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്താനാവുന്നില്ല.

ഇക്കാരണത്താൽ ഭരണ സമിതി അംഗീകരിക്കാത്ത ഗുണഭോക്താക്കളെയും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി അനർഹർക്ക് ആനുകൂല്യം നൽകുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

**3) ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.**

പതിനാലാം പഞ്ചവത്സര പദ്ധതി പദ്ധതി മാർഗ്ഗരേഖ GO(MS) 86/2022/LSGD Dt 19.04.2022 പ്രകാരം അംഗീകരിക്കപ്പെട്ട മുൻഗണനാലിസ്റ്റ് തദ്ദേശ ഭരണസ്ഥാപനത്തിന്റെ നോട്ടീസ്ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട് [ Para 12.3 (8) ].

എന്നാൽ സർക്കാർ നിർദ്ദേശപ്രകാരം മുൻഗണനാലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 167/ 05.02.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

**ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാത്തതിനാൽ 2024-25 വർഷത്തെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ സുതാര്യത ഓഡിറ്റിന് പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.**

**മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം / രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.**

## 1-31 ആസ്തികളുടെ ഉടമസ്ഥതാരേഖ ലഭ്യമാക്കിയില്ല

നഗരസഭയുടെ ആസ്തി രജിസ്റ്റർ പ്രകാരം നഗരസഭയുടെ ആസ്തിയായി രേഖപ്പെടുത്തിയ ഭൂമികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച താഴെ പരാമർശിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1) ഭൂമിയുടെ ആധാരം / റവന്യൂ രേഖകൾ പ്രകാരം ഭൂമിയുടെ ഉടമസ്ഥാവകാശം നഗരസഭക്കാണ് എന്ന് തെളിയിക്കുന്ന മറ്റ് രേഖകൾ.

2) ഉടമസ്ഥതയിലുള്ള ഭൂമികളുടെ ഭൂനികുതി ഒടുക്ക് വരുത്തിയ രേഖകൾ.

2023-24 ഓഡിറ്റിന്റെ ഭാഗമായി ഇക്കാര്യം പരാമർശിച്ച് നഗരസഭക്ക് ഓഡിറ്റ് എൻക്വയറി നൽകുകയും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉൾപ്പെടുത്തുകയും ചെയ്തു എങ്കിലും ഇക്കാര്യത്തിൽ നഗരസഭ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 101/ 31.12.2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല.
2) കെ-സ്മാർട്ട് ഫയൽ നം.797873/24 – തിരൂർ നഗരസഭ വാർഡ് 7 ലെ കണ്ണംപാട് റോഡിൽ ഉൾപ്പെട്ട 4 അടി വഴി 12 അടി വീതിയാക്കി മാറ്റുന്നതിന് ടി വാർഡിലെ അംഗങ്ങൾ ഭൂമി സൗജന്യമായി വിട്ട് നൽകിയിരുന്നു. ഭൂവുടമകൾ സമർപ്പിച്ച സമ്മതപത്രത്തിന്റെയും, റിലിക്വിഷ്മെന്റ് ഫോറത്തിന്റെയും അടിസ്ഥാനത്തിൽ 05.02.2024 ലെ 17-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം നഗരസഭാ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുള്ളതാണ്. 13.02.2025 ലെ 19(1) നമ്പർ തീരുമാന പ്രകാരം സൗജന്യമായി വിട്ടു നൽകിയ തിരൂർ വില്ലേജിലെ 79/15-10, 79/15-8, 79/15-4, 79/15-2, 77/1-14, 79/14-4, 77-1-10, 77/1-9 എന്നീ സർവ്വേ നമ്പറിലുള്ള ഭൂമി നഗരസഭ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് തിരൂർ സബ് രജിസ്ട്രാർ ഓഫീസർക്ക് കത്ത് (PW1-797873/24 Dtd. 26.03.2025) നൽകിയിട്ടുണ്ട്.വിട്ടു കിട്ടിയ സ്ഥലം നഗരസഭ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെയും, ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ വിവരവും, രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (73/19.12.2025) മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

നഗരസഭാ ആസ്തികളുടെ ഉടമസ്ഥതാ രേഖകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-32 മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമാക്കപ്പെട്ട പുറമ്പോക്ക് ഭൂമിയുടെ വിവരം ലഭ്യമല്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 207 (1 ) പ്രകാരം പൊതു തെരുവുകളും അവയോടു ചേർന്നുള്ള വസ്തുക്കളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ സ്വത്തല്ലാത്ത എല്ലാ ഭൂമിയും , 208 A(1) പ്രകാരം ജലമാർഗ്ഗങ്ങൾ , നീരുറവകൾ, ജലസംഭരണികൾ എന്നിവയും അവയുടെ തടങ്ങളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും പരിപൂർണ്ണമായും നഗരസഭയിൽ നിക്ഷിപ്തമാണ്.

കേരള മുനിസിപ്പാലിറ്റി നിയമം നിലവിൽ വന്ന ശേഷം മേൽ പരാമർശിക്കപ്പെട്ട ഭൂമികൾ പൂർണ്ണമായും നഗരസഭയിൽ നിക്ഷിപ്തമാണ്. ആയതിനാൽത്തന്നെ ഇത്തരം ഭൂമികളുടെ രേഖകൾ ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്ന് ആവശ്യപ്പെട്ട് ആയതിന്റെ അടിസ്ഥാനത്തിൽ ഇവ നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെടുത്തേണ്ടതും കയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതുമായിരുന്നു.

നഗരസഭയുടെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ മേൽ പരാമർശിക്കപ്പെട്ട വകുപ്പുകൾ പ്രകാരം നഗരസഭക്ക് ലഭിച്ച ആസ്തികളുടെ വിവരങ്ങൾ കണ്ടെത്താനായില്ല. 2023-24 ഓഡിറ്റിന്റെ ഭാഗമായി ഇക്കാര്യം പരാമർശിച്ച് നഗരസഭക്ക് ഓഡിറ്റ് എൻക്വയറി നൽകുകയും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉൾപ്പെടുത്തുകയും ചെയ്തു

എങ്കിലും ഇക്കാര്യത്തിൽ നഗരസഭ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

നടപടിക്രമങ്ങളിലെ വീഴ്ച മൂലം നഗരസഭയുടെ ആസ്തി അന്യാധീനപ്പെട്ട് പോകുന്നതിന് ഇടവരുന്ന പക്ഷം അതാത് കാലങ്ങളിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥരെ നഷ്ടത്തിന് ഉത്തരവാദിയായി കണക്കാക്കി നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മുനിസിപ്പാലിറ്റി നിയമപ്രകാരം നഗരസഭയുടെ ഉടമസ്ഥതയിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമികളുടെ വിവരങ്ങൾ റവന്യൂ അധികാരികളിൽ നിന്ന് ശേഖരിച്ച് അത്തരം ആസ്തികൾ നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനും, കയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ ആയത് ഒഴിപ്പിച്ച് സംരക്ഷിക്കുന്നതിനും നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

**1-33 ഇ പേയ്മെന്റ് - 35 ലക്ഷം രൂപ അക്കൗണ്ടിൽ സമയബന്ധിതമായി വരവ് വന്നില്ല- പലിശ ഇനത്തിൽ നഷ്ടം**

IKM പേയ്മെന്റ് ഗേറ്റ്വേ വഴി 01-04-2024 മുതൽ 31-03-2025 വരെ കളക്ട് ചെയ്ത 3540651 രൂപ സമയബന്ധിതമായി നഗരസഭാ അക്കൗണ്ടിൽ (കനറാ ബാങ്കിന്റെ 110170595374 നം അക്കൗണ്ടിന്റെ (കനറാബാങ്ക് ഇ-പോസ് അക്കൗണ്ട്) ഒടുക്കു വരുത്താതെ നഗരസഭക്ക് സാമ്പത്തിക നഷ്ടമുണ്ടാക്കിയതായി പരിശോധനയിൽ വ്യക്തമായി.
വിശദ വിവരം താഴെ നൽകുന്നു.

മേൽ പരാമർശിച്ച അക്കൗണ്ടിന്റെ 31.03.2025 ലെ റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ നഗരസഭയുടെ വരവിൽ ഉൾപ്പെടുത്തി ബാങ്ക് ബുക്കിൽ വരവ് വന്ന 3869886 രൂപ 31.03.2025 വരെ ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല എന്ന് വ്യക്തമായി.

2007 ലെ കേരള മുനിസിപ്പാലിറ്റി ( അക്കൗണ്ട്സ് ) റൂൾ ചട്ടം 21 പ്രകാരം നഗരസഭയുടെ ഒരു ദിവസത്തെ കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം ബാങ്ക് അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.
ഇതനുസരിച്ച് 31.03.2025 വരെയുള്ള മുഴുവൻ കളക്ഷൻ തുകയും 01.04.2025 ന് ബാങ്ക് അവധിയായതിനാൽ തൊട്ടടുത്ത പ്രവൃത്തി ദിവസമായ 02.04.2025 ന് നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ ഒടുക്ക് വരേണ്ടതായിരുന്നു. എന്നാൽ 02.04.2025 ന് 329235 രൂപ മാത്രമാണ് അക്കൗണ്ടിൽ വരവ് വന്നത്.

3540651 രൂപ (3869886-329235) സമയബന്ധിതമായി അക്കൗണ്ടിൽ ഒടുക്ക് വരുത്താതെ IKM കൈവശം വച്ചു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഏപ്രിൽ 30 ന് മാത്രമാണ് മാർച്ച് 30 നീക്കിയിരുപ്പ് പ്രകാരമുള്ള തുക നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ വരവ് വന്നത് എന്നും ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വ്യക്തമായി. നഗരസഭക്ക് ലഭിക്കേണ്ട തുക യഥാസമയം അക്കൗണ്ടിൽ ഒടുക്ക് വരുത്താതെ IKM നഗരസഭക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നുണ്ട് എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.

നഗരസഭക്ക് ലഭിക്കേണ്ട തുക യഥാസമയം ലഭ്യമാകാത്തത് സംബന്ധിച്ച അപാകത 2023-24 ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയതും, അപാകത ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതുമാണ്.

ഈ അപാകത പരിഹരിക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (136/ 19.01.2026) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭക്ക് ലഭിക്കേണ്ട തുക യഥാസമയം അക്കൗണ്ടിൽ വരവ് വരാത്തതും അത് വഴി നഗരസഭക്ക് സാമ്പത്തിക നഷ്ടങ്ങളുണ്ടാക്കുന്നതും IKM ന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-34 കറണ്ട് അക്കൗണ്ടിൽ വൻതുക നിലനിർത്തുന്നു - ₹ 8.5 ലക്ഷത്തിലധികം നഷ്ടം.**

2024-25 വാർഷിക ധനകാര്യ പത്രിക പരിശോധനാ വേളയിൽ നഗരസഭയുടെ ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൽ വിവിധ ബാങ്കുകളിലെ കറന്റ് അക്കൗണ്ടുകളിൽ വൻതുക നീക്കിയിരുപ്പുള്ളതായി വ്യക്തമായി. പലിശ ലഭിക്കാത്ത കറണ്ട് അക്കൗണ്ടിൽ വൻ തുക നിലനിർത്തുന്നത് മൂലം നഗരസഭക്ക് പലിശ ഇനത്തിൽ വലിയ നഷ്ടം ഉണ്ടാവുന്നുണ്ട്. വിശദ വിവരം താഴെ നൽകുന്നു.

| ക്ര.നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | CB As On 31.3.25 (പാസ് | കുറിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ബുക്ക് പ്രകാരം) | |
| 1 | സ്റ്റേറ്റ് ബാങ്ക് (D&O) | 38262710501 | 3506907.77 | ₹33400279.22 OB യുണ്ടായിരുന്ന ഈ അക്കൗണ്ടിൽ 27.03.2025 വരെയും ഈ തുക നീക്കിയിരുപ്പ് ഉണ്ടായിരുന്നു. |
| 2 | Axis (POS) | 919020069269643 | 1299037.94 | മുഴുവൻ സാമ്പത്തിക വർഷവും ഈ തുക അക്കൗണ്ടിൽ നില നിൽക്കുന്നുണ്ട്. |
| 3 | ധനലക്ഷ്മി ബാങ്ക് | 013200100104960 | 154808 | മുഴുവൻ സാമ്പത്തിക വർഷവും 154000 ൽ അധികം തുക അക്കൗണ്ടിൽ നില നിൽക്കുന്നുണ്ട്. |

പലിശ ലഭിക്കാത്ത കറണ്ട് അക്കൗണ്ടുകളിൽ വൻതുക നില നിർത്തുന്നത് മൂലം നഗരസഭക്ക് പലിശ ഇനത്തിൽ ഏറ്റവും ചുരുങ്ങിയത് ₹ 865000 നഷ്ടം ഉണ്ടായിട്ടുണ്ട്. (സേവിങ്സ് പലിശ നിരക്കായ 2.7% നിരക്കിൽ കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ)

പലിശ ലഭിക്കാതെ വൻതുക വിവിധ അക്കൗണ്ടുകളിൽ നിലനിൽക്കുന്നത് മുൻ വർഷ ഓഡിറ്റിന്റെ ഭാഗമായി 09/2024 ൽ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയും ചെയ്തെങ്കിലും നഗരസഭ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ചില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നുണ്ട്. നിലവിലും മേൽ അക്കൗണ്ടുകളിൽ വൻതുക അവശേഷിക്കുന്നുണ്ട്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 146/27.01.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

പലിശ ലഭിക്കാത്ത ബാങ്ക് അക്കൗണ്ടുകളിൽ അനിവാര്യമായ മിനിമം തുക മാത്രം നില നിർത്തി അധികമായി വരുന്ന തുകകൾ സ്ഥിര നിക്ഷേപമായോ സേവിങ്സ് അക്കൗണ്ടുകളിലേക്കോ മാറ്റി നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

തുടർ നടപടികളിൽ വിഴ്ചവരുത്തുന്നത് വഴി പലിശ ഇനത്തിൽ നഗരസഭക്ക് ഉണ്ടാകുന്ന നഷ്ടം ഉത്തരാവദപ്പെട്ട അധികാരികളുടെ ബാധ്യതയായി നിജപ്പെടുത്തി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**1-35 ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു - തുടർ നടപടി സ്വീകരിക്കുന്നില്ല.**

പ്രീ പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ / എയ്ഡഡ് / അൺഎയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണെന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ / സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസ് മേധാവി നടപടി സ്വീകരിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.2016 ലെ 792455/ ഇ.ഡബ്ല്യൂ3/ 2016/ ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചതാണ്.

സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിൽ അസിസ്റ്റന്റ് എഞ്ചിനിയർ നടത്തിയ സൈറ്റ് വിസിറ്റ് രേഖകൾ പരിശോധിച്ചതിൽ ഫിറ്റ്നസ് ലഭിക്കാത്ത സ്കൂളുകൾ നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമായി. ( MES സ്കൂൾ, MET സ്കൂൾ )

നഗരസഭയിൽ പ്രവർത്തിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും നഗരസഭ എഞ്ചിനിയർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിന് സെക്രട്ടറി സ്വീകരിച്ച നടപടികൾ / ഫിറ്റ് നസ് ഇല്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 108/03.01.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളെ കണ്ടെത്തുന്നതിനും അത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും ഫീൽഡ് പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച്

വിവരം അറിയിക്കേണ്ടതാണ്.

**1-36 പ്ലാസ്റ്റിക് ഉപയോഗം പിഴ- കൗൺസിൽ തീരുമാനത്തിൽ തുടർ നടപടി സ്വീകരിച്ചതായി രേഖയില്ല**

ഫയൽ നം 2707269-2024

**05/01/2025** ന **AAWK** എന്ന സംഘടനക്ക് വേണ്ടി ശ്രീ . സൈദു എന്നയാൾ ടൗൺ ഹാൾ ബുക്ക് ചെയ്തു നടത്തിയ പരിപാടിയിൽ നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ വ്യാപകമായി ഉപയോഗിച്ചു എന്ന് വാച്ച്മാനും **CCM** ഉം റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ **10000/-**രൂപ ഫൈൻ ഈടാക്കുന്നതിന് **14/ 11.03.2025** ലെ കൗൺസിൽ യോഗം തീരുമാനം എടുത്തിട്ടുണ്ട്.

കെ-സ്മാർട്ട് ഫയൽ പരിശോധിച്ചതിൽ മേൽ ദിവസത്തെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ **1100** രൂപ ഈടാക്കാൻ ടൗൺഹാൾ വാച്ച്മാൻ ശിപാർശ ചെയ്തതായും കണ്ടെത്തിയിട്ടുണ്ട്.

കൗൺസിൽ തീരുമാനത്തിന്റെയും വാച്ച്മാന്റെ ശിപാർശയുടെയും അടിസ്ഥാനത്തിൽ പിഴ, വൈദ്യുതി ചാർജ്ജ് എന്നിവ ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച തുടർ നടപടികളുടെ വിവരം, തുക ഒടുക്ക് വരുത്തിയെങ്കിൽ ആയതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 172/06.02.2026 ) പിഴ ഒടുക്ക് വരുത്താൻ നിർദ്ദേശിച്ച് ഉത്തരവാദിയായ വാടകക്കാരന് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

**1-37 ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപീകരിച്ചിട്ടില്ല.**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 284-ാം വകുപ്പ് പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും മുനിസിപ്പൽ പ്രദേശത്ത് ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പിലാക്കുന്നതിനായി മുനിസിപ്പാലിറ്റിയുടെ റവന്യൂ വരുമാനത്തിന്റെ രണ്ട് ശതമാനം ദാരിദ്ര്യ ലഘൂകരണ ഫണ്ട് എന്ന പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിന് ബജറ്റിൽ വകയിരുത്തേണ്ടതാണ് എന്നും അത് അതതു സമയം സർക്കാർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ചെലവഴിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

മുനിസിപ്പാലിറ്റികളിലെ ദാരിദ്ര്യ ലഘൂകരണത്തിന് പദ്ധതികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് പദ്ധതി മാർഗ്ഗരേഖകളിലും, സബ്സിഡി മാർഗ്ഗരേഖയിലും വ്യക്തമായ നിർദ്ദേശങ്ങൾ നൽകി കാലാകാലങ്ങളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് വരുന്നുണ്ട്.

നഗരസഭയുടെ ബജറ്റ്, വാർഷിക ധനകാര്യ പത്രിക, എന്നിവ പരിശോധിച്ചതിൽ നിയമത്തിലെ നിർദ്ദേശം അനുസരിച്ച് നഗരസഭാ ബജറ്റിൽ ദാരിദ്ര്യ ലഘൂകരണ ഫണ്ട് എന്ന പ്രത്യേക ഫണ്ട് രൂപീകരിച്ചിട്ടില്ല എന്ന് വ്യക്തമായി.

2024-25 ലെ വാർഷിക പദ്ധതി രേഖകൾ പരിശോധിച്ചതിൽ നഗരസഭയുടെ തനത് വരുമാനം വിനിയോഗിച്ച് ദാരിദ്ര്യ ലഘൂകരണത്തിനുള്ള സർക്കാർ നിർദ്ദേശമനുസരിച്ചുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല എന്നും വ്യക്തമായി.

ഈ അപാകത മുൻവർഷ ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭ ഓഡിറ്റിന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി നിയമത്തിൽ വ്യക്തമായ നിർദ്ദേശം നൽകിയിട്ടും ദാരിദ്ര്യ ലഘൂകരണ ഫണ്ട് എന്ന പ്രത്യേക ഫണ്ട് രൂപീകരിക്കാത്തതിനും, സർക്കാർ നിർദ്ദേശപ്രകാരം പണം ചെലവഴിക്കാത്തതിനും കാരണം വ്യക്തമാക്കേണ്ടതും നിയമത്തിലെ നിർദ്ദേശം പാലിക്കുന്നതിന് സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

**1-38 5 വർഷമായിട്ടും പ്രവർത്തനക്ഷമമാകാത്ത ജല പരിശോധന ലാബ്- ₹ 199868 പാഴ്ച്ചെലവ്.**

2020-21 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ SO238/21 "നഗരസഭയിലെ കിണറ്റിലെ ജലം പരിശോധിക്കാൻ കെമിസ്ട്രി ലാബ് ശാക്തീകരണം" എന്ന പ്രൊജക്ട് പ്രകാരം ₹ 199868 രൂപ ചെലവഴിച്ച്

ഉപകരണങ്ങൾ, കെമിക്കലുകൾ, ഫർണിച്ചർ എന്നിവ വാങ്ങിയെങ്കിലും ലാബ് പ്രവർത്തനക്ഷമമാക്കാത്തതിനാൽ ചെലവഴിച്ച 1,99,868/- രൂപ പാഴ്ചെലവായി എന്ന് 2021-22 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ( ഖ 3-1 )

യു.പി സ്കൂൾ ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടിന്റെ തുടർ നടത്തിപ്പ് തുടർന്നുള്ള വർഷങ്ങളിൽ നിരീക്ഷിക്കുന്നതിൽ നഗരസഭ വീഴ്ചവരുത്തിയതാണ് പണം പാഴ്ചെലവിന് ഇടയാക്കിയത് എന്ന് ഓഡിറ്റ് പരിശോധനയിൽ വ്യക്തമാകുകയും ലാബ് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കാൻ നഗരസഭാ സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കൂടാതെ നഗരസഭയുടെ 2022-23 വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിക്കുകയും ലാബ് പ്രവർത്തനക്ഷമമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ( ഖ 1-34 )

നഗരസഭയുടെ 2024-25 വർഷ ഓഡിറ്റിന്റെ ഭാഗമായി മേൽ പ്രൊജക്ട് നടത്തിപ്പിലെ പുരോഗതി നിരീക്ഷിക്കുന്നതിന് നഗരസഭ ഓഡിറ്റ് ക്ലർക്ക് ശ്രീ അഖിലിന്റെ സാന്നിധ്യത്തിൽ 05.02.2026 ന് ഗവ ബോയ്സ് ഹയർസെക്കണ്ടറി സ്കൂൾ നേരിൽ സന്ദർശിച്ചതിൽ നാളിതുവരെയും ലാബ് പ്രവർത്തന ക്ഷമമായിട്ടില്ല എന്നും വാങ്ങിയ ഉപകരണങ്ങളും മറ്റ് സാമഗ്രികളും സപ്ലൈ ചെയ്ത പാക്കേജ് പൊട്ടിക്കാത്ത രീതിയിൽ സ്കൂളിലെ കെമിസ്ട്രി ലാബ് സ്റ്റോർ റൂമിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി.

2020-21, 2022-23 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പ്രൊജക്ട് ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാത്തതിനും അത് വഴി ഫണ്ട് പാഴ്ചെലവിനും ഇടവരുത്തിയതിന് കാരണം വ്യക്തമാക്കേണ്ടതും ഇക്കാര്യത്തിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.
തുടർ നടപടി സ്വീകരിക്കുന്നതിലെ വീഴ്ചകൾ മൂലമുണ്ടാകുന്ന നഷ്ടം വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 1-39 പൊതു തെരുവുകളിലെ പരസ്യങ്ങൾ - നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

മുനിസിപ്പാലിറ്റിയുടെ പൊതു തെരുവുകളിൽ ലൈസൻസ് ഇല്ലാതെ പരസ്യം പ്രദർശിപ്പിക്കുന്നത് തടയുന്നതിനും നിയമപ്രകാരം അപേക്ഷ സ്വീകരിച്ച് അർഹരായവരിൽ നിന്ന് ഫീസ് ഈടാക്കി അനുമതി നല്കുന്നതിനും നഗരസഭ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എന്ന് വ്യക്തമായി.
1999 ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങൾ പ്രകാരം മുനിസിപ്പൽ പ്രദേശത്തിനുള്ളിലെ പൊതു തെരുവിലോ, റോഡിലോ പൊതു സ്ഥലത്തോ അതിനുമുകളിലോ കമാനങ്ങളോ പരസ്യ ബോർഡുകളോ സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ ലൈസൻസ് ആവശ്യമാണ്. ഇത്തരത്തിൽ പരസ്യം, കമാനം എന്നിവ സ്ഥാപിക്കുന്നതിന് കൗൺസിലിന് അത് നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസ് ചുമത്താവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ ചട്ടം പ്രകാരം ചട്ടപ്രകാരം പരസ്യം സ്ഥാപിക്കുന്നവരിൽ നിന്ന് ഈടാക്കാവുന്ന ഫീസ് കൗൺസിൽ നിശ്ചയിച്ച് നൽകിയിട്ടില്ല. നഗരസഭയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ നഗരസഭക്ക് വരവുകൾ ഒന്നും ലഭിച്ചിട്ടില്ല എന്നും വ്യക്തമായി. നഗരസഭയുടെ അധീനതയിലുള്ള റോഡുകളിലും, സ്ഥലങ്ങളിലും വ്യാപകമായി പരസ്യങ്ങൾ സ്ഥാപിക്കുന്നതായി കാണുന്നു. അനധികൃതമായി സ്ഥാപിക്കുന്ന പരസ്യങ്ങൾക്കെതിരെ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടുമില്ല.
ഇക്കാര്യം 2023-24 ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയും ചെയ്തതാണെങ്കിലും നഗരസഭ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

പൊതു തെരുവുകളിൽ പരസ്യം സ്ഥാപിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 102/30.12.2026) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

പൊതു തെരുവുകളിൽ അനധികൃതമായി പരസ്യം സ്ഥാപിക്കുന്നത് നിയന്ത്രിക്കുന്നതിനും അർഹരായ അപേക്ഷകളിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നിശ്ചിത ഫീസ് ഈടാക്കി അനുമതി നൽകുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-40 മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടത്തിന് വിരുദ്ധമായ ബാങ്ക് അക്കൗണ്ടുകൾ

നഗരസഭയുടെ തനത് ഫണ്ട്, സ്ഥിര നിക്ഷേപം ഉൾപ്പെടെ നഗരസഭയുടെ വരവ് കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടത്തിന് വിരുദ്ധമായി വിവിധ സ്വകാര്യ , സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചതായി വ്യക്തമായി.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 17 (2) പ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിക്കുന്ന എല്ലാ പണവും ഗവൺമെന്റ് ട്രഷറി സേവിങ്സ് അക്കൗണ്ടിലോ, നാഷണലൈസ്ഡ് ബാങ്ക് അക്കൗണ്ടിലോ ആണ് നിക്ഷേപിക്കേണ്ടത്. നഗരസഭയുടെ 2024-25 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ നഗരസഭയുടെ തനത് ഫണ്ട് ഉൾപ്പെടെ നിക്ഷേപിക്കുന്ന 19 അക്കൗണ്ടുകൾ സ്വകാര്യ ബാങ്കുകളിലും, സഹകരണ ബാങ്കുകളിലുമായി നിലവിലുള്ളതായി വ്യക്തമായി.
ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ക്രമനം | ബാങ്കിന്റെ പേര് | ഇനം | AFS പ്രകാരം 31.3.25ലെ നീക്കിയിരുപ്പ് |
|---|---|---|---|
| 1 | IDBI ബാങ്ക് തിരൂർ | തനത് ഫണ്ട് | 42074298 |
| 2 | AXIS (POS) | തനത് ഫണ്ട് | 1302448 |
| 3 | South Indian Bank | Online Profession Tax | 1198432 |
| 4 | HDFC | സായംപ്രഭ | 136573 |
| 5 | ധനലക്ഷ്മി ബാങ്ക് | - | 147739 |
| 6 | ICICI ബാങ്ക് | - | 51800 |
| 7 | AXIS Bank | Housing | 104767 |
| 8 | HDFC | Wastewater Treatment Plant | 1899885 |
| 9 | IDBI | EMS Housing | 3750694 |
| 10 | MDC Bank | - | 205452 |
| 11 | Tirur Service Co Opt Bank | | 29441 |
| 12 | IDBI | SWM2 | 672884 |

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടത്തിലെ നിർദ്ദേശത്തിന് വിരുദ്ധമായി ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഈ അപാകത പരാമർശിച്ചതായിരുന്നു. എന്നാൽ നഗരസഭ മറുപടി ലഭ്യമാക്കുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

**1-41 വൈദ്യുതി ചാർജ്ജ് ഒടുക്ക്- കണക്ഷനുകളുടെ വ്യക്തമായ രേഖകൾ ലഭ്യമല്ല.**

**ഫയൽ നം - PW1/ 8075/01**

2024-25 വർഷത്തിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ വിവിധ ഹെഡുകളിലായി ₹6204506 ചെലവഴിച്ചതായി ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കാണുന്നു. ( ഷെഡ്യൂൾ I-11 &I-12).

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ( കൺസ്യൂമർ നം 1165699015314), മറ്റ് വിവിധ കൺസ്യൂമർ നമ്പറുകൾ എന്നിവയിലാണ് തുക ഒടുക്ക് വരുത്തിയിട്ടുള്ളത്.

നഗരസഭയുടെ വൈദ്യുതി കണക്ഷനുകളുടെ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ / മറ്റ് രേഖകൾ ഒന്നും തന്നെ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽത്തന്നെ ഓരോ കൺസ്യൂമർ നമ്പറുകളിലും ലഭിക്കുന്ന ബില്ലുകൾ ഏത് വൈദ്യുതി കണക്ഷന്റെതാണ് എന്നും നഗരസഭ ഒടുക്ക് വരുത്തേണ്ട തുക തന്നെയാണോ എന്നും പരിശോധിച്ച് ഉറപ്പ് വരുത്താനാവുന്നില്ല.

മേൽ പരാമർശിക്കപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 128/16.01.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

വൈദ്യുതി ചാർജ്ജ് ഒടുക്ക് വരുത്തുന്ന കൺസ്യൂമർ നമ്പറുകളുടെ വ്യക്തമായ വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ലാത്തത് 2023-24 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതായിരുന്നു എങ്കിലും നഗരസഭ പരാമർശത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്ന കൺസ്യൂമർ നം 1165699015314 പ്രകാരം നഗരസഭയിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച പോസ്റ്റുകൾ, തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ എന്നീ വിവരങ്ങളും, മറ്റ് കൺസ്യൂമർ നമ്പറുകൾ പ്രകാരം പണം ഒടുക്കിയ വൈദ്യുതി കണക്ഷനുകളുടെ വിവരങ്ങളും ( കണക്ഷൻ നൽകിയ സ്ഥലം, കെട്ടിടത്തിന്റെ വിവരങ്ങൾ) രേഖപ്പെടുത്തിയ രജിസ്റ്റർ / രേഖകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, നഗരസഭ വാടകക്ക് നൽകിയതും മറ്റ് സ്ഥാപനങ്ങൾ ഉപയോഗിക്കുന്നതുമായ വൈദ്യുതി കണക്ഷനുകളുടെ ബിൽ നഗരസഭ ഒടുക്ക് വരുത്തുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

നഗരസഭയിൽ ആകെ ഉള്ള സ്ട്രീറ്റ് മെയിനിന്റെ നീളം, പ്രദേശം, തെരുവ് വിളക്കുകൾക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതിന്റെ വിവരങ്ങൾ, കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിന്റെ വിവരങ്ങൾ എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-42 ആദായ നികുതി നോട്ടീസ് -സമയബന്ധിതമായി തുടർ നടപടി സ്വീകരിക്കുന്നില്ല.

**ഫയൽ നമ്പർ : A7-21374/18 , 1863324-2024**

തിരൂർ നഗരസഭ (ടാൻ നമ്പർ : CHNT00163C) പ്രകാരം ആദായ നികുതി ഇനത്തിൽ താഴെ നൽകുന്ന പ്രകാരം നികുതി ഒടുക്കാൻ അവശേഷിക്കുന്നുണ്ട് എന്ന് 2019 ൽ ആദായ നികുതി വകുപ്പ് നഗരസഭയെ അറിയിച്ചിട്ടുണ്ട്.

| വർഷം | ഒടുക്കുവാനുള്ള തുക |
|---|---|
| 2005-06 | 133088 |
| 2006-07 | 56360 |
| 2007-08 | 94335 |
| 2008-09 | 950 |
| 2009-10 | 10 |
| 2012-13 | 4310 |
| 2013-14 | 60 |
| 2017-18 | 160 |
| 2018-19 | 260 |
| ആകെ | 289533 |

**ആദായ നികുതി വകുപ്പിന്റെ നോട്ടീസിനനുസരിച്ച് നഗരസഭ സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടില്ല.**

നഗരസഭ ഒടുക്ക് വരുത്താനുള്ള ആദായ നികുതി ഒടുക്ക് വരുത്താൻ 2019 ൽ ആദായനികുതി വകുപ്പ് നോട്ടീസ് നൽകി 6 വർഷം കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ നഗരസഭ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

നോട്ടീസ് നൽകി ഡിമാന്റ് ചെയ്തിട്ടും തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ഡിമാന്റ് തുകക്ക് പുറമെ നാളിതു വരെ ഭീമമായ തുക പലിശ ബാധ്യത ഉണ്ടാകാനും ഇടയുണ്ട്.

ഇക്കാര്യം 2023-24 ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയും ചെയ്തു എങ്കിലും ഇക്കാര്യത്തിൽ നഗരസഭ നാളിതുവരെയും ഫലപ്രദമായ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

ഇതുമായി ബന്ധപ്പെട്ട കെ സ്മാർട്ട് ഫയൽ **1863324-2024** പരിശോധിച്ചതിൽ ആദായ നികുതി വകുപ്പ് ഡിമാന്റ് ചെയ്ത തുക ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായാണ് കാണുന്നത്. എന്നാൽ മേൽ തുക 6 വർഷം മുമ്പ് ഡിമാന്റ് ചെയ്തതാണ്. കാലങ്ങളായി പ്രസ്തുത തുക ഒടുക്ക് വരുത്താത്തതിനാൽ ഷോർട്ട് പേയ്മെന്റ് പ്രകാരമുള്ള പലിശ, ലേറ്റ് ഡിഡക്ഷൻ പലിശ, ഷോർട്ട് ഡിഡക്ഷൻ പലിശ എന്നിങ്ങനെയുള്ള പിഴകൾ കൂടി ബാധ്യതയായി ഉണ്ടാകാൻ സാധ്യതയുണ്ട്. ഇത്തരത്തിൽ കാലികമായ ഡിമാന്റ് കണ്ടെത്തുന്നതിന് നഗരസഭ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ആദായ നികുതി യഥാസമയം ഒടുക്ക് വരുത്താത്തത് സംബന്ധിച്ച നോട്ടീസിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം ഉത്തരവാദികളായ ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും നഗരസഭ സ്വീകരിച്ച തുടർ നടപടികളുടെ വിവരം, ഈ നോട്ടീസ് പ്രകാരം നഗരസഭ ഒടുക്കാൻ അവശേഷിക്കുന്ന തുകകളുടെ നിലവിലെ വിവരം, ഇത് സംബന്ധിച്ച് നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ഫയൽ ( **A7-21374/18** ) എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 165/05.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

ആദായ നികുതി വകുപ്പിന്റെ വെബ്സൈറ്റിൽ പരിശോധന നടത്തി നഗരസഭ ഫണ്ടിൽ നിന്ന് ഒടുക്കാനുള്ള തുക എത്രയാണ് എന്നത് പരിശോധിച്ച് കാലികമായ വിവരം കണ്ടെത്തേണ്ടതും പലിശ, പിഴ ഇനങ്ങളിൽ ഡിമാന്റ് ചെയ്യപ്പെട്ട തുകകൾ അതാത് കാലയളവിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതല നിറവേറ്റുന്നില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 22 (ഡി) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രധാന ചുമതലകൾ താഴെ നൽകുന്നു.

I) ബഡ്ജറ്റ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കേണ്ടതും മുനിസിപ്പൽ കൗൺസിലിന് കിട്ടേണ്ടതായ നികുതികളുടെയും ഫീസുകളുടെയും വാടകകളുടെയും മറ്റ് തുകകളുടെയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതും

(Ii) മുനിസിപ്പൽ കൗൺസിലിന്റെ അക്കൗണ്ടുകൾ കൂടെക്കൂടെ പരിശോധിക്കേണ്ടതും

(Iii) സർക്കാരിൽ നിന്നും വിതരണം ചെയ്യുന്ന ഗ്രാന്റുകളും അവയുടെ ശരിയായ ഉപയോഗവും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടതും,

(Iv) അക്കൗണ്ടുകൾ മാസംതോറും ഓഡിറ്റ് ചെയ്യേണ്ടതും, മാസംതോറുമുള്ള തുക ആവശ്യപ്പെടലും, തുക പിരിച്ചെടുക്കലും, നീക്കിയിരിപ്പ് തുകയും സെക്രട്ടറി സമർപ്പിക്കുന്ന പ്രകാരമുള്ള തൊട്ടുമുമ്പുള്ള മാസത്തെ വരവുചെലവുകളുടെ സംക്ഷിപ്തം പരിശോധിക്കേണ്ടതും;

(V) കൗൺസിലിന് ലഭിക്കേണ്ടതും വസൂലാക്കാവുന്നതല്ലെന്ന് കമ്മിറ്റിക്ക് തോന്നുന്നതുമായ തുകകൾ നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്ക് വിധേയമായി എഴുതി തള്ളാവുന്നതും

(Vi) വാർഷിക അക്കൗണ്ടുകളും തുക ആവശ്യപ്പെടലുകളും പിരിച്ചെടുത്ത തുകയും നീക്കിയിരിപ്പ് തുകയും സൂക്ഷ്മപരിശോധന നടത്തേണ്ടതും;

(Vii) 286-ാം വകുപ്പുപ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി അത് കൗൺസിലിന്റെ മുമ്പാകെ വയ്ക്കേണ്ടതും

(Viii) മുനിസിപ്പൽ കൗൺസിൽ ചെലവാക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകയും കൗൺസിൽ അനുമതി നൽകിയിട്ടുള്ള ബഡ്ജറ്റിൽ വകവരുത്തിയിട്ടുള്ളതാണോ എന്നും അതിലേക്ക് ആവശ്യമായ തുക ഉണ്ടോയെന്നും പരിശോധിക്കേണ്ടതും;

(Ix) കൗൺസിൽ നിർദ്ദേശിക്കുന്നപക്ഷം മുനിസിപ്പൽ കൗൺസിലിലെ ജീവനക്കാർക്ക് എതിരെയുള്ള ആരോപണങ്ങളിൻമേൽ അന്വേഷണം നടത്തേണ്ടതും അതിന്റെ ഫലം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും;

(X) നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കേണ്ടതും, നികുതി ചുമത്തുന്നതിൽനിന്ന് വിട്ടുപോയ കേസുകളിൽ നികുതി ചുമത്തുന്നതിലേക്കും, മൂല്യം കുറച്ച് നികുതി ചുമത്തിയ കേസുകൾ പുനഃപരിശോധിക്കുന്നതിലേക്കും സെക്രട്ടറിക്ക് നിർദ്ദേശം നൽകേണ്ടതും ആകുന്നു.

നഗരസഭയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2024-25 സാമ്പത്തിക വർഷത്തെ യോഗ മിനുട്സ് പരിശോധിച്ചതിൽ സ്റ്റാന്റിംഗ് കമ്മിറ്റി നിയമപ്രകാരമുള്ള ചുമതലകൾ നിറവേറ്റിയതായി കാണുന്നില്ല.

ഓഡിറ്റ് പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

1. ബഡ്ജറ്റ് ഗ്രാന്റുകളുടെയും സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റുകളുടെയും ശരിയായ വിനിയോഗം പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.
2. മുനിസിപ്പൽ കൗൺസിലിന് കിട്ടേണ്ടതായ നികുതികളുടെയും ഫീസുകളുടെയും വാടകകളുടെയും മറ്റ്

തുകകളുടെയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും നിരീക്ഷിക്കുകയോ നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല.

3. 2024-25 വാർഷിക കണക്ക് പ്രകാരം നഗരസഭക്ക് വിവിധ ഇനങ്ങളിലായി 19.97 കോടിയിലധികം രൂപ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇക്കാര്യം പരിശോധിക്കുകയോ, ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.
4. നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും , നികുതികളിലും ഫീസുകളിലുമുണ്ടാകുന്ന ചോർച്ച കണ്ടുപിടിക്കുന്നതിനും പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സംബന്ധിച്ച് ചർച്ച നടത്തുകയോ തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല.
5. മുനിസിപ്പാലിറ്റിയുടെ അക്കൗണ്ട് സൂക്ഷ്മ പരിശോധന നടത്തി ആസ്തി ബാധ്യതകൾ സംബന്ധിച്ച് വ്യക്തമായ വിവരം ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കുകയോ നഗരസഭയുടെ സാമ്പത്തിക നില സംബന്ധിച്ച് വ്യക്തമായ ചിത്രം തയ്യാറാക്കുകയോ ചെയ്തിട്ടില്ല.
6. വാർഷിക കണക്കുകൾ , വരവുകളുടെ ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവ പരിശോധിക്കുന്നില്ല. നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുതകുന്ന നിർദ്ദേശങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല.
7. നികുതി ചുമത്തുന്നതിന് വിട്ടുപോയ കേസുകൾ, മൂല്യം കുറച്ച് നികുതി ചുമത്തിയ കേസുകൾ എന്നിവ കണ്ടെത്തുന്നതിനും, പരിഹരിക്കുന്നതിനും ഉചിതമായ നടപടികൾ നിർദ്ദേശിച്ചിട്ടില്ല.
8. നഗരസഭയുടെ ഓരോ ചെലവിനും ബജറ്റ് പ്രൊവിഷൻ ഉണ്ടോ എന്നത് പരിശോധിച്ചതായി കാണുന്നില്ല.
9. നഗരസഭയുടെ വാർഷിക പദ്ധതി പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകിയിട്ടില്ല

മിനുട്സ് പരിശോധിച്ചതിൽ നികുതികളിൽ ഇളവ് നൽകൽ (വേക്കൻസി റമിഷൻ, ഡിമോളിഷൻ ) , വിവിധ ചെലവുകൾ അംഗീകരിക്കൽ , നികുതി സംബന്ധമായ പരാതികൾ , അപ്പീലുകൾ പരിഗണിക്കൽ എന്നിവയിൽ മാത്രമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം പരിമിതപ്പെട്ടു എന്നാണ് വ്യക്തമാകുന്നത്.

അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയമപരമായ ചുമതലകൾ നിറവേറ്റുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-44 കെ-സ്മാർട്ട് ആപ്ലിക്കേഷൻ- പരിശോധനയിൽ കണ്ടെത്തിയ അപാകതകളും ന്യൂനതകളും

2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ മുഴുവൻ സേവനങ്ങളും കെ-സ്മാർട്ട് ( കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻഫർമേഷൻ ) മുഖേനയാണ് നിർവഹിക്കപ്പെടുന്നത്. ഓഡിറ്റ് ലോഗിൻ മുഖേന നടത്തിയ പരിശോധനയിൽ വ്യക്തമായ കെ സ്മാർട്ടുമായി ബന്ധപ്പെട്ട അപാകതകൾ താഴെ നൽകുന്നു.

**1) ക്യാഷ്ബുക്ക് എൻട്രികളിൽ വ്യത്യാസം വരുത്തുന്നു.**

ഓഡിറ്റ് കാലയളവിലെ ക്യാഷ്ബുക്ക് വ്യത്യസ്ത തീയതികളിൽ പരിശോധിച്ചതിൽ ക്യാഷ്ബുക്ക് രേഖപ്പെടുത്തലുകളിൽ വ്യത്യാസം വന്നതായി വ്യക്തമായി.

ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു.

| ക്യാഷ്ബുക്ക് കാലയളവ് | OB & CB (Cash Book Download Date ) | OB & CB (Cash Book Download Date ) |
|---|---|---|
| 01.04.2024 To 30.04.2024 | OB - ₹6260973.5 ( Debit),<br>CB - ₹5456992.5 (Debit )<br>27.11.2024 -ന് നടത്തിയ പരിശോധന പ്രകാരം | OB ₹2581223 ( Debit),<br>CB -₹ 133612 (Debit )<br>21.02.2026 -ന് നടത്തിയ പരിശോധന പ്രകാരം |
| 05.12.2024 To 05.12.2024 | OB - ₹5471431.5 ( Credit),<br>CB - ₹5442837.5 (Credit )<br>17.10.2025 -ന് നടത്തിയ | OB - ₹794522 ( Debit),<br>CB - ₹823116 (Debit )<br>07.01.2026 -ന് നടത്തിയ |

| | | |
|---|---|---|
| | പരിശോധന പ്രകാരം | പരിശോധന പ്രകാരം |
| 06.12.2024 To 06.12.2024 | OB – ₹818136 ( Debit),<br>CB – ₹234978 (Debit )<br>07.12.2024 -ന് നടത്തിയ പരിശോധന പ്രകാരം | OB ₹823116 ( Debit),<br>CB –₹ 243310 (Debit )<br>21.02.2026 -ന് നടത്തിയ പരിശോധന പ്രകാരം |

**2) പെയ്മെന്റിന്റെ കൃത്യത ഉറപ്പുവരുത്താനാവുന്നില്ല.**

കെ സ്മാർട്ട് മുഖേന പെയ്മെന്റ് നൽകുന്നത് ഏത് അക്കൗണ്ടിലേക്കാണ് എന്നത് ഓഡിറ്റ് ലോഗിനിൽ കണ്ടെത്താൻ സാധിക്കുന്നില്ല. പെയ്മെന്റ് വൗച്ചറിലും പണം നൽകുന്ന അക്കൗണ്ട് നമ്പർ കാണാൻ സാധിക്കുന്നില്ല.

ഇക്കാരണത്താൽ പണം നൽകുന്നത് യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണോ എന്നത് ഓഡിറ്റിന് പരിശോധിക്കാൻ സാധിക്കുന്നില്ല.

**3) റിവേഴ്സ് എൻട്രി റിപ്പോർട്ട് ഓഡിറ്റ് ലോഗിനിൽ ലഭ്യമല്ല.**

കെ-സ്മാർട്ടിൽ പണം സ്വീകരിക്കുമ്പോൾ നൽകുന്ന രശീതി അതത് ദിവസം തന്നെ ക്യാൻസൽ ചെയ്യാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. എന്നാൽ, തൊട്ടടുത്ത ദിവസം മുതൽ കണ്ടെത്തുന്ന പ്രശ്നങ്ങൾക്ക് കെ-സ്മാർട്ട് രശീതി ക്യാൻസൽ ചെയ്യുന്നതിന് പകരം റിവേഴ്സ് എൻട്രി നൽകിയാണ് വരവ് തുക ക്രമീകരിക്കുന്നത്. ഓഡിറ്റ് ലോഗിനിൽ റിവേഴ്സ് എൻട്രി കാണുന്നതിനുള്ള പ്രിവിലേജ് നൽകിയിട്ടില്ല. ഇതിനാൽ റിവേഴ്സ് എൻട്രി നൽകുന്ന സമയത്ത് ഡിമാന്റിൽ മാറ്റം വരുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.
റിവേഴ്സ് എൻട്രി നൽകി വരവുകൾ കാൻസൽ ചെയ്യുന്ന സാഹചര്യങ്ങളിൽ വരവിനങ്ങളുടെ ഡിമാന്റുകളിൽ അതിനനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തുന്നുണ്ടോ എന്നതും പരിശോധിക്കാനായിട്ടില്ല.

**4) കാൻസൽഡ് രസീത് പരിശോധിക്കുന്നതിലെ അസൗകര്യം**

ഓരോ ദിവസത്തേയും കൗണ്ടർ സെലക്ട് ചെയ്ത് ക്യാൻസൽഡ് റസീപ്റ്റ് കാണാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. വളരെയധികം കൗണ്ടറുകൾ പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓരോ കൗണ്ടറും സെലക്ട് ചെയ്ത് നോക്കുക പ്രായോഗികമല്ല. നിശ്ചിത കാലയളവ് ( From & To) നൽകി ക്യാൻസൽ ചെയ്ത രശീതികൾ കാണുന്നതിനുള്ള സൗകര്യം കെ-സ്മാർട്ടിൽ ഒരുക്കിയിട്ടില്ല.

**5) കേരള മുനിസിപാലിറ്റി നിയമം/ ചട്ടങ്ങൾ പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമല്ല.** 2011 ലെ കേരള മുനിസിപ്പാലിറ്റി ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പ്രകാരമുള്ള വസ്തു നികുതി നിർണയ രജിസ്റ്റർ, വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് രജിസ്റ്റർ, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ ഓഡിറ്റർ ലോഗിനിൽ ലഭ്യമല്ല.

**6) റി കൺസിലിയേഷൻ റിപ്പോർട്ടിൽ വ്യക്തമായ വിവരങ്ങൾ ഇല്ല.**

വിവിധ ബാങ്ക് ട്രഷറി അക്കൗണ്ടുകളുടെ റികൺസിലിയേഷൻ റിപ്പോർട്ട് കെ സ്മാർട്ട് മുഖേന ലഭ്യമാകുന്നതിൽ റിപ്പോർട്ടിൽ പരാമർശിച്ച വ്യത്യാസങ്ങളുടെ വിശദ വിവരങ്ങളൊന്നും ഉൾപ്പെടുത്താതെ തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാരണത്താൽ റിപ്പോർട്ടിന്റെ നിജസ്ഥിതി പരിശോധിച്ച് ഉറപ്പ് വരുത്താനാകുന്നില്ല.

## 1-45 തനത് വരവ് അവലോകനം

**2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ വിവിധ വരവിനങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലഘു അവലോകന റിപ്പോർട്ട് താഴെ നൽകുന്നു.**

നഗരസഭയുടെ വരവിനങ്ങളെ പൊതുവായി രണ്ട് ഇനങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്.

**1) അക്രൂവൽ വരവുകൾ** - വരവിനങ്ങളുടെ സ്രോതസ്സിനെക്കുറിച്ചും ലഭിക്കേണ്ട വരവ് തുക സംബന്ധിച്ചും മുൻകൂട്ടി കണക്കാക്കാൻ സാധിക്കുന്ന വരവുകൾ. ഇത്തരം വരവുകളിൽ നഗരസഭക്ക് വരവ് ലഭിക്കേണ്ടത് ആരിൽ നിന്നാണ് എന്നതും ലഭിക്കേണ്ട തുക എത്രയാണ് എന്നതും സംബന്ധിച്ച് മുൻകൂട്ടി തയ്യാറാക്കിയ ഡിമാന്റ് / അസസ്മെന്റ് ഉണ്ടായിരിക്കണം.

**2) നോൺ അക്രൂവൽ വരവുകൾ** - വരവ് സ്രോതസ്സ്, തുക എന്നിവ മുൻകൂട്ടി കണക്കാക്കാൻ സാധിക്കാത്ത

വരവിനങ്ങൾ. ഇത്തരം വരവിനങ്ങളിൽ ഓരോ വർഷവും ലഭിക്കുന്ന വരവ് അതത് വർഷത്തെ ഡിമാന്റ് ആയി കണക്കാക്കുകയാണ് ചെയ്യുന്നത്.

**2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയുടെ വിവിധ വരവിനങ്ങൾ താഴെ നൽകുന്നു.**

| വരവുകൾ | ഇനം |
|---|---|
| അക്രൂവൽ വരവുകൾ | വസ്തു നികുതി, തൊഴിൽ നികുതി (സ്ഥാപനങ്ങൾ, പ്രൊഫഷനൽ, ട്രേഡേഴ്സ്) ലൈസൻസ് ഫീസ് , മുനിസിപ്പൽ ആസ്തികളിൽ നിന്നുള്ള വാടക വരവുകൾ, സർവീസ് സെസ്സ്. |
| നോൺ അക്രൂവൽ വരവുകൾ | തൊഴിൽ നികുതി (ജീവനക്കാർ), വിനോദ നികുതി, മുനിസിപ്പൽ ആസ്തികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ്, കെട്ടിട നിർമ്മാണ അനുമതി ഫീസ്, മറ്റു ഫീസുകൾ, യൂസർ ചാർജ്ജുകൾ, വിവിധ വില്പന വരവുകൾ, പലിശ വരവുകൾ |

വിവിധ വരവുകളുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതുവായ വിവരങ്ങൾ താഴെ നൽകുന്നു.

**1) അക്രൂവൽ വരവിനങ്ങളിൽ ലഭിക്കാനുള്ള തുക പൂർണ്ണമായി കണ്ടെത്തി ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.**

അക്രൂവൽ വരവിനങ്ങളിൽ നഗരസഭക്ക് ലഭിക്കാനുള്ള വരവ് തുക പൂർണ്ണമായും കണ്ടെത്തി ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല.

നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന, നിലവിലുള്ള അക്രൂവൽ വരുമാന സ്രോതസ്സുകളും പൂർണ്ണമായും കണ്ടെത്തുന്നതിനും, ഇവ പൂർണ്ണമായും ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് നഗരസഭ സമഗ്ര പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

ഉദാ - വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, കെട്ടിടങ്ങളുടെ വാടക Etc......

**2) അക്രൂവൽ വരവുകളുടെ ഡിമാന്റ് രേഖകൾ ലഭ്യമല്ല.**

നഗരസഭയുടെ വിവിധ അക്രൂവൽ വരവിനങ്ങളിലെ നിലവിലെ ഡിമാന്റ് രേഖകൾ നഗരസഭയിൽ ലഭ്യമല്ല. വാർഷിക ധനകാര്യ പത്രികയിൽ ഈ ഇനങ്ങളിലെ ഡിമാന്റ് ആയി കാണിച്ച തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള ഒരു രേഖയും നഗരസഭയിൽ ലഭ്യമല്ല. പല ഇനങ്ങളിലും ലഭിക്കുന്ന തുക ഡിമാന്റ് ആയി കാണിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

ഉദാ - വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, കെട്ടിടങ്ങളുടെ വാടക

ഇക്കാരണത്താൽത്തന്നെ അനധികൃതമായും നിയമവിരുദ്ധമായും പ്രവർത്തിക്കുന്നവരെ കണ്ടെത്താനും സാധിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

**3) കളക്ഷൻ വ്യക്തമായി രേഖപെടുത്തി സൂക്ഷിക്കുന്നില്ല.**

നഗരസഭയുടെ വിവിധ വരവിനങ്ങളിൽ നഗരസഭക്ക് ഒടുക്കേണ്ട തുകകൾ ഒടുക്കിയവരുടെ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഇക്കാരണത്താൽത്തന്നെ കുടിശ്ശിക വരുത്തിയവരെ കണ്ടെത്തി തുടർ നടപടി സ്വീകരിക്കാൻ സാധിക്കുന്നില്ല.

ഉദാ- തൊഴിൽ നികുതി, ലൈസൻസ് ഫീസ്, കെട്ടിട വാടക

**4) കുടിശ്ശികയിൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല.**

അക്രൂവൽ വരവുകളുടെ ഡിമാന്റിൽ ഉൾപ്പെടുത്തപ്പെട്ടവരിൽ നഗരസഭക്ക് ഒടുക്കേണ്ട തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയവരുടെ വിവരം രേഖപ്പെടുത്തി അരിയർ ഡിമാന്റ് രജിസ്റ്റർ/ റിപ്പോർട്ട് തയ്യാറാക്കുകയും ഇത്തരക്കാരിൽ നിന്ന് നഗരസഭക്ക് ലഭിക്കേണ്ട തുക ഈടാക്കുന്നതിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നില്ല.

ഉദാ- വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, കെട്ടിട വാടക

**5)നോൺ അക്രൂവൽ വരവുകളുടെ നിജസ്ഥിതി ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നില്ല.**

നഗരസഭയുടെ നോൺ അക്രൂവൽ വരവിനങ്ങളിൽ ഉൾപ്പെട്ട ഇനങ്ങളുടെ വരവുകൾ തൻ വർഷം ലഭിക്കുന്ന

തുകകൾ അതാത് വർഷത്തെ ഡിമാന്റ് ആയി കണക്കാക്കുകയാണ് ചെയ്യുന്നത്.

ഇത്തരം ഇനങ്ങളിൽ നഗരസഭയുടെ അനുമതികൂടാതെയും, നഗരസഭക്ക് നൽകേണ്ട നികുതി / ഫീസ് ഒടുക്കാതെയും പ്രവർത്തിക്കുന്നവരെ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കാതിരിക്കുന്നത് വൻതോതിലുള്ള വരുമാന നഷ്ടത്തിന് ഇടവരുത്തുന്നതാണ്. എന്നാൽ നഗരസഭയിൽ ഇത്തരത്തിലുള്ള വരവുകളുടെ നിജസ്ഥിതി ഉറപ്പു വരുത്തുന്നതിനും, ലഭിക്കാനുള്ള തുകകൾ പൂർണ്ണമായും ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ഉദാ- ജീവനക്കാരുടെ തൊഴിൽ നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ്, വിനോദ നികുതി, നഗരസഭാ ആസ്തികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ്, വിവിധ രജിസ്ട്രേഷൻ ഫീസുകൾ, Etc.....

**6) പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നില്ല.**

നഗരസഭകൾക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) 86/ 2022/ LSGD Dt. 19.04.2022 പ്രകാരം നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. (ഖ 5.1) എന്നാൽ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും, പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

വസ്തു നികുതി, വിനോദ നികുതി ഇനങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരം വരുത്തിയ വർദ്ധനവ് സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിനും, പുതുതായി നികുതിയിൽ ഉൾപ്പെട്ട ഇനങ്ങൾക്ക് നികുതി ബാധകമാക്കി ഡിമാന്റ് ചെയ്യുന്നതിനും, നഗരസഭ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, കൗൺസിലോ ഇത്തരം കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തുകയോ തീരുമാനം എടുക്കുകയോ ചെയ്തിട്ടുമില്ല എന്നും രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി.

നഗരസഭയുടെ വിവിധ വരവിനങ്ങൾ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർന്നുള്ള പരാമർശങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-46 വസ്തു നികുതി - പൊതു അപാകതകൾ

ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ ഏറ്റവും പ്രധാന തനത് വരുമാനമായ വസ്തു നികുതി സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

**2024-25 വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയുടെ വസ്തുനികുതി ഡി.സി.ബി**

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വസ്തു നികുതി (കറണ്ട്) | 71163901 | 48986105 | 22177796 |
| വസ്തു നികുതി (അരിയർ) | 23305926 | 18349750 | 4956176 |

**രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.**

**1)ഡിമാന്റ് രേഖകൾ ലഭ്യമല്ല.**

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കറണ്ട്, അരിയർ ഡിമാന്റുകളുടെ നിജസ്ഥിതി പരിശോധിക്കുന്നതിനാവശ്യമായ ഒരു രേഖകളും നഗരസഭയിൽ ലഭ്യമല്ല.
കെ സ്മാർട്ട് ഓഡിറ്റ് ലോഗിൻ പ്രകാരം ഒരു നിശ്ചിത കാലയളവിലെ ഡിമാന്റ് പരിശോധിക്കുന്നതിന് സാധ്യമാകുന്നില്ല. രേഖകൾ ലഭ്യമല്ലാത്തതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റിന്റെ നിജസ്ഥിതി പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

**2)വസ്തു നികുതി - നിർമ്മിതികളുടെ ശരിയായ വിവരങ്ങൾ കണ്ടെത്തുന്നതിനുള്ള സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.**

നഗരസഭാ പരിധിയിലുള്ള മുഴുവൻ കെട്ടിടങ്ങളും, വസ്തു നികുതി ബാധകമായ മറ്റു നിർമ്മിതികളും നഗരസഭയുടെ വസ്തു നികുതി ഡാറ്റാ ബേസിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് വാർഡ് തലത്തിൽ ഫീൽഡ് പരിശോധന ഉൾപ്പെടെയുള്ള നടപടികളൊന്നും നഗരസഭ സ്വീകരിച്ചിട്ടില്ല.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുനർ നിർണ്ണയിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയ സ.ഉ(കൈ) 77/2023/LSGD തീ. 22.03.2023 നം ഉത്തരവ് പ്രകാരം കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് ഫീൽഡ് പരിശോധന നടത്തുന്നതിനും വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനും സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കുകയും

ആയത് 30.06.2023 ന് മുമ്പായി പൂർത്തിയാക്കണം എന്ന് നിർദ്ദേശിക്കുകയും ചെയ്തതായിരുന്നു.

എന്നാൽ മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങളൊന്നും നഗരസഭ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി.

**3)വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നില്ല.**

ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭക്ക് 2.21 കോടിയിൽ അധികം രൂപ വസ്തു നികുതി ഇനത്തിൽ മുൻവർഷങ്ങളിലെ ഉൾപ്പെടെ കുടിശ്ശികയായി ലഭിക്കാനുണ്ട്. എന്നാൽ നഗരസഭക്ക് ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമപ്രകാരമുള്ള നടപടികളൊന്നും നഗരസഭ സ്വീകരിച്ചിട്ടില്ല.

**4)അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല.**

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്കെതിരെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 242, 406 , 2011 ലെ കേരള മുനിസിപ്പാലിറ്റി ( വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 , കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 90 എന്നിവ പ്രകാരം നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല.

**6) വസ്തു നികുതി - ചട്ടപ്രകാരമുള്ള രജിസ്റ്റർ/ റിപ്പോർട്ട് ലഭ്യമല്ല.**

കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം സംബന്ധിച്ച രേഖകൾ കെ- സ്മാർട്ട് ആപ്ലിക്കേഷനിലൂടെ പരിശോധിക്കുന്നതിനായി 2011 ലെ കേരള മുനിസിപ്പാലിറ്റി ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പ്രകാരം നിർദ്ദേശിച്ച താഴെ സൂചിപ്പിച്ച രജിസ്റ്ററുകൾ / റിപ്പോർട്ടുകൾ ഓഡിറ്റർ ലോഗിനിൽ ലഭ്യമല്ല.

A. ചട്ടം 12(1) പ്രകാരമുള്ള വസ്തു നികുതി നിർണയ രജിസ്റ്റർ. ( ഫാറം – 4 )

B. ചട്ടം 13 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ. ( ഫാറം – 8 )

C. ചട്ടം 21(3) പ്രകാരമുള്ള ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് രജിസ്റ്റർ. ( ഫാറം – 11 )

D. ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ. ( ഫാറം – 10 )

ആയത് ഓഡിറ്റർ ലോഗിനിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ( ഓഡിറ്റ് എൻക്വയറി നം.103/31.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

വസ്തു നികുതി സംബന്ധിച്ച മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-47 വസ്തു നികുതി നിർണ്ണയം - രേഖകളിലെ അപാകതകൾ

വസ്തു നികുതി നിർണ്ണയത്തിന് കെ സ്മാർട്ട് മുഖേന സമർപ്പിക്കപ്പെട്ട് വസ്തു നികുതി നിർണ്ണയിച്ചു നൽകിയ ഫയലുകളുടെ പരിശോധനയിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

**1) ഭൂമിയുടെ വിവരങ്ങൾ ഉറപ്പു വരുത്തുന്നതിനുള്ള രേഖകൾ ലഭ്യമല്ല.**

കെട്ടിടങ്ങൾക്ക് നമ്പർ നൽകിയ ഫയലിൽ Survey Details Option ലെ വിവരങ്ങളുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ കൈവശാവകാശ രേഖകൾ മിക്ക ഫയലുകളിലും അപ്‌ലോഡ് ചെയ്തിട്ടില്ല. ഇക്കാരണത്താൽ ഭുവിസ്തൃതി, തരം എന്നീ വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

**2. പ്ലാനുകൾ അപ് ലോഡ് ചെയ്തിട്ടില്ല.**

പരിശോധനക്ക് ലഭ്യമായ പല അപേക്ഷകളിലും ആവശ്യമായ പ്ലാനുകൾ ഉൾപ്പെടുത്തിയിട്ടില്ല .

ഉദാ:- കെ-സ്മാർട്ട് ഫയൽ നം. 1354146-2024, 2018217-2024, 1957211-2024.

വളരെയധികം അപേക്ഷകളിൽ പാർക്കിംഗ് പ്ലാൻ ഉൾപ്പെടെ നിയമപ്രകാരം അനിവാര്യമായ മുഴുവൻ പ്ലാനുകളും ഉൾപ്പെടുത്തിയിട്ടില്ല.

**3) അവ്യക്തമായ പ്ലാനുകൾ ഉൾപ്പെടുത്തി ഫയലുകൾ സമർപ്പിക്കുന്നു.**

വിവിധ അപേക്ഷകളുടെ കൂടെ ഉൾപ്പെടുത്തിയ കംപ്ലീഷൻ പ്ലാനുകൾ അവ്യക്തമായ രീതിയിൽ കാണപ്പെടുന്നതിനാൽ ബിൽറ്റ് അപ്പ് ഏരിയ, ഫ്ലോർ ഏരിയ , വഴിസൗകര്യം ഉൾപ്പെടെയുള്ള നികുതി നിർണയ

ഘടകങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

ഉദാ:- കെ-സ്മാർട്ട് ഫയൽ നം. 1379479/24 , 2005027/24 , 2004770/24.

**4. ഫീൽഡ് പരിശോധനാ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.**

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടം 12(8) പ്രകാരം കെട്ടിട ഉടമ സമർപ്പിക്കുന്ന വസ്തു നികുതി റിട്ടേൺ സ്ഥലത്ത് പോയി അന്വേഷണം നടത്തി വിവരങ്ങൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ വഴി ശേഖരിക്കേണ്ടതാണ്. എന്നാൽ ഫയലുകളിലൊന്നും തന്നെ സ്ഥല പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

**5. പെർമിറ്റ് ഫയൽ അറ്റാച്ച് ചെയ്തിട്ടില്ല.**

നമ്പറിംഗിന് വേണ്ടി അപേക്ഷ സമർപ്പിക്കപ്പെട്ട കെട്ടിടത്തിന്റെ പെർമ്മിറ്റ് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതിനാൽ പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (104/01.01.2026) ക്ക് അപാകതകൾ ഐ കെ എം ന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നാണ് മറുപടി ലഭ്യമാക്കിയത്. മേൽ പരാമർശിക്കപ്പെട്ട അപാകതകൾ IKM തലത്തിൽ പരിഹരിക്കപ്പെടേണ്ടവയല്ല. ഇത് നഗരസഭാ തലത്തിലും , ലൈസൻസ്ഡ് എഞ്ചിനിയർ തലത്തിലും പരിഹരിക്കേണ്ട അപാകതകളാണ്.

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-48 അനധികൃത കെട്ടിടങ്ങൾ- കെ സ്മാർട്ട് രേഖയിൽ നിന്ന് ഒഴിവാക്കി.

നഗരസഭയിലെ വിവിധ വാർഡുകളിലെ അനധികൃത കെട്ടിടങ്ങൾ കെ സ്മാർട്ട് ആപ്ലിക്കേഷൻ വഴി പരിശോധിച്ചതിൽ ചില കെട്ടിടങ്ങൾ സോഫ്റ്റ്വെയറിൽ നിന്നും ഒഴിവാക്കിയതായി കണ്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം | പേര് | Door No | | കെട്ടിട ഉടമ | ഉപയോഗ ക്രമം | പ്ലിന്ത് ഏരിയ | ടാക്സ് | Status |
|---|---|---|---|---|---|---|---|---|
| 15 | Bus Stand | 1 | UA/2023 | MUHAMMED NOUSHAD, NAHANA NOUSHAD, AHAMMED SIYAD, SUNITHA | For Commercial Purpose Supermarkets And Shopping Malls With Floor Area Of Above 200 Sq. Mtr | 756.6 | 365439.00 | DELETED |
| 15 | Bus Stand | 2 | UA/2022 | BEEPATHUMMA | For Commercial Purpose , Hotels , Restaurants, Shops ,Go Downs With A Floor Area Of Above 100 Sqr. Mtr | 1228.66 | 515027.00 | DELETED |
| 37 | Townhall | 2 | UA/2023 | KUTTAN | For Commercial Purpose , Hotels , Restaurants, Shops ,Go Downs With A Floor Area Of Above 100 Sqr. Mt | 400.44 | 176252 | DELETED |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 16 | Variyathara | 79 | E | Muhamedkutty, Abdul Vahid, Sainaba | For Commercial Purpose , Hotels , Restaurants, Shops ,Godowns With A Floor Area Of Above 100 Sqr. Mt | 54.72 | 13004 | DELETED |
| 18 | Kott Wes | 1 | UA/2023 | AMINA | Residential | 129.88 | 5828 | DELETED |
| 27 | Thekkummuri East | 1 | UA/2023 | K T FATHEEVi | For Commercial Purpose , Hotels , Restaurants, Shops ,Godowns With A Floor Area Of Above 100 Sqr. Mt | 724 | 318695.00 | DELETED |
| 27 | Thekkummuri East | 2 | UA/2023 | BAVA | For Commercial Purpose , Hotels , Restaurants, Shops ,Godowns With A Floor Area Of Above 100 Sqr. Mt | 442.5 | 194761.00 | DELETED |

മേൽ കെട്ടിടങ്ങൾ സോഫ്റ്റ്‌വെയറിൽ നിന്നും ഒഴിവാക്കിയതിന് ആധാരമാക്കിയ ഫയലുകൾ/രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (169/06.02.2026) ക്ക് മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ കാരണങ്ങൾ കൂടാതെ കെട്ടിടങ്ങൾ സോഫ്റ്റ്‌വെയറിൽ നിന്നും ഒഴിവാക്കുന്നത് മൂലം കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്യുന്നതിനും, കളക്ട് ചെയ്യുന്നതിനും സാധിക്കാതെ വരികയും ചെയ്യുന്നു.

മേൽ പരാമർശിക്കപ്പെട്ട അനധികൃത കെട്ടിടങ്ങളുമായി ബന്ധപ്പെട്ട നികുതി നിർണ്ണയ രേഖകൾ. അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിച്ച തുടർ നടപടികളുടെ രേഖകൾ ,നഗരസഭാ രേഖയിൽ കെട്ടിടങ്ങൾ Deleted ആയി കാണിച്ചതിന് ആധാരമാക്കിയ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. മേൽ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി നേരിൽ പരിശോധിച്ച് ഓഡിറ്റിന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-48-1 അനധികൃത നിർമ്മാണം സംബന്ധിച്ച കേസുകൾ - നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കിയില്ല

2024-25 വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട കേസുകൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

1) തിരൂർ നഗരസഭയിൽ വാർഡ് 37 ൽ 2093 ,2095 ,2096 ,2097 , 2098 ,2099 ,2100, 2101 ,2102 ,2103 എന്നീ നമ്പർ കെട്ടിടങ്ങളിൽ ശ്രീ.കുഞ്ഞിമുഹമ്മദ് പൈങ്ങോട്ടിൽ എന്നവർ നടത്തി വന്നിരുന്ന ത്രീ എസ് ലോഡ്ജ് എന്ന സ്ഥാപനത്തിൽ മുകളിൽ പണിത കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തിയതായി കണ്ടെത്തിയതിനെ തുടർന്ന് ആയത് പൊളിച്ചുമാറ്റുന്നതിനായി നഗരസഭ നോട്ടീസ് നൽകിയതിനെതിരെ ടിയാൻ ബഹു. ഹൈ കോടതി മുമ്പാകെ WP(C) 35350/2024 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. 10/ 10/ 2024 ലെ Judgment പ്രകാരം അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിനായി സെക്ഷൻ 406 (1) (2) പ്രകാരം സമർപ്പിച്ച Ext .P 3 ക്കെതിരെ 6 ആഴ്ചക്കകം ഫൈനൽ ഓർഡർ നൽകണമെന്നാവശ്യപെട്ട് കോടതി ഉത്തരവ് പുറപ്പെടുവിച്ച് കേസ് തീർപ്പാക്കിയിട്ടുള്ളതാണ്.

2) A3- 240250/24 നമ്പർ ഫയൽ പ്രകാരം കെ.എം.ബി.ആർ ചട്ടങ്ങൾ പാലിക്കാതെ അനധികൃതമായി 3 നില കെട്ടിടം നിർമ്മിച്ചതിനെതിരെ ശ്രീ അബ്ദുൾ അസീസ് എന്നവർ റെഹ്മത്ത് മുതൽ പേരെ 1 മുതൽ 5 വരെ കക്ഷികളാക്കി പ്രതിചേർത്തിട്ടുള്ളതും ബഹു. തിരൂർ മുനിസിഫ് കോടതി മുമ്പാകെയുള്ള OS 417/2014 In IA 6/2023 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

3) വാർഡ് 2 ൽ ശ്രീ സൈതലവി മണ്ണേപറമ്പിൽ ഉടമസ്ഥതയിലുള്ള 2/228-C നമ്പർ കെട്ടിടവും, ശ്രീ നൗഷാദ് ചെക്കത്ത്, ശ്രീ മൊയ്തീൻ കുട്ടി കൊണ്ടാരത്ത് 2/278 എന്നിവരുടെ ഉടമസ്ഥതയിലുള്ളതുമായ രണ്ട് പ്ലോട്ടുകളിൽ ഉള്ള കെട്ടിടങ്ങൾ ഒന്നായി മാറ്റുകയും ആയതിന്റെ കോമൺ ഏരിയകൾ, പാർക്കിംഗ് സൗകര്യങ്ങൾ എന്നിവ കെട്ടിടമായി കെട്ടിയതിനെ തുടർന്ന് , UAC നമ്പർ നൽകി നികുതി ചുമത്തിയിട്ടുണ്ട്. നഗരസഭ നോട്ടീസ് നൽകിയതിനെതിരെ ടിയാൻ ബഹു. ഹൈ കോടതി മുമ്പാകെ WP(C) 45344/2024 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു.

മേൽ വിഷയങ്ങളിൽ നഗരസഭ സ്വീകരിച്ച നടപടികൾ / കേസിന്റെ നിലവിലെ സ്ഥിതി വിവരം എന്നിവ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി ( 173/07.02.2026 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിക്കപ്പെട്ട കെട്ടിങ്ങളിലെ അനധികൃത നിർമ്മാണം സംബന്ധിച്ച് കോടതിയിലുള്ള കേസിൽ നഗരസഭ സ്വീകരിച്ച തുടർ നടപടികളുടെ രേഖകൾ, അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളുടെ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-48-2 അനധികൃത നിർമ്മാണം -ഈടാക്കാനുള്ള തുക പൊരുത്തപ്പെടുന്നില്ല.

നഗരസഭാ കൗൺസിൽ മിനിറ്റ്സ് പരിശോധിച്ചതിൽ 19.06.2024 ലെ കൗൺസിൽ തീരുമാന പ്രകാരം A3- 26278/15 നഗരസഭ 15-ാം വാർഡിൽ ശ്രീ. കോയസ്സൻ ഹാജി ഇ.പി ഇനങ്ങാപടലിൽ വീട്, അത്താണിക്കൽ, വൈലത്തൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള ഇ.പി ടവർ എന്ന കെട്ടിടത്തിലെ 3-ാം നില അനധികൃതമായി ട്രസ്സ് വർക്ക് നടത്തി നിർമ്മിക്കുകയും ആയതിലേക്ക് അപകടകരമായ രീതിയിൽ സ്റ്റീൽ, സ്റ്റെയർ നിർമ്മിക്കുകയും നിലവിലുള്ള BF ൽ പാർക്കിംഗിനായി വിട്ടിട്ടുള്ള ഏരിയ അടച്ച്കെട്ടി ഗോഡൌൺ ആക്കുകയും ചെയ്തിട്ടുള്ള പ്രവൃത്തി ഡി.ജി.പി വിജിലൻസ് കണ്ടെത്തിയതിന്റെ ഭാഗമായി നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം അനധികൃത നിർമ്മാണത്തിനെതിരെ PW3- 23421/14 നമ്പർ പ്രകാരം നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി നിലവിലുള്ള നമ്പറുകൾ റദ്ദ് ചെയ്യുകയും 15/2073.1, 15/2073.2 എന്നീ UA നമ്പറുകൾ നൽകുകയും മൂന്നിരട്ടി നികുതി ചുമത്തിയിട്ടുള്ളതുമാണ്. ടി തുക അടവാക്കുന്നതിന് നോട്ടീസ് നൽകിയപ്പോഴാണ് കെട്ടിട ഉടമ ട്രൈബ്യൂണൽ മുമ്പാകെയും ആയതിന് ശേഷം ബഹു. ഹൈക്കോടതി മുമ്പാകെയും കേസ് നൽകിയിട്ടുള്ളത്. UAC പ്രകാരമുള്ള നികുതി ഇതുവരെ ടിയാൻ നഗരസഭയിൽ ഒടുക്കിയിട്ടില്ലാത്തതാണ്. നികുതിയിനത്തിൽ 01.04.2013 മുതൽ 15/2073.1 എന്ന നമ്പറിൽ 855200/- രൂപയും 15/2073.2 എന്ന നമ്പറിൽ 915133/- രൂപയും കെ സ്മാർട്ടിൽ കുടിശ്ശികയുള്ളതാണ്. ബഹു. ഹൈക്കോടതിയുടെ 22.11.2023 ലെ WP(C) No- 36082/23 നമ്പർ ഉത്തരവ് പ്രകാരം അപേക്ഷകർക്ക് നഗരസഭയിൽ അപ്പീൽ നൽകാൻ ഉത്തരവായിട്ടുള്ളതാണ്. UA നമ്പർ ഒഴിവാക്കുന്നതിന് ഒന്നുകിൽ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുകയോ നിർമ്മാണം KMBR ചട്ടങ്ങൾ പ്രകാരം കെട്ടിടം നിലവിലുള്ള അവസ്ഥയിൽ ക്രമവത്കരിക്കുകയോ ചെയ്താൽ മാത്രമേ അനധികൃത കെട്ടിടങ്ങൾക്ക് ചുമത്തുന്ന നികുതിയും നമ്പറും ഒഴിവാക്കുന്നതിന് കഴിയുകയുള്ളൂവെന്ന് കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്.

ഓഡിറ്റിന് ലഭ്യമാക്കിയ കെ സ്മാർട്ട് ലോഗിൻ ഉപയോഗിച്ച് 11.02.2026 ന് മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ രേഖകൾ പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങൾ താഴെ നൽകുന്നു.

| കെട്ടിടത്തിന്റെ വിവരം | ഒടുക്കാൻ അവശേഷിക്കുന്ന തുക | കുറിപ്പ് |
|---|---|---|
| 15/2073/1 അനധികൃത കെട്ടിടം ഉടമ-ഇ.പി.കോയസ്സൻ | ₹63758 2025-26 II Half ഉൾപ്പെടെ | ഫയൽ നം 544845-2025 പ്രകാരം 2013-14 I Half മുതൽ 2023-24 I Half വരെ ₹432845 ഈടാക്കുന്നതിന് RR നടപടികൾ സ്വീകരിച്ചതായി കാണുന്നു. |
| 15/2073/2 അനധികൃത കെട്ടിടം ഉടമ-ഇ.പികോയസ്സൻ | ₹68226 2025-26 II Half ഉൾപ്പെടെ | ഫയൽ നം 544852-2025 പ്രകാരം 2013-14 I Half മുതൽ 2023-24 I Half വരെ ₹463170 ഈടാക്കുന്നതിന് RR നടപടികൾ സ്വീകരിച്ചതായി കാണുന്നു. |

നഗരസഭാ കൗൺസിലിൽ റിപ്പോർട്ട് ചെയ്ത നികുതി കുടിശ്ശിക വിവരങ്ങളും , കെ സ്മാർട്ട് പ്രകാരമുള്ള കുടിശ്ശിക വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. കൂടാതെ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന്

നഗരസഭ നടപടികളൊന്നും സ്വീകരിച്ചതായി കെ സ്മാർട്ട് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്താനായില്ല. മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (176/11.02.2026) മറുപടി ലഭ്യമാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അനധികൃത നിർമ്മാണത്തിനെതിരെ നഗരസഭ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

## 1-48-3 നഗരസഭയിലെ അനധികൃത കെട്ടിടങ്ങൾ -ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചില്ല

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി നിയമം ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ താഴെ നൽകുന്നു.

1) കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിയിരുന്ന വസ്തുനികതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്ത് വസ്തു നികുതി ആവശ്യപ്പെട്ട് കൊണ്ട് ഉടമകൾക്ക് ഡിമാന്റ് നോട്ടീസ് അയക്കേണ്ടതും കെട്ടിടം പൊളിച്ച് മാറ്റുന്നത് വരെ ഇപ്രകാരം വസ്തു നികുതി നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കും ( കേരള മുനിസിപ്പാലിറ്റി നിയമം 242 വകുപ്പ്, കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(1) )

2) മേൽ പരാമർശിച്ച പ്രകാരമുള്ള നികുതി ചുമത്തുന്നത് അനധികൃത നിർമ്മാണത്തിനെതിരെയുള്ള നടപടികൾക്ക് തടസ്സം വരുത്തുന്നതല്ല ( കേരള മുനിസിപ്പാലിറ്റി നിയമം 242 (1) വകുപ്പ്, കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(3) )

3) അനധികൃത നമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ഫോറം 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണം ( കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(1) )

കെ സ്മാർട്ട് ഓഡിറ്റ് ലോഗിൻ മുഖേന 09.02.2026 ൽ നടത്തിയ പരിശോധനയിൽ ചട്ടപ്രകാരമുള്ള മാതൃകയിലുള്ള റിപ്പോർട്ട് കെ സ്മാർട്ട് വസ്തുനികുതി മൊഡ്യൂളിൽ ലഭ്യമാകുന്നില്ല എന്ന് വ്യക്തമായി.

കെ സ്മാർട്ടിൽ ലഭ്യമായ ബിൽഡിംഗ് ലിസ്റ്റ് പരിശോധിച്ചതിൽ 2024-25 ലും മുൻവർഷങ്ങളിലുമായി UA നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം | വാർഡ് | കെട്ടിട നം. | | ഉടമസ്ഥൻ | പ്ലിന്ത് ഏരിയ | വാർഷിക വസ്തു നികുതി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | Porur | 173 | A | Sundaran | 140.36 | 6564.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 2 | Thazhepalam | 303 | 1 | Haneefa | 7.15 | 2203.00 | നികുതി പൂർണമായി അടവാക്കിയിട്ടുണ്ട്. |
| 2 | Thazhepalam | 228 | C | SAIDALAVI | 1684.77 | 719138.00 | കോടതി പരിഗണനയിൽ |
| 2 | Thazhepalam | 278 | A | NOUSHAD, MOIDEENKUTTY | 6541.3 | 2199973.00 | കോടതി പരിഗണനയിൽ |
| 3 | Naduvilangadi | 1 | UA | SHAHUL HAMEED | 234.4 | 12177.00 | നികുതി പൂർണമായി അടവാക്കിയിട്ടുണ്ട്. |
| 3 | Naduvilangadi | 1 | Ua2023 | MUHAMMED SULAIM, ASNATH | 88.23 | 4584.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 3 | Naduvilangadi | 316 | 1 | DHANISH HYDROS | 51.7 | 20446.00 | നികുതി പൂർണമായി അടവാക്കിയിട്ടുണ്ട്. |
| 3 | Naduvilangadi | 316 | 2 | DHANISH HYDROS | 194.85 | 77047.00 | നികുതി പൂർണമായി അടവാക്കിയിട്ടുണ്ട്. |
| 5 | Peruvazhiyambalam | 1 | Ua/2022 | ABDUL RASHEED | 311.02 | 21803.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | Michabhoomi | 1 | UAC | N.P.PREMA | 149.88 | 6228.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 8 | Chembra North | 145 | UAC | ISMAIL, AYISUMMU | 74.47 | 3485.00 | RR നടപടി സ്വീകരിച്ച് വരുന്നു. |
| 9 | Chembra | 1 | UA | HAMZA.T.P | 241.49 | 11289.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 10 | Kanjirakundu | 1 | UA/2022 | SHAHULHAMEED | 144.89 | 7527.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 10 | Kanjirakundu | 1 | Ua/2023 | ALIHAJI HAMSA SON OF KILLATHUPARAMBIL KUNJAMMUHAJI | 197.06 | 10234.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 15 | Bus Stand | 1 | UA/2022 | ABDHUL HAMEED | 68.92 | 21198.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 15 | Bus Stand | 2073 | 2 | E.P. Koyassan | 137.5 | 46218.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 15 | Bus Stand | 2073 | 1 | E.P. Koyassan | 128.5 | 43192.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 15 | Bus Stand | 3 | Ua/2022 | MUTHU ALIAS MUSTHAFA | 258.9 | 18151.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 15 | Bus Stand | 4 | UA/2022 | MUTHU ALIAS MUSTHAFA | 31.38 | 1961.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 15 | Bus Stand | 501 | 1 | MOHAMMED ASHRAF HAJI | 54.18 | 16664.00 | നികുതി പൂർണമായും അടവാക്കിയിട്ടുണ്ട് |
| 15 | Bus Stand | 509 | 1 | Muhamed Asharaf | 39.06 | 12016.00 | നികുതി പൂർണമായും അടവാക്കിയിട്ടുണ്ട് |
| 15 | Bus Stand | 1465 | | Jameela | 11.44 | 4554.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 15 | Bus Stand | 1466 | | Jameela | 11.44 | 4554.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 15 | Bus Stand | 1478 | | Theneem Muhamed | 14.08 | 6111.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 15 | Bus Stand | 1479 | | Thesneem Muhamed | 9 | 3909.00 | നികുതി പൂർണമായും നൽകിയിട്ടുണ്ട് |
| 15 | Bus Stand | 1667 | A Uac | Noushad And 4 Others | 78.6 | 33907.00 | നികുതി പൂർണമായും നൽകിയിട്ടുണ്ട് |
| 15 | Bus Stand | 1667 | B UAC | Noushad AND 4 OTHERS | 78.6 | 29528.00 | നികുതി പൂർണമായും നൽകിയിട്ടുണ്ട് |
| 20 | Ezhur East | 1 | UA/2022 | ABDURAHIMAN | 273.96 | 13517.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 22 | Thalappallipadam | 2 | | Moitheenkutty Haji, Pathutty | 12.5 | 4068.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 22 | Thalappallipadam | 3 | | Moitheenkutty Haji, Pathutty | 20.74 | 6754.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 22 | Thalappallipadam | 4 | | Muyatheenkutty Haji, | 15.25 | 4968.00 | ഡിമാന്റ് നോട്ടീസ് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | Pathutty | | | നൽകിയിട്ടുണ്ട് |
| 22 | Thalappallipadam | 5 | | Muyatheen Kuttyhaji, Pathutty | 17.5 | 5697.00 | നികുതി പൂർണമായും നൽകിയിട്ടുണ്ട് |
| 22 | Thalappallipadam | 6 | | Muyatheenkutty Haji, Pathutty | 17.5 | 5697.00 | നികുതി പൂർണമായും നൽകിയിട്ടുണ്ട് |
| 22 | Thalappallipadam | 7 | | Muyatheen Kutty Haji, Pathutty | 15.51 | 5048.00 | നികുതി പൂർണമായും നൽകിയിട്ടുണ്ട് |
| 22 | Thalappallipadam | 8 | | Muyatheenkutty Haji, Pathutty | 14.1 | 4365.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 22 | Thalappallipadam | 9 | | Muyatheenkutty Haji, Pathutty | 14.1 | 4365.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 22 | Thalappallipadam | 10 | | Muyatheenkutty Haji, Pathutty | 9.9 | 3068.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 22 | Thalappallipadam | 11 | | Muyatheenkutty Haji, Pathutty | 22.2 | 7229.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 22 | Thalappallipadam | 12 | | Muyatheenkutty Haji, Pathutty | 16.6 | 5138.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 22 | Thalappallipadam | 13 | | Muyatheenkutty Haji, Pathutty | 4.4 | 1367.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 22 | Thalappallipadam | 14 | | Muyatheenkutty Haji, Pathutty | 24 | 7422.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 22 | Thalappallipadam | 15 | | Muyatheenkutty, Pathutty | 13.13 | 4065.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 22 | Thalappallipadam | 16 | | Muyatheenkutty Haji, Pathutty | 16.38 | 5069.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 22 | Thalappallipadam | 17 | | Muyatheenkuttyhaji, Pathutty | 29.25 | 9047.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 23 | Muthur | 1 | Ua/2023 | FAHISA, JABEENA | 239.1 | 12419.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 27 | Thekkummuri East | 410 | | K.C. Kunhava. President Thekummuri Juma Ath Palli | 130.8 | 52375.00 | നികുതി പൂർണമായും അടവാക്കിയിട്ടുണ്ട് |
| 30 | South Annara | 2 | UA/2022 | USHA | 74.32 | 3864.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 30 | South Annara | 354 | AUA | ABDUL NAZER | 210.98 | 8770.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 35 | Poongottukulam | 31 | | Nirmala Convent | 211.88 | 13969.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 35 | Poongottukulam | 32 | | Nirmala Convent | 648 | 48527.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 35 | Poongottukulam | 227 | A UA | DR.MUHAMMED ABDURAHMAN, DR.K S HYDROS, DR.P J.MATHEW, DR.E S SHAMSUDHEEN, DR.M A M.BAVA, DR.C RAMESH, | 3208.7 | 865014.00 | കോടതി പരിഗണനയിൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | DR.ABDULLATHEEF | | | |
| 35 | Poongottukulam | 227 | B UA | DR.C.RAMESH, DR.ABDUL LATHEEF, DR.MUHAMMED ABDURAHMAN, DR.K S.HYDROS, DR.P J .MATHEW, DR.E.S.SHAMSUDHEEN, M.A.M.BAVA | 240.412 | 57612.00 | കോടതി പരിഗണനയിൽ |
| 37 | Townhall | 1748 | 2 | Abdul Rahman. P.P, Basheer. P.P | 100.36 | 41131.00 | കോടതി പരിഗണനയിൽ |
| 37 | Townhall | 1184 | A | Kadeeja | 221.24 | 79527.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 37 | Townhall | 1302 | A UA | MOITHEENHAJI | 135.23 | 58333.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 37 | Townhall | 1522 | 1 | Dr: K .Noushad, Dr.K. Abdul Nasar | 9.67 | 4175.00 | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് |
| 37 | Townhall | 1748 | 1 | Abdul Rahman. P.P, Basheer. P.P | 55.17 | 23801.00 | കോടതി പരിഗണനയിൽ |

മേൽ അനധികൃത കെട്ടിടങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (177/11.02.2026) മറുപടി ലഭ്യമാക്കി. ലഭ്യമാക്കിയ മറുപടിയുടെ വിവരങ്ങൾ റിമാർക്ക്സിൽ നൽകിയിട്ടുണ്ട്.

UA നമ്പർ നൽകി നികുതി ചുമത്തിയ അനധികൃത കെട്ടിടങ്ങളുടെ അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിന് / പൊളിച്ച് കളയുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം കെ സ്മാർട്ടിൽ പരിശോധനക്ക് ലഭ്യമായിട്ടില്ല.

മേൽ പരാമർശിക്കപ്പെട്ട അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതിവിവരം, ആയത് എന്തെങ്കിലും ആവശ്യങ്ങൾക്ക് നിലവിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നത് പരിശോധിക്കുകയോ ആയവ ക്രമവൽക്കരിക്കുന്നതിനോ നിയമലംഘനങ്ങൾ പൊളിച്ച് കളയുന്നതിനോ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയ വിവരം, കെട്ടിടങ്ങൾക്ക് ചുമത്തിയിട്ടുള്ള വസ്തു നികുതി ഈടാക്കിയതിന്റെയും കുടിശ്ശികയുടെയും വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-48-4 അനധികൃത കെട്ടിടങ്ങൾ - വസ്തുനികുതി രേഖയിൽ നിയമാനുസൃത കെട്ടിടമായി രേഖപ്പെടുത്തി

നഗരസഭയിലെ വിവിധ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾ അനധികൃത കെട്ടിടങ്ങളാണെന്ന് വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം/ ഫയൽ നം | കെട്ടിട ഉടമ | റിമാർക്ക്സ് |
|---|---|---|
| 3702571-2025 | MES Central School | അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ ഫിറ്റ്നസ് രേഖകളിൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുകയും, ഫിറ്റ്നസ് അനുവദിച്ചിട്ടില്ലായെന്നും വ്യക്തമായിട്ടുണ്ട്. |
| 3495461-2025 | MET CENTRAL SCHOOL, ALINCHUVADU | അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ ഫിറ്റ്നസ് രേഖകളിൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുകയും, ഫിറ്റ്നസ് അനുവദിച്ചിട്ടില്ലായെന്നും വ്യക്തമായിട്ടുണ്ട്. |
| 2074035-2025 | GBHSS TIRUR | അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ ഫിറ്റ്നസ് രേഖകളിൽ അനധികൃത നിർമ്മാണങ്ങൾ |

| | | |
|---|---|---|
| | | കണ്ടെത്തുകയും, ഫിറ്റ്നസ് അനുവദിച്ചിട്ടില്ലായെന്നും വ്യക്തമായിട്ടുണ്ട്. |
| 13/1767 A B C | സഫിയ, ആസ്യ, നാദിറ, മുഹമ്മദാലി | 2023-24 ഓഡിറ്റ് റിപ്പോർട്ടിന് ലഭ്യമാക്കിയ ആദ്യ മറുപടിയിൽ (830350/25 Dtd 19.10.2025 ) 37/1767, എ.ബി.സി എന്നീ കെട്ടിടങ്ങൾ അനധികൃത നിർമ്മാണം കണ്ടെത്തുകയും തുടർന്ന് KMACT 242 പ്രകാരം മൂന്നിരട്ടി നികുതി ചുമത്തി നോട്ടീസ് നൽകുകയും , കെട്ടിട ഉടമ ബഹു ഹൈക്കോടതിയിൽ WP(C) 16816/23 പ്രകാരം കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും മറുപടിയിൽ സൂചിപ്പിക്കുന്നു. |
| വാർഡ് 37 ൽ 2093 ,2095 ,2096 ,2097 , 2098 ,2099 ,2100, 2101 ,2102 ,2103 | കുഞ്ഞിമുഹമ്മദ് പൈങ്ങോട്ടിൽ | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ ത്രീ എസ് ലോഡ്ജ് എന്ന സ്ഥാപനത്തിന്റെ മുകളിൽ പണിത കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തിയതായി കണ്ടെത്തിയതിനെ തുടർന്ന് ആയത് പൊളിച്ചുമാറ്റുന്നതിനായി നഗരസഭ നോട്ടീസ് നൽകിയതിനെതിരെ ടിയാൻ ബഹു. ഹൈ കോടതി മുമ്പാകെ WP(C) 35350/2024 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. 10/10/2024 ലെ Judgment പ്രകാരം അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിനായി സെക്ഷൻ 406 (1) (2) പ്രകാരം സമർപ്പിച്ച Ext .P 3 ക്കെതിരെ 6 ആഴ്ചക്കകം ഫൈനൽ ഓർഡർ നൽകണമെന്നാവശ്യപ്പെട്ട് കോടതി ഉത്തരവ് പുറപ്പെടുവിച്ച് കേസ് തീർപ്പാക്കിയിട്ടുള്ളതാണെന്നും രേഖപ്പെട്ടു ത്തിയിട്ടുണ്ട്. |

എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ കെ സ്മാർട്ട് ലോഗിൻ ഉപയോഗിച്ച് 11.02.2026 ന് ബിൽഡിങ്ങ് ലിസ്റ്റ് റിപ്പോർട്ട് മൊഡ്യൂൾ ഉപയോഗിച്ച് കെട്ടിടങ്ങൾ പരിശോധിച്ചതിൽ മേൽ കെട്ടിടങ്ങൾ AUTHORISED കെട്ടിടങ്ങളായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അനധികൃത കെട്ടിടങ്ങൾ കെ സ്മാർട്ടിൽ Authorised ആയി കാണിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (179/ 11-02-2026) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

**1-49 നിലം/നഞ്ച ഭൂമിയിൽ നിർമ്മിച്ച കെട്ടിടങ്ങൾക്ക് മാനദണ്ഡങ്ങൾ പാലിക്കാതെ ക്രമവൽക്കരിച്ച്- നമ്പർ/ഒക്കുപൻസി അനുവദിച്ചു**

ഫയൽ നം. **1459283/2024**

തിരൂർ നഗരസഭയിലെ ശ്രീമതി. തസ്‌ലീന, ഇല്ലത്തു പറമ്പിൽ എന്നവരുടെ 15.06.2024ലെ TXPT-00629938 നമ്പർ കെട്ടിട നമ്പറിനുള്ള അപേക്ഷയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വില്ലേജ് | തൃക്കണ്ടിയൂർ |
| സർവ്വേ നമ്പർ | 105/2-12 |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | പാർപ്പിടം |
| കെട്ടിടത്തിന്റെ നിർമ്മിത വിസ്തൃതി | 238.8ച.മീ.31/103A ( 119.56 M2 -Ground Floor), 31/103 B (119.24 M2 -First Floor) |
| ഭൂമിയുടെ തരം (K-Smart Survey Details) | നിലം |

| | |
|---|---|
| പ്ലോട്ടിന്റെ വിസ്തൃതി (Completion Planപ്രകാരം) | 290 M2 (2.02 Are) |

1. മേൽ കെട്ടിടത്തിന്റെ വിവരങ്ങൾ കെ സ്മാർട്ടിൽ പരിശോധിച്ചതിൽ സർവ്വേ വിവരങ്ങൾ-'ഭൂമിയുടെ തരം നിലം' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കേരള തണ്ണീർത്തട സംരക്ഷണ നിയമം(ഭേദഗതി)-2018-ചട്ടം 27എ-ഉപചട്ടം 6 പ്രകാരം **നിലം എന്ന തരത്തിൽപ്പെട്ട ഭൂമിയിൽ പരമാവധി 4.04ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 120 ചതുരശ്രമീറ്റർ വിസ്തീർണമുള്ള വീട് നിർമ്മിക്കുന്നതിനും** അല്ലെങ്കിൽ പരമാവധി 2.02ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 40 ചതുരശ്രമീറ്റർ വിസ്തീർണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനോ മാത്രമാണ് പ്രത്യേക അനുമതി ആവശ്യമില്ലാത്തത്. ഇതിൽ അധികരിക്കുന്ന നിർമ്മാണങ്ങൾക്ക് ആർ ഡി ഒ യുടെ അനുമതി ആവശ്യവുമാണ്. എന്നാൽ ആർ ഡി ഒ യുടെ അനുമതിയില്ലാതെ 12.01.2023ന് PW4-BA(14511)/23 നമ്പർ പ്രകാരം ക്രമവത്ക്കരിച്ച് നൽകുകയും, മേൽ കെട്ടിടത്തിന് സെക്രട്ടറി 18.04.2023 ന് Occupancy സർട്ടിഫിക്കറ്റ് (PW4/8505/2022) അനുവദിച്ചിട്ടുമുണ്ട്.റെസിഡൻഷ്യൽ വിഭാഗത്തിൽ 238.8 ചതുരശ്രമീറ്റർ വിസ്തൃതിയിൽ കെട്ടിട നിർമ്മാണത്തിന് ചട്ടപ്രകാരമല്ലാതെ നമ്പർ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. Survey Details പ്രകാരം 105/2-12 സർവ്വെ നമ്പരിൽ 7.16 Are വിസ്തൃതിയാണുള്ളത്. എന്നാൽ Completion Plan പ്രകാരം 290m2 (2.02 Are) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ 105/2-12 Areസർവ്വെ നമ്പരിലുള്ള കൈവശാവകാശരേഖ ഹാജരാക്കേണ്ടതാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (79/19-12-2025) ക്ക് മറുപടി ലഭ്യമാക്കിയില്ല. ക്രമ നം. 1,2 ൽ ആവശ്യപ്പെട്ട ആർ ഡി ഒ യുടെ അനുമതി, കൈവശാവകാശ രേഖ എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-50 ക്രമവത്ക്കരണ അപേക്ഷ- തുടർനടപടികൾ സ്വീകരിച്ചില്ല

പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം നിർമ്മാണം ക്രമവൽക്കരിച്ച് കിട്ടുന്നതിനായി 2024-25 വർഷത്തിൽ ലഭിച്ച അപേക്ഷകളിൽ ഏതാനും എണ്ണം കെ-സ്മാർട്ട് മുഖേന പരിശോധിച്ചു. താഴെപ്പറയുന്ന അപേക്ഷകൾ പ്രകാരമുള്ള നിർമ്മാണങ്ങളിൽ അപാകതകളും വിവിധ ചട്ടങ്ങളുടെ ലംഘനവും ഉള്ള വിവരം അപേക്ഷകരെ അറിയിച്ചിട്ടുള്ളതാണ്.

| ക്രമ നം | ഫയൽ നം | ഫയൽ തിയ്യതി | അപേക്ഷക(ൻ) | നിർമ്മാണത്തിന്റെ തരം |
|---|---|---|---|---|
| 1 | 1017489/24 | 23.04.2024 | ഹസ്സൻ ജമാൽ | പാർപ്പിടാവശ്യം |
| 2 | 1045825/24 | 29.04.2024 | കുഞ്ഞിമുഹമ്മദ് | പാർപ്പിടാവശ്യം |
| 3 | 1114224/24 | 07.05.2024 | ദിനേശൻ | പാർപ്പിടാവശ്യം |
| 4 | 1380336/24 | 06.06.2024 | മുഹമ്മദ് റാഫി | പാർപ്പിടാവശ്യം |
| 5 | 1364128/24 | 05.06.2024 | മോഹൻകുമാർ പി വി | പാർപ്പിടാവശ്യം |
| 6 | 1967249/24 | 22.08.2024 | അബ്ദുൾ ലത്തീഫ് വി കെ | വാണിജ്യാവശ്യം |
| 7 | 1930201/24 | 17.08.2024 | സാഹിർ മുണ്ടേക്കാട് | പാർപ്പിടാവശ്യം |
| 8 | 1882544/24 | 09.08.2024 | യൂസഫ് എം | പാർപ്പിടാവശ്യം |
| 9 | 2232411/24 | 27.09.2024 | ഫാത്തിമ അലി | പാർപ്പിടാവശ്യം |
| 10 | 2130131/24 | 14.09.2024 | നൗഷാദ് ചേനത്ത് | പാർപ്പിടാവശ്യം |
| 11 | 2115239/24 | 12.09.2024 | സൈനബ | പാർപ്പിടാവശ്യം |
| 12 | 2477748/24 | 30.10.2024 | ഫുവാദ് | പാർപ്പിടാവശ്യം |
| 13 | 2420116/24 | 23.10.2024 | കുഞ്ഞമ്മു | വാണിജ്യാവശ്യം |
| 14 | 2366469/24 | 16.10.2024 | നിസാമുദ്ദീൻ | പാർപ്പിടാവശ്യം |
| 15 | 2330695/24 | 19.10.2024 | സരോജിനി | പാർപ്പിടാവശ്യം |
| 16 | 2287664/24 | 03.10.2024 | പ്രദീപ് കുമാർ കെ പി | വാണിജ്യാവശ്യം |
| 17 | 2287589/24 | 03.10.2024 | മണികണ്ഠൻ സി | പാർപ്പിടാവശ്യം |
| 18 | 2689785/24 | 30.11.2024 | അബ്ദുൾ ഖാദർ വി | പാർപ്പിടാവശ്യം |
| 20 | 2649198/24 | 25.11.2024 | ഷമീർ | പാർപ്പിടാവശ്യം |
| 21 | 2617411/24 | 20.11.2024 | അഹമ്മദ് കബീർ എം | പാർപ്പിടാവശ്യം |

| | | | | |
|---|---|---|---|---|
| 22 | 2609082/24 | 19.11.2024 | ഷരീഫ | പാർപ്പിടാവശ്യം |
| 23 | 2563487/24 | 13.11.2024 | നൂർജഹാൻ | വാണിജ്യാവശ്യം |
| 24 | 2779213/24 | 13.12.2024 | അബ്ദുസലാം | പാർപ്പിടാവശ്യം |

മേൽപ്പറഞ്ഞ അപേക്ഷകൾ, സമാനമായ മറ്റ് അപേക്ഷകൾ എന്നിവ പ്രകാരം ക്രമവൽക്കരണത്തിനായി ലഭിച്ചിട്ടുള്ളതും, ചട്ടലംഘനങ്ങൾ മൂലം ക്രമവൽക്കരിക്കാ നാകാത്തതുമായ കെട്ടിടങ്ങളെ അനധികൃത നിർമ്മാണമായി കണക്കാക്കി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (153/29.01.2026) ക്ക് മറുപടി ലഭ്യമാക്കിയില്ല.
മേൽ കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിന്റെ രേഖകൾ/ സ്വീകരിച്ച തുടർ നടപടി രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-51 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക

കെ-സ്മാർട്ട് വസ്തു നികുതി രേഖകൾ പരിശോധിച്ചതിൽ തിരൂർ നഗരസഭ പരിധിയിൽ സ്ഥിതി ചെയ്യുന്ന വിവിധ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല.
വിശദ വിവരം ചുവടെ ചേർക്കുന്നു.

| മൊബൈൽ കമ്പനിയുടെ പേര്, മേൽവിലാസം,കെട്ടിട നമ്പർ | കുടിശ്ശിക വരുത്തിയ അർദ്ധ വർഷങ്ങൾ | അടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| | | |
| Door No / Sub No: 604/A Ward: 3 - Naduvilangadi Status: Active ,Plinth Area: 12.13 Sqm , Building ID: 30212010033458 | 2023- 24 To 2024-25 | 27,712 |
| | | |
| Door No / Sub No: 215 Ward: 5 - Peruvazhiyambalam , Status: Deleted Plinth Area: 12.00 Sqm Building ID: 30212010021781 | കുടിശ്ശിക വരുത്തിയ അർദ്ധ വർഷങ്ങളെ സംബന്ധിച്ച വിവരങ്ങൾ കെ-സ്മാർട്ടിൽ ലഭ്യമല്ല. | 44,581 |
| | | |

| | | |
|---|---|---|
| Door No / Sub No: 175 Ward: 11 - Myladikkunnu<br>Status: Active Plinth Area: 41.47 Sqm<br>Building ID: 30212010004190 | 2024- 25 1st, 2nd | 24847 |
| Door No / Sub No: 180/A Ward: 11 - Myladikkunnu<br>Status: Active Plinth Area: 20.00 Sqm<br>Building ID: 30212010024230 | 2024-25, 25-26 1st,2nd | 21619 |
| Door No / Sub No: 180/A1 Ward: 11 - Myladikkunnu<br>Status: Active Plinth Area: 8.03 Sqm<br>Building ID: 30212010033019 | 2018-19 To 2025-26 | 42222 |

| | | |
|---|---|---|
| Door No / Sub No: 510/C2, Ward: 15 - Bus Stand<br>Status: Active, Plinth Area: 24.00 Sqm<br>Building ID: 30212010007155 | 2022-23 To 2025-261st,2nd | 71377 |
| Door No / Sub No: 560/C1 , Ward: 15 - Bus Stand<br>Status: Active, Plinth Area: 34.80 Sqm<br>Building ID: 30212010007139 | 2013-2nd,<br>2014-15 To 2025-26 1st,2nd | 239806 |

| | | |
|---|---|---|
| Door No / Sub No: 560/C2 , Ward: 15 - Bus Stand<br>Status: Demolished , Plinth Area: 25.90 Sqm<br>Building ID: 30212010007141 | 2013-14 To 2025-26 1st,2nd | 168701 |
| Door No / Sub No: 1/A2 , Ward: 22 - Thalappallipadam Status: Active Plinth Area: 25.00 Sqm<br>Building ID: 30212010028041 | 2013-14 To 2022-23 1st,2nd<br>2023-1st, 2025-26 1st,2nd | 184,738 |

| | | |
|---|---|---|
| Door No / Sub No: 119 Ward: 24 - Ezhur West Status: Active , Plinth Area: 14.96 Sqm<br>Building ID: 30212010010247 | 2023-24 1st,2nd To<br>2025-26 1st,2nd | 28,477 |
| Door No / Sub No: 299 Ward: 31 - Illathaparambu<br>Status: Active Plinth Area: 48.20 Sqm<br>Building ID: 30212010024507 | 2011-12 To 2023-24 1st,2nd<br>2025-26 1st,2nd | 347,419 |
| Door No / Sub No: 320/B1 Ward: 31 - Illathaparambu<br>Status: Active , Plinth Area: 40.00 Sqm | 2022-231st,2nd<br>2023-24 1st,2nd<br>2025-26 1st,2nd | 99,135 |

| | | |
|---|---|---|
| Building ID: 30212010023438 | | |

| | |
|---|---|
| ആകെ | **13,00,634 /-** |

മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (154/31.01.2026) ക്ക് മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

**1-52 ടൗൺഹാൾ , സ്റ്റേഡിയം, സമുച്ചയം വാടക - വരുമാന നഷ്ടത്തിനും ദുരുപയോഗത്തിനും സാധ്യത.**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺഹാൾ, സ്റ്റേഡിയം, സമുച്ചയം , ഇവയുടെ പരിസരം എന്നിവ വാടകക്ക് നൽകുന്നതിന്റെ രേഖകൾ പരിശോധിച്ചതിൽ ആസ്തികളുടെ അനധികൃത ഉപയോഗത്തിനും, അതുവഴി നഗരസഭക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതിനും സാധ്യതയുള്ള രീതിയിലാണ് വാടകസംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നത് എന്ന് ഓഡിറ്റിന് വ്യക്തമായി.
പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

**1) അപേക്ഷ രജിസ്റ്റർ പ്രത്യേകമായി സൂക്ഷിക്കുന്നില്ല**

- ഹാളുകൾ / സ്റ്റേഡിയം അനുവദിക്കുന്നതിന് ലഭിക്കുന്ന മുഴുവൻ അപേക്ഷകളുടെയും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി അപേക്ഷ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
- ടൗൺഹാൾ / സ്റ്റേഡിയം / സമുച്ചയം എന്നിവ വാടകക്ക് ലഭിക്കുന്നതിനുള്ള അപേക്ഷകൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. കെ-സ്മാർട്ടിലൂടെ ലഭിക്കുന്ന അപേക്ഷകൾ രജിസ്റ്റർ രൂപത്തിലോ, തീയതി അടിസ്ഥാനത്തിലോ ലഭ്യമല്ല. ആയതിനാൽ കെ- സ്മാർട്ടിലൂടെ ആകെ ലഭിച്ച അപേക്ഷകൾ ലഭ്യമല്ല. മാനുവൽ രജിസ്റ്ററിലും വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
- ഓഡിറ്റിന് ലഭ്യമാക്കിയ രജിസ്റ്റർ പരിശോധിച്ചതിൽ അപേക്ഷ തിയ്യതി, അപേക്ഷ നം, തീയ്യതി, അടവാക്കിയ തുക എന്നിങ്ങനെ പ്രസക്തമായ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താതെയാണ് രജിസ്റ്റർ സൂക്ഷിക്കുന്നത് എന്ന് വ്യക്തമായി.
- രജിസ്റ്ററിലെ പല രേഖപ്പെടുത്തലുകളും പെൻസിൽ ഉപയോഗിച്ച് നടത്തിയതായും, പെൻസിൽ ഉപയോഗിച്ചുള്ള പല രേഖപ്പെടുത്തലുകളും മായ്ച്ച് കളഞ്ഞതായും ബോധ്യപ്പെട്ടു. കൂടാതെ രജിസ്റ്ററിൽ പലഭാഗങ്ങളിലും രേഖപ്പെടുത്തൽ വരുത്താതെ ഒഴിച്ചിട്ടിരിക്കുന്നതായും വ്യക്തമായി.

**2) വാടക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

- നഗരസഭ ടൗൺഹാൾ വാടകക്ക് ലഭിക്കുന്നതിനുള്ള അപേക്ഷ പരിഗണിച്ച് ടൗൺ ഹാൾ വാടകക്ക് എടുത്തവരുടെ വിശദ വിവരം രേഖപ്പെടുത്തി ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

- അപേക്ഷ രജിസ്റ്ററിൽത്തന്നെ ഫീസ് ഈടാക്കിയ വിവരവും എഴുതുകയാണ് ചെയ്തിട്ടുള്ളത്. ഇതു തന്നെ അപൂർണ്ണവുമാണ്.

**3) ടൗൺഹാൾ / സ്റ്റേഡിയം / സമുച്ചയം ബൈലോ ,വാടക നിശ്ചയിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.**

- ടൗൺഹാൾ/സ്റ്റേഡിയം/സമുച്ചയം എന്നിവയുടെ വാടക നിശ്ചയിച്ചതിന്റെ രേഖകൾ , വാടകക്ക് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ അംഗീകരിച്ച് തയ്യാറാക്കിയ ബൈലോ എന്നിവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
- ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 2024-25 ൽ ടൗൺഹാളിന് വാടക ഇനത്തിൽ ₹ 14175 + GST യും, സ്റ്റേഡിയത്തിന് 3000+GST യും, സമുച്ചയത്തിന് 2363 +GST യുമാണ് ഈടാക്കി വരുന്നത് . കൂടാതെ ഡെപ്പോസിറ്റ്, വൈദ്യുതി ഉപയോഗിച്ചതിന്റെ യൂണിറ്റ് അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ്, യൂസർ ഫീസ് എന്നിവയും പല അപേക്ഷകരിൽ നിന്നും ഈടാക്കുന്നതായി ഫയൽ പരിശോധനയിൽ വ്യക്തമായി. എന്നാൽ ചില സംഘടനകൾക്കും , വ്യക്തികൾക്കും വാടക ഈടാക്കാതെയും കുറഞ്ഞ വാടക മാത്രം ഈടാക്കിയും, **ടൗൺഹാൾ/സ്റ്റേഡിയം/സമുച്ചയം** അനുവദിച്ച് നൽകിയതായും ലെഡ്ജർ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വാടക ബൈലോ, നിരക്ക് നിശ്ചയിച്ചത് സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ മേൽ പരാമർശിച്ച ഇളവുകൾ അനുവദിച്ചതിന്റെ നിജസ്ഥിതി പരിശോധിക്കാനായില്ല.
- വാടകക്കാരിൽ നിന്ന് ഈടാക്കുന്ന ഡെപ്പോസിറ്റ്, ഇലക്ട്രിസിറ്റി ചാർജ്ജ്, യൂസർ ഫീസ് എന്നിവയുടെ വിവരം എവിടെയും പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ നഗരസഭക്ക് ലഭിക്കേണ്ട മുഴുവൻ തുകയും ലഭ്യമായിട്ടുണ്ടോ എന്നും അനർഹമായി ഇളവുകൾ അനുവദിച്ച് നൽകിയിട്ടുണ്ടോ എന്നും പരിശോധിച്ച് ഉറപ്പുവരുത്താനാകുന്നില്ല.

**4) രേഖാമൂലം അനുവദിച്ച് നൽകുന്നില്ല.**

- ഹാൾ, സ്റ്റേഡിയം എന്നിവ വാടകക്ക് അനുവദിച്ച നൽകുന്നവർക്ക് ഹാൾ അനുവദിച്ച ദിവസം, അനുവദിക്കപ്പെട്ട സമയം, ഉപയോഗിക്കുന്നതിനുള്ള നിബന്ധനകൾ എന്നിവ വ്യക്തമാക്കി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ രേഖാമൂലം നടപടിക്രമം തയ്യാറാക്കി ഹാൾ അനുവദിച്ച് നൽകുന്നില്ല.

**4) വാടകക്കാരന് കൈമാറുന്ന വിവരം രേഖപെടുത്തി സൂക്ഷിക്കുന്നില്ല.**

- ആസ്തികൾ വാടകക്കാരന് കൈമാറിയതിന്റെയും അനുവദിക്കപ്പെട്ട സമയത്തിന് ശേഷം തിരികെ ഏല്പിച്ചതിന്റെയും വിവരങ്ങൾ , ഹാളിന്റെ സുരക്ഷിതമായ ഉപയോഗം സംബന്ധിച്ച് കസ്റ്റോഡിയന്റെ റിപ്പോർട്ട്, വൈദ്യുതി ഉപയോഗം സംബന്ധിച്ച റിപ്പോർട്ട് എന്നിവയൊന്നും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

**5) ഹാൾ , സ്റ്റേഡിയം, സമുച്ചയം എന്നിവയിൽ നിന്നുള്ള വാടക കൃത്യമായി രേഖപെടുത്തുകയോ, ശരിയായ ഹെഡിൽ പോസ്റ്റ് ചെയ്യുകയോ ചെയ്യുന്നില്ല**

വാർഷിക കണക്ക് പ്രകാരം ടൗൺഹാൾ, സ്റ്റേഡിയം, സമുച്ചയം എന്നിവയുടെ വാടകയിനത്തിൽ ലഭിച്ച തുക ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഇനം | ലെഡ്ജർ കോഡ് (വാർഷിക കണക്കിലെ R/P പത്രിക പ്രകാരം) | തുക |
|---|---|---|---|
| | | | |
| 1 | Rent From Town Hall | 1301001 | 670781 |
| | | | |

| | | | |
|---|---|---|---|
| 2 | Rent From Stadium | 1301002 | 420539 |
| 3 | Rent From Conference Hall | 1301005 | 101842 |
| 4 | Rent From Auditorium And Halls | 1301009 | 136567 |
| 5 | Rent From Grounds | 1304002 | 4200 |

ടൗൺഹാളിൽ നിന്നും ലഭിച്ച വാടകയാണ് ക്രമ നമ്പർ 1 പ്രകാരമുള്ള ‘ Rent From Town Hall ’ എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്റ്റേഡിയത്തിൽ നിന്നും ലഭിച്ച വരവ് ക്രമ നമ്പർ 2, 5 എന്നിവ പ്രകാരമുള്ള ‘ Rent From Stadium ’, ‘ Rent From Grounds ‘ എന്നീ ഹെഡുകളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്. സമുച്ചയത്തിന്റെ വാടകയിനത്തിൽ ലഭിച്ച വരവ് ക്രമ നമ്പർ 3 പ്രകാരമുള്ള ‘ Rent From Conference Hall ’ എന്ന ഹെഡിലും ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ ക്രമ നമ്പർ 4 പ്രകാരമുള്ള ‘ Rent From Auditorium And Halls ’ എന്ന ഹെഡിൽ ക്രമ നമ്പർ 1,2,3,5 പ്രകാരമുള്ള വരവുകൾ പലതും ഉൾപ്പെടുത്തിയിട്ടുണ്ട്. ടൗൺഹാൾ, സ്റ്റേഡിയം, സമുച്ചയം എന്നിവയിൽ നിന്നുള്ള വാടക കൃത്യമായ ഹെഡിൽ രേഖപ്പെടുത്താത്തതുമൂലം വാർഷിക കണക്കിൽ ഓരോ ഇനത്തിലും ലഭിച്ച വരവ് തുകയുടെ കൃത്യമായ വിവരം ലഭ്യമല്ല. വാടകക്ക് നൽകിയവരിൽ നിന്നും ലഭിച്ച തുക രജിസ്റ്ററിലും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അതിനാൽ ഓരോ ഇനത്തിൽ ലഭിച്ച ആകെ തുക രജിസ്റ്ററിലും ലഭ്യമല്ല. ഓരോ ഇനത്തിൽ ലഭിക്കുന്ന വാടക തുക കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും , അതത് ഹെഡിൽ തന്നെ പോസ്റ്റ് ചെയ്യേണ്ടതുമാണ്.

പ്രസ്തുത അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് ( നം. 163/05.02.2026) മറുപടി ലഭിച്ചില്ല.

**ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് എത്തിച്ചേർന്ന നിഗമനങ്ങൾ താഴെ നൽകുന്നു.**

- അപേക്ഷകരുടെയും, ഹാൾ/സ്റ്റേഡിയം/സമുച്ചയം അനുവദിക്കുന്നതിന്റെയും വ്യക്തമായ വിവരം എഴുതി സൂക്ഷിക്കാത്തതിനാൽ അനധികൃതമായും, അനർഹമായും ഹാൾ ഉപയോഗിക്കുന്നതിനുള്ള അവസരം നില നിൽക്കുന്നു.
- ബൈലോ, ഹാൾ വാടക നിശ്ചയിച്ച രേഖകൾ എന്നിവ നഗരസഭയിൽ ലഭ്യമല്ലാത്തതിനാൽ അനർഹമായി വാടക ഇളവ് അനുവദിക്കപ്പെടുന്നതിനുള്ള അവസരം നിലനിൽക്കുന്നു.
- ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ രേഖാമൂലം ഹാൾ അനുവദിച്ച് നൽകാത്തതിനാൽ ഹാൾ ഉപയോഗം

സംബന്ധിച്ച തർക്കങ്ങൾക്കും വ്യവഹാരങ്ങൾക്കും ഇടയാകാൻ സാധ്യതയുണ്ട്.

- ടൗൺഹാൾ ഉപയോഗം നിരീക്ഷിക്കേണ്ട ഉദ്യോഗസ്ഥന്റെ ജോലി വ്യക്തത വരുത്തി നൽകാത്തത് ആസ്തി ദുരുപയോഗത്തിനും നഗരസഭക്ക് വരുമാന നഷ്ടത്തിനും ഇടയാക്കാനുള്ള അവസരം നൽകുന്നു.
- ഹാൾ വാടകക്കാരന് കൈമാറിയതിന്റെയും തിരികെ ഏല്പിച്ചതിന്റെയും വിവരങ്ങൾ , ഹാളിന്റെ സുരക്ഷിതമായ ഉപയോഗം സംബന്ധിച്ച് കസ്റ്റോഡിയന്റെ റിപ്പോർട്ട്, വൈദ്യുതി ഉപയോഗം സംബന്ധിച്ച റിപ്പോർട്ട് എന്നിവ കൃത്യമായി രേഖപ്പെടുത്തി ഫയൽ ചെയ്ത് സൂക്ഷിക്കാത്തത് വാടകക്കാരന് അനർഹമായി ആനുകൂല്യം ലഭിക്കുന്നതിനും നഗരസഭക്ക് ആസ്തി, വരുമാന നഷ്ടത്തിനും സാധ്യത ഉണ്ടാക്കുന്നു.
- ഹാൾ/സ്റ്റേഡിയം/സമുച്ചയം എന്നിവയിൽ നിന്നും ലഭിക്കുന്ന വാടക തുക കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്താത്തതും, അതത് ഹെഡിൽ കൃത്യമായി പോസ്റ്റ് ചെയ്യാത്തതും മൂലം ഈ ഇനങ്ങളിൽ നിന്നുള്ള ആകെ വരവ് കൃത്യമായി മനസ്സിലാക്കാൻ പ്രയാസമാണ്.

ഹാൾ വാടകക്ക് നൽകുന്നതിന്റെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിലെ അപാകതകളും അത്വഴി നഗരസഭക്ക് ഉണ്ടാകാൻ സാധ്യതയുള്ള നഷ്ടവും സംബന്ധിച്ച് 2023-24 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു എങ്കിലും അപാകത പരിഹരിക്കുന്നതിന് നഗരസഭ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല എന്നാണ് രേഖകൾ പരിശോധിച്ചതിൽ വ്യക്തമായത്.

ഹാൾ വാടകക്ക് നൽകുന്നതിന്റെ രജിസ്റ്ററുകൾ, രേഖകൾ കൃത്യമായി തയ്യാറാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-53 നഗരസഭയുടെ വിവിധ വസ്തുവകകളിൽ നിന്നും ഫീ കളക്ഷൻ ലേലം -അപാകതകൾ

2024-25 വർഷത്തിൽ നഗരസഭയിൽ താഴെ പരാമർശിക്കുന്ന വിവിധ ലേലം നടന്നിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | ലേലതുക | ലേലത്തിലൂടെ ലഭിച്ച വ്യക്തി | വാർഷിക കണക്കിൽ ഡിമാന്റ് ചെയ്ത ഹെഡ് |
|---|---|---|---|---|
| 1 | മാർക്കറ്റ് ഫീസ് കളക്ഷൻ (ഹോൾ സെയിൽ ) | 5650000 | ശ്രീ അബ്ദുൾ ജബ്ബാർ | 1405004 - Market Fees |
| 2 | മാർക്കറ്റ് യാർഡ് ഫീസ് കളക്ഷൻ | 126600 | ശ്രീ സഹീർ | 1405004 - Market Fees |
| 3 | പഴയ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് കളക്ഷൻ | 410000 | ശ്രീ മുഹമ്മദ് ഇഹ്സാൻ | 1405023 - Public Comfort Station Receipts |

| | | | | |
|---|---|---|---|---|
| 4 | പുതിയ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് കളക്ഷൻ | 366300 | ശ്രീ ഹംസകോയ. കെ.ടി | 1405023 - Public Comfort Station Receipts |
| 5 | മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് കളക്ഷൻ | 151000 | ശ്രീ ഹുമയൂൺ കബീർ | 1405023 - Public Comfort Station Receipts |
| 6 | ബസ് സ്റ്റാന്റ് ഫീസ് കളക്ഷൻ | 1002001 | ശ്രീ മുഹമ്മദലി മാടല | 1405005 - Bus Stand Fees |
| 7 | ടാക്സി സ്റ്റാന്റ് ഫീസ് കളക്ഷൻ, | 127250 | ശ്രീ കെ. നൌഷാദ് | 1405005 - Bus Stand Fees |
| 8 | മാർക്കറ്റ് ഗുഡ്സ് ഓട്ടോ പാർക്കിംഗ് ഫീസ് കളക്ഷൻ | 51000 | ശ്രീ കെ. നൌഷാദ് | 1405005 - Bus Stand Fees |

| | | | | |
|---|---|---|---|---|
| 9 | അറവ് ശാല ഫീസ് കളക്ഷൻ | 28000 | ശ്രീ കെ. നൌഷാദ് | 1405006 -Slaughter House Fees |

ലേലം ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

**രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.**

ലേലം കൊണ്ട വ്യക്തികളുടെ വിവരങ്ങൾ, നഗരസഭയുമായി ചമച്ച കരാർ , സോൾവൻസി രേഖകൾ , ഡിമാന്റ് , കളക്ഷൻ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല. ഡിമാന്റ് രജിസ്റ്റർ, രേഖകൾ എന്നിവവ ഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറികൾക്ക് ( 132/19.01.2026, 138/20.01.2026 , 139/20.01.2026, 141/21.01.2026 ) മറുപടി ലഭിച്ചില്ല. ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും രേഖകൾ സഹിതം ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-53-1 മാർക്കറ്റ് ഫീസ് കളക്ഷൻ

ഓഡിറ്റിന് ലഭ്യമാക്കിയ ലേല ഫയൽ , വാർഷിക ധനകാര്യപത്രിക എന്നിവ പരിശോധിച്ചതിൽ മാർക്കറ്റ് ഫീസ് ലേലം കൊണ്ട കരാറുകാർ ലേലത്തുക പൂർണ്ണമായി ഒടുക്ക് വരുത്തിയിട്ടില്ല എന്ന് വ്യക്തമായി.
വിശദവിവരം താഴെ നൽകുന്നു.

| ഇനം / ലേലക്കാരൻ | ലേലത്തുക | ഒടുക്ക് വരുത്തിയ തുക | ബാക്കി | കുറിപ്പ് |
|---|---|---|---|---|
| മാർക്കറ്റ് ഫീസ് കളക്ഷൻ ( ഹോൾ സെയിൽ )/ ശ്രീ അബ്ദുൽ ജബ്ബാർ ഒ | 5650000 | 2946667 | 2703333 | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ , ബാലൻസ് വിവരങ്ങളാണ് നൽകിയത്. |
| മാർക്കറ്റ് യാർഡ് ഫീസ് കളക്ഷൻ / ശ്രീ സഹീർ സത്യാതൻ | 126600 | - | 126600 | ,, |

ലേലത്തുക പൂർണ്ണമായി ഒടുക്ക് വരുത്താത്തതിന്റെ കാരണം, ഒടുക്ക് വരുത്താത്ത കരാറുകാരിൽ നിന്ന് തുക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( നം. 132/19.01.2026 ) മറുപടി ലഭിച്ചില്ല. കരാറുകാരിൽ നിന്നും ലേലത്തുക പൂർണ്ണമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-53-2 പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ ഫീസ് കളക്ഷൻ

ഓഡിറ്റിന് ലഭ്യമാക്കിയ ലേല ഫയൽ , വാർഷിക ധനകാര്യപത്രിക എന്നിവ പരിശോധിച്ചതിൽ കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് ലേലം കൊണ്ട കരാറുകാർ ലേലത്തുക പൂർണ്ണമായി ഒടുക്ക് വരുത്തിയിട്ടില്ല എന്ന് വ്യക്തമായി.
വിശദവിവരം താഴെ നൽകുന്നു.

| ക്രമ നമ്പർ | ഇനം / ലേലക്കാരൻ | ലേലത്തുക | ഒടുക്ക് വരുത്തിയ തുക | ബാക്കി | കുറിപ്പ് |
|---|---|---|---|---|---|
| 1 | പഴയ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് കളക്ഷൻ / ശ്രീ മുഹമ്മദ് | 410000 | 200000 | 210000 | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ , ബാലൻസ് |

| | | | | | |
|---|---|---|---|---|---|
| | ഇഹ്സാൻ | | | | വിവരങ്ങളാണ് നൽകിയത്. |
| 2 | പുതിയ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് കളക്ഷൻ / ശ്രീ ഹംസകോയ. കെ.ടി | 366300 | - | 366300 | ,, |
| 3 | മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് കളക്ഷൻ/ ശ്രീ ഹുമയൂൺ കബീർ | 151000 | | 151000 | ,, |
| ആകെ | | 927300 | 200000 | 727300 | |

ക്രമ നമ്പർ 1 പ്രകാരം പഴയ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് കളക്ഷൻ ലേലത്തിലൂടെ ലഭിച്ചത് ശ്രീ മുഹമ്മദ് ഇഹ്സാൻ എന്ന വ്യക്തിക്കാണെങ്കിലും 2 ലക്ഷം രൂപ ഒടുക്ക് വരുത്തിയത് മുഹമ്മദ് അസ്കർ എന്ന വ്യക്തിയാണ് ( രസീത് നം. RM100400 25018755 - ₹ 50000, RM 100400 25018753 -₹ 150000). ഇതിന് വിശദീകരണവും, ലേലത്തുക പൂർണ്ണമായി ഒടുക്ക് വരുത്താത്തതിന്റെ കാരണം, ഒടുക്ക് വരുത്താത്ത കരാറുകാരിൽ നിന്ന് തുക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ എന്നിവ അന്വേഷിച്ച് നൽകിയ എൻക്വയറിക്ക് ( നം. 138/20.01.2026 ) മറുപടി ലഭിച്ചില്ല. മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതും കരാറുകാരിൽ നിന്നും ലേലത്തുക പൂർണ്ണമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-53-3 ബസ് സ്റ്റാന്റ് ഫീസ് കളക്ഷൻ

ഓഡിറ്റിന് ലഭ്യമാക്കിയ ലേല ഫയൽ , വാർഷിക ധനകാര്യപത്രിക എന്നിവ പരിശോധിച്ചതിൽ ബസ് സ്റ്റാന്റ് ഫീസ് കളക്ഷൻ ലേലം കൊണ്ട കരാറുകാർ ലേലത്തുക പൂർണ്ണമായി ഒടുക്ക് വരുത്തിയിട്ടില്ല എന്ന് വ്യക്തമായി. വിശദവിവരം താഴെ നൽകുന്നു.

| ക്രമ നമ്പർ | ഇനം / ലേലക്കാരൻ | ലേലത്തുക | ഒടുക്ക് വരുത്തിയ തുക | ബാക്കി |
|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് ഫീസ് കളക്ഷൻ / ശ്രീ മുഹമ്മദലി മാടല | 1002001 | 668000 | 334001 |
| 2 | ടാക്സി സ്റ്റാന്റ് ഫീസ് കളക്ഷൻ, / ശ്രീ കെ. നൌഷാദ് | 127250, | - | 127250, |
| 3 | മാർക്കറ്റ് ഗുഡ്സ് ഓട്ടോ പാർക്കിംഗ് ഫീസ് കളക്ഷൻ / ശ്രീ കെ. നൌഷാദ് | 51000 | - | 51000 |
| ആകെ | | 1180251 | 668000 | 512251 |

വാർഷിക ധനകാര്യപത്രിക പ്രകാരം കളക്ഷൻ 680186 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഷറഫുദ്ദീൻ എന്ന വ്യക്തിയിൽ നിന്നും RR ഇനത്തിൽ ഈടാക്കിയ 12186 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമൂലം ബാലൻസ് ഷീറ്റിൽ ബാലൻസ് 512251 രൂപക്ക് പകരം 500065 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

കളക്ഷൻ, ബാലൻസ് വിവരങ്ങൾ തെറ്റായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ കാരണം, ലേലത്തുക പൂർണ്ണമായി ഒടുക്ക് വരുത്താത്തതിന്റെ കാരണം, ഒടുക്ക് വരുത്താത്ത കരാറുകാരിൽ നിന്ന് തുക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ എന്നിവ അന്വേഷിച്ച് നൽകിയ എൻക്വയറിക്ക് ( നം. 139/20.01.2026 ) മേൽ ഇനങ്ങൾ ലേലത്തിലെടുത്ത വ്യക്തികളിൽ നിന്നും പൂർണ്ണമായി തുക ഈടാക്കിയതായി മറുപടി നല്കുകയും രസീത് ഹാജരാക്കുകയും ചെയ്തു. രസീത് പരിശോധിച്ചതിൽ വ്യത്യസ്ത ഹെഡുകളിലായിട്ടാണ് പ്രസ്തുത വരവ് സ്വീകരിച്ചിട്ടുള്ളത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം, ലേലത്തുക | അടവാക്കിയ തുക, | രസീത് നം, അടവാക്കിയ ഹെഡ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബസ് സ്റ്റാന്റ് ഫീ കളക്ഷൻ, ₹ 1002001 | 20000 | 3402002, Auction Depodit |
| | | 334001 | 4314009, Receivables From Bus Stand |
| | | 333999 | 4314009, Receivables From Bus Stand |
| | | 314001 | 3402002, Auction Depodit |
| | | ആകെ- 1002001 | |
| 2 | ടാക്സി സ്റ്റാന്റ് ഫീസ് കളക്ഷൻ , ₹ 127251 | 42417 | 3402002, Auction Depodit |
| | | 42417 | 3402002, Auction Depodit |
| | | 42417 | 3402002, Auction Depodit |
| | | ആകെ- 127251 | |
| 3 | മാർക്കറ്റ് ഗുഡ്സ് ഓട്ടോ പാർക്കിംഗ് ഫീ കളക്ഷൻ, ₹51000 | 17000 | 3402002, Auction Depodit |
| | | 17000 | 3402002, Auction Depodit |
| | | 17000 | 4314003, Rent Receivable From Lease On Land ( Current ) |
| | | ആകെ- 51000 | |

മേൽ ഇനങ്ങളിൽ ലഭിച്ച ലേലത്തുക തെറ്റായ ഹെഡിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
ബസ് സ്റ്റാന്റ് ഫീ കളക്ഷൻ ഇനത്തിൽ ലഭിച്ച തുകയിൽ ₹ 334001 'Auction Deposit-3402002' എന്ന ഹെഡിലും ₹668000 'Receivables From Bus Stand-4314009' എന്ന ഹെഡിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടാക്സി സ്റ്റാന്റ് ഫീസ് കളക്ഷൻ ഇനത്തിൽ ലഭിച്ച മുഴുവൻ തുകയും മാർക്കറ്റ് ഗുഡ്സ് ഓട്ടോ പാർക്കിംഗ് ഫീ കളക്ഷൻ ഇനത്തിൽ ലഭിച്ച ₹ 34000 'Auction Deposit-3402002' എന്ന ഹെഡിലാണ് വരവ് രേഖപ്പെടുത്തിയിട്ടുള്ളത്. ലഭിച്ച വരവ് തുക Auction Deposit എന്ന Liability ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നതുമൂലം ഈ തുക നഗരസഭ തിരിച്ച് നൽകേണ്ട തുകയായാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.
ഈ അപാകത ഡെപ്പോസിറ്റ് റിഫണ്ട് ഇനത്തിൽ മേൽ പരാമർശിക്കപ്പെട്ട തുകകൾ റി ഫണ്ട് ക്ലെയിം ചെയ്യപ്പെടുന്നതിനും അതുവഴി നഗരസഭക്ക് സാമ്പത്തിക നഷ്ടത്തിനും ഇടയാക്കുന്നതാണ്. ആയതിനാൽ പ്രസ്തുത തുകകൾ ശരിയായ ഹെഡിൽ ജേർണൽ എൻട്രി വഴി ഉൾപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.
വരവ് തുകകൾ സ്വീകരിക്കുമ്പോൾ കൃത്യമായ ഹെഡിൽ തന്നെയാണ് പോസ്റ്റ് ചെയ്യുന്നത് എന്ന് ഉറപ്പാക്കേണ്ടതും ഇത്തരം അപാകതകളുള്ള സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-53-4 അറവ് ശാല ഫീസ് കളക്ഷൻ

ഓഡിറ്റിന് ലഭ്യമാക്കിയ ലേല ഫയൽ , വാർഷിക ധനകാര്യപത്രിക എന്നിവ പരിശോധിച്ചതിൽ അറവ് ശാല ഫീസ് ലേലം കൊണ്ട കരാറുകാരൻ ലേലത്തുക ഒടുക്ക് വരുത്തിയിട്ടില്ല എന്ന് വ്യക്തമായി.
വിശദവിവരം താഴെ നൽകുന്നു.

| ഇനം / | ലേലത്തുക | ഒടുക്ക് | ബാക്കി | കുറിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ലേലക്കാരൻ | | വരുത്തിയ തുക | | |
| അറവ് ശാല ഫീസ് കളക്ഷൻ / ശ്രീ കെ. നൌഷാദ് | 28000 | - | 28000 | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ , ബാലൻസ് വിവരങ്ങളാണ് നൽകിയത്. ( ബാലൻസ് ഷീറ്റ് കോഡ്- 4314011 ) |

ലേലത്തുക ഒടുക്ക് വരുത്താത്തതിന്റെ കാരണം, ഒടുക്ക് വരുത്താത്ത കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ എന്നിവ അന്വേഷിച്ച് നൽകിയ എൻക്വയറിക്ക് ( നം. 141/20.01.2026 ) മറുപടി ലഭിച്ചില്ല. കരാറുകാരനിൽ നിന്നും ലേലത്തുക പൂർണ്ണമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-54 വ്യാപാരങ്ങൾക്കും സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

2024-25 സാമ്പത്തിക വർഷം വ്യാപാരങ്ങൾക്കും സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ച അപേക്ഷകൾ, ഫയൽ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

**1) ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.**

2011 കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം മുനിസിപ്പൽ പ്രദേശത്തുൾപ്പെട്ട യാതൊരു സ്ഥലവും ലൈസൻസ് കൂടാതെ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ചട്ട പ്രകാരം മുനിസിപ്പാലിറ്റിയുടെ ലൈസൻസ് ആവശ്യമാണ് എന്ന് പരാമർശിക്കപ്പെട്ട ഇനം പ്രവർത്തനങ്ങൾ ലൈസൻസ് എടുക്കാതെ നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ടോ എന്ന് കണ്ടെത്തുന്നതിനും നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും നഗരസഭ നപടിയൊന്നും സ്വീകരിച്ചിട്ടില്ല.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. എന്നാൽ നഗരസഭയിലെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വിവിധ വ്യക്തികൾ / സ്ഥാപനങ്ങൾ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കുക മാത്രമാണ് നഗരസഭ ചെയ്തിട്ടുള്ളത്.

ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

**2) ചട്ടപ്രകാരമുള്ള രേഖകൾ ഇല്ലാത്ത അപേക്ഷകളിൽ ലൈസൻസ് നൽകി.**

2011 ലെ കേരള മുൻസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ ചട്ടം 5(1), 11(1) പ്രകാരം ലൈസൻസിനായും, ലൈസൻസ് പുതുക്കുന്നതിനായും സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം (അപേക്ഷകൻ കെട്ടിട ഉടമയല്ലായെങ്കിൽ ) ഉടമയുടെ രേഖാമൂലമുള്ള സമ്മതപത്രം നിശ്ചിത വിലയുള്ള മുദ്രപത്രത്തിൽ ഹാജരാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ കെട്ടിട ഉടമയല്ലാത്ത ഒരാൾക്ക് നൽകുന്ന ലൈസൻസിന്റെ കാലാവധി ഉടമ നൽകിയിട്ടുള്ള സമ്മതപത്രത്തിൽ വ്യവസ്ഥ ചെയ്ത തിയ്യതിക്കപ്പുറമാകാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ( ചട്ടം 8) എന്നാൽ നഗരസഭയിൽ സമർപ്പിച്ച പല അപേക്ഷകളിലും കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരമോ സമ്മതപത്രമോ സമർപ്പിച്ചിട്ടില്ല. ലൈസൻസ് നൽകുന്നതിനും ലൈസൻസിന്റെ കാലാവധി നിശ്ചയിക്കുന്നതിനും അത്യാവശ്യമായ രേഖ ഇല്ലാതെ ലൈസൻസ് നൽകിയത് എപ്രകാരമെന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (158/03.02.2026) മറുപടി ലഭിച്ചില്ല. മുൻവർഷ റിപ്പോർട്ടിലും സമാനമായ അപാകതകൾ ഓഡിറ്റ് ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും അപാകതകൾ പരിഹരിക്കാൻ ശ്രമം നടത്തിയിട്ടില്ല.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളും ചട്ടപ്രകാരം ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതും ചട്ടത്തിലെ നിബന്ധനകൾ പൂർണ്ണമായും പാലിച്ച്

ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ഓഡിറ്റ് പരാമർശത്തിൽ നഗരസഭ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-55 സ്വകാര്യ ആശുപത്രികൾ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപന രജിസ്ട്രേഷൻ -നടപടി സ്വീകരിക്കുന്നില്ല.

മുനിസിപ്പാലിറ്റിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ആ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല എന്ന് കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 311 ൽ വ്യക്തമാക്കിയതാണ്. രജിസ്ട്രേഷൻ എടുക്കേണ്ട സ്ഥാപനങ്ങൾ ഏതെല്ലാമാണ് എന്ന് കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 310 പ്രകാരം നിർവചിച്ചിട്ടുണ്ട്. ഇതനുസരിച്ച് ക്ലിനിക്കുകൾ ഉൾപ്പെടെയുള്ള സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ക്ലിനിക്കൽ ലാബറട്ടറി, എക്സ്റേ യൂനിറ്റ്, രക്ത ബാങ്ക്, സ്കാനിംഗ് സെന്റർ, നഴ്സിംഗ് സ്കൂൾ, അതത് വിഷയങ്ങളെ സംബന്ധിച്ച പരിശീലന കേന്ദ്രങ്ങൾ എന്നിവ നഗരസഭയിൽ നിന്ന് രജിസ്ട്രേഷൻ നേടേണ്ടതുണ്ട്.

നഗരസഭയുടെ 2024-25 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം സ്വകാര്യ ആശുപത്രികളുടെയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ഇനത്തിൽ ആകെ 6300 രൂപയാണ് വരവ് വന്നത് എന്ന് ലഡ്ജർ പരിശോധിച്ചതിൽ വ്യക്തമായി.

തിരൂർ പോലൊരു നഗരസഭയിൽ കേവലം 6300 രൂപ മാത്രമാണ് 2024-25 സാമ്പത്തിക വർഷത്തിൽ നടന്നിട്ടുള്ളത് എന്നതിൽ നിന്ന് നഗരസഭയിലെ ബഹുഭൂരിപക്ഷം വരുന്ന സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങളും നഗരസഭയുടെ രജിസ്ട്രേഷൻ കൂടാതെയാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാണ്.

ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ പരാമർശിച്ചും, രജിസ്റ്ററുകളും, രേഖകളും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (126/16.01.2026 ) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് പരിശോധനയിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

### 1-55-1 രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

നഗരസഭയിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തിയ 1997 ലെ കേരള മുനിസിപ്പാലിറ്റി ( സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ ചട്ടം 3(6) പ്രകാരമുള്ള രജിസ്റ്റർ.( ഫോറം 2 ) നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽത്തന്നെ നഗരസഭ രജിസ്ട്രേഷൻ നേടിയ സ്ഥാപനങ്ങൾ ഏതെല്ലാമാണ് എന്ന് കണ്ടെത്താൻ സാധിക്കുന്നില്ല.
ഇത് രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനും പ്രയാസം ഉണ്ടാകുന്നു.
1997 ലെ കേരള മുനിസിപ്പാലിറ്റി ( സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

### 1-55-2 അനധികൃത സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നില്ല - പിഴ ഇനത്തിൽ വൻ നഷ്ടം

രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനം എന്നിവയ്ക്ക് മുനിസിപ്പാലിറ്റി നിയമം വകുപ്പ് 314 പ്രകാരം 5000 രൂപവരെയുള്ള പിഴയും കുറ്റ സ്ഥാപനം നടത്തപ്പെട്ട ശേഷം വ്യവസ്ഥകൾ ലംഘിച്ച് പ്രവർത്തിക്കുന്നുവെങ്കിൽ കുറ്റം തുടർന്നു ചെയ്യുന്ന ഓരോ ദിവസത്തിനും 1000 രൂപ വരെയുള്ള പിഴയും നൽകി ശിക്ഷിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ രജിസ്ട്രേഷനില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള തുടർ നടപടികളും നഗരസഭ സ്വീകരിച്ചിട്ടില്ല.

ഇക്കാരണത്താൽ പിഴ ഇനത്തിൽ നഗരസഭക്ക് ലഭിക്കേണ്ട വൻ തുക നഷ്ടപ്പെടുന്നുണ്ട് എന്നും ഓഡിറ്റ് വിലയിരുത്തുന്നു.
രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച്

വിവരം അറിയിക്കേണ്ടതാണ്.

**1-55-3 രജിസ്ട്രേഷൻ, പുതുക്കൽ എന്നിവയ്ക്ക് ഫീസ് നിശ്ചയിച്ച് നൽകിയിട്ടില്ല.**

1997 ലെ കേരള മുനിസിപ്പാലിറ്റി ( സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ ചട്ടം 3(2) , 5 എന്നിവ പ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസുകൾ യഥാക്രമം 300, 100 രൂപവീതമായിരുന്നു. SRO No 673/2017 As GO (P) 79/2017/LSGD Dt 31.10.2017 നം വിജ്ഞാപന പ്രകാരം ഇത് "കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന തോതിൽ" എന്ന് മാറ്റം വരുത്തിയിട്ടുണ്ട്.

എന്നാൽ ഇതിന് ഈടാക്കാവുന്ന ഫീസ് സർക്കാർ നിർദ്ദേശിച്ച് നൽകിയതായി കാണുന്നില്ല. 2023- 24 വർഷത്തിലും 300, 100 രൂപ നിരക്കിൽ തന്നെയാണ് ഫീസ് ഈടാക്കിയിട്ടുള്ളത്.
ചട്ടപ്രകാരം രജിസ്ട്രേഷന് സർക്കാർ ഫീസ് നിശ്ചയിച്ച് നൽകിയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. നാളിതുവരെ ഫീസ് നിശ്ചയിച്ചിട്ടില്ല എങ്കിൽ ഇക്കാര്യം സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തി ഫീസ് നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-56 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - നഗരസഭ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല.**

മുനിസിപ്പാലിറ്റിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ആ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കാൻ പാടില്ല എന്ന് കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 507 ൽ വ്യക്തമാക്കിയതാണ്. രജിസ്ട്രേഷൻ എടുക്കേണ്ട സ്ഥാപനങ്ങൾ ഏതെല്ലാമാണ് എന്ന് കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 506 പ്രകാരം നിർവ്വചിച്ചിട്ടുണ്ട്.

നഗരസഭയുടെ 2023-24 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇനത്തിൽ ആകെ 1700 രൂപയാണ് വരവ് വന്നത് എന്ന് ലഡ്ജർ പരിശോധിച്ചതിൽ വ്യക്തമായി.

ഓഡിറ്റ് പരിശോധനയിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

**1) രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.**

നഗരസഭയിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തിയ 1999 ലെ കേരള മുനിസിപ്പാലിറ്റി ( ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ) ചട്ടങ്ങൾ ചട്ടം 3(6) പ്രകാരമുള്ള രജിസ്റ്റർ.( ഫോറം 2 ) നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽത്തന്നെ നഗരസഭ രജിസ്ട്രേഷൻ നേടിയ സ്ഥാപനങ്ങൾ ഏതെല്ലാമാണ് എന്ന് കണ്ടെത്താൻ സാധിക്കുന്നില്ല. ഇത് രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനും പ്രയാസം ഉണ്ടാകുന്നു.

**2) അനധികൃത സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നില്ല.**

രജിസ്ട്രേഷനില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള തുടർ നടപടികളും നഗരസഭ സ്വീകരിച്ചിട്ടില്ല.

**3) രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.**

2023-24 ൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, രജിസ്ട്രേഷൻ പുതുക്കൽ എന്നിവയ്ക്ക് ലഭിച്ച അപേക്ഷകൾ, രജിസ്ട്രേഷൻ നേടിയ സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ , രജിസ്ട്രേഷൻ നേടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളുടെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശിക്കപ്പെട്ട രജിസ്റ്ററുകളും, രേഖകളും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 126 /16.01.2026 ) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി നിയമപ്രകാരമുള്ള തുടർ നടപടി സ്വീകരിക്കേണ്ടതും, നിയമം, ചട്ടങ്ങൾ പ്രകാരമുള്ള രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നഗരസഭ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-57 ജിയോ ഡിജിറ്റൽ ഫൈബർ കേബിൾ - ഫീസ് ഈടാക്കിയില്ല ₹12.48 ലക്ഷം കുടിശ്ശിക.**

നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെട്ട റോഡുകളിൽ GI പോളുകൾ സ്ഥാപിച്ച് OFC കേബിൾ വലിച്ച സ്ഥാപനത്തിൽ നിന്ന് 2022-23,2023-24.2024-25 കാലയളവിൽ ഈടാക്കേണ്ട വാർഷിക ഫീസ് ഈടാക്കാത്തത് മൂലം നഗരസഭക്ക് **₹1248753** നഷ്ടം വന്നു. നഗരസഭയിലെ വിവിധ ഭാഗങ്ങളിൽ ഓവർഹെഡ് ഒപ്റ്റിക് ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് നഗരസഭാ റോഡുകളിൽ GI പോൾ സ്ഥാപിച്ച് കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നേടിയ ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് ഫീസ് ഈടാക്കാത്തത് മൂലമാണ് നഷ്ടം ഉണ്ടായത്.

**(ഫയൽ നമ്പർ : PW2-15842/21, PW1-12936/21, PW1-12937/21)**

GO(Rt)No 89/2020/PWD Dt 23.01.2020 നം ഉത്തരവ് പ്രകാരം റോഡുകളിൽ പോൾ സ്ഥാപിക്കുന്നതിന് ഒരു പോളിന് വാർഷിക വാടക 360 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. വാടകയിൽ 5% വാർഷിക വർദ്ധനവിനും പ്രസ്തുത ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

നഗരസഭയിലെ വിവിധ ഭാഗങ്ങളിലെ നഗരസഭാ റോഡുകളിൽ GI പോൾ സ്ഥാപിച്ച് കേബിൾ സ്ഥാപിക്കുന്നതിന് ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിച്ച് കരാർ ചമച്ച് നിയമാനുസൃത ഫീസ്, റിസ്റ്റോറേഷൻ ചാർജ്ജ് എന്നിവ ഈടാക്കി പോൾ സ്ഥാപിക്കുന്നതിന് നഗരസഭ അനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം റിസ്റ്റോറേഷൻ ചാർജ്ജ്, ആദ്യ വർഷത്തെ ഫീസ് എന്നിവ ഒടുക്ക് വരുത്തി പോൾ സ്ഥാപിച്ച് കേബിൾ വലിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ ഒടുക്കേണ്ട വാർഷിക ഫീസ് നഗരസഭക്ക് ലഭ്യമായിട്ടില്ല എന്ന് വ്യക്തമായി.

ഫയൽ പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

**A) വാർഷിക ഫീസ് ഈടാക്കിയില്ല - 1248753 രൂപ കുടിശ്ശിക.**

വിശദ വിവരം വിവരം താഴെ നൽകുന്നു.

| ഫയൽ | ഈടാക്കിയ വാർഷിക ഫീസ് , കാലാവധി | ഈടാക്കാനവശേഷിക്കുന്ന ഫീസ് |
|---|---|---|
| ഫയൽ നംPW1-12937/21<br>11.28 KM OFC Cable (364 GI Pole )<br>23.12.2021 ലെ 1 നം തീരുമാനം | ₹137592 @ 378/Pole<br>( രസീത് നം 01/ 121010400028 / 08.02.2022 )<br>22.02.2022 To 21.02.2023 | 1) 144508<br>( @ 397/ Pole For The Period 22.02.2023 To 21.02.2024)<br>2) 151788<br>( @417 / Pole For The Period 22.02.2024 To 21.02.2025 )<br>3) 159432<br>( @438 / Pole For The Period 22.02.2025 To 21.02.2026 ) |
| ഫയൽ നംPW1-12936/21<br>10.85 KM OFC Cable (350 GI Pole )<br>23.12.2021 ലെ 2 നം തീരുമാനം | ₹132300 @ 378/Pole<br>(രസീത് നം 01/ 121010400025 / 08.02.2022 )<br>22.02.2022 To 21.02.2023 | 1) ₹ 138950<br>( @ 397/ Pole For The Period 22.02.2023 To 21.02.2024)<br>2) ₹ 145950<br>( @417 / Pole For The Period 22.02.2024 To 21.02.2025 )<br>3) 153300<br>( @438 / Pole For The Period 22.02.2025 To 21.02.2026 ) |
| ഫയൽ നംPW2-15842/2021 | ₹156870 @ 378/Pole<br>(രസീത് നം 01/ | 1) 173055<br>( @417 / Pole For The Period |

| | | |
|---|---|---|
| 13.85 KM OFC Cable (415 GI Pole )<br>23.12.2021 ലെ 4 നം തീരുമാനം | 121010400030 / 08.02.2022 )<br>15.02.2022 To 14.02.2023<br>₹ 164755 @ 397/ Pole<br>( Rt.No 01/ 123010400014/ 26.07.2023 .)<br>15.02.2023 To 14.02.2024 | 15.02.2024 To 21.02.2025 )<br>2) 181770<br>( @438 / Pole For The Period 22.02.2025 To 21.02.2026 ) |

**B) ഫയൽ പരിശോധനയിൽ വ്യക്തമായ മറ്റ് അപാകതകൾ താഴെ നൽകുന്നു.**

- വാർഷിക ഫീസിന്റെ 18% തുക GST ഇനത്തിൽ ഈടാക്കേണ്ടതുണ്ട്. ഈ തുക ഈടാക്കിയിട്ടില്ല.
- സ്ഥാപനവുമായി ചമച്ച കരാറിൽ വാർഷിക ഫീസ് സമയബന്ധിതമായി ഒടുക്കുന്നതിനെക്കുറിച്ചും, ഫീസ് ഒടുക്കാൻ വൈകുന്ന സാഹചര്യത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികളെക്കുറിച്ചും വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.
- വൈകി ഒടുക്ക് വരുത്തിയ ഫീസിന് കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 538 (2) പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.
- സ്ഥാപനത്തിൽ നിന്ന് ലഭിക്കാനുള്ള ഫീസ് ഈടാക്കുന്നതിന് നഗരസഭ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ല – ഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുക നഗരസഭയുടെ വരവ് ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ 2023-24 ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു എങ്കിലും ഇക്കാര്യത്തിൽ നഗരസഭ യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല.

ജിയോ ഡിജിറ്റൽ ഫൈബർ കേബിൾ സ്ഥാപിച്ചതിന് നഗരസഭക്ക് ലഭ്യമാകേണ്ട ഫീസ് , നികുതി, വൈകിയതിനുള്ള പിഴ എന്നിവ ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച തുടർ നടപടികളുടെ രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ സ്ഥാപനത്തിന് നൽകാൻ തയ്യാറാക്കിയ ഡിമാന്റ് നോട്ടീസ് ഫയലിൽ കണ്ടെത്തി. എന്നാൽ ഈ നോട്ടീസ് അയച്ചതിന്റെയും സ്ഥാപനം ആയത് കൈപ്പറ്റിയതിന്റെയും രേഖകൾ ഓഡിറ്റിന് കണ്ടെത്താനായില്ല. ഈ ഒരു നോട്ടീസ് തയ്യാറാക്കിയതല്ലാതെ ഫീസ് ഈടാക്കുന്നതിന് നഗരസഭ നിയമപ്രകാരമുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന് ഓഡിറ്റിന് വ്യക്തമായി.

ഫീസ് ലഭിക്കാനുള്ള വിവരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിലോ , നഗരസഭാ കൗൺസിലിലോ റിപ്പോർട്ട് ചെയ്ത് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിലും നഗരസഭക്ക് ലഭിക്കാനുള്ള ഫീസ് ഈടാക്കുന്നതിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിലും ഈ കാലയളവിലെ സെക്രട്ടറി, റവന്യൂ ഓഫീസർ എന്നിവർ വീഴ്ച വരുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

നഗരസഭക്ക് ലഭിക്കാനുള്ള ഫീസ്, നിയമപ്രകാരമുള്ള GST, വൈകി ഒടുക്ക് വരുത്തുന്നതിന് കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 538 (2) പ്രകാരമുള്ള പിഴ എന്നിവ ഉത്തരവാദികളിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതും ഓഡിറ്റ് പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

നഗരസഭക്ക് ലഭിക്കാനുള്ള ഫീസ് ഈടാക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തുന്നത്മൂലം നഗരസഭക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**1-58 സ്റ്റേഡിയത്തിന് മുൻവശം വാടക-സമയബന്ധിതമായി നടപടി സ്വീകരിച്ചില്ല ₹ 18000 നഷ്ടം**

ഫയൽ നം – **2340966-2024**

നഗരസഭാ സ്റ്റേഡിയത്തിന് മുൻ ഭാഗത്തുള്ള പാർക്കിംഗ് ഏരിയ വ്യാപാരമേള നടത്തുന്നതിന് വേണ്ടി 25/10/2024 മുതൽ 05/12/2024 വരെ അനുവദിച്ച് തരണമെന്നുള്ള ശ്രീ. അബ്ദുൾഅസീസ് എന്നവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ " നഗരസഭ കൌൺസിലിന്റെ 31.03.2023 തീയതിയിലെ 2-ാം നമ്പർ തീരുമാന പ്രകാരം സ്റ്റേഡിയം വാടക മുമ്പ് നിശ്ചയിച്ചത് പ്രായോഗികമല്ലാത്തതിനാൽ ആയത് പുതുക്കി നിശ്ചയിക്കുന്നതിന് ധനകാര്യ സ്ഥിരം സമിതിയെയും റവന്യൂ ഓഫീസറെയും ചുമതലപ്പെടുത്തുന്നതിനും വ്യാപാരമേള നടത്തുന്നതിനു വേണ്ടി താത്കാലികമായി 210000/- രൂപ അടവാക്കി അനുമതി നൽകുന്നതിനും തീരുമാനിച്ചു. ധനകാര്യ സ്ഥിരം സമിതി നിരക്ക് പുനർ നിശ്ചയിക്കുന്നത് പ്രകാരമുള്ള തുക അടവാക്കുന്നതിന് മേളയുടെ നടത്തിപ്പുകാരൻ ബാധ്യസ്ഥനായിരിക്കും." എന്നും 24.10.2024 ലെ 8ാം നമ്പർ അജണ്ട പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ 210000 രൂപ വാടകയും 18% GST യും ഉൾപ്പെടെ 247800 ഒടുക്ക് വരുത്തി 28.11.2024 മുതൽ 04.01.2025 വരെ 38 ദിവസം വ്യാപാരമേള നടത്തുകയും ചെയ്തിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 09.12.2024 ലെ 5ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത സ്ഥലത്തിന്റെ പ്രതിദിന വാടക 6000 രൂപ + നികുതികൾ എന്ന് നിശ്ചയിച്ചിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ വാടക ഇനത്തിൽ 18000 രൂപ + നികുതികൾ കൂടി ടിയാൾ നഗരസഭയിൽ ഒടുക്ക് വരുത്തേണ്ടതുണ്ട്. ഒടുക്ക് വരുത്താനുള്ള തുക ഒടുക്കാൻ ആവശ്യപ്പെട്ട് വ്യാപാരമേള നടത്തിപ്പുകാരന് നഗരസഭ കത്ത് തയ്യാറാക്കിയത് ടിയാൾ വ്യാപാരമേള നിർത്തി 25 ദിവസങ്ങൾക്ക് ശേഷം 30.01.2025 ന് മാത്രമാണ്. എന്നാൽ ഈ കത്ത് അയച്ചതായി കാണുന്നില്ല. തുടർന്ന് 19.11.2025 ന് മാത്രമാണ് ബാക്കി തുക ഒടുക്കാനാവശ്യപ്പെട്ടുള്ള കത്ത് നഗരസഭ അയച്ചത് എന്ന് ഫയൽ പരിശോധനയിൽ വ്യക്തമായി. കത്ത് അയച്ച ശേഷം പിന്നീട് നാളിതുവരെയും ഇക്കാര്യത്തിൽ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

വ്യാപാരമേള നടത്തിയ സ്ഥലത്തിന്റെ വാടക 09.12.2024 ലെ ധനകാര്യ സമിതി യോഗത്തിൽ നിശ്ചയിച്ചശേഷം 25 ദിവസത്തോളം വ്യാപാരമേള നടന്നുവെങ്കിലും വാടക നിശ്ചയിച്ച വിവരം നടത്തിപ്പുകാരനെ യഥാസമയം അറിയിച്ച് ലഭിക്കാനുള്ള വാടക ഈടാക്കുന്നതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതാണ് നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന ₹ 18000 നാളിതുവരെ ലഭിക്കാതെ നഷ്ടപ്പെടുന്നതിന് ഇടയാക്കിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

വ്യാപാരമേള അവസാനിപ്പിച്ച് ഒരു വർഷത്തിലധികം കഴിഞ്ഞിട്ടും നഗരസഭക്ക് ലഭിക്കാനുള്ള തുക പിരിച്ചെടുക്കുന്നതിന് നിയമപരമായ ഒരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല എന്നത് വളരെ ഗൗരവമായി കാണേണ്ടതുണ്ട്.

ഈടാക്കാൻ ബാക്കിയുള്ള വാടക 18000 രൂപ വാടകക്കാരനിൽ നിന്നോ അതിന് സാധിക്കാത്ത പക്ഷം വാടക ഈടാക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കാതെ നഗരസഭക്ക് വരുമാന നഷ്ടം വരുത്തുന്നതിന് ഇടവരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 137/19.01.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-59 ലൈസൻസില്ലാത്ത സ്വകാര്യ വണ്ടിത്താവളങ്ങൾ – നഗരസഭ നടപടി സ്വീകരിക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 475 പ്രകാരം മുനിസിപ്പാലിറ്റിയിൽ നിന്നുള്ള ലൈസൻസ് കൂടാതെ സ്വകാര്യ വണ്ടിത്താവളം പ്രവർത്തിക്കാൻ പാടില്ല എന്ന് വ്യക്തമാക്കുന്നുണ്ട്. വണ്ടിത്താവളം ലൈസൻസ് അനുവദിക്കുന്നതിന് നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കുന്നതിനും ഇതുപ്രകാരം നഗരസഭക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2011 ലെ കേരള മുനിസിപ്പാലിറ്റി(വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരവും പേ & പാർക്കിംഗ് കേന്ദ്രങ്ങൾ നഗരസഭയിൽനിന്ന് ലൈസൻസ് നേടേണ്ടതുണ്ട്.

നഗരസഭയുടെ 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ഒരു സ്വകാര്യ പാർക്കിംഗ് കേന്ദ്രം മാത്രമാണ് നഗരസഭയിൽ ഫീസ് ഒടുക്കിയത് എന്ന് വ്യക്തമായി. എന്നാൽ നഗരസഭയിൽ പലയിടത്തും സ്വകാര്യ പേ പാർക്കിംഗ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി ഓഡിറ്റിന് വ്യക്തമായി.

ഉദാ – തിരൂർ റിംഗ് റോഡ് , റെയിൽവേസ്റ്റേഷൻ റോഡ്, ജില്ലാ ആശുപത്രി പരിസരം Etc....

നഗരസഭയുടെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ വണ്ടിത്താവളങ്ങൾ കണ്ടെത്തി നിയമപരമായി ലൈസൻസ് എടുപ്പിക്കുന്നതിന് നഗരസഭ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. ഫീസ് ഒടുക്കിയ പാർക്കിംഗ് കേന്ദ്രത്തിന് ലൈസൻസ് അനുവദിച്ചതിന്റെ രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അനധികൃതമായി പാർക്കിംഗ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് 2023-24 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു എങ്കിലും നഗരസഭ യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.

സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് ലൈസൻസ് അനുവദിച്ചതിന്റെയും. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളുടെയും വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും ( 127/16.01.2026 ) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്വകാര്യ വണ്ടിത്താവളങ്ങളും നഗരസഭയിൽ നിന്നുള്ള ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന പാർക്കിംഗ് കേന്ദ്രങ്ങൾക്കെതിരെ മുനിസിപ്പാലിറ്റി നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-60 EMS ചിൽഡ്രൻസ് പാർക്ക് - കരാർ പ്രകാരമുള്ള ഫീസ് ലഭ്യമാകുന്നില്ല.

**ഫയൽ നം R4/ 2686 /22**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള EMS ചിൽഡ്രൻസ് പാർക്കിന്റെ നടത്തിപ്പ് അവകാശം 15 വർഷത്തേക്ക് നിള ഹോളിഡേയ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കൈമാറി 01.09.2022 ന് നഗരസഭ കരാർ ചമച്ചിട്ടുണ്ട് ( കരാർ നം 1/2022 Dt 01.09.2022 )

കരാർ പ്രകാരം സ്ഥാപനം നഗരസഭക്ക് ഒടുക്കേണ്ട ഫീസ് സംബന്ധിച്ച പ്രധാന വ്യവസ്ഥകൾ താഴെ നൽകുന്നു.

1. വാർഷിക ലൈസൻസ് ഫീ 210,000 രൂപയായിരിക്കും. ലൈസൻസ് ഫീസ് എല്ലാ വർഷവും മുൻവർഷത്തേക്കാൾ 5% വർദ്ധന വരുത്തുന്നതാണ്. ( ക്ലോസ് Ii )
2. നഗരസഭയുടെ പരിരക്ഷ സ്കീമിന് ലൈസൻസി എല്ലാ വർഷവും 25000 രൂപ നൽകേണ്ടതാണ്.( ക്ലോസ് Viii )
3. പാർക്കിന് സമീപമുള്ള പാർക്കിംഗ് ഏരിയ എല്ലാ വർഷവും മുൻകൂറായി 55000 രൂപ അടക്കുന്നതിനനുസരിച്ച് സ്ഥാപനത്തിന് അനുവദിച്ച് നൽകുന്നതാണ് ( ക്ലോസ് Ix )
4. ലൈസൻസ് ഫീസ് മുൻകൂറായോ അല്ലെങ്കിൽ നാല് തുല്യഭാഗങ്ങളായി വർഷത്തെ ഓരോ ക്വാർട്ടറിന്റെയും ആരംഭത്തിലോ ഒടുക്ക് വരുത്തേണ്ടതാണ് ( General Terms &Conditions 2 )

രേഖകൾ പരിശോധിച്ചതിൽ ലൈസൻസ് ഫീ ഇനത്തിൽ 105000 രൂപയും, പാർക്കിംഗ് ഫീസ് ഇനത്തിൽ 27500 രൂപയും പരിരക്ഷ കോൺട്രിബ്യൂഷൻ ഇനത്തിൽ 25000 രൂപയും മാത്രമേ സ്ഥാപനം നാളിതുവരെ ഒടുക്ക് വരുത്തിയിട്ടുള്ളൂ എന്ന് വ്യക്തമായി.

01.03.2023 മുതൽ നാളിതുവരെയുള്ള ലൈസൻസ് ഫീസ്, പാർക്കിംഗ് ഫീസ് എന്നിവയും നിയമാനുസൃതമുള്ള നികുതികളും പിഴ പലിശയും സ്ഥാപനം ഒടുക്കാൻ അവശേഷിക്കുന്നുണ്ട്. കൂടാതെ രണ്ടാം വർഷം മുതലുള്ള പരിരക്ഷ കോൺട്രിബ്യൂഷൻ തുകയും സ്ഥാപനം ഒടുക്ക് വരുത്തിയിട്ടില്ല.

നഗരസഭാ സെക്രട്ടറി 25.06.2024 ന് നൽകിയ നോട്ടീസ് പ്രകാരം വിവിധ ഇനങ്ങളിലായി 523926 രൂപ സ്ഥാപനം നഗരസഭക്ക് ഒടുക്ക് വരുത്താൻ അവശേഷിക്കുന്നുണ്ട്.

പാർക്ക് നടത്തിപ്പ് സംബന്ധിച്ച് മേൽ സ്ഥാപനം നഗരസഭയെ എതിർകക്ഷിയാക്കി കേരള ഹൈക്കോടതിയിൽ WP(C)-11993/ 24 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. നഗരസഭാ കൗൺസിൽ മിനുട്സ് പരിശോധിച്ചതിൽ പാർക്ക് നടത്തിപ്പുകാരുമായുള്ള തർക്കം പരിഹരിക്കുന്നതിന് ആർബിട്രേറ്ററെ ചുമതലപ്പെടുത്തിയതായി വ്യക്തമായിട്ടുണ്ട്.

ഇക്കാര്യത്തിൽ നാളിതുവരെ നഗരസഭ സ്വീകരിച്ച തുടർ നടപടികളുടെ രേഖകൾ, സ്ഥാപനം ഫീസ് ഒടുക്കിയിട്ടുണ്ട് എങ്കിൽ ആയതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 125 / 16.01.2026) ബഹു.ഹൈകോടതി തീരുമാനം വരുന്നത് വരെ ലൈസൻസിയിൽ നിന്നും പണം ഈടാക്കാൻ പാടില്ല എന്ന് കോടതി ഏർപ്പെടുത്തിയ ആർബിട്രേറ്റർ അറിയിച്ചതായി മറുപടി

നൽകി.

ഇക്കാര്യത്തിലെ തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-61 വിനോദ നികുതി കളക്ഷൻ - പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

തദ്ദേശ സ്വയംഭരണ പ്രദേശത്ത് നടക്കുന്ന സിനിമാ പ്രദർശനം ഉൾപ്പെടെ എല്ലാ വിനോദങ്ങൾക്കും വിനോദ നികുതി ഈടാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സ.ഉ(കൈ) 17/2024/ LSGD Dt 31.01.2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം , സിനിമാ പ്രദർശനം, അമ്യൂസ്മെന്റ് പാർക്ക്, നാടക , സർക്കസ് പ്രദർശനം, മറ്റ് എല്ലാ വിനോദങ്ങൾക്കും വിനോദ നികുതി ബാധകമാക്കിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതു ജനങ്ങളിൽ നിന്ന് പണം വാങ്ങി പ്രവേശനം നൽകുന്ന എല്ലാ വിനോദങ്ങൾക്കും വിനോദ നികുതി ബാധകമാകുന്നുണ്ട്.

2024-25 സാമ്പത്തിക വർഷത്തിലെ വിനോദ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയും പൂർണ്ണമായ നികുതി കളക്ഷൻ ഉറപ്പുവരുത്താതെയുമാണ് വിനോദ നികുതി കളക്ട് ചെയ്യുന്നത് എന്ന് വ്യക്തമായി.
ഓഡിറ്റിന് ലഭ്യമാക്കിയ 2024-25 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വിനോദ നികുതി ഇനത്തിലെ വരവ് 2482009 രൂപ ആണ്.

രേഖകൾ പരിശോധിച്ചതിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

**1) വിനോദ നികുതി കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

വിനോദ നികുതി ലഭിച്ച സ്ഥാപനങ്ങളുടെയും ലഭ്യമായ നികുതിയുടെയും വിവരങ്ങൾ രേഖപ്പെടുത്തി കളക്ഷൻ രജിസ്റ്റർ നഗരസഭയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽത്തന്നെ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്ന് വിനോദ നികുതി കളക്ട് ചെയ്തിട്ടുണ്ട് എന്നതും കളക്ഷന്റെ കൃത്യതയും പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.

ലഭ്യമായ കെ സ്മാർട്ട് ഫയൽ രേഖകൾ പരിശോധിച്ചതിൽ രണ്ട് സിനിമാ തിയറ്ററുകളിൽ നിന്ന് മാത്രമാണ് വിനോദ നികുതി വരവ് വന്നത് എന്നാണ് വ്യക്തമായത്.

**2) സിനിമ തിയറ്ററുകൾക്ക് ലൈസൻസ് - സെസ്സ് ഒടുക്ക് ഉറപ്പ് വരുത്തുന്നില്ല.**

2024-25 വർഷത്തിൽ നഗരസഭയിൽ രണ്ട് തിയറ്ററുകൾക്ക് ( ഖയാം, അനുഗ്രഹ ) ലൈസൻസ് അനുവദിച്ചതായി വ്യക്തമായി.

തിയറ്ററുകൾക്ക് ലൈസൻസിനുള്ള അപേക്ഷയോടൊപ്പം മുൻ വാർഷിക പാദം വരെയുള്ള സെസ്സ് ഒടുക്ക് വരുത്തിയിട്ടുണ്ട് എന്നതിനുള്ള No Due Certificate നിർബന്ധമായും സമർപ്പിക്കണം എന്ന് സ.ഉ (സാധാ) 137/2024/LSGD Dt 18.01.2024 നം ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയതാണ്. എന്നാൽ നഗരസഭയിൽ നിന്ന് ലൈസൻസ് നേടിയ മേൽ തിയറ്ററുകൾ സെസ് ഒടുക്കിയതിനുള്ള സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയില്ല.

സെസ് ഒടുക്ക് രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

**3) തിയറ്റർ ചെക്കിംഗ് - രേഖകൾ ലഭ്യമല്ല.**

വിനോദ നികുതി ചോർച്ച തടയുന്നതിനായി സിനിമാ തിയറ്ററുകളിലും വിനോദ നികുതി ഒടുക്കാൻ ബാധ്യതയുള്ള സ്ഥാപനങ്ങളിലും ചെക്കിംഗ് നടത്തുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനും അവർക്ക് നിശ്ചിത നിരക്കിൽ പ്രതിമാസ അലവൻസ് നൽകുന്നതിനും സ.ഉ(കൈ) 17/2024/ LSGD Dt 31.01.2024 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരം വിനോദ നികുതി ചോർച്ച തടയുന്നതിന് ചെക്കിംഗിന് ഉദ്യോഗസ്ഥരെ നിയമിച്ചതായി ഫയലിൽ നിന്ന് വ്യക്തമായി. എന്നാൽ ഉദ്യോഗസ്ഥർ പരിശോധന നടത്തിയതിന്റെ റിപ്പോർട്ടുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

**4) തിയറ്ററുകൾ GST ഒടുക്കുന്ന രേഖ ലഭ്യമല്ല- വരവിന്റെ കൃത്യത ഉറപ്പുവരുത്താനാവുന്നില്ല.**

31-08-2019 ലെ സർക്കാർ ഉത്തരവ് നം.112/2019 ത.സ്വ.ഭ.വ പ്രകാരം ഇ ടിക്കറ്റിംഗ് നിലവിൽ വരുന്നത് വരെ ടിക്കറ്റുകൾ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ കൊണ്ടുപോയി സീൽ ചെയ്യിക്കേണ്ടതില്ല എന്നും പകരം GST ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി നികുതി തൊട്ടടുത്ത

മാസം 3-ാം തിയ്യതിക്ക് മുമ്പായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്ക് വരുത്തണം എന്നുമാണ് നിർദ്ദേശിച്ചത്.

തിയറ്ററുകൾ GST ഒടുക്കുന്നതിന്റെ രേഖകൾ ലഭ്യമാക്കി നഗരസഭക്ക് ലഭിക്കേണ്ട തുക കണക്കാക്കാതെ തിയറ്ററുകൾ നൽകുന്ന ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റ് പരിശോധനകളൊന്നും നടത്താതെ വിനോദ നികുതി വരവ് വക്കുകയാണ് നഗരസഭ ചെയ്യുന്നത്.

ഇത് നഗരസഭക്ക് വരുമാന നഷ്ടത്തിനുള്ള അവസരം സൃഷ്ടിക്കുന്നുണ്ട്.

**5) ഇ ടിക്കറ്റിംഗ് നടപ്പിലാക്കുന്നില്ല – വരവ് നഷ്ടത്തിന് അവസരം നിലനിൽക്കുന്നു.**

02.05.2016 മുതൽ കേരളത്തിലെ സിനിമാ തിയറ്ററുകളുടെ ടിക്കറ്റിംഗ് സംവിധാനം പൂർണ്ണമായും സർക്കാർ അംഗീകൃത ഇ ടിക്കറ്റിംഗ് സോഫ്റ്റ്‌വെയർ മുഖേനയായിരിക്കണം എന്ന് നിർദ്ദേശിച്ച് GO(P) 14/ 2016 / LSGD Dt 04.03.2016 പ്രകാരം സർക്കാർ ഉത്തരവായതാണ്. തുടർന്ന് 04-01-2020 ലെ സർക്കാർ ഉത്തരവ് (സാധാ) 101/2020 ത.സ്വ.ഭ.വ പ്രകാരം ഇ ടിക്കറ്റിംഗ് നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും ഈ സംവിധാനം പ്രവർത്തനക്ഷമമായിട്ടില്ല.

ഇ ടിക്കറ്റിംഗ് സംവിധാനം നിലവിൽ വരുന്നതിന് നിയമ ഭേദഗതി വരുത്തി 8 വർഷം കഴിഞ്ഞിട്ടും ഇത്തരത്തിൽ ഒരു സംവിധാനം പ്രാബല്യത്തിൽ വരുത്താൻ സാധിക്കാത്തത് മൂലം സർക്കാറിന് GST ഇനത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിനോദ നികുതി ഇനത്തിലും ലഭിക്കേണ്ട മുഴുവൻ തുകയും കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്.

തിയറ്റർ അധികാരികൾ ലഭ്യമാക്കുന്ന വിവരങ്ങൾ അംഗീകരിച്ച്, അവർ ഒടുക്കുന്ന നികുതി വരവ് വക്കാൻ മാത്രമാണ് നിലവിൽ മുനിസിപ്പാലിറ്റിക്ക് സാധിക്കുന്നത്. ഇത് മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാനം നഷ്ടപ്പെടുന്നതിന് സാധ്യത നിലനിൽക്കുന്നു. ഇക്കാര്യം അടിയന്തിരമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**6) വിനോദ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല**

വിനോദ നികുതി ഈടാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സ.ഉ(കൈ) 17/2024/ LSGD Dt 31.01.2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം , സിനിമാ പ്രർശനം, അമ്യൂസ്മെന്റ് പാർക്ക്, നാടക , സർക്കസ് പ്രദർശനം, മറ്റ് എല്ലാ വിനോദങ്ങൾക്കും വിനോദ നികുതി ബാധകമാക്കിയിട്ടുണ്ട്.

എന്നാൽ നഗരസഭയിൽ ലൈസൻസ് നൽകിയ സിനിമാ തിയറ്ററുകളിൽ നിന്ന് മാത്രമാണ് വിനോദ നികുതി ഈടാക്കി വരുന്നത്. നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്നതും പൊതു ജനങ്ങളിൽ നിന്ന് ഫീസ് വാങ്ങി പ്രവേശനം നൽകുന്നതുമായ ഇ.എം.എസ് പാർക്കിൽ നിന്ന് ഫീസ് പിരിക്കുന്നതിനും, മറ്റ് വിനോദ കേന്ദ്രങ്ങൾ കണ്ടെത്തി വിനോദ നികുതി ഡിമാന്റ് ചെയ്യുന്നതിനും നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല.

വിനോദ നികുതിയുമായി ബന്ധപ്പെട്ട മേൽ അപാകതകൾ 2023-24 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതായിരുന്നുവെങ്കിലും നഗരസഭ പരാമർശത്തിന് മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾ നിലവിലും തുടരുന്നുണ്ട് എന്നാണ് വ്യക്തമായത്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 140 /21.01.2026 ) ലഭ്യമാക്കിയ മറുപടിയിൽ കളക്ഷൻ രജിസ്റ്റർ നിലവിൽ എഴുതി വരുന്നുണ്ട് എന്നും സിനിമാ തിയറ്ററുകളുടെ No Due സർട്ടിഫിക്കറ്റ് നഗരസഭയിൽ ഹാജരാക്കിയിട്ടുണ്ട് എന്നും, നഗരസഭയിലെ EMS പാർക്ക് നടത്തിപ്പുകാരുമായി കേസ് നില നിൽക്കുന്നതിനാൽ ഫീസ് ഈടാക്കാൻ സാധിച്ചിട്ടില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ തിയറ്ററുകളുടെ No Due സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ EMS പാർക്ക് നടത്തിപ്പുകാരും നഗരസഭയുമായുള്ള കേസ് വിനോദ നികുതിയുമായി ബന്ധപ്പെട്ടല്ലാത്തതിനാൽ കേസ് കാരണമാണ് നികുതി നികുതി ഈടാക്കാത്തത് എന്ന മറുപടിയും അംഗീകരിക്കാനാവില്ല.

വിനോദ നികുതി പിരിവുമായി ബന്ധപ്പെട്ട് മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം/ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും, നഗരസഭക്ക് അർഹതപ്പെട്ട വിനോദ നികുതി പൂർണ്ണമായും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും, ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-62 തൊഴിൽ നികുതി - മുനിസിപ്പാലിറ്റി നിയമപ്രകാരം നടപടി സ്വീകരിക്കുന്നില്ല.

തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിലും, രേഖകൾ സൂക്ഷിക്കുന്നതിലും കേരള മുനിസിപ്പാലിറ്റി നിയമം, 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നടപടികൾ സ്വീകരിക്കുന്നില്ല എന്ന് വ്യക്തമായി.

2024-25 വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി ഇനത്തിലെ വരവ് വിവരം താഴെ നൽകുന്നു.

| ഇനം | ഡിമാന്റ് |
|---|---|
| Profession Tax( Employees) | 14001833 |
| Profession Tax ( Instituitions, Professionals, Traders ) | 6486590 |
| Profession Tax( Arrear ) | 4848522 |

**2024-25 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച് നഗരസഭ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.**

**1) ഡിമാന്റ് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല.**

2005ലെ കേരള മുൻസിപ്പാലിറ്റി **(തൊഴിൽ നികുതി) ചട്ടങ്ങളിലെ** ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അടവ് വിവരങ്ങൾ അതത് പേജുകളിൽ വരവ് വെക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ചട്ടപ്രകാരമുള്ള ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

* ഓഡിറ്റിന് ലഭ്യമാക്കിയ ജീവനക്കാരുടെ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്റർ ചട്ടത്തിലെ നിർദ്ദേശത്തിനനുസരിച്ച് ഓരോ സ്ഥാപനത്തിനും ഓരോ പേജ് അനുവദിച്ചല്ല എഴുതി സൂക്ഷിച്ചിട്ടുള്ളത്. സ്ഥാപനത്തിൽ എത്ര ജീവനക്കാർ ഉണ്ട് എന്നുള്ള വിവരമോ, നികുതി ഒടുക്കിയ ജിവനക്കാരുടെ വിവരങ്ങളോ, ഒടുക്കിയ തുകയുടെ വ്യക്തമായ വിവരങ്ങളോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പല സ്ഥാപനങ്ങളുടെയും നികുതി ഒടുക്ക് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.
* ഇൻസ്റ്റിറ്റ്യൂഷൻ, പ്രൊഫഷനൽ, ട്രേഡേഴ്സ് എന്നിവരുടെ തൊഴിൽ നികുതി വിവരം രേഖപ്പെടുത്തിയ ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
* ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
* രജിസ്റ്റർ തിരൂർ മുനിസിപ്പാലിറ്റിയുടേതാണ് എന്നത് സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലും രജിസ്റ്ററിൽ ഒരിടത്തും ഇല്ല.
* രജിസ്റ്ററിന്റെ ആദ്യഭാഗത്ത് പേജ് സാക്ഷ്യപത്രം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
* ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ഉത്തരവാദിയായ ഉദ്യോഗസ്ഥർ പരിശോധിച്ച്

സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**2) അരിയർ ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.**

വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി കുടിശ്ശിക ഇനത്തിൽ വരവ് ലഭിച്ചിട്ടുണ്ട്. 2024-25 ലെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം തൊഴിൽ നികുതി കുടിശ്ശിക ( കറന്റ്, അരിയർ) അവശേഷിക്കുന്നുണ്ട്. എന്നാൽ തൊഴിൽ നികുതി അരിയർ ഡിമാന്റ് രജിസ്റ്റർ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ഈ ഇനത്തിലെ വരവ് നീക്കിയിരുപ്പ് എന്നിവയുടെ നിജസ്ഥിതി ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

**3) തൊഴിൽ നികുതി റിട്ടേണുകൾ ശരിയായി ഫയൽ ചെയ്ത് സൂക്ഷിക്കുന്നില്ല.**

2024-25 വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ ശരിയായി ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. സ്ഥാപനങ്ങളിൽ നിന്നും റിട്ടേണുകൾ വാങ്ങി ഫയൽ ചെയ്തു വെക്കുന്നുണ്ടെങ്കിലും ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി രജിസ്റ്ററിലെ ക്രമനമ്പർ അടിസ്ഥാനത്തിൽ റിട്ടേണുകൾ സൂക്ഷിക്കാത്തതിനാൽ തൊഴിൽ നികുതി ഒടുക്ക് വിവരം ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**4) തൊഴിൽ നികുതി റിട്ടേണുകളിൽ അടവാക്കുന്ന തുക കൃത്യമാണോ എന്ന് പരിശോധിച്ച് ഉറപ്പാക്കിയല്ല തുക കൈപ്പറ്റുന്നത്**

ഡിമാന്റ് രജിസ്റ്ററിലെ ക്രമ നമ്പറിന്റെ അടിസ്ഥാനത്തിൽ റിട്ടേണുകൾ സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് ചെയ്യപ്പെട്ട തുക പൂർണ്ണമായി ലഭിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല. സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയോടൊപ്പം ലഭ്യമാകുന്ന റിട്ടേണുകളിൽ ജീവനക്കാരന്റെ അർദ്ധവാർഷിക വരുമാനത്തിനനുസൃതം കൃത്യമായ തുകയല്ല പല ജീവനക്കാരിൽ നിന്നും കൈപറ്റിയിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തിലെ രണ്ട് അർദ്ധവർഷങ്ങളിലും ഇപ്രകാരം തെറ്റായി തുക കൈപ്പറ്റിയിട്ടുണ്ട്. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

2024-25 ആദ്യഅർദ്ധവർഷത്തിലെ വിവരങ്ങൾ (2024 ഏപ്രിൽ – 2024 സെപ്റ്റംബർ)

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | വ്യത്യാസം |
|---|---|---|---|---|---|---|
| | | | | | | |
| 1 | ഫാത്തിമ മാതാ എച്ച്.എസ്.എസ് | രതീഷ്. ആർ | 18010 | 180 | 120 | 60 |
| | | | | | | |
| 2 | A.M.S.H.S.S പഴംകുളങ്ങര | സുഫൈറ | 19500 | 180 | 120 | 60 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 3 | A.M.S.H.S.S പഴംകുളങ്ങര | അബ്ദുൾ റസാക്ക് ഫൈസി | 24000 | 180 | 300 | 120 |
| 4 | കേരള നിക്കാഹ് | അൻസി | 41000 | 300 | 600 | 300 |
| 5 | കേരള നിക്കാഹ് | രമ്യ കെ | 40000 | 300 | 450 | 150 |
| 6 | മിനി മുത്തുറ്റ് | ജിമ്മി.എം | 55200 | 450 | 600 | 150 |
| 7 | മിനി മുത്തുറ്റ് | സന്ധ്യ വി | 44700 | 300 | 450 | 150 |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.06.2024 ലെ ജി.ഒ(ആർ.ടി) 1149/2024 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 2024-25 രണ്ടാം അർദ്ധവർഷം പ്രാബല്യത്തിൽ തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിട്ടുണ്ട്. രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന 01.10.2024 മുതൽ പ്രാബല്യമുള്ള പരിഷ്കരിച്ച നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അർദ്ധവാർഷിക വരുമാന പരിധി | നിലവിലെ നിരക്ക് | പുതുക്കിയ നിരക്ക് |
|---|---|---|---|
| 1 | 11999 വരെ | NIL | NIL |

| | | | |
|---|---|---|---|
| 2 | 12000 മുതൽ 17999 വരെ | 120 | 320 |
| 3 | 18000 മുതൽ 29999 വരെ | 180 | 450 |
| 4 | 30000 മുതൽ 44999 വരെ | 300 | 600 |
| 5 | 45000 മുതൽ 99999 വരെ | 450/600/750 | 750 |
| 6 | 100000 മുതൽ 124999 വരെ | 1000 | 1000 |
| 7 | 125000 മുതൽ | 1250 | 1250 |

2024-25 രണ്ടാം അർദ്ധവർഷത്തിലെ (ഒക്ടോബർ 2024- മാർച്ച് 2025) വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | വ്യത്യാസം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ഇന്റസിന്റ് മാക്കറ്റിംഗ് & ഫിനാൻസ് സർവ്വീസസ് | രമേഷ്.ടി.ഡി | 18635 | 320 | 180 | 140 |
| 2 | ഇന്റസിന്റ് മാക്കറ്റിംഗ് & ഫിനാൻസ് സർവ്വീസസ് | മുഹമ്മദ് സുഹൈൽ. എ | 15211 | 320 | 120 | 200 |
| 3 | ഇന്റസിന്റ് മാക്കറ്റിംഗ് & ഫിനാൻസ് സർവ്വീസസ് | വൈശാക്.സി.പി | 32166 | 450 | 300 | 150 |
| 4 | ഇന്റസിന്റ് ബാങ്ക് ലിമിറ്റഡ് | ജിഷ്ണ.കെ | 78371 | 750 | 1000 | 250 |
| 5 | റിസ്വാൻ | ഹബീബ് റഹ്മാൻ | 68000 | 750 | 1000 | 250 |

| | | | | | | |
|---|---|---|---|---|---|---|
| | ഗോൾഡ് & ഡയമണ്ട് | | | | | |

ഇപ്രകാരം 2024-25 ലെ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി തെറ്റായ നിരക്കിൽ ഈടാക്കിയിട്ടുണ്ട്.

**5) തൊഴിൽ നികുതി ഡിമാന്റ് ചെയ്ത രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.**

2005 ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 5,6,8,9 എന്നിവ പ്രകാരം തൊഴിൽ നികുതി സംബന്ധിച്ച് ഫാറം I, II, V, VI എന്നിവ പ്രകാരം നഗരസഭ നോട്ടീസ് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ചട്ടങ്ങൾ പ്രകാരം നോട്ടീസ് നൽകിയ സ്ഥാപനങ്ങളുടെ/ വ്യക്തികളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. നഗരസഭയിൽ തൊഴിൽ നികുതി ഒടുക്കേണ്ട സ്ഥാപനങ്ങളുടെ/ വ്യക്തികളുടെ വിവരം ഉൾപ്പെടുത്തി തയ്യാറാക്കിയ ഡാറ്റാബേസ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

**6) നികുതി ഒടുക്കാത്തവർക്കെതിരെ സ്വീകരിച്ച നടപടി വിവരം ലഭ്യമല്ല.**

നഗരസഭാപരിധിയിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവരെ കണ്ടെത്തുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ , നികുതി ഒടുക്കാത്തവർക്കെതിരെ സ്വീകരിച്ച തുടർ നടപടികൾ എന്നിവ സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

തൊഴിൽ നികുതി രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ 2023-24 ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉൾപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിലും അപാകതകൾ പരിഹരിക്കാതെയാണ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം / രേഖകൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.122/14.01.2026) നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിച്ചുകൊണ്ട് കൃത്യമായി ഡിമാന്റ് രജിസ്റ്റർ , അരിയർ ഡിമാന്റ് രജിസ്റ്റർ, എന്നിവ തയ്യാറാക്കി ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്നും ഡിമാന്റ് രജിസ്റ്ററിലെ ക്രമ നമ്പറിന്റെ അടിസ്ഥാനത്തിൽ റിട്ടേണുകൾ സൂക്ഷിക്കുന്നതാണെന്നും തൊഴിൽ നികുതി കുറവ് അടവാക്കിയ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി അവശേഷിക്കുന്ന തുക പിരിച്ചെടുക്കുന്നതാണെന്നും മറുപടി നൽകി.

**പരിശോധനയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കളക്ഷൻ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ നൽകുന്നു.**

- തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ആളുകളെയും കണ്ടെത്തി നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ ലഭിക്കുന്ന തുക തൊഴിൽ നികുതി വരവായി കാണിക്കുകയാണ് ചെയ്തിട്ടുള്ളത്.
- തൊഴിൽ നികുതി റിട്ടേണുകൾ കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിക്കാത്തതിനാലും, ചട്ടപ്രകാരമുള്ള ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാത്തതിനാലും നഗരസഭയിൽ തൊഴിൽ നികുതി ഒടുക്ക് വരുത്തിയതിന്റെ നിജസ്ഥിതിയും, നികുതി ഒടുക്ക് വരുത്താതെ വീഴ്ച വരുത്തിയവരെയും കണ്ടെത്തുന്നതിന് സാധിക്കുന്നില്ല.
- നികുതി ഡിമാന്റ് ചെയ്ത് പൂർണ്ണമായി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലും , നികുതി റിട്ടേണുകളും, ഡിമാന്റ് രജിസ്റ്ററുകളും ശരിയായിസൂക്ഷിക്കുന്നതിലും സെക്ഷൻ ചുമതല വഹിച്ച ഉദ്യോഗസ്ഥനും , സൂപ്പർവൈസറി ചുമതലയുള്ള ഉദ്യോഗസ്ഥരും വീഴ്ച വരുത്തി.

നികുതി പൂർണ്ണമായി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും ചട്ടപ്രകാരമുള്ള ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതും തൊഴിൽ നികുതി റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിലെ ക്രമ നമ്പറിന്റെ അടിസ്ഥാനത്തിൽ സൂക്ഷിക്കുകയും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

**1-63 നഗരസഭ കെട്ടിടങ്ങളിൽ നിന്നുള്ള വാടക വരവ് - വ്യക്തമായ രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല**

നഗരസഭ വാടകക്ക് നൽകുന്ന കെട്ടിടങ്ങളിൽ നിന്നും ലഭിക്കുന്ന വാടക വരവുകളുടെ വ്യക്തമായ രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല എന്ന് ബോധ്യമായി. 2024-25 ലെ വാർഷിക കണക്ക് പ്രകാരം കെട്ടിടങ്ങളുടെ വാടക ഇനത്തിൽ നഗരസഭയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ താഴെ നൽകുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ<br>(R/P പത്രിക പ്രകാരം) | ബാലൻസ്<br>(ബാലൻസ് ഷീറ്റ് പ്രകാരം) |
|---|---|---|---|
| കറണ്ട് | 21239048 | 17356420 | 3882628 |
| അരിയർ | 13243885 | 2529047 | 10714838 |
| ആകെ | 34482933 | 19885467 | 14597466 |

കെട്ടിടങ്ങൾ വാടകക്ക് നൽകുന്നത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1) വാടക ഡെപ്പോസിറ്റ് ഇനത്തിൽ നഗരസഭ സ്വീകരിച്ച തുകകളുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.**

വാടകക്ക് നൽകുന്ന റൂമുകൾക്ക് ഡെപ്പോസിറ്റ് ഇനത്തിൽ നഗരസഭ സ്വീകരിക്കുന്ന തുകകളുടെ വിവരം കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് ക്രമീകരിക്കുന്ന വിവരവും രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല .

**2) ഡിമാന്റ് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല.**

നഗരസഭ വാടകക്ക് നൽകുന്ന കെട്ടിടങ്ങളിലെ റൂമുകളുടെയും, വാടകക്കാരുടെയും, ലഭിക്കുന്ന വാടകയുടെയും വിവരം രേഖപ്പെടുത്തി ' Rent Register" എന്ന പേരിൽ ഒരു രജിസ്റ്ററിലാണ് എഴുതി സൂക്ഷിക്കുന്നത്. രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

- രജിസ്റ്റർ തിരൂർ മുനിസിപ്പാലിറ്റിയുടേതാണ് എന്നത് സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലും രജിസ്റ്ററിൽ ഒരിടത്തും ഇല്ല.
- രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- കൈവശക്കാർ നഗരസഭയുമായി ചമച്ച കരാറിന്റെ വിവരം, കരാർ പ്രകാരം റൂം നൽകിയ കാലയളവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
- കൈവശക്കാർ നഗരസഭയിൽ ഒടുക്ക് വരുത്തിയ ഡെപ്പോസിറ്റിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
- കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 10 (1) പ്രകാരം സംവരണം ചെയ്യപ്പെട്ട റൂമുകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല.
- വാടക ഇനത്തിൽ ലഭിക്കാനുള്ളതും ലഭിച്ചതുമായ തുകകളുടെ വിവരം രേഖപ്പെടുത്തി വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.
- തുക ഒടുക്ക് വരുത്താത്ത ലൈസൻസികൾ, ഒഴിഞ്ഞു കിടക്കുന്ന റൂമുകൾ എന്നിവ സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

**3)അരിയർ ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.**

വാടക കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ളതും ലഭിച്ചതുമായ തുകകളുടെ വിശദമായ വിവരം രേഖപ്പെടുത്തിയ അരിയർ ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

**4) കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമല്ല.**

വാടക കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

**5)വാടകക്ക് നൽകുന്ന റൂമുകൾ അനധികൃതമായി കൈമാറ്റം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നില്ല,**

നഗരസഭ ലൈസൻസികൾക്ക് വാടകക്ക് നൽകുന്ന റൂമുകളുടെ വിസ്തീർണ്ണം ഉൾപ്പെടെ പ്രസക്തമായ വിവരങ്ങൾ രേഖപ്പെടുത്താതെ റൂം നൽകുന്നതിനാൽ അനധികൃതമായി റൂമുകളിൽ മാറ്റം വരുത്തി കൈമാറ്റം ചെയ്യുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. റൂമുകൾ അനധികൃതമായി കൈവശം വയ്ക്കുന്നതും, കൈമാറ്റം ചെയ്യുന്നതും കണ്ടെത്തുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 152/29.01.2026 ) മറുപടി ലഭ്യമാക്കിയില്ല.

അപാകതകൾ മുൻവർഷ റിപ്പോർട്ടിലും ഓഡിറ്റ് ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല. അപാകതകൾ അതുപോലെ തുടർന്നുവരുന്നതായാണ് പരിശോധനയിൽ ബോധ്യമായത്. വാടകക്ക് നൽകുന്ന കെട്ടിടങ്ങൾ സംബന്ധിച്ച് മേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-63-1 റൂം ലേലം- തുടർ നടപടി വിവരങ്ങൾ ലഭ്യമല്ല.**

കെട്ടിടങ്ങൾ വാടകക്ക് നൽകുന്നത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ 25.10.2024ന് നടന്ന ലേലത്തിലൂടെ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റിലെ Gf-22 നമ്പർ കടമുറി ശ്രീ സെയ്ഫുദ്ദീൻ എന്ന വ്യക്തി 67500 രൂപക്കും, Gf-23 നമ്പർ കടമുറി ശ്രീ ഹുസൈൻ എന്ന വ്യക്തി 47000 രൂപക്കും ലേലത്തിൽ വിളിച്ചെടുത്തിട്ടുണ്ട് എന്ന് വ്യക്തമായി. 27.11.2024 ലെ കൗൺസിൽ തീരുമാനപ്രകാരം ലേലം അംഗീകരിച്ചിട്ടുണ്ട്. കെട്ടിട വാടക രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത കടമുറികൾക്ക് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ കരാർ, ഡെപ്പോസിറ്റ്, റൂം കൈമാറിയതിന്റെ രേഖകൾ എന്നിവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വാടക ലഭിച്ചതായും കാണുന്നില്ല.

ആയതിനാൽ പ്രസ്തുത വ്യക്തികൾ വാടക അടവാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല. ഇത് പരിശോധിക്കുന്നതിനായി പ്രസ്തുത വ്യക്തികൾ നഗരസഭയുമായി ചമച്ച കരാർ, വ്യക്തികൾ അടവാക്കിയ ഡെപ്പോസിറ്റ്/ വാടക എന്നിവയുടെ വിവരങ്ങൾ, വാടക ഒടുക്ക് വരുത്തിയിട്ടില്ല എങ്കിൽ നഗരസഭ സ്വീകരിച്ച തുടർ നടപടികളുടെ രേഖകൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( നം. 156/31.01.2026 ) പ്രസ്തുത വ്യക്തികളിൽ നിന്നും തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വാടക അടവാക്കുന്നത് സംബന്ധിച്ച് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും മറുപടി നൽകി.

തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും വാടകക്ക് നൽകുന്ന കെട്ടിടങ്ങളിൽ നിന്നുള്ള വരവ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

**1-64 വാടകക്ക് നൽകിയ കെട്ടിടങ്ങളുടെ വ്യക്തമായ രേഖകൾ സൂക്ഷിക്കുന്നില്ല**

വിവിധ സ്ഥലങ്ങളിലായി നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ 2024-25 സാമ്പത്തിക വർഷം വാടകക്ക് നൽകിയിട്ടുള്ളതായി ഫയൽ പരിശോധനയിൽ വ്യക്തമായി. എന്നാൽ വാടകക്ക് നൽകുന്ന കെട്ടിടങ്ങൾ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല. വ്യക്തമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ വാടകക്ക് നൽകുന്ന ആസ്തികളുടെ വിവരങ്ങൾ , വാടക ലഭ്യമാകുന്നതിന്റെ നിജസ്ഥിതി എന്നിവ പരിശോധിച്ച് ഉറപ്പുവരുത്താനാവുന്നില്ല.

മുനിസിപ്പാലിറ്റി കെട്ടിടങ്ങൾ വാടകക്ക് നൽകുന്നത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

**1-64-1 കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.**

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 215 (2) (എ) പ്രകാരം " മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകാവുന്നതും (നിർണ്ണയിക്കപ്പെട്ട രീതിയിൽ അവയുടെ ഉപയോഗത്തിനും കൈവശത്തിനും അതു നിശ്ചയിച്ചേക്കാവുന്ന ഫീസ് ചുമത്തുകയും ചെയ്യാവുന്നതാണ്". എന്നാൽ മേൽ നിർദ്ദേശ പ്രകാരം തിരൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിന് എങ്ങനെയായിരിക്കണം എന്ന് നിർണ്ണയിച്ച് ബൈലോ തയ്യാറാക്കിയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 151/29.01.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-64-2 വാടകക്ക് നൽകുന്ന കെട്ടിടങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 211 (1) പ്രകാരം " മുനിസിപ്പാലിറ്റിക്ക് സ്വന്തമായുള്ളതോ അല്ലെങ്കിൽ മുനിസിപ്പാലിറ്റിക്ക് റിവർഷണറി അധികാരം ഉള്ളതോ ആയ എല്ലാ സ്ഥാവര വസ്തുക്കളുടെയും ഒരു വസ്തു വിവരപ്പട്ടിക സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്." എന്നാൽ മുനിസിപ്പാലിറ്റി വാടകക്ക് നൽകിയ കെട്ടിടങ്ങൾ സംബന്ധിച്ച് താഴെ പരാമർശിക്കുന്ന വിവരങ്ങൾ നഗരസഭയിൽ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല.

* വാടകക്ക് നൽകിയ കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന ഭൂമിയുടെ വിവരങ്ങൾ ( സർവ്വേ നം )
* കെട്ടിടത്തിന്റെ വിസ്തൃതി, കെട്ടിടത്തിന് നമ്പർ നൽകിയ വിവരങ്ങൾ,
* ഓരോ കെട്ടിടത്തിലും വാടകക്ക് നൽകാൻ ഉദ്ദേശിക്കുന്ന റൂമുകളുടെ എണ്ണം, വാടകക്ക് നൽകുന്ന ഓരോ റൂമിന്റെയും വിസ്തൃതി, റൂമിന്റെ സ്ഥാനം ( ഏത് നിലയിൽ സ്ഥിതി ചെയ്യുന്നു), കെട്ടിടത്തിലെ പൊതു സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ,
* വാടകക്ക് നൽകുന്ന റൂമുകളിലെ വൈദ്യുതി, വെള്ളം കണക്ഷൻ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ

വാടകക്ക് നൽകുന്ന കെട്ടിടങ്ങളുടെ മേൽ പരാമർശിക്കപ്പെട്ട രേഖകൾ ലഭ്യമല്ലാത്തതിനാൽ നഗരസഭ വാടകക്ക് നൽകാൻ ഉദ്ദേശിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നതും അനധികൃതമായി ഉപയോഗിക്കുന്നുണ്ടോ എന്നതും പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( നം. 151/29.01.2026 ) മറുപടി ലഭ്യമാക്കിയില്ല. നഗരസഭ വാടകക്ക് നൽകുന്ന കെട്ടിടങ്ങളുടെ മേൽ പരാമർശിക്കപ്പെട്ട വിവരങ്ങൾ ശേഖരിച്ച് രേഖകൾ വ്യക്തമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-64-3 സംവരണം ചെയ്യപ്പെട്ട വാടക റൂമുകളുടെ വിവരം പ്രത്യേകമായി എഴുതി സൂക്ഷിക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും ) ചട്ടങ്ങളിലെ ചട്ടം 10 (1) പ്രകാരം മുനിസിപ്പാലിറ്റി ലൈസൻസ് വ്യവസ്ഥയിൽ വാടകക്കോ പാട്ടത്തിനോ നൽകുന്ന കടമുറികൾ, ബങ്കുകൾ, സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും പത്ത് ശതമാനം പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വേണ്ടി സംവരണം ചെയ്യേണ്ടതും അപ്രകാരം സംവരണം ചെയ്യപ്പെട്ടിട്ടുള്ളവ ആ വിഭാഗക്കാരിൽ നിന്ന് മാത്രം പരസ്യമായി അപേക്ഷ ക്ഷണിച്ച് നൽകേണ്ടതുമാണ്." എന്നാൽ നഗരസഭയിൽ വാടകക്ക് നൽകുന്ന ഓരോ തരം കെട്ടിടങ്ങളിലും പട്ടികജാതി, പട്ടിക വർഗ്ഗവിഭാഗത്തിന് സംവരണം ചെയ്യപ്പെട്ടവ ഏതെല്ലാം ആണ് എന്ന് രേഖപ്പെടുത്തി കാണുന്നില്ല. ഇക്കാരണത്താൽത്തന്നെ ചട്ടപ്രകാരമുള്ള സംവരണം പാലിക്കപ്പെട്ടിട്ടുണ്ടോ എന്നും അനധികൃതമായി മറ്റ് വിഭാഗക്കാർക്ക് വാടകക്ക് നൽകിയിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിക്കുന്നില്ല. പ്രസ്തുത അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 151/29.01.2026 ) മറുപടി ലഭ്യമാക്കിയില്ല. വാടകക്ക് നൽകുന്ന കെട്ടിടങ്ങളിൽ ചട്ടപ്രകാരം പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് സംവരണം ചെയ്യപ്പെട്ടവ ഏതെല്ലാമാണ് എന്ന് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-64-4 പരസ്യലേലം / ടെണ്ടർ നപടി സ്വീകരിക്കാതെ ലൈസൻസ് നൽകുന്നു

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 215 (2)(ഡി), കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 11 എന്നിവ പ്രകാരം 'ലൈസൻസ് പുതുക്കി നൽകുന്നതോ, ഒരു ലൈസൻസിയെ പുനരധിവസിപ്പിക്കുന്നതോ ഒഴികെയുള്ള എല്ലാ സംഗതികളിലും പരസ്യലേലമോ ടെണ്ടർ മുഖാന്തിരമോ മാത്രമേ ലൈസൻസ് അനുവദിക്കാവൂ 'എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ

ലൈസൻസ് അനുവദിക്കപ്പെട്ട ലൈസൻസികളുടെ അനന്തരാവകാശികൾക്ക് പരസ്യലേലം / ടെണ്ടർ നടപടികൾ പാലിക്കാതെ ലൈസൻസ് അനുവദിച്ച് നൽകിവരുന്നതായി കാണുന്നു. നിയമത്തിനും ചട്ടത്തിനും വിരുദ്ധമായി ഇത്തരത്തിൽ ലൈസൻസ് അനുവദിച്ച് നൽകുന്നതിന് ആധാരമാക്കിയ രേഖകൾ ( സർക്കാർ / കോടതി ഉത്തരവ് / നിർദ്ദേശങ്ങൾ ) പരിശോധനക്ക് ലഭ്യമാക്കിയില്ല. മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്
(151/29.01.2026) മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ ലൈസൻസ് അനുവദിച്ച് നൽകിയതിന് ആധാരമാക്കിയ ഉത്തരവുകൾ ലഭ്യമാക്കുകയോ, ചട്ടവിരുദ്ധമായി ലൈസൻസ് നൽകുന്നത് അവസാനിപ്പിക്കുയോ ചെയ്യേണ്ടതാണ്.

## 1-64-5 അപൂർണ്ണമായ കരാറുകൾ

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 215 (3) പ്രകാരം "(2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ ലൈസൻസും ആ കെട്ടിടമോ അതിലുള്ള മുറിയോ ഇടമോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകളും ഫീസിന്റെ നിരക്കും അത് കൊടുക്കേണ്ട സമയവും അതിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതും മേൽപ്പറഞ്ഞ പ്രകാരമുള്ള വ്യവസ്ഥകളും നിബന്ധനകളും ഉചിതമായ മൂല്യമുള്ള മുദ്രപത്രത്തിലുള്ള ഒരു കരാറിന്റെ രൂപത്തിൽ എഴുതിയുണ്ടാക്കിയത് ആയിരിക്കേണ്ടതുമാണ്."
2024-25 വർഷത്തിൽ നഗരസഭയുടെ കെട്ടിടങ്ങൾ വാടകക്ക് എടുത്ത ലൈസൻസികളുമായി ചമച്ച കരാറുകൾ പരിശോധിച്ചതിൽ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്താതെ അപൂർണ്ണമായ കരാർ പത്രങ്ങളാണ് നഗരസഭയിൽ സൂക്ഷിക്കുന്നത് എന്ന് വ്യക്തമായി. കണ്ടെത്തിയ പ്രധാന അപാകതകൾ താഴെ നൽകുന്നു.
* എല്ലാ വാടകകൾക്കും കരാർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കരാറുകൾ ഇല്ലാതെയും കെട്ടിടങ്ങൾ വാടകക്ക് നൽകിയിട്ടുണ്ട്.
* മിക്ക കരാറുകളിലും സെക്രട്ടറി ഒപ്പ് വച്ചിട്ടില്ല. ലൈസൻസി മാത്രം ഒപ്പ് വച്ച കരാർ പത്രങ്ങളാണ് പരിശോധനക്ക് ലഭ്യമായത്.
* വാടകക്ക് നൽകിയ കെട്ടിടത്തിന്റെ സർവേ നമ്പർ ഉൾപ്പെടെ ഒരു വിവരവും കരാർ പത്രത്തിൽ ഇല്ല.
* എന്ന് മുതലാണ് കൈമാറിയത്, ലൈസൻസ് ഫീ, അഡ്വാൻസ്, ലൈസൻസ് ഫീസ് നൽകേണ്ട തിയ്യതി തുടങ്ങി കരാറുമായി ബന്ധപ്പെട്ട പ്രസക്തമായ യാതൊരു വിവരവും കരാർ പത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല.
* കരാറിന്റെ വിവരം എവിടെയും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
വ്യക്തമായ വിവരങ്ങൾ ഉൾപ്പടുത്താതെ കരാർ ചമക്കുന്നത് നഗരസഭക്ക് വാടക ലഭിക്കാതിരിക്കുന്നതിനും കോടതി വ്യവഹാരങ്ങളിൽ തിരിച്ചടി നേരിടുന്നതിനും ഇടയാകാൻ സാധ്യതയുണ്ട്.
മേൽ പരാമർശിക്കപ്പെട്ട അപാകതകൾ മുൻവർഷങ്ങളിൽ ചൂണ്ടികാണിച്ചിരുന്നുവെങ്കിലും പരിഹരിക്കുകയോ, നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് രേഖകൾ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( നം. 151/29.01.2026 ) മറുപടി ലഭ്യമാക്കിയില്ല.
വാടകക്ക് നൽകുന്ന റൂമുകളുടെ പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തി നിയമപ്രകാരമുള്ള കരാർ ചമക്കാൻ നഗരസഭ ശ്രദ്ധിക്കേണ്ടതാണ്.

## 1-65 പെൻഷൻ പരിശോധന-അപാകതകൾ

നഗരസഭയിൽ നിന്ന് പെൻഷൻ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

**1) പെൻഷൻ- കൃത്യമായ വിവരങ്ങൾ രേഖപെടുത്തി സൂക്ഷിക്കുന്നില്ല.**

മുനിസിപ്പാലിറ്റിയിൽ നിന്ന് വിതരണം ചെയ്യുന്ന സർവീസ് പെൻഷനുകളുടെ ആധികാരികത ഉറപ്പ് വരുത്തുന്ന രീതിയിൽ രജിസ്റ്ററുകളും, രേഖകളും നഗരസഭയിൽ ശരിയായി സൂക്ഷിക്കുന്നില്ല.
മുനിസിപ്പാലിറ്റിയിൽ നിന്ന് പെൻഷൻ നൽകേണ്ട ജീവനക്കാർക്കും കണ്ടിജന്റ് ജീവനക്കാർക്കും എല്ലാ മാസവും മുനിസിപ്പൽ അക്കൗണ്ടിൽ നിന്ന് പെൻഷൻ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ പെൻഷൻ വിതരണത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് ഉതകുന്ന രീതിയിൽ പെൻഷനർമാരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മുനിസിപ്പൽ ജീവനക്കാരുടെ പെൻഷൻ വിഹിതം സർക്കാരിൽ നിന്ന് ലഭ്യമാകുന്നത് നിരീക്ഷിക്കുന്നതിന് വ്യക്തമായ രേഖകൾ നഗരസഭയിൽ സൂക്ഷിക്കുന്നില്ല.

ഓഡിറ്റിന്റെ ശ്രദ്ധയിൽ പ്പെട്ട അപാകതകൾ താഴെ നൽകുന്നു.

**A)പെൻഷൻ – വ്യക്തമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.**

കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ ചട്ടം 11 (4) പ്രകാരം പെൻഷനും ഗ്രാറ്റുവിറ്റിയും നൽകുന്നതിന് സർക്കാർ ട്രഷറികളിൽ അതാത് സമയം പ്രാബല്യത്തിലുള്ള രജിസ്റ്ററുകളും ഫോറങ്ങളും ഉപയോഗിക്കണം എന്നാണ് നിർദ്ദേശിച്ചത്. സർക്കാർ ട്രഷറികളിൽ നിലവിൽ പെൻഷൻ വിതരണം പൂർണ്ണമായും സോഫ്റ്റ്‌വെയർ മുഖേനയാണ്. സർക്കാർ ട്രഷറികളിലെ സോഫ്റ്റ്‌വെയർ സംവിധാനം നഗരസഭയിൽ നിലവിൽ വന്നിട്ടില്ല. മുൻ കാലങ്ങളിൽ ട്രഷറിയിൽ നിലവിലുണ്ടായിരുന്ന രജിസ്റ്ററുകളായ പെൻഷൻ രജിസ്റ്റർ, പെൻഷൻ പെയ്മെന്റ് ഓർഡർ രജിസ്റ്റർ, പെൻഷൻ വിതരണ രജിസ്റ്റർ, ലൈഫ് സർട്ടിഫിക്കറ്റ് രജിസ്റ്റർ, അലോട്ട്മെന്റ് രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകളും നഗരസഭയിൽ സൂക്ഷിക്കുന്നില്ല. പെൻഷണർമാരുടെ പെൻഷൻ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ, തുക നൽകേണ്ട ബാങ്ക് അക്കൗണ്ട് ഉൾപ്പെടെ രേഖപ്പെടുത്തി രജിസ്റ്ററുകളും നഗരസഭയിൽ സൂക്ഷിക്കുന്നില്ല. പെൻഷൻ (റഗുലർ & കണ്ടിജന്റ്) വിതരണം ചെയ്യുന്നത് എക്സൽഷീറ്റിൽ തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് അടിസ്ഥാനമാക്കിയാണ്. ഇതിലെ വിവരങ്ങളുടെ ആധികാരികത ആരും തന്നെ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല.

പെൻഷൻ സംബന്ധിച്ച വിവരങ്ങൾ വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ നിലവിൽ വിതരണം ചെയ്തുവരുന്ന പെൻഷൻ തുകകളുടെയും, പെൻഷണർമാരുടെയും ആധികാരികത, നൽകുന്ന അക്കൗണ്ടുകളുടെ നിജസ്ഥിതി എന്നിവ ഓഡിറ്റിന് പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.

**B) പെൻഷൻ പരിഷ്കരണ വിവരങ്ങൾ രേഖപെടുത്തി സൂക്ഷിക്കുന്നില്ല.**

പെൻഷൻ പരിഷ്കരണ ഉത്തരവിനനുസരിച്ച് പെൻഷൻ പരിഷ്കരിച്ചതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ശരിയായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

**C) ലൈഫ് സർട്ടിഫിക്കറ്റ് ശരിയായി സൂക്ഷിക്കുന്നില്ല.**

എല്ലാ വർഷവും പെൻഷൻകാരുടെ ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ഇത് പരിശോധിക്കാവുന്ന രീതിയിൽ ഫയൽ ചെയ്ത് സൂക്ഷിക്കുകയോ സർട്ടിഫിക്കറ്റ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾ കാരണം പെൻഷൻ വിതരണം ചെയ്യുന്നത് അർഹതപ്പെട്ട വ്യക്തികൾക്ക് അർഹമായ നിരക്കിൽത്തന്നെയാണോ എന്ന് ഓഡിറ്റിന് പരിശോധിച്ച് ഉറപ്പ് വരുത്താനാവുന്നില്ല.

**2) സെൻട്രൽ പെൻഷൻ ഫണ്ട് ഒടുക്ക്**

2024-25 സാമ്പത്തിക വർഷത്തിൽ 2070551/- രൂപ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നഗരകാര്യ ഡയറക്ടറുടെ തിരുവനന്തപുരം ജില്ല ട്രഷറിയിലെ എസ്.ടി.എസ്.ബി അക്കൗണ്ടിലേക്ക്(A/C No.799011400007305) അതത് മാസങ്ങളിലായി അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**ഫയൽ നമ്പർ-1392801 ( 1121047-2024) 1392801-2024**

| മാസം | | തുക | ചെക്ക് നമ്പർ & തീയതി. |
|---|---|---|---|
| മാർച്ച് | 2024 | 152611 | |
| ഏപ്രിൽ | -2024 | 155308 | XY6837414 Dtd.29.05.2024 |
| മേയ് | -2024 | 156133 | XY6837421 Dtd. 18.06.2024 |
| ജൂൺ | -2024 | 156044 | XY6837431 Dtd.11.07.2024 |
| ജൂലൈ | -2024 | 156779 | XY6837448 Dtd.13.08.2024 |
| ഓഗസ്റ്റ് | -2024 | 156494 | XY6837457 Dtd.12.09.2024 |
| സെപ്റ്റംബർ | -2024 | 165891 | XY6837461 Dtd.10.10.2024 |
| ഒക്ടോബർ | -2024 | 172488 | XY6837469 Dtd.15.11.2024 |
| നവംബർ | -2024 | 203979 | XY6837473 Dtd.05.12.2024 |
| സെപ്റ്റംബർ & ഒക്ടോബർ Past | -2024 | 19954 | XY6837476 Dtd.20.12.2024 |

| | | | |
|---|---|---|---|
| ഡിസംബർ | -2024 | 196533 | XY6837488 Dtd.14.01.2025 |
| ജനവരി | -2024 | 195380 | XY6837495 Dtd.05.02.2025 |
| ഫെബ്രുവരി | -2024 | 182957 | MB101559 Dtd.12.03.2025 |
| ആകെ തുക | | 2070551 | |

സെൻട്രൽ പെൻഷൻ ഫണ്ടിലേക്കുള്ള ഒടുക്ക് , ഫണ്ടിൽ നിന്ന് ലഭിക്കുന്ന തുകകളുടെ വിവരം എന്നിവ രേഖപ്പെടുത്തി നിലവിൽ ഒരു രജിസ്റ്റർ സൂക്ഷിച്ച് വരുന്നുണ്ട്. എന്നാൽ മുൻ വർഷങ്ങളിലെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയതിനാൽത്തന്നെ മുൻ വർഷങ്ങളിലെ ഒടുക്ക് ഫണ്ട് ലഭ്യമായതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമല്ല.

**3) <u>പെൻഷൻ വിതരണം – സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് യഥാസമയം തുക ലഭിക്കുന്നില്ല.</u>**

കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ ചട്ടം 6 പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് സമയാസമയം മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് നൽകണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ചട്ടത്തിലെ നിർദ്ദേശപ്രകാരം നഗരസഭയിലെ എല്ലാ റഗുലർ ജീവനക്കാരുടേയും ആകെ ശമ്പളത്തിന്റെ 15% തുക കണക്കാക്കി നഗരസഭ തനത് ഫണ്ടിൽ നിന്നും നഗരകാര്യ ഡയറക്ടറുടെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് (നം.799011400007305) എല്ലാ മാസവും പെൻഷൻ കോൺട്രിബ്യൂഷൻ കൈമാറി വരുന്നുണ്ടെങ്കിലും നഗരസഭ പെൻഷൻ ഫണ്ടിലേക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം അലോട്ട്മെന്റ് ലഭ്യമാകുന്നില്ല.

***പെൻഷൻ നൽകുന്നതിന്റെയും അലോട്ട്മെന്റ് ലഭിച്ചതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തി നഗരസഭയിൽ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് നഗരസഭക്ക് ലഭിക്കാനുള്ള തുക സംബന്ധിച്ച വ്യക്തമായ കണക്ക് നഗരസഭയിൽ ലഭ്യമല്ല.***

പെൻഷൻ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ തിരൂർ നഗരസഭയ്ക്ക് 31.03.2023 വരെ അലോട്ട്മെന്റ് ഇനത്തിൽ 10,58,55,595 രൂപ ലഭിക്കാനുണ്ട് എന്ന് വ്യക്തമായി.(എൽ.എസ്.ജി.ഡി (അർബൻ) ഡയറക്ടറുടെ 02.06.2023 ലെ LSGD/PD/18628/2023-PENA7(1) കത്ത്). നഗരസഭയുടെ 2024-25 വാർഷിക കണക്ക് പ്രകാരം 31.03.2025 ന് 4315099- Receivable Others എന്ന ഹെഡിൽ 140069009 രൂപ ലഭിക്കാനുള്ളതായി കാണിച്ചിട്ടുണ്ട്. ഈ കണക്കിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**<u>4) പെൻഷൻ തുക ലഭിക്കുന്നതിന് ചട്ടപ്രകാരം നഗരസഭ അപേക്ഷ നൽകുന്നില്ല.</u>**

കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ ചട്ടം 9 (4) പ്രകാരം ഫെബ്രുവരി മാസം അവസാനിക്കുന്നതിന് മുമ്പ് പെൻഷനർമാരുടെ പട്ടിക സഹിതം ആവശ്യമായ തുക അനുവദിക്കാൻ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് പണം അനുവദിക്കുന്നതിന് സെക്രട്ടറി അപേക്ഷ നൽകണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തുക അനുവദിക്കുന്നതിന് സെക്രട്ടറി ചട്ടപ്രകാരം അപേക്ഷ നൽകുന്നില്ല.

**<u>5) നഗരസഭയിലെ പെൻഷൻ വിതരണം.</u>**

നഗരസഭയിൽ നിന്നും പെൻഷൻ നൽകേണ്ട റഗുലർ, കണ്ടിജന്റ് ജീവനക്കാർക്ക് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നാണ് പെൻഷൻ നൽകുന്നത്. റഗുലർ ജീവനക്കാർക്കും, കണ്ടിജന്റ് ജീവനക്കാർക്കും പെൻഷൻ നൽകുന്നതിന് പ്രത്യേക എസ്.ടി.എസ്.ബി അക്കൗണ്ടുകൾ നഗരസഭയിൽ നിലവിലുണ്ടെങ്കിലും പെൻഷൻ നൽകുന്നത് ഈ അക്കൗണ്ട് മുഖേനയല്ല. നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് പണം പിൻവലിച്ച് നേരിട്ട് പെൻഷൻ നൽകുകയാണ് ചെയ്യുന്നത്.

ഓഡിറ്റിന്റെ ഭാഗമായി റഗുലർ കണ്ടിജന്റ് ജീവനക്കാർക്ക് നൽകിവരുന്ന പെൻഷൻ അംഗീകരിക്കപ്പെട്ട നിരക്കിൽ തന്നെയാണോ നൽകുന്നത് എന്നത് പരിശോധന നടത്തിയതാണ്. പെൻഷൻ സംബന്ധിച്ച് വ്യക്തമായ രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാലുള്ള ഏതാനും അപാകതകൾ ( കമ്മ്യൂട്ടേഷൻ കുറവ് പുന:സ്ഥാപിക്കാത്തത്, തെറ്റായ പെൻഷൻ അനുവദിച്ചത് ) കണ്ടെത്തുകയും ആയത് നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2024-25 വർഷത്തെ കണ്ടിജന്റ് പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

2024 ഒക്ടോബർ മാസം പെൻഷൻ വിതരണം ചെയ്തതിൽ ക്രമനമ്പർ(8) സാവിത്രി.യു.പി എന്നവർക്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 13407/- രൂപയ്ക്ക് മാത്രമേ അർഹതയുള്ളൂ. എന്നാൽ 19791/- രൂപ അനുവദിച്ചിട്ടുണ്ട്.

2024 നവംബർ മാസം പെൻഷൻ വിതരണം ചെയ്തതിൽ ക്രമനമ്പർ (26) പി.ഗംഗാധരൻ എന്നവർക്ക് 14304 /- രൂപ അനുവദിക്കുന്നതിനു പകരം 16012/- രൂപ അനുവദിച്ചിട്ടുണ്ട്. ക്രമനമ്പർ(44) കെ.വിജയൻ എന്നവർക്ക് 17487/- രൂപ അനുവദിക്കുന്നതിന് പകരം 22301 /- രൂപ അനുവദിച്ചു.

2024 ഡിസംബർ മാസം പെൻഷൻ വിതരണം ചെയ്യുന്നതിൽ ക്രമനമ്പർ (12) അബ്ദുറഹിമാൻ. എ എന്നവർക്ക് 100/- രൂപ അധികം അനുവദിച്ചു. ക്രമനമ്പർ (21) വി പി ശാന്തകുമാരി എന്നവർക്ക് കമ്മ്യൂട്ടേഷൻ തുക 11/2024 ന് റീസ്റ്റോർ ചെയ്തുവെന്ന് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 12/24ന് കമ്മ്യൂട്ടേഷൻ തുക കുറവ് ചെയ്തിട്ടുണ്ട്.
മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(129/19.01.2026) ക്ക് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് പരിശോധനയിൽ നഗരസഭയിലെ പെൻഷൻ വിതരണത്തിൽ ഗൗരവമായ സാമ്പത്തിക ക്രമക്കേടുകളൊന്നും തന്നെ കണ്ടെത്തിയിട്ടില്ല.

പെൻഷൻ നൽകുന്നതിലും പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്ക് വരുത്തുന്നതിലും ഹെഡുകൾ ശരിയായി അക്കൗണ്ട് ചെയ്യാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ശരിയായ നിഗമനങ്ങളിൽ എത്തിച്ചേരാൻ സാധിക്കുന്നില്ല.

പെൻഷണർമാരുടെ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി ഡാറ്റാബേസ് തയ്യാറാക്കുകയും, ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്.

പെൻഷൻ വിതരണം സർക്കാർ ട്രഷറികളിലേതുപോലെയുള്ള സംവിധാനം മുഖേനയാക്കുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-66 പി എം എ വൈ ഭവന പദ്ധതി - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

PMAY(നഗരം)/ ലൈഫ് ഭവന പദ്ധതിയുടെ PMAY കോ-ഓഡിനേറ്റർ ലഭ്യമാക്കിയ റിപ്പോർട്ടുകൾ പരിശോധിച്ചതിൽ പദ്ധതിയുടെ വിവിധ ഡി.പി.ആറിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ പല ഗഡു ആനുകൂല്യം കൈപ്പറ്റിയിട്ടും നാളിതുവരെ വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| DPR | അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | എഗ്രിമെന്റ് വെച്ച് ഒന്നാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | രണ്ടാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | മൂന്നാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | നാലാം ഗഡു കൈപ്പറ്റിവീട് നിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം | വീട് നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|---|---|
| DPR-1 (2017-18) | 72 | 72 | 72 | 72 | 72 | 0 |
| DPR-2 (2017-18) | 151 | 151 | 151 | 150 | 144 | 7 |
| DPR-3 (2017-18) | 45 | 45 | 45 | 44 | 40 | 5 |
| DPR-4 (2017-18) | 68 | 68 | 68 | 66 | 60 | 8 |
| DPR-5 (2018-19) | 57 | 57 | 57 | 57 | 55 | 2 |
| DPR-6 (2018-19) | 85 | 85 | 85 | 83 | 75 | 10 |
| DPR-7 (2021-22) | 60 | 60 | 59 | 55 | 39 | 21 |
| DPR-8 (2021-22) | 30 | 30 | 26 | 25 | 17 | 13 |
| DPR-9 (2022-23) | 89 | 89 | 87 | 84 | 69 | 20 |

| | | | | | | |
|---|---|---|---|---|---|---|
| DPR-10 (2023-24) | 4 | 4 | 4 | 3 | 0 | 4 |
| DPR-11 (2023-24 | 10 | 10 | 10 | 8 | 4 | 6 |
| ആകെ | 671 | | | | | 96 |

| | Foundation Pending | Roof Pending | Completion Pending |
|---|---|---|---|
| DPR-1 (2017-18) | 0 | 0 | 0 |
| DPR-2 (2017-18) | 0 | 1 | 6 |
| DPR-3 (2017-18) | 0 | 1 | 4 |
| DPR-4 (2017-18) | 0 | 2 | 6 |
| DPR-5 (2018-19) | 0 | 0 | 2 |
| DPR-6 (2018-19) | 0 | 2 | 8 |
| DPR-7 (2021-22) | 1 | 4 | 16 |
| DPR-8 (2021-22) | 4 | 1 | 8 |
| DPR-9 (2022-23) | 2 | 3 | 15 |
| DPR-10 (2023-24) | 0 | 1 | 3 |
| DPR-11 (2023-24) | 0 | 2 | 4 |

1) നഗരസഭയുമായി കരാറിലേർപ്പെട്ട് ഒരു വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കണമെന്നിരിക്കെ 96 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2) DPR 2,3,4ൽ ഉൾപ്പെട്ടതും 2017-18ൽ കരാർ വച്ചതുമായ ഗുണഭോക്താക്കളിൽ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതായ 20 ഗുണഭോക്താക്കൾ ഉണ്ട്.

വീട് നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (188/23.02.2026) ന് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

**1-67 ഹോമിയോ ഡിസ്പെൻസറിയിലേക്കു മരുന്നു വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല.**

**ഫയൽ നം.2508782/24**

| | |
|---|---|
| പ്രോജക്ട് | നം S0059/25- ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 200000 രൂപ ( പൊതു വിഭാഗം) |
| ചെലവ് | 200000 രൂപ<br>BRN-24150547000201471752/10.03.2025 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോയ്ക്ക് പ്രോഫോർമ ഇൻവോയ്സ് നം. PF-1283 Dtd 10.02.2025 പ്രകാരം 200000 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ലഭ്യമായ മരുന്നുകളുടെ വിവരം ഫയലിൽ കാണുന്നില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(77/19.12.2025) ക്ക് മറുപടി ലഭ്യമല്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നതു വരെ 200000/- രൂപ തടസപ്പെടുത്തുന്നു.

**1-68 സ്ട്രീറ്റ് ടാപ്പ് വാട്ടർ ചാർജ്ജ് -ചെലവ് തെറ്റായി അക്കൗണ്ട് ചെയ്തു**

2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ പൊതു വാട്ടർ ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഒടുക്ക് പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**കെ സ്മാർട്ടിൽ വ്യത്യസ്ത ഫയലുകളിൽ നടപടി സ്വീകരിക്കുന്നു.**

2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ പൊതു വാട്ടർ ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഒടുക്ക്

പരിശോധിച്ചതിൽ കെ സ്മാർട്ടിൽ വ്യത്യസ്ത ഫയലുകൾ ക്രിയേറ്റ് ചെയ്ത് സ്ട്രീറ്റ് വാട്ടർ ടാപ്പ് സംബന്ധമായ നടപടികൾ സ്വീകരിച്ചതായി വ്യക്തമായി.

പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജുമായി ബന്ധപ്പെട്ട് ക്രിയേറ്റ് ചെയ്ത ഫയലുകളുടെ വിവരം താഴെ നൽകുന്നു.

169151-2024 , 951377-2024, 1252121-2024, 1481274-2024, 1707232-2024, 1929035-2024, 2123378-2024, 2353574-2024, 41756-2025, 259886-2025

മേൽ ഫയലുകൾ ഒന്നും തന്നെ ലിങ്ക് ചെയ്യുകയോ, മെർജ്ജ് ചെയ്യുകയോ ചെയ്തിട്ടില്ല എന്നും പരിശോധനയിൽ വ്യക്തമായി.

ഒരേ ആവശ്യത്തിന് വ്യത്യസ്ത ഫയലുകൾ ക്രിയേറ്റ് ചെയ്യുന്നത് ഫയൽ നടപടികളിലെ തുടർച്ച പരിശോധിക്കാൻ സാധിക്കാത്ത അവസ്ഥയും ഉണ്ടാക്കുകയും ഇതുവഴി തെറ്റായ പേയ്മെന്റിനുള്ള അവസരം സൃഷ്ടിക്കുകയും ചെയ്യുന്നു.

**ചെലവുകൾ തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്തു.**

2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ പൊതു വാട്ടർ ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഒടുക്ക് പരിശോധിച്ചതിൽ ചെലവ് പൂർണ്ണമായും യഥാർത്ഥ ചെലവ് ഹെഡിലല്ല അക്കൗണ്ട് ചെയ്തത് എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

| അക്കൗണ്ട് ഹെഡ് | പോസ്റ്റ് ചെയ്ത സ്ട്രീറ്റ് വാട്ടർ ടാപ്പ് ചാർജ്ജ് | കുറിപ്പ് |
|---|---|---|
| 2201102 – Watercharges - Office | 2267615 | Vr No 150/ .6.24, 202/ 20.06.2024, 518/28.9.24, 523/28.9.24, 629/20.10.24 , 672/6.11.24, 739/24.11.24 എന്നിവ പ്രകാരമുള്ള ചെലവ് |
| 2208099-Miscellaneous Administration Expences | 647890 | 390/15.08.24 പ്രകാരമുള്ള ചെലവ് |
| 2302001- Water Charges – Street Tap | 647890 | 986/29.01.25 പ്രകാരമുള്ള ചെലവ് |

ചെലവുകളുടെ മാന്വൽ രേഖകൾ ഒന്നും തന്നെ സൂക്ഷിക്കാതെ പൂർണ്ണമായും Online ആയി രേഖകൾ സൂക്ഷിക്കുന്ന കെ സ്മാർട്ട് സംവിധാനത്തിൽ ചെലവ് തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്യുന്നത് യഥാർത്ഥ ചെലവ് കണ്ടെത്താൻ സാധിക്കാത്ത അവസ്ഥ സംജാതമാക്കുന്നുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (131/16.01.2026 ) ലഭ്യമാക്കിയ മറുപടിയിൽ മുൻ മാസങ്ങളിലെ ഫയലുകൾ യഥാസമയം തിരിച്ച് വരാത്തതിനാലാണ് വ്യത്യസ്ത ഫയലുകളിൽ തുടർ നടപടി സ്വീകരിച്ചത് എന്നും അധികച്ചെലവ് ഉണ്ടായിട്ടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ വാട്ടർ ചാർജ്ജിന്റെ കൃത്യമായ ഹെഡ് ശ്രദ്ധയിൽപ്പെടാത്തതിനാലാണ് ഹെഡ് മാറി ചെലവ് ചെയ്തത് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

അനിവാര്യ സാഹചര്യങ്ങളിൽ ഒന്നിലധികം ഫയലുകളിൽ നടപടി സ്വീകരിക്കുന്ന അവസരങ്ങളിൽ ഫയലുകൾ ലിങ്ക് ചെയ്യുന്നതിനോ, മെർജ് ചെയ്യുന്നതിനോ ശ്രദ്ധിക്കേണ്ടതും , ഭാവിയിൽ ചെലവ് കൃത്യമായ ഹെഡുകളിൽ തന്നെ പോസ്റ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-69 എസ്.എസ്.എ വിഹിതം നൽകൽ -സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

**ഫയൽ നം.1742513/24**

സെക്രട്ടറി, നിർവഹണം നടത്തിയ എസ്.എസ്.എ വിഹിതം നല്കൽ എന്ന പ്രൊജക്ടുകൾ മുഖേന താഴെ പറയും പ്രകാരം ₹ 10,00,000 District Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| എസ്.എസ്.എ വിഹിതം അടവാക്കൽ (1/25) | 10,00,000 | 10,00,000 | 24150547000200490066/ 01.08.2024 (വികസന ഫണ്ട് ജനറൽ) |
| ആകെ | | 10,00,000 | |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ഖ 8.6.3 പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

പ്രസ്തുത ഉത്തരവ് ഖ. 8.6.4 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Utilization Certificate) സമഗ്രശിക്ഷാ കേരളയിൽ നിന്നും കൃത്യമായി നല്കണം.

എന്നാൽ പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. പദ്ധതി തയ്യാറാക്കുന്നതിൽ നഗരസഭയുടെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
2. 19.08.2024 ന് പദ്ധതി തുക SSK അക്കൗണ്ടിലേക്ക് നൽകിയ വിവരം 02.10.2024 ലെ 1742513/24 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ കൈപ്പറ്റ് രസീതി ഹാജരാക്കിയിട്ടില്ല.
3. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ നഗരസഭയിൽ അറിയിച്ചതായി കാണുന്നില്ല.
4. വികസന പദ്ധതികളിൽ നഗരസഭാ ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
5. പ്രൊജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം(80/19.12.2025) ന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം / രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതു വരെ ചെലവുതുക 1000000/- രൂപ തടസപ്പെടുത്തുന്നു.

## 1-70 ഫെസ്റ്റിവൽ അഡ്വാൻസ് ₹ 336190 ക്രമീകരിച്ചിട്ടില്ല.

നഗരസഭയുടെ 31.03.2025 ലെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ( 4601001- Festival Advance To Employees ) ഇനത്തിൽ നൽകിയ 336190 രൂപ സാമ്പത്തിക വർഷം അവസാനത്തിൽ തിരികെ ഈടാക്കാൻ അവശേഷിക്കുന്നതായി വ്യക്തമായി.

ലെഡ്ജർ പരിശോധിച്ചതിൽ മുൻ വർഷം അനുവദിച്ച 7190 രൂപയും, തൻവർഷം അനുവദിച്ച 329000 രൂപയുമാണ് (തിരിച്ചടക്കാതെ അവശേഷിക്കുന്നത് എന്നാണ് വ്യക്തമാകുന്നത്. അഡ്വാൻസ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഇക്കാര്യത്തിൽ വിശദ പരിശോധന സാധ്യമായിട്ടില്ല.

ഫെസ്റ്റിവൽ അഡ്വാൻ അനുവദിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിൽ ഇത്തരത്തിൽ അനുവദിക്കുന്ന മുൻകൂർ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് തന്നെ തിരികെ ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ( ഫെബ്രുവരി മാസത്തെ ശമ്പളത്തോട് കൂടി). മുൻകൂർ നൽകിയ തുക സർക്കാർ ഉത്തരവ് പ്രകാരം തിരികെ ഈടാക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തി എന്നാണ് വ്യക്തമാകുന്നത്.

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദ വിവരം, തുക ഈടാക്കാതെ അവശേഷിച്ചതിന് കാരണം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (135/19.01.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

മുൻകൂർ രജിസ്റ്റർ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതും ഈടാക്കാൻ അവശേഷിക്കുന്ന തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-71 നിയമ വിരുദ്ധ ദിവസ വേതന നിയമനം- തുടർ നടപടി സ്വീകരിച്ചില്ല.

നഗരസഭയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഹോമിയോ ഡോക്ടർ, ഡ്രൈവർ ( 3 എണ്ണം ) , വാച്ച്മാൻ ( 3 എണ്ണം ) ഡാറ്റാ എൻട്രി ജീവനക്കാർ ( 3 എണ്ണം ) എന്നിവരെ കേരള മുനിസിപ്പാലിറ്റി നിയമം, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരമുള്ള സുതാര്യമായ നിയമന നടപടികൾ സ്വീകരിക്കാതെ നിയമച്ചതിലെയും തുടർന്ന് നിയമ വിരുദ്ധമായി സേവന കാലാവധി നീട്ടിനൽകിയതിലെയും വിവിധ അപാകതകൾ 2023-24 ഓഡിറ്റ് റിപ്പോർട്ടിൽ 1-80, 1-81, 1-82, 1-83, 1-84 എന്നീ ഖണ്ഡികകളിൽ പരാമർശിച്ചതായിരുന്നു. എന്നാൽ ഓഡിറ്റ് പരാമർശങ്ങൾക്ക് നാളിതുവരെയും നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

2024-25 ലെ ചെലവ് രേഖകൾ പരിശോധിച്ചതിൽ 2023-24 ൽ നഗരസഭയിലുണ്ടായിരുന്ന ദിവസവേതന ജീവനക്കാർ തുടർന്നും നഗരസഭയിൽ ജോലിയിൽ തുടരുകയും വേതനം കൈപ്പറ്റുകയും ചെയ്തുവരുന്നതായി വ്യക്തമായി.

2023-24 ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും, ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (133/19.01.2026 ) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

ദിവസ വേതന നിയമനം സംബന്ധിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാലും അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാലും മേൽ പരാമർശിക്കപ്പെട്ട ജീവനക്കാർക്ക് 2024-25 സാമ്പത്തിക വർഷം വേതനം നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

വിശദ വിവരം താഴെ നൽകുന്നു.

### 1-71-1 ഡാറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം

താത്കാലിക ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ 2011 ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ ചട്ടം 3(8) വിരുദ്ധമായി ദിവസ വേതന നിയമനം നടത്തിയതായി പരിശോധനയിൽ വ്യക്തമായി.

ഫയൽ നം ജി1- 11654/ 21

**ഫയൽ പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ.**

- താത്കാലിക ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ദിവസ വേതന നിയമനം നടത്തുന്നതിന് 29.07.2021 ന് ഇന്റർവ്യൂ നടത്തി മൂന്ന് പേരെ ദിവസ വേതനാടിസ്ഥാനത്തിൽ നഗരസഭയിൽ നിയമിച്ചിട്ടുണ്ട്.

1) ശ്രീമതി ഫസീല പി - ജനന മരണ ഡാറ്റാ എൻട്രി

2) ശ്രീ അബ്ദുൽ വാഹിദ് - റവന്യൂ വിഭാഗം ഡാറ്റാ എൻട്രി

3) ശ്രീമതി ജസ്ന - റവന്യൂ വിഭാഗം ഡാറ്റാ എൻട്രി

- ടിയാളുകൾ 8/2021 മാസത്തിൽ ജോലിയിൽ പ്രവേശിച്ചു. ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട മേൽ ജീവനക്കാരുടെ നിയമന കാലാവധിയായ 179 ദിവസത്തിന് ശേഷം സേവന കാലയളവ് ദീർഘിപ്പിച്ച് നൽകി കൗൺസിൽ തീരുമാനം എടുക്കുകയും 2024-25 സാമ്പത്തിക വർഷത്തിലും സേവനത്തിൽ തുടർന്നു വരികയും ചെയ്യുന്നു.
- 2024-25 വർഷത്തിൽ ഡാറ്റാ എൻട്രി ജീവനക്കാർക്ക് വേതനം നൽകിയതിന്റെ വിവരം താഴെ നൽകുന്നു.

| Vr No | Description | Amount |
|---|---|---|
| 24000009/ 5.4.24 | 03/24 Wages | 55115 |
| 24000072/ 6.5.24 | 04/24 WAGES | 48320 |
| 24000168/ 12.6.24 | 05/24 WAGES | 55115 |
| 24000311/23.7.24 | 6/24WAGES | 50585 |
| 24000365/ 13.8.24 | 7/24WAGES | 54360 |
| 24000435/ 06.09.2024 | 8/24WAGES | 34240 |

| | | |
|---|---|---|
| 24000566/ 05.10.2024 | 9/24WAGES | 36926 |
| 24000700/ 13.11.2024 | 10/24 WAGES | 36995 |
| 24000782/ 04.12.2024 | 11/24 WAGES | 39260 |
| 24000893/ 04.01.2025 | 12/24 WAGES | 36995 |
| 24001009/ 05.02.2025 | 1/25WAGES | 38505 |
| 24001135/ 06.03.2025 | 2/25WAGES | 36995 |
| | **TOTAL** | **523411** |

**ഫയൽ പരിശോധനയിൽ ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ.**

1. നഗരസഭയിൽ സർക്കാർ അംഗീകൃത തസ്തികയല്ലാത്ത ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിയമനം നടത്തുന്നതിന് സർക്കാറിൽ നിന്ന് മുൻകൂർ അനുമതി നേടിയിട്ടില്ല.
2. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികളൊന്നും സ്വീകരിക്കാതെ മുനിസിപ്പാലിറ്റി നേരിട്ട് നിയമന നടപടികൾ സ്വീകരിച്ചു.
3. റവന്യൂ വിഭാഗത്തിൽ ഡാറ്റാ എൻട്രിക്കായി രണ്ട് പേരെയും ജനന മരണ രജിസ്ട്രേഷന് ഒരാളെയുമാണ് നിയമിച്ചത്. ഇത്തരത്തിൽ നിയമിക്കുന്നതിന് ആധാരമായ എന്ത് ഡാറ്റാ എൻട്രി ജോലി, എത്ര അളവിൽ ഉണ്ടായിരുന്നു എന്നതിന്റെ റിപ്പോർട്ട്, ദിവസ വേതന പ്രകാരം നിയമിക്കപ്പെട്ടവർക്ക് ജോലി നിശ്ചയിച്ച് നൽകിയതിന്റെ രേഖകൾ, ടി ജീവനക്കാർ ഓരോ മാസവും ചെയ്ത ജോലിയുടെ വിവരം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.
4. താത്കാലികമായി നിയമിക്കപ്പെട്ട ജീവനക്കാർക്ക് 179 ദിവസം മാത്രമാണ് നിയമനം നൽകാവുന്നത്. എന്നാൽ ഇത് പരിഗണിക്കാതെ ഈ കാലാവധിക്ക് ശേഷവും നിയമനം പുതുക്കി നൽകി.

നിയമന നടപടികളിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (133/ 19.01.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല.
അംഗീകാരമില്ലാത്ത തസ്തികയിൽ സർക്കാർ അനുമതിയില്ലാതെ 2011 ലെ കേരള മുനിസിപ്പാലിറ്റി ( ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം ) ചട്ടങ്ങൾ ചട്ടം 3(8) ന് വിരുദ്ധമായി നിയമനം നടത്തിയതിനാലും സേവന കാലാവധി നീട്ടി നൽകിയതിനാലും വേതനം ഇനത്തിൽ ചെലവഴിച്ച ₹ 523411 തടസ്സം ചെയ്യുന്നു.

**ഓഡിറ്റ് പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 2011 ലെ കേരള മുനിസിപ്പാലിറ്റി ( ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം ) ചട്ടങ്ങൾ ചട്ടം 3(8) ന് വിരുദ്ധമായ ദിവസ വേതന നിയമനം സംബന്ധിച്ച ഓഡിറ്റ് പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം ലഭ്യമാക്കേണ്ടതുമാണ്.**

## 1-71-2 ഡ്രൈവർ നിയമനം

താത്കാലിക ഡ്രൈവർ തസ്തികയിൽ 2011 ലെ കേരള മുനിസിപ്പാലിറ്റി ( ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ ചട്ടം 3(8) വിരുദ്ധമായി ദിവസ വേതന നിയമനം നടത്തിയതായി പരിശോധനയിൽ വ്യക്തമായി.
2024-25 സാമ്പത്തിക വർഷത്തിൽ ഡ്രൈവർമാർക്ക് വേതനം നൽകിയ വിവരം താഴെ നൽകുന്നു.

| Vr No | Description | Amount |
|---|---|---|
| 24000011/ 05.04.2024 | 03/24 Wages | 40930 |
| 24000145 27.05.2024 | 04/24 WAGES | 51830 |
| 24000192/ 14.06.2024 | 05/24 WAGES | 67890 |
| 24000284/ 04.07.2024 | 6/24 WAGES | 61320 |
| 24000356/ 08.08.2024 | 7/24 WAGES | 65700 |
| 24000431/ 06.09.2024 | 8/24 WAGES | 62050 |
| 24000556/ 08.10.2024 | 9/24 WAGES | 43800 |
| 24000670/ 04.11.2024 | 10/24 WAGES | 45260 |

| | | |
|---|---|---|
| 24000788/ 04.12.2024 | 11/24 WAGES | 43800 |
| 24000860/ 31.12.2024 | 11/24 WAGES | 18250 |
| 24000908/ 08.01.2025 | 12/24 WAGES | 63510 |
| 24001017/ 05.02.2025 | 1/25 WAGES | 63510 |
| 24001121/ 04.03.2025 | 2/24 WAGES | 59130 |
| | **TOTAL** | **686980** |

**ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ.**

1. നഗരസഭയിൽ സർക്കാർ അംഗീകൃത തസ്തികയല്ലാത്ത ഡ്രൈവർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് സർക്കാർ അനുമതി നേടിയിട്ടില്ല.
2. ദിവസ വേതനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുകയോ, സുതാര്യമായ നിയമന നടപടികൾ പാലിക്കുകയോ ചെയ്തിട്ടില്ല. ചെയർപേഴ്സന്റെ നിർദ്ദേശാനുസരണം വ്യക്തികൾക്ക് നിയമനം നൽകുകയാണ് ചെയ്തത്.
3. ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് വേതനം അനുവദിക്കുന്നതിന് മുമ്പ് ടിയാളുകൾക്ക് ആ തസ്തികയുടെ സ്പെഷ്യൽ റൂൾ പ്രകാരമുള്ള യോഗ്യതകൾ ഉണ്ട് എന്ന് ഉറപ്പ് വരുത്തണം എന്ന് GO(P) No 28/2016/Fin Dt 26.02.2016 നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ യോഗ്യത സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല.
4. താത്കാലികമായി നിയമിക്കപ്പെട്ട ജീവനക്കാർക്ക് 179 ദിവസം മാത്രമാണ് നിയമനം നൽകാവുന്നത്. എന്നാൽ ഇത് പരിഗണിക്കാതെ ഈ കാലാവധിക്ക് ശേഷവും നിയമനം പുതുക്കി നൽകി.
5. കാലാവധി നീട്ടി നൽകുന്നതിന് കൗൺസിൽ തീരുമാനം എടുക്കുന്നതിനനുസരിച്ച് ടിയാളുകൾക്ക് പുനർ നിയമനം നൽകി സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. നിയമന ഉത്തരവില്ലാതെ തന്നെ ടിയാളുകൾ സേവനത്തിൽ തുടരുകയും വേതനം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

നിയമന നടപടികളിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (133/ 19.01.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

അംഗീകാരമില്ലാത്ത തസ്തികയിൽ സർക്കാർ അനുമതിയില്ലാതെയും, സുതാര്യമായ നിയമന നടപടിക്രമങ്ങൾ പാലിക്കാതെയും 2011 ലെ കേരള മുനിസിപ്പാലിറ്റി ( ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം ) ചട്ടങ്ങൾ ചട്ടം 3(8) ന് വിരുദ്ധമായി നിയമനം നടത്തിയതിനാലും സേവന കാലാവധി നീട്ടി നൽകിയതിനാലും വേതനം ഇനത്തിൽ ചെലവഴിച്ച ₹ 686980 തടസ്സം ചെയ്യുന്നു.

ഓഡിറ്റ് പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 2011 ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ ചട്ടം 3(8) ന് വിരുദ്ധമായ ദിവസ വേതന നിയമനം സംബന്ധിച്ച ഓഡിറ്റ് പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം ലഭ്യമാക്കേണ്ടതുമാണ്.

## 1-71-3 വാച്ച്മാൻ നിയമനം

താത്കാലിക വാച്ച്മാൻ തസ്തികയിൽ 2011 ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ ചട്ടം 3(8) വിരുദ്ധമായി ദിവസ വേതന നിയമനം നടത്തിയതായി പരിശോധനയിൽ വ്യക്തമായി.

2023-24 വർഷത്തിൽ ജീവനക്കാർക്ക് വേതനം നൽകിയതിന്റെ വിവരം.

| Vr No | Description | Amount |
|---|---|---|
| 24000027/ 15.04.2024 | 03/24 Wages | 16425 |
| 24000010/ 05.04.2024 | 03/24 Wages | 32850 |
| 24000076/ 08.05.2024 | 04/24 WAGES | 16425 |
| 24000073/ 07.05.2024 | 04/24 WAGES | 32850 |
| 24000266/ 12.07.2024 | 05/24, 6/24 WAGES | 36450 |

| | | |
|---|---|---|
| 24000273/ 19.07.2024 | 6/24 Wages | 18225 |
| 24000271/ 19.07.2024 | 6/24 Wages | 16425 |
| 24000540/ 01.10.2024 | 7/24 WAGES | 18225 |
| 24000338/ 06.08.2024 | 7/24 Wages | 32850 |
| 24000590/ 14.10.2024 | 8/24 WAGES | 18225 |
| 24000462/ 07.09.2024 | 8/24 Wages | 30850 |
| 24000637/ 22.10.2024 | 9/24 WAGES | 18225 |
| 24000567/ 05.10.2024 | 9/24 Wages | 36450 |
| 24000719/ 15.11.2024 | 10/24 Wages | 32850 |
| 24000801/ 06.12.2024 | 11/24 Wages | 32850 |
| 24000889/ 04.01.2025 | 12/ 24 Wages | 32850 |
| 24001033/ 10.02.2025 | 01/25 Wages | 32850 |
| 24001164/ 12.03.2025 | 02/25 Wages | 29500 |
| | **TOTAL** | **485375** |

**ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ.**

1. നഗരസഭയിൽ സർക്കാർ അംഗീകൃത തസ്തികയല്ലാത്ത വാച്ച്മാൻ കം ക്ലീനർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് സർക്കാർ അനുമതി നേടിയിട്ടില്ല.
2. ദിവസ വേതനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുകയോ, സുതാര്യമായ നിയമന നടപടികൾ പാലിക്കുകയോ ചെയ്തിട്ടില്ല. ചെയർപേഴ്സന്റെ നിർദ്ദേശാനുസരണം വ്യക്തികൾക്ക് നിയമനം നൽകുകയാണ് ചെയ്തത്.
3. വാച്ച്മാൻ കം ക്ലീനർ തസ്തികയിൽ നിയമിക്കപ്പെട്ട വ്യക്തികൾ നിർവ്വഹിക്കേണ്ട ജോലി, ജോലി സമയം എന്നിവ നിർണ്ണയിച്ച് നൽകിയിട്ടില്ല, ടിയാളുകളുടെ ജോലി നിരീക്ഷിക്കുന്നതിന് ഉദ്യോഗസ്ഥരെ ആരെയും ചുമതലപ്പെടുത്തിയിട്ടില്ല.
4. ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് വേതനം അനുവദിക്കുന്നതിന് മുമ്പ് ടിയാളുകൾക്ക് ആ തസ്തികയുടെ സ്പെഷ്യൽ റൂൾ പ്രകാരമുള്ള യോഗ്യതകൾ ഉണ്ട് എന്ന് ഉറപ്പ് വരുത്തണം എന്ന് GO(P) No 28/2016/Fin Dt 26.02.2016 നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ യോഗ്യത സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല.
5. താത്കാലികമായി നിയമിക്കപ്പെട്ട ജീവനക്കാർക്ക് 179 ദിവസം മാത്രമാണ് നിയമനം നൽകാവുന്നത്. എന്നാൽ ഇത് പരിഗണിക്കാതെ ഈ കാലാവധിക്ക് ശേഷവും നിയമനം പുതുക്കി നൽകി.
6. കാലാവധി നീട്ടി നൽകുന്നതിന് കൗൺസിൽ തീരുമാനം എടുക്കുന്നതിനനുസരിച്ച് ടിയാളുകൾക്ക് പുനർ നിയമനം നൽകി സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. നിയമന ഉത്തരവില്ലാതെ തന്നെ ടിയാളുകൾ സേവനത്തിൽ തുടരുകയും വേതനം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

നിയമന നടപടികളിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (133/19.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

അംഗീകാരമില്ലാത്ത തസ്തികയിൽ സർക്കാർ അനുമതിയില്ലാതെയും, സുതാര്യമായ നിയമന നടപടിക്രമങ്ങൾ പാലിക്കാതെയും 2011 ലെ കേരള മുനിസിപ്പാലിറ്റി ( ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം ) ചട്ടങ്ങൾ ചട്ടം 3(8) ന് വിരുദ്ധമായി നിയമനം നടത്തിയതിനാലും സേവന കാലാവധി നീട്ടി നൽകിയതിനാലും വേതനം ഇനത്തിൽ ചെലവഴിച്ച ₹ 485375 തടസ്സം ചെയ്യുന്നു.

ഓഡിറ്റ് പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നിയമവിരുദ്ധ ദിവസ വേതന നിയമനം സംബന്ധിച്ച ഓഡിറ്റ് പരാമർശം സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം ലഭ്യമാക്കേണ്ടതുമാണ്.

## 1-71-4 ഹോമിയോ ഡോക്ടർ നിയമനം

താത്കാലിക ഹോമിയോ ഡോക്ടർ തസ്തികയിൽ 2011 ലെ കേരള മുനിസിപ്പാലിറ്റി ( ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ ചട്ടം 3(8) വിരുദ്ധമായി ദിവസ വേതന നിയമനം നടത്തിയതായി പരിശോധനയിൽ വ്യക്തമായി.

**2024-25 വർഷത്തിൽ ഹോമിയോ ഡോക്ടർക്ക് വേതനം നൽകിയതിന്റെ വിവരങ്ങൾ.**

| Vr No | Description | Amount |
|---|---|---|
| 24000009/ 5.4.24 | 03/24 Wages | 38035 |
| 24000072/ 6.5.24 | 04/24 WAGES | 33465 |
| 24000210/ 15.06.2024 | 05/24 WAGES | 39285 |
| 24000314/ 11.07.2024 | 6/24 WAGES | 39285 |
| 24000367/ 12.08.2024 | 7/24 WAGES | 37830 |
| 24000434/ 06.09.2024 | 8/24 WAGES | 38035 |
| 24000552/ 03.10.2024 | 9/24 WAGES | 39285 |
| 24000735/ 23.11.2024 | 10/24 WAGES | 39285 |
| 24000811/ 09.12.2024 | 11/24 WAGES | 39285 |
| 24000892/ 04.01.2025 | 12/24 WAGES | 39285 |
| 24001008/ 05.02.2025 | 1/25 WAGES | 39285 |
| 24001132/ 06.03.2025 | 2/25 WAGES | 32010 |
| | TOTAL | 454370 |

**ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ .**

1. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട ഡോക്ടറുടെ തസ്തികയിൽ ഒഴിവ് വന്ന വിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ൽ റിപ്പോർട്ട് ചെയ്യാതെയും, പുതിയ ലിസ്റ്റ് ആവശ്യപ്പെടാതെയും, ഒഴിവ് പരസ്യപ്പെടുത്താതെയും ഒരു ഉദ്യോഗാർത്ഥിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിയമനം നടത്തി.
2. എംപ്ലോയ്മെന്റ് മുഖേന നിയമിക്കപ്പെട്ട ഡോക്ടർ വിടുതൽ ചെയ്യുന്ന വിവരം പരസ്യം ചെയ്യാതെ തന്നെ തസ്തിക ഒഴിവ് വരുന്ന വിവരം ഒരു ഉദ്യോഗാർത്ഥി മാത്രം അറിഞ്ഞു.
3. താത്കാലികമായി നിയമിക്കപ്പെട്ട ജീവനക്കാർക്ക് 179 ദിവസം മാത്രമാണ് നിയമനം നൽകാവുന്നത്. എന്നാൽ ഇത് പരിഗണിക്കാതെ ഈ കാലാവധിക്ക് ശേഷവും നിയമനം പുതുക്കി നൽകി.

നിയമന നടപടികളിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (133/19.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താതെയും സുതാര്യമായ നിയമന നടപടിക്രമങ്ങൾ പാലിക്കാതെയും 2011 ലെ കേരള മുനിസിപ്പാലിറ്റി ( ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം ) ചട്ടങ്ങൾ ചട്ടം 3(8) ന് വിരുദ്ധമായി ദിവസ വേതന നിയമനം നടത്തിയതിനാലും സേവന കാലാവധി നീട്ടി നൽകിയതിനാലും വേതനം ഇനത്തിൽ ചെലവഴിച്ച ₹ 454370 തടസ്സം ചെയ്യുന്നു.

ഓഡിറ്റ് പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നിയമവിരുദ്ധ ദിവസ വേതന നിയമനം സംബന്ധിച്ച ഓഡിറ്റ് പരാമർശം സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം ലഭ്യമാക്കേണ്ടതുമാണ്.

## 1-72 കൈതവളപ്പ് റോഡിന്റെ കോണ്ടൂർ സർവേ - രേഖകൾ ലഭ്യമല്ല.

**ഫയൽ നമ്പർ - 1011212-2024**

തിരൂർ നഗരസഭയിൽ 15ാം വാർഡിൽ ഉൾപ്പെട്ട കൈതവളപ്പ് റോഡ് കോണ്ടൂർ സർവേ ചെയ്യുന്നതിന് ലാന്റ് മാർക്ക് സർവേയ്സ് എന്ന സ്ഥാപനത്തിന് തനത് ഫണ്ടിൽ നിന്ന് 20,000 രൂപ അനുവദിച്ചിട്ടുണ്ട്.( P-M100400-24000087 Dated 16-05-2024). സർവ്വേ റിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

അപാകത പരാമർശിച്ചും സർവ്വേ റിപ്പോർട്ട് ഹാജരാക്കാൻ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറി(20/2024-25 തീയതി. 09.05.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല.
ചെലവ് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് ₹ 20000 തടസ്സം ചെയ്യുന്നു.
കോണ്ടൂർ സർവ്വേ റിപ്പോർട്ട്, സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരസഭ സ്വീകരിച്ച തുടർ നടപടികളുടെ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-73 അക്കൗണ്ട് ട്രെയ്നി സ്റ്റൈപ്പന്റ് - സർക്കാർ അനുവദിച്ചതിൽ അധികം തുക നൽകി.

**ഫയൽ നം - 2147142-2024, 12999-2025, 246634-2025**

നഗരസഭയിൽ അക്കൗണ്ട്സ് ട്രെയിനി ആയി നിയമിക്കപ്പെട്ടവർക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്റ്റൈപ്പന്റിൽ കൂടുതൽ തുക നൽകിയതായി പരിശോധനയിൽ വ്യക്തമായി.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23.09.2010 ലെ GO (Rt) No 3105/2010/LSGD നം ഉത്തരവ് പ്രകാരമാണ് നഗരസഭകളിൽ ICWAI വിദ്യാർത്ഥികളെ ട്രെയിനി ആയി നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം ആദ്യ മൂന്ന് വർഷങ്ങളിൽ ഓരോ മാസവും യഥാക്രമം 3500,4000,4500 രൂപ വീതം സ്റ്റൈപ്പന്റ് നൽകുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ട്രെയിനികളുടെ സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ച് പിന്നീട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നില്ല. എന്നാൽ നഗരസഭയിൽ ട്രെയിനി ആയി നിയമിക്കപ്പെട്ടവർക്ക് പ്രതിമാസം 15000 രൂപ നിരക്കിൽ വേതനം നൽകിവരുന്നതിന് കൗൺസിൽ തീരുമാനം എടുത്ത് അതനുസരിച്ച് വേതനം നൽകി വരുന്നുണ്ട്. Institute Of Cost Accounts Of India പരിഷ്കരിച്ച നിരക്കനുസരിച്ചുള്ള വേതനം നഗരസഭ അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

നഗരസഭയിലെ ഫയൽ പരിശോധിച്ചതിൽ വിദ്യാർത്ഥികൾക്ക് ഉയർന്ന നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നതിന് സ്പഷ്ടീകരണം ആവശ്യപ്പെട്ട് നഗരസഭ സർക്കാരിന് കത്ത് നൽകിയിരുന്നുവെങ്കിലും ഇക്കാര്യത്തിൽ സർക്കാർ സ്പഷ്ടീകരണം ലഭിക്കാതെ തന്നെ നഗരസഭ ഉയർന്ന നിരക്കിൽ സ്റ്റൈപ്പന്റ് അനുവദിച്ചതായാണ് കാണുന്നത്. ICWAI ട്രെയിനി വിദ്യാർത്ഥികൾക്ക് നൽകാവുന്ന വേതനം പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്
( 174/07.02.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ICWAI ട്രെയിനി വിദ്യാർത്ഥികൾക്ക് നൽകാവുന്ന വേതനം സംബന്ധിച്ച് സർക്കാർ സ്പഷ്ടീകരണം തേടി ആയതിനനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-74 ട്രഞ്ചിംഗ് ഗ്രൗണ്ടിൽ സി.സി.ടി.വി സ്ഥാപിക്കൽ - മുൻകൂർ സമയബന്ധിതമായി ക്രമീകരിച്ചില്ല.

ഫയൽ നമ്പർ : **1) 996589-2024**

**2) 825359-2025**

തിരൂർ നഗരസഭ ട്രഞ്ചിങ് ഗ്രൗണ്ടിൽ CCTV സ്ഥാപിക്കുന്നതിനായി PHI സിനിൽ.എസ്.കെ എന്നവർക്ക് 40,000/-. മുൻകൂർ അനുവദിച്ചിട്ടുണ്ട് ( ചെക്ക് നം 519486/ 29.04.2024 ). ടിയാൻ അന്നേദിവസം തന്നെ പണം പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. സിസിടിവി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 30.04.2024ന് അസോസിയേറ്റഡ് കമ്പ്യൂട്ടേഴ്സ് ആന്റ് സെക്യൂരിറ്റി സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ 40,000/- രൂപയുടെ ഇൻവോയ്സും ഫയലിൽ ചേർത്തിട്ടുണ്ട്. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. മുൻകൂർ പണം നൽകിയത് പ്രകാരം നഗരസഭാ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ സി.സി.ടി.വി സ്ഥാപിച്ചതിന്റെ യാതൊരു രേഖയും ഫയലിൽ ഇല്ല.
2. ഫയലിൽ ലഭ്യമാക്കിയ അസോസിയേറ്റഡ് കമ്പ്യൂട്ടേഴ്സ് ആന്റ് സെക്യൂരിറ്റി സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് ഏത് പ്രവൃത്തി നടത്തുന്നതിനുള്ളതാണ് എന്ന് ഫയലിൽ വ്യക്തമല്ല. കൂടാതെ മേൽ സ്ഥാപനത്തെ തെരഞ്ഞെടുത്തത് എപ്രകാരമാണ് എന്നതും ഫയലിൽ വ്യക്തമല്ല.
3. മുൻകൂർ വാങ്ങിയ തുക സമയബന്ധിതമായി ക്രമവൽക്കരിച്ചിട്ടില്ല. 29.04.2024 ന് കൈപ്പറ്റിയ തുക ക്രമവൽക്കരിക്കുന്നതിനായി ശ്രീ.സിനിൽ അപേക്ഷ സമർപ്പിച്ചത് 02.01.2025 നം ക്രമീകരിച്ചത് 30.03.2025

നമാണ്. തുക കൈപ്പറ്റി 248 ദിവസങ്ങൾക്ക് ശേഷമാണ് ക്രമവൽക്കരിക്കുന്നതിനായി നടപടികൾ ആരംഭിച്ചത്.

04.10.2011 ലെ സ.ഉ.(പി)നം.419/2011/ധന പ്രകാരം മുൻകൂർതുക കൈപ്പറ്റി 3-മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ച് ക്രമവൽക്കരിക്കേണ്ടതാണ്. ഇത്തരത്തിൽ ക്രമീകരിക്കാത്തപക്ഷം നൽകിയ തുക 18% പലിശ സഹിതം തിരിക ഈടാക്കേണ്ടതുമാണ്. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 13/ 24-25 തീയതി : 26/04/2025 ന് മറുപടി ലഭ്യമാക്കിയില്ല.

മുൻകൂർ കൈപ്പറ്റിയത് സർക്കാർ ഉത്തരവ് പ്രകാരമുള്ള സമയത്തിനകം ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതിനാൽ ക്രമീകരിക്കുന്നത് വരെ സർക്കാർ ഉത്തരവ് പ്രകാരമുള്ള പലിശ ₹ 4892 (40000x18%X 248/365) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

മുൻകൂർ കൈപ്പറ്റിയ തുക വിനിയോഗിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക ₹40000 തടസ്സം ചെയ്യുന്നു.

നിയമപ്രകാരമുള്ള പിഴ ഈടാക്കുകയും പ്രവൃത്തി നടത്തിപ്പ് രേഖകൾ ഹാജരാക്കുകയും ചെയ്ത് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-75 ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിക്കൽ - ചെലവ് രേഖകൾ ലഭ്യമല്ല.

നഗരസഭയുടെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക് ( കെ സ്മാർട്ട് മുഖേന ലഭ്യമായത് ) , ബാങ്ക് സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പരാമർശിക്കപ്പെട്ട പണം പിൻവലിക്കലുകൾ നടന്നതായി വ്യക്തമായി.

**1) തനത് ഫണ്ട് അക്കൗണ്ട് -IDBI Bank 44268**

| വൗച്ചർ നമ്പർ | ഇൻസ്ട്രുമെന്റ് നമ്പർ | ചെലവ് |
|---|---|---|
| P-M100400-25001055 | SBIN0070632;19-07-2024 | 226442 |
| P-M100400-25000967 | 539587;09-01-2025 | 247 |
| P-M100400-25000946 | 539459;28-10-2024 | 7983 |
| P-M100400-25000984 | 537047;05-10-2024 | 927 |
| P-M100400-25000925 | 537066;14-10-2024 | 8810 |
| P-M100400-25000981 | 537066;14-10-2024 | 22024 |
| P-M100400-25000979 | 539459;28-10-2024 | 1713 |
| P-M100400-25000963 | 539556;23-12-2024 | 1912 |
| P-M100400-25000970 | 537056;08-10-2024 | 5922 |
| P-M100400-25000920 | 537064;14-10-2024 | 7446 |
| P-M100400-25000923 | 537063;14-10-2024 | 3136 |

| | | |
|---|---|---|
| P-M100400-25000973 | 539587;09-01-2025 | 1311 |
| P-M100400-25000917 | 537045;05-10-2024 | 323 |
| P-M100400-25001057 | IBKLR92024052900012960;29-05-2024 | 305842 |
| P-M100400-25000947 | 539459;28-10-2024 | 7983 |
| P-M100400-25000924 | 537063;14-10-2024 | 3137 |
| P-M100400-25000949 | 539461;29-10-2024 | 6290 |
| P-M100400-25000961 | 539556;23-12-2024 | 1913 |
| P-M100400-25000919 | 537064;14-10-2024 | 7446 |
| P-M100400-25000974 | 539556;23-12-2024 | 1185 |
| P-M100400-25000959 | 539537;10-12-2024 | 211 |
| P-M100400-25000980 | 537084;22-10-2024 | 53847 |
| P-M100400-25000926 | 537066;14-10-2024 | 8810 |
| P-M100400-25000956 | 539538;12-12-2024 | 3914 |
| P-M100400-25001041 | 537067;15-10-2024 | 4299 |
| P-M100400-25000636 | S54759167;04-04-2024 | 2 |
| P-M100400-25000942 | 537084;22-10-2024 | 21539 |
| P-M100400-25000943 | 539458;28-10-2024 | 925 |
| P-M100400-25000968 | 539587;09-01-2025 | 247 |
| P-M100400-25000957 | 539538;12-12-2024 | 3914 |
| P-M100400-25000915 | 537047;05-10-2024 | 4582 |
| P-M100400-25000922 | 537063;14-10-2024 | 3137 |
| P- | 537047;05-10-2024 | 4583 |

| | | |
|---|---|---|
| M100400-25000914 | | |
| P-M100400-25000971 | 537056;08-10-2024 | 5921 |
| P-M100400-25001047 | REJECT:140965:DRAWERS SIG;18-02-2025 | 7500 |
| P-M100400-25001004 | 519456;08-04-2024 | 80006 |
| P-M100400-25000945 | 539458;28-10-2024 | 925 |
| P-M100400-25000955 | 539538;12-12-2024 | 3914 |
| P-M100400-25000913 | 537047;05-10-2024 | 4583 |
| P-M100400-25000983 | 537064;14-10-2024 | 1490 |
| P-M100400-25000977 | 539515;03-12-2024 | 1834 |
| P-M100400-25000964 | 539583;07-01-2025 | 331 |
| P-M100400-25000954 | 539488;12-11-2024 | 6290 |
| P-M100400-25000637 | S97272770;09-04-2024 | 80006 |
| P-M100400-25000965 | 539583;07-01-2025 | 331 |
| P-M100400-25000927 | 537066;14-10-2024 | 8810 |
| P-M100400-25000951 | 539461;29-10-2024 | 6289 |
| P-M100400-25000976 | 539515;03-12-2024 | 1834 |
| P-M100400-25000916 | 537045;05-10-2024 | 323 |
| P-M100400-25001056 | SBIN0070632;19-07-2024 | 226442 |
| P-M100400-25000940 | 537084;22-10-2024 | 21539 |
| P-M100400-25000918 | 537045;05-10-2024 | 322 |
| P-M100400-25000952 | 539488;12-11-2024 | 6290 |
| P-M100400-25001011 | 528400;05-08-2024 | 500 |
| P- | 537056;08-10-2024 | 1284 |

| | | |
|---|---|---|
| M100400-25000972 | | |
| P-M100400-25000941 | 537084;22-10-2024 | 21539 |
| P-M100400-25000966 | 539583;07-01-2025 | 331 |
| P-M100400-25000944 | 539458;28-10-2024 | 925 |
| P-M100400-25000975 | 539537;10-12-2024 | 1178 |
| P-M100400-25000969 | 537056;08-10-2024 | 5922 |
| P-M100400-25000939 | 537067;15-10-2024 | 4299 |
| P-M100400-25000962 | 539556;23-12-2024 | 1913 |
| P-M100400-25000921 | 537064;14-10-2024 | 7445 |
| P-M100400-25000982 | 537063;14-10-2024 | 649 |
| P-M100400-25000960 | 539537;10-12-2024 | 210 |
| P-M100400-25000953 | 539488;12-11-2024 | 6290 |
| P-M100400-25000938 | 537067;15-10-2024 | 4299 |
| P-M100400-25000978 | 539461;29-10-2024 | 1300 |
| P-M100400-25001050 | 531085;10-09-2024 | 357242 |
| P-M100400-25000958 | 539537;10-12-2024 | 211 |
| P-M100400-25000950 | 539461;29-10-2024 | 6290 |
| P-M100400-25001046 | 539587;09-01-2025 | 246 |
| P-M100400-25001005 | 537026;28-09-2024 | 2500 |
| P-M100400-25000948 | 539459;28-10-2024 | 7983 |
| | **ആകെ** | **1629538** |

**2)ഹെൽത്ത് ഗ്രാന്റ് അക്കൗണ്ട്- PNB 4356000100137448**

| വൗച്ചർ നമ്പർ | ഇൻസ്ട്രുമെന്റ് നമ്പർ | തുക |
|---|---|---|
| P- | C032597528866;29-03-2025 | 11250 |

| | | |
|---|---|---|
| M100400-25000702 | | |
| P-M100400-25000698 | C022545818512;21-02-2025 | 3600 |
| P-M100400-25000700 | C032582538511;26-03-2025 | 24907 |
| P-M100400-25000696 | C122427856294;21-12-2024 | 61277 |
| P-M100400-25000699 | C022545605719;21-02-2025 | 400000 |
| P-M100400-25000701 | C032584028507;26-03-2025 | 100000 |
| P-M100400-25000697 | C012543497020;24-01-2025 | 48059 |
| P-M100400-25000695 | C112421777200;16-11-2024 | 267361 |
| | **ആകെ** | **916454** |

**3 SBI GST ബാങ്ക് അക്കൗണ്ട് ( SBI 67310349010 )**

| വൗച്ചർ നം | ഇൻസ്ട്രുമെന്റ് നം | ചെലവ് |
|---|---|---|
| P-M100400-25000854 | 0033897039339;09-04-2024 | 94445 |
| P-M100400-25000687 | 0036959656738;19-07-2024 | 226646 |
| P-M100400-25000687 | 0036959656738;19-07-2024 | 226646 |
| P-M100400-25000692 | 0036959637169;17-12-2024 | 196824 |
| P-M100400-25000692 | 0036959637169;17-12-2024 | 196824 |
| P-M100400-25000684 | 0036959638866;18-04-2024 | 208499 |
| P-M100400-25000684 | 0036959638866;18-04-2024 | 208499 |
| P-M100400-25000861 | 0099601162097;12-09-2024 | 5589 |
| P-M100400-25000690 | 0036959620881;14-10-2024 | 332237 |
| P-M100400-25000690 | 0036959620881;14-10-2024 | 332237 |
| P-M100400-25000856 | 530991;15-07-2024 | 226442 |
| P-M100400-25000855 | 530991;15-07-2024 | 226442 |
| P- | 0036959639473;14-11-2024 | 190755 |

| | | |
|---|---|---|
| M100400-25000691 | | |
| P-M100400-25000691 | 0036959639473;14-11-2024 | 190755 |
| P-M100400-25000688 | 0036959638163;14-08-2024 | 213801 |
| P-M100400-25000688 | 0036959638163;14-08-2024 | 213801 |
| P-M100400-25000686 | 0036959659003;22-06-2024 | 148726 |
| P-M100400-25000686 | 0036959659003;22-06-2024 | 148726 |
| P-M100400-25000853 | 0033897039339;04-09-2024 | 94445 |
| P-M100400-25000694 | 0036959637410;18-03-2025 | 271471 |
| P-M100400-25000694 | 0036959637410;18-03-2025 | 271471 |
| P-M100400-25000685 | 0036959656783;17-05-2024 | 105524 |
| P-M100400-25000685 | 0036959656783;17-05-2024 | 105524 |
| P-M100400-25000868 | 0036959656466;17-01-2025 | 129282 |
| P-M100400-25000693 | 0036959638390;19-02-2025 | 167382 |
| P-M100400-25000693 | 0036959638390;19-02-2025 | 167382 |
| P-M100400-25000871 | 0036959656466;17-01-2025 | 129282 |
| P-M100400-25000689 | 0036959656783;20-09-2024 | 170452 |
| P-M100400-25000689 | 0036959656783;20-09-2024 | 170452 |
| P-M100400-25000862 | 0099601162097;12-09-2024 | 5589 |
| P-M100400-25000683 | 0099580162096;08-04-2024 | 10704 |
| | **ആകെ** | **5386854** |

ബാങ്കിന്റെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ മേൽ പരാമർശിക്കപ്പെട്ട പണം അക്കൗണ്ടിൽ നിന്ന് പിൻവലിക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാകുകയും ചെയ്തു. എന്നാൽ മേൽ ചെലവുകളുടെ ചെലവ് രേഖകൾ കെ സ്മാർട്ട് ഓഡിറ്റ് ലോഗിൻ മുഖേന പരിശോധിച്ചതിൽ ചെലവുകളുമായി ബന്ധപ്പെട്ട ഒരു രേഖയും കെ സ്മാർട്ടിൽ കണ്ടെത്താൻ സാധിച്ചില്ല.

കെ സ്മാർട്ട് മുഖേനയല്ലാതെയാണ് മേൽ ചെലവുകൾ ചെയ്തത് എങ്കിൽ ചെലവ് രേഖകൾ ഹാജരാക്കുന്നതിനും

ഇത്തരത്തിൽ ചെലവ് ചെയ്തതിന് കാരണം വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് **( 117/09.01.2026 , 118/13.01.2026 , 119/13.01.2026 )** നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെലവുമായി ബന്ധപ്പെട്ട ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവിന്റെ ആധികാരികതയും, ആവശ്യകതയും ഓഡിറ്റിന് പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

രേഖകൾ ലഭ്യമല്ലാത്തതിനാൽ മേൽ പരാമർശിക്കപ്പെട്ട ചെലവ് ₹ **7932846** തടസ്സം ചെയ്യുന്നു.

ചെലവുകളുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും കെ സ്മാർട്ടിൽ ചെലവ് രേഖകൾ ഉൾപ്പെടുത്താതെ നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ നിന്ന് ചെലവ് ചെയ്തതിന് കാരണം വ്യക്തമാക്കേണ്ടതുമാണ്.

## 1-76 KSEB ക്ക് മുൻകൂർ -പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല.

2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭാ ഫണ്ടിൽ നിന്ന് വിവിധ പ്രവൃത്തികൾക്ക് KSEB ക്ക് മുൻകൂർ തുക നൽകിയതിന്റെ വിവരം താഴെ നൽകുന്നു.

| ക്രമ നമ്പർ | പരാമർശങ്ങൾ/വിഷയം | ചെലവ് തുക/ചെക്ക് നമ്പർ |
|---|---|---|
| 1 | 1957199-2024<br>വാർഡ് 17 സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ<br>ഫണ്ട് – തനത് ഫണ്ട് | 95176/-<br>544878 തീയതി. 24/02/2025 |
| 2 | 2782720-2024<br>വാർഡ്-38 സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ<br>ഫണ്ട് – തനത് ഫണ്ട് | 174842/-<br>544870 തീയതി 15/02/2025 |
| 3 | 1697241-2024<br>വാർഡ് .37 അച്ചുട്ടി റോഡിന്റെ ആരംഭം മുതൽ ആലി മാസ്റ്റർ റോഡ് വരെ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ<br>ഫണ്ട് – തനത് ഫണ്ട് | 40108/<br>539613 തീയതി 21-01-2025 |
| 4 | 259908-2025 വാർഡ് 11 അറക്കൽ കാക്കടവ് റോഡിലെ അപകടാവസ്ഥയിലുള്ള ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിച്ചത് .<br>ഫണ്ട് – തനത് ഫണ്ട് | 303503/- ,<br>544927/17.03.2025 |
| 5 | 850874-2024- വാർഡ് 8 ലെ ചെമ്പ്ര ജുമാമസ്ജിദ് - പൈങ്ങോട്ട്പാടം റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിച്ചത്<br>ഫണ്ട് – തനത് ഫണ്ട് | 33918,<br>544923/14.03.2025 |
| 6 | **2665038-2024**<br>സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ ( പ്രൊജക്ട് നം 55/25)<br>നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി<br>ഫണ്ട് – പ്ലാൻ ഫണ്ട് ജനറൽ | ₹141542<br>ബിൽ നം<br>24150547000201487407/10.03.2025 |
| 7 | വാർഡ്-38 സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ<br>ഫണ്ട് – തനത് ഫണ്ട് | 174842/-<br>544870 തീയതി 15/02/2025 |

**പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.**

1. പ്രവൃത്തികൾക്ക് മുൻകൂർ തുക നൽകുന്നതിന് മുമ്പ് കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി കരാർ ചമച്ചിട്ടില്ല.
2) പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
3) സർക്കാർ ഉത്തരവ് (കൈ)84/2022 ത.സ്വ.ഭ.വ തിയതി.19.4.22 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(iv) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതും നിക്ഷേപ പ്രവൃത്തികളുടെ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ ഇത്തരം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.
അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ( 72/ 19.12.2024, 78/ 19.12.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല.
കരാർ ചമക്കാതെ മുൻകൂർ തുക നൽകിയതിനാലും നൽകിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമല്ലാത്തതിനാലും ഈ ഇനത്തിലെ ചെലവ് ₹ 789089 തടസ്സം ചെയ്യുന്നു.
പ്രവൃത്തി പൂർത്തീകരണ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും പ്രവൃത്തി നടത്തിപ്പിൽ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും നഗരസഭ ശ്രദ്ധിക്കേണ്ടതാണ്.

**1-77 മരം മുറിച്ചു മാറ്റൽ - മുൻകൂർ ക്രമീകരിച്ചില്ല**

**ഫയൽ നം 1358850-2024**

ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ (29-ാം വാർഡ്) കെട്ടിടത്തിന് കേടുപാടുകൾ സംഭവിക്കുന്ന തരത്തിൽ നിലനിൽക്കുന്ന ചീനി മരം വെട്ടി മാറ്റുന്നതിന് നഗരസഭയിലെ ജെ.എച്ച്.ഐ ശ്രീമതി സജിത കുമാരിക്ക് ₹80000 മുൻകൂർ അനുവദിച്ചിട്ടുണ്ട്. (വൗച്ചർ നം P-M100400-24000161/ 11.06.2024) . ഈ തുക 11.06.2024 ന് തന്നെ നഗരസഭാ അക്കൗണ്ടിൽ നിന്ന് പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) മുൻകൂർ കൈപ്പറ്റിയ തുക ക്രമീകരിച്ചിട്ടില്ല - പണം പലിശ സഹിതം തിരിച്ചടക്കണം.**

മുൻകൂറായി ₹80000 രൂപ 11.06.2024 ന് കൈപ്പറ്റിയ ജെ.എച്ച്.ഐ ശ്രീമതി സജിത കുമാരി 13.01.2026 വരെയും കൈപ്പറ്റിയ മുൻകൂർ ക്രമീകരിക്കുന്നതിനുള്ള രേഖകൾ നഗരസഭയിൽ സമർപ്പിച്ചിട്ടില്ല എന്ന് ഇതു സംബന്ധിച്ച കെ സ്മാർട്ട് ഫയൽ പരിശോധിച്ചതിൽ വ്യക്തമായി.

സ.ഉ (അ) നം. 419/2011/ധന തീയതി 04-10-2011 പ്രകാരം മൂന്ന് മാസത്തിനുള്ളിൽ അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ച് മുൻകൂറുകൾ ക്രമീകരിച്ചില്ലെങ്കിൽ മുഴുവൻ തുകയും പണം കൈപ്പറ്റിയ തിയ്യതി മുതൽ ക്രമീകരിക്കുന്ന തിയ്യതി വരെ 18% പലിശ സഹിതം ഈടാക്കേണ്ടതാണ് എന്ന് നിഷ്കർശിക്കുന്നു. ഇതനുസരിച്ച് 11.06.2024 ന് കൈപ്പറ്റിയ മുൻകൂർ 10.09.2024 നകം ക്രമീകരിക്കേണ്ടതായിരുന്നു.

മുൻകൂർ കൈപ്പറ്റി ഒരു വർഷവും 217 ദിവസവും കഴിഞ്ഞിട്ടും മുൻകൂർ ക്രമീകരിച്ചിട്ടില്ല.

***മുൻകൂർ ക്രമീകരിക്കാത്തതിനാൽ 13.01.2026 വരെ പലിശ ഇനത്തിൽ മാത്രം ₹22961 ഒടുക്ക് വരുത്തേണ്ടതുണ്ട്. (80000x18%+ 80000x18%X217/365). അഡ്ജസ്റ്റ് ബിൽ സമർപ്പിക്കാൻ വൈകുന്നതിനനുസരിച്ച് പലിശ ഇനിയും വർദ്ധിക്കുന്നതാണ്.***

മുൻകൂർ തുകയായ 80000 രൂപയും , പണം കൈപ്പറ്റിയ തിയ്യതിയായ 11.06.2024 മുതൽ മുൻകൂർ ക്രമീകരിക്കുന്നതിനുള്ള അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിക്കുന്ന തിയ്യതി വരെ 18% പലിശയും സഹിതം ജെ.എച്ച്.ഐ ശ്രീമതി സജിത കുമാരിയിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**2. മരം മുറിക്കുന്നതിനുള്ള ചെലവ് കണക്കാക്കിയതിലെ അപാകത**

അഡ്വാൻസ് അനുവദിച്ച ഫയൽ പ്രകാരം ക്ലീൻസിറ്റി മാനേജറുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയായിരുന്നു എന്നാണ് വ്യക്തമായത്. സ.ഉ (അ) നം. 259/2010 ത.സ്വ.ഭ.വ തീയതി. 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം 50,000 രൂപ മുതൽ 100,000 രൂപ വരെ ലിമിറ്റഡ് ടെണ്ടർ

വിളിച്ചാണ് തുക നിശ്ചയിക്കേണ്ടിയിരുന്നത്. ആയത് ചെയ്തതായി കാണുന്നില്ല.

ഫയൽ പരിശോധനയിൽ മരത്തോട് കൂടി ലേലം ചെയ്യുന്നതോ മരം മുറിച്ച ശേഷമുള്ള തടികഷ്ണങ്ങൾ ലേലം ചെയ്യുന്നതോ പരിഗണിച്ചിട്ടില്ല. ഇതിനാൽ, മരത്തോട് കൂടി ലേലം ചെയ്യുമ്പോൾ ലഭിക്കുന്ന വരവ് തുകയും മുറിച്ച മരങ്ങൾ ലേലം ചെയ്യുക വഴി ലഭിക്കുന്ന വരവ് തുകയും നഗരസഭ ഉറപ്പുവരുത്തിയില്ല. മുറിച്ച മരങ്ങൾ സ്കൂൾ കോമ്പൗണ്ടിൽ കൂട്ടിയിട്ടുള്ളതായി ബോയ്സ് സ്കൂളിലെ പ്രധാനാധ്യാപിക വ്യക്തമാക്കി.

**3) തെറ്റായ ഹെഡിൽ മുൻകൂർ നൽകി.**

വൗച്ചർ നം P-M100400-24000161/ 11.06.2024 പ്രകാരം നൽകിയ മേൽ മുൻകൂർ 2208099 Miscellaneous Administrative Expenses എന്ന് ചെലവ് ഹെഡിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. സ്ഥാപനത്തിന്റെ അഡ്വാൻസ് രജിസ്റ്ററിൽ മേൽ തുക രേഖപ്പെടുത്തിയിട്ടില്ല.

ഇതിനാൽ, അഡ്വാൻസ് തുക ക്രമീകരിച്ചത് പരിശോധിക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. അഡ്വാൻസ് തുക തെറ്റായ ഹെഡിൽ ബുക്ക് ചെയ്തത് പരിശോധിച്ച് അക്കൗണ്ട്സിൽ മാറ്റം വരുത്തേണ്ടതും തെറ്റായി ഹെഡിൽ ചെലവ് ബുക്ക് ചെയ്ത ഉദ്യോഗസ്ഥനിൽ നിന്ന് വിശദീകരണം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

**4 മുൻകൂർ ക്രമീകരിക്കുന്നതിന് മുമ്പ് ട്രാൻസ്ഫർ അനുവദിച്ചു.**

ജെ.എച്ച്.ഐ ശ്രീമതി സജിത കുമാരിക്ക് 11-06-2024 ന് 80,000 രൂപ മുൻകൂറായി അനുവദിച്ചു. 10-09-2025 നകം മുൻകൂർ തുക ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതായിരുന്നു. എന്നാൽ, മുൻകൂർ തുക ക്രമീകരിച്ചു എന്ന് ഉറപ്പുവരുത്താതെ ജെ.എച്ച്.ഐ സജിത കുമാരിക്ക് പരപ്പനങ്ങാടി നഗരസഭയിലേക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്.

**5) ഫയലിലെ നിർദ്ദേശത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.**

ബിൽ ഹാജരാക്കി അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്യുന്നതിന് PHI സജിതകുമാരിക്ക് അറിയിപ്പ് നൽകുന്നതിന് ഹെൽത്ത് സൂപ്പർവൈസർ 28.04.2025, 13.01.2026 തിയ്യതികളിൽ ഫയലിൽ നിർദ്ദേശം നൽകിയെങ്കിലും നാളിതുവരെയും സെക്ഷൻ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. ഹെൽത്ത് സൂപ്പർവൈസറുടെ നിർദ്ദേശം പാലിക്കാത്ത സെക്ഷൻ ക്ലർക്കിനെതിരെ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ്.

അപാകതകൾ ( ക്രമ നം 1 To 4) സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 09/2024-25 തിയതി. 15.04.2025 ന് മറുപടി ലഭ്യമായിട്ടില്ല.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മുൻകൂർ തുക ഉത്തരവാദികളിൽ നിന്ന് ക്രമീകരിക്കുന്ന തിയ്യതിവരെയുള്ള പലിശ സഹിതം ഈടാക്കി ഒടുക്ക് വരുത്തേണ്ടതുമാണ്. ചെലവ് തുക ₹ 80000 തടസ്സം ചെയ്യുന്നു.

**1-78 നെറ്റ്‌വർക്കിംഗ് പ്രവൃത്തി- പദ്ധതിയിൽ ഉൾപ്പെടുത്താതെ മുൻകൂർ നൽകി.**

**ഫയൽ നമ്പർ : 1140090-2024**

മുനിസിപ്പൽ ഓഫീസ് നെറ്റ്‌വർക്കിംഗ് പ്രവൃത്തി നടത്തുന്നതിന് ₹ 1176017 PWD ഇലക്ട്രോണിക്സ് അസിസ്റ്റന്റ് എഞ്ചിനിയർക്ക് നൽകിയിട്ടുണ്ട് ( ചെക്ക് നം XY6837405/ 16.05.2024 Vr No 24000101/21.05.2024).

മുനിസിപ്പൽ ഓഫീസ് നെറ്റ്‌വർക്കിംഗ് പ്രവൃത്തിക്ക് PWD ഇലക്ട്രോണിക്സ് വിഭാഗം തയ്യാറാക്കിയ ₹1196000 യുടെ എസ്റ്റിമേറ്റ് പ്രകാരം നഗരസഭ ഒടുക്ക് വരുത്തേണ്ട ₹1196000 ൽ മുൻ വർഷം ഒടുക്ക് വരുത്തിയ 19983 രൂപ കിഴിച്ചുള്ള തുകയാണ് ഫയൽ പ്രകാരം ചെലവഴിച്ചത്.

ചെലവ് സംബന്ധിച്ച് താഴെ പരാമർശിക്കുന്ന രേഖകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല.

1. പ്രവൃത്തിക്ക് PWD ഇലക്ട്രോണിക്സ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ്.
2. മുൻ വർഷം പണം നൽകിയതിന്റെ രേഖകൾ.
3. പ്രവൃത്തി PWD ഇലക്ട്രോണിക്സ് വിഭാഗം മുഖേന നടപ്പാക്കുന്നതിന് തീരുമാനമെടുത്തിന് ആധാരമാക്കിയ രേഖകൾ.
4. പ്രവൃത്തി പൂർത്തീകരണ രേഖകൾ.
5. പ്രവൃത്തി നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ

ചെലവുമായി ബന്ധപ്പെട്ട മേൽ പരാമർശിക്കപ്പെട്ട രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 24 /2024-25 തീയതി. 21.05.2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ 2024-25 വർഷത്തെ പദ്ധതി പരിശോധിച്ചതിൽ ഇത്തരം ഒരു പ്രൊജക്ടിന് അനുമതി ലഭിച്ചിട്ടില്ല എന്നും വ്യക്തമായി.

പണം നൽകിയതിന് ആധാരമാക്കിയ രേഖകൾ, പ്രവൃത്തി പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കാത്തതിനാലും പദ്ധതിയിൽ ഉൾപ്പെടുത്താതെ ചെലവ് ചെയ്തതിനാലും ഈ ഇനത്തിലെ ചെലവ് ₹ 1176017 തടസ്സം ചെയ്യുന്നു.

പ്രൊജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ , പദ്ധതിയിൽ ഉൾപ്പെടുത്താതെ ചെലവ് നടത്തിയതിന് കാരണം വ്യക്തമാക്കുന്ന രേഖകൾ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-79 വാഹന പരിപാലനം- മുനിസിപ്പാലിറ്റി ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ വാഹനങ്ങളുടെ (**KL 55 X 1655 (Maruti Vitara Brezza) & KL 55 K 7885 (Maruthi SX4) & KL 55 G 7000 (Bolero),** KL-55-Z-7328 Etc....) ലോഗ് ബുക്ക്, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

**1) ഇന്ധനക്ഷമത ടെസ്റ്റിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കുന്നില്ല**

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 8(1) പ്രകാരം ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഇന്ധനക്ഷമത ടെസ്റ്റ് നടത്തേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിക്കേണ്ടതുമാണ്. എന്നാൽ, ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ലോഗ് ബുക്കിൽ പതിക്കുകയോ ചെയ്തിട്ടില്ല.
അപാകതയ്ക്ക് മറുപടിയായി ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഫയലിലാണ് സൂക്ഷിക്കുന്നത് എന്നും അപാകത പരിഹരിക്കുന്നതാണ് എന്നും അറിയിച്ചു.

**2) റിപ്പയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.**

2000 ലെ കേരള മുനിസിപ്പാലിറ്റി ( മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 4(2) ഡി പ്രകാരം സൂക്ഷിക്കേണ്ട റിപ്പയർ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ആയതിനാൽത്തന്നെ അറ്റകുറ്റപ്പണി സംബന്ധിച്ച വിവരങ്ങൾ കൃത്യമായി പരിശോധിക്കാൻ സാധിക്കുന്നില്ല.
അപാകതയ്ക്ക് മറുപടിയായി അറ്റകുറ്റപണികൾ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഫയലിലാണ് സൂക്ഷിക്കുന്നത് എന്നും അപാകത പരിഹരിക്കുന്നതാണ് എന്നും അറിയിച്ചു.

**3) ഇന്ധനം നിറച്ചത് സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല**

2000 ലെ കേരള മുനിസിപ്പാലിറ്റി ( മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 9(2) പ്രകാരം ഇന്ധന ടാങ്കിൽ (ഫുൾ കപ്പാസിറ്റിയിൽ) പൂർണ്ണമായി നിറയ്ക്കുമ്പോൾ ഇന്ധനം നിറച്ച തീയതി, ടാങ്കിൽ ആകെയുള്ള ഇന്ധനത്തിന്റെ അളവ്, ആ സമയത്തെ മീറ്റർ റീഡിംഗ്, ഇന്ധനം നിറയ്ക്കുമ്പോൾ ഹാജരായ ആളുടെ പേര് ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ലോഗ് ബുക്കിൽ ഇന്ധനം നിറച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

അപാകത പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു.

**4) ഇന്ധന ഉപയോഗത്തിന്റെ കൃത്യത പരിശോധിക്കുന്നില്ല.**

2000 ലെ കേരള മുനിസിപ്പാലിറ്റി ( മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ടാങ്ക് പൂർണമായും നിറച്ചതിനു ശേഷം വാഹനം ഓടിയ ദൂരവും വീണ്ടും പൂർണമായി നിറയ്ക്കുന്നതിന് ആവശ്യമായി വരുന്ന ഇന്ധനത്തിന്റെ അളവും കണക്കിലെടുത്ത് ഒരു കിലോമീറ്റർ ദൂരം സഞ്ചരിക്കുന്നതിന് വേണ്ടിവരുന്ന ഇന്ധനത്തിന്റെ അളവ് എത്രയെന്ന് കസ്റ്റോഡിയൻ-ഓഫീസർ കണക്കാക്കേണ്ടതും മുമ്പ് വാഹനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഇന്ധന ഉപഭോഗത്തിന്റെ തോതിൽ കാര്യമായ വ്യതിയാനം കാണുന്ന പക്ഷം വാഹനത്തിന്റെ കേടുപാട് തീർക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇന്ധനത്തിന്റെ ഉപഭോഗം തുടർച്ചയായി വർദ്ധിക്കുകയാണെങ്കിൽ ഇന്ധന ഉപയോഗ തോത് പുതുക്കി നിശ്ചയിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

നഗരസഭയിലെ വാഹനങ്ങൾക്ക് ചട്ടത്തിലെ മേൽ നിർദ്ദേശപ്രകാരം ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പുവരുത്തിയിട്ടില്ല എന്ന് വ്യക്തമായി.അപാകത പരിഹരിക്കേണ്ടതാണ്.

**5) കസ്റ്റോഡിയൻ-ഓഫീസർ ലോഗ്ബുക്ക് പരിശോധിക്കുന്നില്ല**

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ്ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ, കസ്റ്റോഡിയൻ ഓഫീസർ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

**6) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല**

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ നിശ്ചിത മാതൃകയിലുള്ള ലോഗ്ബുക്ക്, ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. കൂടാതെ, സ.ഉ(അ) നം.161/2006/ധന.തീയതി 31.03.2006 പ്രകാരം നിശ്ചിത മാതൃകയിലുള്ള വാഹനത്തിന്റെ വെഹിക്കിൾ ഹിസ്റ്ററി ബുക്കും സൂക്ഷിക്കേണ്ടതാണ്. ചട്ടപ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടാവുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

**7) ഇൻഷ്വറൻസ് പോളിസി, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമല്ല**

നഗരസഭയുടെ വാഹനങ്ങൾക്ക് ഇൻഷ്വറൻസ് പോളിസി എടുത്തതിന്റെ വിവരങ്ങൾ, പൊല്യൂഷൻ സർട്ടിഫിക്കറ്റ്, മോട്ടോർ വാഹന സംബന്ധമായ മറ്റ് അനിവാര്യ രേഖകൾ എന്നിവ കാലികമാക്കിയതിന്റെ രേഖകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ ഇൻഷ്വറൻസ്, പൊല്യൂഷൻ ഉൾപ്പെടെയുള്ളവ കാലികമാകാതെ വാഹനം ഉപയോഗിക്കുന്നതിനും, ഇൻഷ്വറൻസ് എടുത്ത വാഹനത്തിന് അതേ കാലയളവിലേക്ക് വീണ്ടും ഇൻഷ്വറൻസ് എടുക്കുന്നതിനും സാധ്യത നില നിൽക്കുന്നുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**8) ഇന്ധന രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ**

2000 ലെ കേരള മുനിസിപ്പാലിറ്റി ( മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 4(1) പ്രകാരം ഓരോ വാഹനത്തിനും പ്രത്യേകമായി ഇന്ധന ഓയിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടില്ല. നഗരസഭ ഇന്ധനവും ഓയിലും മുൻകൂറായി വാങ്ങി സൂക്ഷിക്കുകയും വിവിധ വാഹനങ്ങൾക്ക് നഗരസഭയുടെ സ്റ്റോക്കിൽ നിന്ന് ഇഷ്യൂ ചെയ്യുകയും ചെയ്യുന്ന സാഹചര്യത്തിലാണ് മേൽ രജിസ്റ്റർ സൂക്ഷിക്കേണ്ടത്. നഗരസഭയിൽ ഇന്ധനം വാങ്ങി സ്റ്റോക്ക് ചെയ്യുന്ന സംവിധാനം നിലവിലില്ലാത്തതിനാൽ നിലവിലുള്ള സാഹചര്യത്തിൽ ചട്ടപ്രകാരമുള്ള രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കേണ്ടതില്ല.

നഗരസഭയിൽ നിലവിൽ സൂക്ഷിച്ചുവരുന്ന ഫ്യൂവൽ രജിസ്റ്ററിൽ ഓരോ മാസത്തെയും ആകെയുള്ള ഓഡോ മീറ്റർ റീഡിംഗ് കിലോമീറ്റർ മൈലേജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൈലേജ് കൊണ്ട് ഹരിച്ച ശേഷം ലഭിക്കുന്ന ഇന്ധന അളവാണ് ആകെയുള്ള വാഹനത്തിൽ നിറച്ച ഇന്ധനത്തിൽ നിന്ന് കുറച്ച് നീക്കിയിരിപ്പ് കാണിക്കുന്നത്. യാഥാർത്ഥ്യബോധത്തോടെ ഫ്യൂവൽ നീക്കിയിരിപ്പ് തയ്യാറാക്കാത്തതിനാൽ 48 ലിറ്റർ ഇന്ധന കപ്പാസിറ്റിയുള്ള വാഹനങ്ങളായ Maruti Vitara Brezza വാഹനത്തിന് 30.09.2023 ന് 841.69 ലിറ്ററും SX4 വാഹനത്തിന് 30.09.2023 ന് 215.23 നീക്കിയിരിപ്പുള്ളതായാണ് കാണിച്ചിട്ടുള്ളത്.അപാകത പരിഹരിക്കേണ്ടതാണ്.

**9) വാഹനത്തിന്റെ വരവ് ചെലവ് കണക്ക് തയ്യാറാക്കുന്നില്ല.**

2000 ലെ കേരള മുനിസിപ്പാലിറ്റി ( മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം ഓരോ അർദ്ധവർഷത്തിന്റെയും ആരംഭത്തിൽ മുൻ അർദ്ധവർഷത്തിൽ ഓരോ വാഹനത്തിനും ചെലവായ തുക സംബന്ധിച്ചും അതിൽ നിന്ന് വാടക ഇനത്തിൽ ലഭിച്ച തുക സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിശ്ചിത മാതൃകയിൽ റിപ്പോർട്ട് നൽകേണ്ടതുണ്ട്.

എന്നാൽ നഗരസഭയുടെ വാഹനങ്ങൾ സംബന്ധിച്ച് ചട്ടപ്രകാരമുള്ള റിപ്പോർട്ട് നാളിതുവരെ തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(183/19.02.2026)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ

സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-80 പ്രൊവിഡൻറ് ഫണ്ട് അക്കൗണ്ട് പരിശോധന

നഗരസഭ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് തുക സൂക്ഷിക്കുന്നതും കണക്ക് സൂക്ഷിക്കുന്നതും നഗരകാര്യ ഡയറക്ടർ ആണ്. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മറ്റ് ബില്ലുകളിൽ നിന്നും പി.എഫ് കുറവ് ചെയ്യുന്ന തുകകൾ നഗരകാര്യ ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയും ഒടുക്കിന്റെ വിവരങ്ങൾ നഗരകാര്യ ഡയറക്ടറെ അറിയിക്കുന്ന മുറക്ക് ഓരോ ജീവനക്കാരന്റെയും പി.എഫ് അക്കൗണ്ടിൽ തുക വരവ് വെക്കുകയും ചെയ്യുകയാണ് ചെയ്യുന്നത്.

ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ നിന്നുള്ള താത്കാലിക മുൻകൂർ (TA) , തിരിച്ചടക്കേണ്ടതില്ലാത്ത മുൻകൂർ ( NRA), സേവനത്തിൽ നിന്ന് വിരമിക്കുന്നവരുടെ അക്കൗണ്ടിലെ തുക തിരികെ നൽകൽ (PF Closure) എന്നിവയ്ക്കുള്ള തുകകൾ അലോട്ട്മെന്റ് ആയി നഗരകാര്യ ഡയറക്ടർ നഗരസഭക്ക് അനുവദിക്കുകയും അപേക്ഷകളുടെ അടിസ്ഥാനത്തിൽ നഗരസഭാതലത്തിൽ അർഹത പരിശോധിച്ച് പണം നൽകുകയുമാണ് ചെയ്യുന്നത്.

**ഫയൽ പരിശോധനയിൽ ഓഡിറ്റിന് വ്യക്തമായ പൊതു അപാകതകൾ താഴെ നൽകുന്നു.**

**I) അക്കൗണ്ട് സ്റ്റേറ്റ്മെന്റ് സമയബന്ധിതമായി ഇഷ്യൂ ചെയ്യുന്നില്ല.**

ഓരോ വർഷവും ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിലേക്ക് വരവ് വച്ചതും അക്കൗണ്ടിൽ നിന്ന് പിൻവലിച്ചതുമായ തുകകൾ, നിക്ഷേപത്തിന് സാമ്പത്തിക വർഷം ലഭിച്ച പലിശ, നീക്കിയിരുപ്പ് ഉൾപ്പെടെ ജീവനക്കാരന്റെ നിക്ഷേപത്തിന്റെ വ്യക്തമായ വിവരം ഉൾപ്പെടുത്തി മുൻവർഷത്തെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് തൊട്ടടുത്ത സാമ്പത്തിക വർഷം ജൂലൈ 1 ന് മുമ്പായി അയക്കേണ്ടതുണ്ട് ( റൂൾ 30 കേരള മുനിസിപ്പൽ പെൻഷനബിൾ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ചട്ടങ്ങൾ 1981 ) . ഈ ക്രെഡിറ്റ് കാർഡിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഓരോ ജീവനക്കാരന്റെയും പി.എഫ് അക്കൗണ്ടിലെ യഥാർത്ഥ നീക്കിയിരുപ്പ് വിവരം മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

മുനിസിപ്പൽ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിന്റെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ചട്ടപ്രകാരം കൃത്യമായി ഇഷ്യൂ ചെയ്യുന്നില്ല എന്നാണ് ഓഡിറ്റിന് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ വ്യക്തമായത്. ക്രെഡിറ്റ് കാർഡ് കാലികമാക്കി ഇഷ്യൂ ചെയ്യാത്തതിനാൽ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിന്റെ നീക്കിയിരുപ്പിന്റെ നിജസ്ഥിതി അറിയാൻ സാധിക്കാത്ത അവസ്ഥ നിലവിലുണ്ട്. ഇത് ജീവനക്കാർക്ക് അർഹമായ തുക ലഭിക്കാതിരിക്കുന്നതിനും, അനർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും സാഹചര്യം സൃഷ്ടിക്കുന്നു.

മേൽ അപാകത നഗരകാര്യ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ചട്ടപ്രകാരമുള്ള സമയപരിധിക്കകം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**II- ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് -വ്യക്തമായ വിവരങ്ങൾ ലഭ്യമാകുന്നില്ല.**

നഗരസഭ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ലഭിക്കുന്നതിന് നിലവിൽ കേന്ദ്രീകൃത സംവിധാനമില്ല എന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്.

നഗരസഭയിൽ നിന്ന് വിവിധ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിലേക്ക് പണം ഒടുക്കുന്ന വിവരങ്ങൾ പി.എഫ് രജിസ്റ്ററിൽ ആണ് എഴുതി സൂക്ഷിക്കുന്നത്. ക്ലറിക്കൽ പിഴവുകൾ കാരണവും മറ്റും ഈ രജിസ്റ്ററിൽ പി.എഫ് ഒടുക്ക് വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്താതെ വരുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. കൂടാതെ നിലവിൽ ഒരു നഗരസഭയിൽ ജോലി ചെയ്യുന്ന ജീവനക്കാരൻ മറ്റൊരു സ്ഥാപനത്തിൽ ജോലി ചെയ്ത കാലത്തെ അരിയറുകൾ പി.എഫ് ൽ ഒടുക്കു വരുത്തുന്നത് അതാത് സ്ഥാപനങ്ങളായിരിക്കും. ഇത്തരത്തിലുള്ള ഒടുക്ക് വിവരങ്ങളും പലപ്പോഴും ജീവനക്കാരൻ നിലവിൽ ജോലിചെയ്യുന്ന ഓഫീസിൽ ഔദ്യോഗികമായി അറിയിക്കാത്തതിനാലും മറ്റും നഗരസഭകളിലെ പി.എഫ് രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്.

കൂടാതെ ചട്ടപ്രകാരം സമയബന്ധിതമായി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ പലിശ ഉൾപ്പെടെയുള്ള വരവുകളും പ്രസ്തുത രജിസ്റ്ററിൽ ഉൾപ്പെടുത്താൻ സാധിക്കുന്നില്ല.

ജീവനക്കാരുടെ പി.എഫ് സംബന്ധിച്ച വ്യക്തമായ വിവരം കേന്ദ്രീകൃതമായി ലഭ്യമാകാത്തതിനാൽ ജീവനക്കാർക്ക് TA, NRA എന്നിവ അനുവദിക്കുമ്പോൾ വിവിധ ഓഫീസുകളിൽ ജോലിചെയ്തതിന്റെ വിശദാംശങ്ങളും അതാതിടങ്ങളിലെ പി.എഫ്. അടവ്/പിൻവലിക്കൽ എന്നിവയും ശേഖരിച്ചാണ് മുൻകൂർ

നല്കുന്നത്. ഇത് മുൻകൂർ ലഭിക്കുന്നതിന് കാലതാമസവും അനാവശ്യമായ ജോലിയും ഉണ്ടാക്കുന്നു. കൂടാതെ ലോക്ക് ഇൻ കാലയളവ് പരാമർശിച്ച് പി.എഫ് ൽ വരവ് വെക്കപ്പെടുന്ന വിവിധ തുകകൾ ഏതെല്ലാമാണ് എന്നും ലോക്ക് ഇൻ കാലയളവ് എത്രയാണ് എന്നും വ്യക്തമല്ലാതിരിക്കുകയും പ്രസ്തുത തുകകൾ ലോക്ക് ഇൻ കാലയളവിന് മുമ്പ് തന്നെ പിൻവലിക്കുന്നതിനും അവസരം നിലനിൽക്കുന്നു.

നഗരസഭാ ജീവനക്കാരുടെ പി.എഫ് സംവിധാനത്തിലെ രേഖകൾ സൂക്ഷിപ്പിലെ നിലവിലുള്ള അപാകതകളും അതുമൂലമുള്ള പ്രശ്നങ്ങളും സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തി GPF മാതൃകയിൽ നഗരസഭാ ജീവനക്കാരുടെ പി.എഫ് ഒടുക്ക് ഉൾപ്പെടെ പി.എഫ് സംവിധാനം പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നത് ഉചിതമാകും

**III)പി.എഫ് രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല.**

നഗരസഭയിൽ നിന്ന് വിവിധ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുന്ന വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്ന പി.എഫ് രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

- രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
- ലീവ് സറണ്ടർ PF ൽ വരവ് വെക്കുമ്പോൾ ലോക്ക് ഇൻ കാലയളവ് എത്രയാണ് എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
- എല്ലാ ജീവനക്കാരുടെയും പി.എഫ് മുൻബാക്കി, നീക്കിയിരുപ്പ് വിവരങ്ങൾ കൃത്യമായി കാലികമാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
  - ജീവനക്കാരുടെ ക്രെഡിറ്റ് സ്ലിപ്പ് പ്രകാരമുള്ള ബാലൻസ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല – ഇക്കാരണത്താൽ ജീവനക്കാരുടെ അക്കൗണ്ടിൽ വരവ് വെക്കപ്പെടുന്ന പലിശ, മറ്റ് നഗരസഭകളിൽ നിന്ന് വരവ് വെക്കപ്പെടുന്ന അരിയർ എന്നിവ നീക്കിയിരുപ്പ് കണക്കിൽ ഉൾപ്പെടാത്ത അവസ്ഥ സംജാതമാകുന്നുണ്ട്.
    അക്കൗണ്ടിൽ നിന്ന് പിൻവലിക്കുന്നതിന് ലോക്ക് ഇൻ കാലയളവ് നൽകിയിട്ടുള്ള നിക്ഷേപങ്ങളുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ലോക്ക് ഇൻ കാലയളവിന് മുമ്പ് തന്നെ പണം പിൻവലിക്കുന്നതിനുള്ള അവസരം നിലനിൽക്കുന്നു.
    മേൽ അപാകതകൾ പരിഹരിച്ച് പി.എഫ് കണക്കുകൾ കാലികമാക്കാനും കുറ്റമറ്റതാക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-81 പി.എഫ് മുൻകൂർ അനുവദിച്ചത് - അപാകതകൾ**

**നഗരസഭയിൽ നിന്ന് പി.എഫ് മുൻകൂർ അനുവദിച്ചതിന്റെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.**

**1) ഫയലിൽ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.**

പ്രൊവിഡന്റ് ഫണ്ടിൽ നിന്നും തുക പിൻവലിക്കുന്നതിനുള്ള അപേക്ഷ, അനുവദിച്ച വായ്പകളുടെ ഇനം തിരിച്ചിട്ടുള്ള (താത്കാലികം/ തിരിച്ചടയ്ക്കേണ്ടതില്ലാത്തത്) വിവരം, T.A./N.RAഅനുവദിക്കുമ്പോൾ അർഹതപ്പെട്ട തുക കണക്കാക്കുന്ന വിധം എന്നിവ ഫയലിൽ ഇല്ല.

**2) അർഹതയില്ലാത്ത തുക പിൻവലിച്ചു.**

2022-23 സാമ്പത്തിക വർഷം മുതൽ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ പി.എഫ് അക്കൗണ്ടിൽ വരവ് വെക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഇത്തരത്തിൽ പി.എ.ഫിൽ ലയിപ്പിക്കുന്ന തുക നിശ്ചിത കാലയളവിന് ശേഷം മാത്രമേ പിൻവലിക്കുന്നതിന് അനുമതിയുള്ളൂ ( ലോക്ക് ഇൻ കാലയളവ്)

| വർഷം | സറണ്ടർ അനുമതി ഉത്തരവ് | കുറിപ്പ് |
|---|---|---|
| 2022-23 | GO(P) 148/2022 Dt 31.12.2022 | 20.03.2023 ന് ശേഷം പിൻവലിക്കാൻ അനുമതി. നാല് വർഷത്തിന് ശേഷം മാത്രമേ പിൻവലിക്കാൻ അനുമതിയുള്ളൂ. |
| 2023-24 | GO(P) 66/2023 Dt | 01.07.2023 ന് ശേഷം പിൻവലിക്കാൻ അനുമതി. |

| | | |
|---|---|---|
| | 30.06.2023 | 30.06.2027 ന് ശേഷം മാത്രമേ പിൻവലിക്കാൻ അനുമതിയുള്ളൂ. |
| 2024-25 | GO(P) 23/2024 Dt 16.03.2024 | 01.04.2024 ന് ശേഷം പിൻവലിക്കാൻ അനുമതി. 31.03.2028 ന് ശേഷം മാത്രമേ പിൻവലിക്കാൻ അനുമതിയുള്ളൂ. |

എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ റഗുലർ ജീവനക്കാർക്ക് പി.എഫ് മുൻകൂർ അനുവദിച്ച രേഖകൾ പരിശോധിച്ചതിൽ ജീവനക്കാർക്ക് പി.എഫ് അനുവദിക്കുമ്പോൾ മേൽ പരാമർശിച്ച ലോക്ക് ഇൻ കാലയളവ് പരിഗണിക്കാതെ സറണ്ടർ ചെയ്ത തുകകൾ കൂടി കണക്കാക്കിയാണ് മുൻകൂർ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമായി.

ഉദാ- ശ്രീ റിയാസ് JHI Grade II

**3) അനുവദിച്ച തുകയുടെ കൃത്യത പരിശോധിക്കാനാവുന്നില്ല.**

നഗരസഭയിലെ പി.എഫ് രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് പി.എഫ് മുൻകൂർ അനുവദിക്കുന്നത് എന്നാണ് ഓഡിറ്റിന് വ്യക്തമായത്. എന്നാൽ മേൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽത്തന്നെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പുവരുത്താനാവുന്നില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-82 പരിരക്ഷ പാലിയേറ്റീവ് കെയർ -മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | നം S0067/25- പരിരക്ഷ പാലിയേറ്റീവ് കെയർ |
| അടങ്കൽ | 800000 രൂപ ( പൊതു വിഭാഗം) |
| ആകെ പദ്ധതി ചെലവ് | 765827/- |
| ചെലവ്<br>(മരുന്ന് വാങ്ങിയത്) | 252200 രൂപ |

പരിരക്ഷ മരുന്നുകൾ വാങ്ങുന്നതിനായി കെ എം എസ് സി എല്ലിന് പ്രോഫോർമ ഇൻവോയ്സ് നം. PF-1455 Dtd 08.10.2024 പ്രകാരം 252200/- രൂപ (BRN-24150547004201074664/20.12.2024) മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ലഭ്യമായ മരുന്നുകളുടെ വിവരം ഫയലിൽ ലഭ്യമല്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (189/28.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി ആയതിന്റെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നതു വരെ 252200/- രൂപ തടസപ്പെടുത്തുന്നു.

## 1-83 മുട്ട കോഴി വിതരണം- അധിക നിരക്കിൽ സബ്സിഡി നൽകി ₹ 37160 അധികച്ചെലവ്.

| | |
|---|---|
| **പ്രോജക്ട്** | വനിതകൾക്ക് മുട്ടക്കോഴി വിതരണം ( 143/25 ) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | **സീനിയർ വെറ്ററിനറി സർജൻ** |
| **അടങ്കൽ** | **499720/- (പ്ലാൻ ഫണ്ട് ജനറൽ)** |
| **ചെലവ്** | **483080** |

| ബിൽ നം | തുക | കുറിപ്പ് |
|---|---|---|
| **24150547003401512493 / 12-03-2025** | **217880** | 1676 Chicks @ ₹130/ No - നിധിലം എഗ്ഗർ നഴ്സറി കരുവാരക്കുണ്ട്. |
| **24150547003401478725/ 10-03-2025** | **265200** | 2040 Chicks @ ₹130/ No - നിധിലം എഗ്ഗർ നഴ്സറി കരുവാരക്കുണ്ട്. |

മേൽ പ്രൊജക്ട് രേഖകൾ പരിശോധിച്ചതിൽ മുട്ടക്കോഴിക്ക് സർക്കാർ അംഗീകരിച്ച സബ്സിഡി

നിരക്കിനെക്കാൾ ഉയർന്ന നിരക്കിൽ സബ്സിഡി അനുവദിച്ച് കോഴി വാങ്ങി വിതരണം ചെയ്തത് വഴി ₹ 37160 അധികച്ചെലവ് ഉണ്ടായതായി വ്യക്തമായി.

2024-25 വർഷത്തിൽ സീനിയർ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി ഒരു ഗുണഭോക്താവിന് 4 മുട്ടക്കോഴികൾ വീതം വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം ഒരു കോഴിക്ക് 130/- രൂപ നിരക്കിൽ 3716 കോഴികളെ വാങ്ങി 100% സബ്സിഡി നിരക്കിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

28.05.2022 ലെ സ.ഉ.(കൈ)നം.115/2022 ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗരേഖ പ്രകാരം ഒരു കോഴിക്ക് 120/- രൂപ നിരക്കിൽ 5 കോഴിക്കുഞ്ഞുങ്ങൾ അടങ്ങിയ ഒരു യൂണിറ്റിന് 600 യാണ് പരമാവധി സബ്സിഡി നൽകാവുന്നത്.

മൃഗസംരക്ഷണ വകുപ്പ് ഒരു കോഴിക്കുഞ്ഞിന്റെ വില 130/- രൂപയായി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19-10-2023 ലെ ഡി.എ 1/ 353/ 2023- തസ്വഭവ സർക്കുലർ പ്രകാരം ഒരു കോഴിക്ക് അധികം വരുന്ന 10/- രൂപ ഗുണഭോക്താക്കൾ വഹിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ വർദ്ധിപ്പിച്ച നിരക്ക് സബ്സിഡി ധനസഹായ മാർഗരേഖയിൽ ഉൾപ്പെടുത്തുന്നത് 2024-25 വർഷം പരിഗണിക്കുന്നതാണെന്നും മേൽ ഉത്തരവിൽ പരാമർശിച്ചിരുന്നു. എന്നാൽ പിന്നീട് സബ്സിഡി നിരക്ക് വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

ഒരു കോഴിക്ക് 120 രൂപ സബ്സിഡി അനുവദിക്കുന്നതിന് പകരമായി 130 രൂപ സബ്സിഡി അനുവദിച്ചത് വഴി പദ്ധതിപ്പണം അധികം ചെലവഴിച്ചത് പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (68/22.08.2025 ) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു ഗുണഭോക്താവിന് 600 രൂപ സബ്സിഡി നൽകാൻ വ്യവസ്ഥയുണ്ട് എന്നും നഗരസഭയിൽ ഒരു ഗുണഭോക്താവിന് 4 കോഴിക്കുഞ്ഞുങ്ങൾക്ക് 520 രൂപ മാത്രമേ സബ്സിഡി നൽകിയിട്ടുള്ളൂ എന്നുമാണ് വ്യക്തമാക്കിയത്.

സബ്സിഡി മാർഗ്ഗരേഖയിൽ 5 കോഴികൾ അടങ്ങുന്ന ഒരു യൂണിറ്റിന് 600 രൂപ പരമാവധി സബ്സിഡി എന്ന് വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പ് ഒരു കോഴിക്കുഞ്ഞിന്റെ വില 130/- രൂപയായി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19-10-2023 ലെ ഡി.എ 1/ 353/ 2023- തസ്വഭവ സർക്കുലർ പ്രകാരം ഒരു കോഴിക്ക് അധികം വരുന്ന 10/- രൂപ ഗുണഭോക്താക്കൾ വഹിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിൽ നിന്നും ഒരു കോഴിക്ക് പരമാവധി 120 രൂപ മാത്രമേ സബ്സിഡി അനുവദിക്കാവൂ എന്നത് വളരെ വ്യക്തമാണ്. നഗരസഭയിൽ 4 കോഴികൾ അടങ്ങിയ യൂണിറ്റാണ് വിതരണം ചെയ്തത്. ഇതിന് സർക്കാർ ഉത്തരവ് പ്രകാരം പരമാവധി 480 രൂപ മാത്രമേ സബ്സിഡി അനുവദിക്കാനാവൂ. യൂണിറ്റിന് അധികം വരുന്ന 40 രൂപ ഗുണഭോക്തൃ വിഹിതമായാണ് ഒടുക്ക് വരുത്തേണ്ടിയിരുന്നത് എന്നും മേൽ ഉത്തരവിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിർവഹണോദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുന്നില്ല.

സർക്കാർ വ്യക്തമായ നിർദ്ദേശം നൽകിയിട്ടും ആയത് പാലിക്കാതെ 3716 കോഴികൾ 130 രൂപ സബ്സിഡി നിരക്കിൽ വാങ്ങിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഒരു കോഴിക്ക് 10 രൂപ നിരക്കിൽ 3716 കോഴികൾക്ക് അധികമായി സബ്സിഡി നൽകിയ ₹ 37160 രൂപ [3716 X (130-120 ) ] ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി നഗരസഭാഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

## 1-84 ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം- അപാകതകൾ

2024-25 ൽ ICDS സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് ( 68/ 25 ) എന്ന പ്രൊജക്ട് മുഖേന ₹ 4139900 ചെലവഴിച്ചിട്ടുണ്ട്.

പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ പ്രൊജക്ട് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

## 1-84-1 ഭിന്നശേഷി ഡാറ്റാബേസ് തയ്യാറാക്കിയിട്ടില്ല.

ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നഗരഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ (GO(MS) 115/2022/LSGD Dt 28.05.2022) നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ( Para 7.1.1.2) നഗരസഭയിൽ ഇത്തരം ഒരു ഡാറ്റാബേസ് നാളിതുവരെ തയ്യാറാക്കിയിട്ടില്ല.

ഇത്തരത്തിലുള്ള ഡാറ്റാബേസിന്റെ അഭാവത്തിൽ നഗരസഭയിലെ അർഹരായ എല്ലാ ഭിന്നശേഷിക്കാർക്കും

സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ / സേവനങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

സർക്കാർ നിർദ്ദേശപ്രകാരം ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് തയ്യറാക്കി സൂക്ഷിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-84-2 സ്കോളർഷിപ് വിതരണം- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.**

2024-25 ലെ സ്കോളർഷിപ്പ് വിതരണ രേഖകൾ പരിശോധിച്ചതിൽ സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച് സബ്സിഡി മാർഗ്ഗരേഖയിൽ ( GO(MS) 115/2022/LSGD Dt 28.05.2022 ) സർക്കാർ നൽകിയ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെ പണം നൽകിയതായി വ്യക്തമായി.

**പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.**

**1) ഉല്ലാസയാത്ര, പഠന പര്യടനം – രേഖകൾ ഇല്ലാതെ പണം നൽകി.**

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ( ഖ 7.1.6 ബി ) മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉല്ലാസയാത്ര/ പഠനപര്യടനം നടത്തുന്നതിനുള്ള തുക നൽകേണ്ടത് വൗച്ചറിന്റെ അടിസ്ഥാനത്തിലായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ യാതൊരു രേഖകളും ഹാജരാക്കാതെ തന്നെ ഈ ഇനത്തിലെ തുക അനുവദിച്ച് നൽകുകയാണ് ചെയ്തത്.

**2) മാനസിക വെല്ലുവിളി നേരിടുന്നവർ പഠനം നടത്തുന്ന സ്ഥാപനം പരിഗണിക്കാതെ സ്കോളർഷിപ്പ് നൽകി.**

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ( ഖ 7.1.6 ബി , സി, ഡി ) മാനസിക വെല്ലുവിളി നേരിടുന്നവരെ മൂന്ന് വിഭാഗങ്ങളിലായി ഉൾപ്പെടുത്തിയാണ് സ്കോളർഷിപ്പും ബത്തയും നൽകേണ്ടത്.

- **മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ. ( 7.1.6 ബി)**

| ക്രമ നം | ഇനം | ബത്ത |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത ( വാർഷികം ) | 1500 |
| 3 | പഠന സഹായി/ വിദ്യാഭ്യാസ സാമഗ്രികൾ- വാർഷിക ബത്ത | 2000 |
| 4 | ഡേ സ്കോളർക്ക് യാത്രാബത്ത ( പ്രതിമാസം ) | 1000 |
| 5 | ഉല്ലാസ യാത്ര പഠന പര്യാടനം മുതലായവക്കുള്ള ബത്ത | 1000 |

**ഡേ കെയർ സെന്ററിൽ പോകുന്ന മാനസിക വെല്ലുവിളി നേരിടുന്നവർ ( 7.1.6 സി )**

| ക്രമ നം | ഇനം | ബത്ത |
|---|---|---|
| 1 | പകൽ സമയം ഡേ കെയർ സെന്ററിൽ കഴിയുന്നതിനുള്ള ബത്ത (പ്രതിമാസം) | 1000 |
| 2 | ഡേ സ്കോളർക്ക് യാത്രാബത്ത ( പ്രതിമാസം ) | 1000 |

- **വിദ്യാലയങ്ങളിലോ ഡേ കെയർ സെന്ററുകളിലോ പോകാത്ത മാനസിക വെല്ലുവിളി നേരിടുന്നവർ ( 7.1.6 ഡി )**

| ക്രമ നം | ഇനം | ബത്ത (പ്രതിമാസം) |
|---|---|---|
| 1 | മാനസിക വെല്ലുവിളികൾ, വളർച്ചാ സംബന്ധമായ വെല്ലുവിളികൾ, മസ്തിഷ്ക തളർവാതം, ഓട്ടിസം തുടങ്ങിയവ ബാധിച്ചവർ | 1000 |

**ലഭ്യമാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ മാനസിക വെല്ലുവിളി നേരിടുന്നവർ മേൽ പരാമർശിക്കുന്ന ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു എന്ന് പരിശോധിക്കാതെ എല്ലാവർക്കും വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം അനുവദിച്ച് നൽകുന്നതായാണ് കാണുന്നത്.**

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 47/ 31.07.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ച് മാത്രം സ്കോളർഷിപ്പ് വിതരണം നടത്തേണ്ടതുമാണ്.

## 1-84-3 ബഡ്സ് സ്കൂളിൽ ഹാജരാകാത്തവർ അനർഹമായി ആനുകൂല്യം കൈപ്പറ്റുന്നു.

നഗരസഭയുടെ ബഡ്സ് സ്കൂളിൽ ഹാജരാകാത്ത ഗുണഭോക്താക്കൾ സ്കൂളിൽ ഹാജരാകുന്നു എന്ന് തെറ്റായ സർട്ടിഫിക്കറ്റ് നൽകി അനർഹമായി ആനുകൂല്യം കൈപ്പറ്റുന്നുണ്ട് എന്ന് ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ 2024-25 ൽ ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾ എന്ന

നിലയിൽ നഗരസഭയിൽ നിന്ന് ഭിന്നശേഷി സ്കോളർഷിപ്പ് കൈപ്പറ്റിയവരുടെ സംക്ഷിപ്ത വിവരം താഴെ നൽകുന്നു.

| ഗുണഭോക്താക്കളുടെ എണ്ണം | 28500 നിരക്കിൽ കൈപ്പറ്റിയവർ | 16500 നിരക്കിൽ കൈപ്പറ്റിയവർ (ബഡ്സ് ബസ് ഉപയോഗിക്കുന്നവർ) | മറ്റുള്ളവർ |
|---|---|---|---|
| 51 | 41 | 8 | 2 |

ഓഡിറ്റിന്റെ ഭാഗമായി നൽകിയ വിവര ശേഖരണ പത്രികയിൽ സ്കൂളിൽ ഹാജരാകുന്നവരുടെ വിവരങ്ങൾ ആവശ്യപ്പെട്ടതിന് ബഡ്സ്കൂളിന്റെ ചുമതലയുള്ള പ്രൊജക്ട് ഓഫീസർ തിരൂർ നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

| ബഡ്സ് സ്കൂളിൽ ഹാജരാകുന്നവരുടെ ആകെ എണ്ണം | സ്കൂൾ വിദ്യാർത്ഥികൾ | വൊക്കേഷനൽ | ഡേ കെയർ | കുറിപ്പ് |
|---|---|---|---|---|
| 23 | 10 | 13 | - | ആകെ ഹാജരാകുന്ന 23 ൽ 7ആളുകൾ നഗരസഭക്ക് പുറത്തുള്ള മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ളവരാണ്. |

നഗരസഭാ പ്രദേശത്തെ 16 ( 23-7) ഗുണഭോക്താക്കൾ മാത്രമാണ് ബഡ്സ് സ്കൂളിൽ ഹാജരാകുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

സ്കൂളിൽ ഹാജരാകുന്നവർക്ക് മാത്രമാണ് പൂർണ്ണ നിരക്കിൽ സ്കോളർഷിപ്പ്, ബത്തകൾ എന്നിവയ്ക്ക് അർഹയുള്ളത് എന്നതിനാൽ ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾ എന്നനിലക്ക് 16 ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളത്. 8 ഗുണഭോക്താക്കൾക്ക് യാത്രാബത്ത കുറവ് ചെയ്തുള്ള തുക മാത്രമാണ് നൽകിയത് എന്നതിൽ നിന്ന് ഇവർ ബഡ്സ് സകൂളിന്റെ യാത്രാ സൗകര്യം ഉപയോഗിച്ച് സ്കൂളിൽ ഹാജരാകുന്നവരാണ് എന്നും വ്യക്തമാണ്. അവശേഷിക്കുന്ന 8 പേർക്ക് ( 16-8 ) മാത്രമാണ് സ്വന്തമായി സ്കൂളിൽ ഹാജരാകുന്നത് എന്നും മേൽ വിവരങ്ങളിൽ നിന്ന് വ്യക്തമാകുന്നു. ഇവർക്ക് മാത്രമാണ് പൂർണ്ണ സ്കോളർഷിപ്പ് , ബത്ത ഉൾപ്പെടെ 28500 രൂപ ലഭിക്കാനുള്ള അർഹതയുള്ളൂ. എന്നാൽ ബഡ്സ് വിദ്യാർത്ഥികൾ എന്ന നിലയിൽ 41 ഗുണഭോക്താക്കൾക്ക് 28500 രൂപ നിരക്കിൽ ആനുകൂല്യം നൽകിയിട്ടുണ്ട് എന്ന് പരിശോധനയിൽ വ്യക്തമായി.

ബഡ്സ് സ്കൂളിൽ ഹാജരാകാത്ത 33 ഗുണഭോക്താക്കൾ ( 41-8 ) ബഡ്സ് സ്കൂളിൽ ഹാജരാകുന്നു എന്ന തെറ്റായ സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ അനർഹമായി ആനുകൂല്യം കൈപ്പറ്റുന്നതായി വ്യക്തമായി.

സ്കൂളിൽ ഹാജരാകാത്തവർക്ക് വർഷത്തിൽ 12000 രൂപ ലഭിക്കാൻ മാത്രമേ അർഹതയുള്ളൂ. യാത്രാബത്ത, പഠന സഹായ ബത്ത, വസ്ത്രങ്ങൾക്കുള്ള ബത്ത, ഉല്ലാസ യാത്രാബത്ത എന്നിവ ഉൾപ്പെടെ പ്രതിവർഷം ₹ 16500 വീതം ഓരോ ഗുണഭോക്താവിനും അധികം നൽകാൻ ഇടയാക്കിയിട്ടുണ്ട്. 33 ഗുണഭോക്താക്കൾക്ക് ഇത്തരത്തിൽ അനർഹമായി ആനുകൂല്യം നൽകിയത് വഴി ₹ 544500 ( 16500x 33 ) പ്ലാൻഫണ്ടിൽ നിന്ന് അധികം ചെലവഴിച്ചിട്ടുണ്ട്.

മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സർവ്വതോന്മുഖ വികസനത്തിന് ഇത്തരക്കാരെ വിദ്യാലയങ്ങൾ / ഡേ കെയർ സെന്റർ / മറ്റ് പരിശീലന കേന്ദ്രങ്ങളിൽ എത്തിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനാണ് ഇത്തരത്തിൽ പരിശീലന കേന്ദ്രങ്ങളിലും സ്കൂളുകളിലും കെയർ സെന്ററുകളിലും ഹാജരാകുന്നവർക്ക് പ്രത്യേക ബത്തകൾ അനുവദിച്ച് നൽകുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ബഡ്സ് സ്കൂളിൽ ഹാജരാകാത്തവർ സ്കൂളിൽ ഹാജരാകുന്നു എന്ന് തെറ്റായ സാക്ഷ്യപത്രം നൽകി അനർഹമായി ആനുകൂല്യം കൈപ്പറ്റുന്നതിന് അവസരം നൽകിയത് ഭിന്നശേഷിക്കാരെ വിദ്യാലയങ്ങളിലും മറ്റ് പരിശീലന കേന്ദ്രങ്ങളിലും പ്രവേശിപ്പിക്കാതെ അവരെ വീടിനുള്ളിൽ തളച്ചിടുന്നതിന് അവസരം സൃഷ്ടിക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 89/ 19.12.2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല
വിദ്യാലയങ്ങളിൽ ഹാജരാകാത്തവർ ഹാജരായി എന്ന് തെറ്റായ സാക്ഷ്യ പത്രം നൽകിയത് വഴി പ്ലാൻഫണ്ടിൽ നിന്ന് അധികം ചെലവഴിച്ച ₹ 544500 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

*ഭിന്ന ശേഷിക്കാരായ ഗുണഭോക്താക്കൾക്ക് കൂടുതൽ പരിഗണനയും സഹായവും നൽകേണ്ടതുണ്ട് എന്നത് ഓഡിറ്റ് പൂർണ്ണമായും അംഗീകരിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ തെറ്റായ സാക്ഷ്യപത്രം നൽകി സർക്കാർ ഉത്തരവിന് വിരുദ്ധമായി ആനുകൂല്യം നൽകുകയല്ല ഇതിന് ചെയ്യേണ്ടത്. ഭിന്നശേഷിക്കാർക്ക് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ഉൾപ്പെടെയുള്ള സഹായം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഉചിത മാർഗ്ഗത്തിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ അംഗീകാരത്തോടെയാണ് ആനുകൂല്യങ്ങൾ നൽകേണ്ടത്.*

തെറ്റായ സാക്ഷ്യപത്രം നൽകി സബ്സിഡി മാർഖരേഖ ഉത്തരവിന് വിരുദ്ധമായി അധികം തുക നൽകിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ തീരുമാനം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതും തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ ഇത്തരത്തിൽ തെറ്റായ സാക്ഷ്യപത്രം നൽകി അനർഹമായി ആനുകൂല്യം നൽകുന്നത് ഒഴിവാക്കേണ്ടതുമാണ്.

ഓഡിറ്റ് പരാമർശത്തിൽ നഗരസഭ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-84-4 ബഡ്സ് സ്കൂൾ വാഹനം ഉപയോഗപ്പെടുത്തുന്നവരുടെ യാത്രാബത്ത നഗരസഭക്ക് ലഭ്യമാക്കുന്നില്ല

യാത്രക്ക് ബഡ്സ് സ്കൂൾ വാഹനം ഉപയോഗപ്പെടുത്തുന്നവർക്ക് യാത്രാബത്ത നൽകേണ്ടതില്ല എന്നും പകരം അനുവദനീയമായ തുക കണക്കാക്കി യാത്രാബത്ത തുക പിൻവലിച്ച് അത് ഡ്രൈവറുടെ വേതനം ഉൾപ്പെടെ സ്കൂളിന്റെ വിവിധ ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ് എന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ( സർക്കുലർ നം 77737/എഫ്.എം1/ 2011/ ത.സ്വ.ഭ.വ തി. 01.04.2011 )

തിരൂർ നഗരസഭയുടെ ബഡ്സ് സ്കൂളിന്റെ ബസിന്റെ ചെലവുകൾ, ഡ്രൈവറുടെ വേതനം ഉൾപ്പെടെ സ്കൂൾ നടത്തിപ്പിനുള്ള ചെലവ് പൂർണ്ണമായും നഗരസഭയാണ് വഹിക്കുന്നത്. എന്നാൽ യാത്രക്ക് സ്കൂൾ ബസ് ഉപയോഗിക്കുന്ന കുട്ടികൾക്ക് അർഹമായ യാത്രാബത്ത കണക്കാക്കി സ്കോളർഷിപ്പ് വിഹിതത്തിൽ നിന്ന് പിൻവലിച്ച് സ്കൂൾ നടത്തിപ്പിന് വേണ്ടി നഗരസഭയിൽ ഒടുക്ക് വരുത്തുന്നില്ല എന്ന് സ്കോളർഷിപ്പ് രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി.

നഗരസഭയിലെ ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് നൽകിയ രേഖകൾ പരിശോധിച്ചതിൽ ബഡ്സ് സ്കൂളിന്റെ ബസ് ഉപയോഗിക്കുന്ന 08 കുട്ടികൾക്ക് യാത്രാബത്ത അനുവദിച്ച് നൽകിയിട്ടില്ല എന്ന് വ്യക്തമായി. എന്നാൽ ഈ കുട്ടികൾക്ക് അർഹമായ യാത്രാബത്ത പിൻവലിച്ച് സ്കൂൾ പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിന് നഗരസഭാഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല എന്നും വ്യക്തമായി. 08 വിദ്യാർത്ഥികളുടെ യാത്രാബത്ത ഇനത്തിൽ 96000 രൂപ ( 08x1000x12 ) പ്ലാൻഫണ്ടിൽ നിന്ന് പിൻവലിച്ച് ബഡ്സ് സ്കൂളിന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള അവസരമാണ് ഇതുമൂലം നഷ്ടമായത്. ഇത് നിർവഹണോദ്യോഗസ്ഥയായ ICDS സൂപ്പർവൈസറുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

ബഡ്സ് സ്കൂളിലെ കുട്ടികളുടെ ഹാജർ സംബന്ധിച്ച് നൽകിയ ഓഡിറ്റ് വിവര ശേഖരണ പത്രികക്ക് ഓഡിറ്റിന് ലഭ്യമാക്കിയ മറുപടിയിൽ തിരൂർ നഗരസഭക്ക് പുറത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 07 വിദ്യാർത്ഥികൾ നഗരസഭയുടെ ബഡ്സ് സ്കൂളിന്റെ വാഹന സൗകര്യം ഉപയോഗപ്പെടുത്തിവരുന്നുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ കുട്ടികളുടെ യാത്രാബത്ത ഇനത്തിലെ തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് നഗരസഭക്ക് ലഭിക്കേണ്ടതായിരുന്നു. എന്നാൽ ഈ തുക ലഭ്യമാക്കുന്നതിന് നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല. ബഡ്സ് സ്കൂളിന്റെ ചുമതലയുള്ള പ്രൊജക്ട് ഓഫീസർ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാത്തതാണ് ഈ ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന 84,000 രൂപ ( 7x1000x12 ) നഷ്ടപ്പെടുന്നതിന് കാരണമായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈഅപാകത ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-85 ജൈവ വളം വിതരണം - കർഷകർക്കും നഗരസഭക്കും അധികച്ചെലവിന് അവസരം സൃഷ്ടിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ.

2024-25 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി.28.05.2022 ഖ.6.1.1 പ്രകാരം "ജൈവ വളങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. അനിവാര്യ സാഹചര്യങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ കൃഷിക്കാർ ജൈവവളങ്ങളും മറ്റും നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവഹണ ഉദ്യോഗസ്ഥക്ക് നൽകുന്ന മുറയ്ക്ക് കർഷകർക്ക് സബ്സിഡി അനുവദിക്കാനും അനുമതി നൽകിയിട്ടുണ്ട്."

2024-25 ൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം ജൈവവളം വിതരണം ചെയ്യുന്നതിന് താഴെ പരാമർശിക്കും പ്രകാരം പണം ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് | ചെലവ് | കുറിപ്പ് |
|---|---|---|
| തെങ്ങ് കൃഷി വികസനം ( 145/25 ) | 554090 [₹440290-24150547003301347934/ 18.02.2025,] [₹113800-241505470033016770046/ 24.03.2025] | 157 ഗുണഭോക്താക്കൾ നേരിട്ട് വളം വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി. 2 കർഷകർ ഒഴികെ ബാക്കി എല്ലാവരും തിരൂർ സർവീസ് സഹകരണ ബാങ്ക് എന്ന സ്ഥാപനത്തിൽ നിന്നാണ് വളം വാങ്ങിയത്. |
| വെറ്റില കൃഷി വികസനം ( 60/25 ) | ₹59100 [₹59100-24150547003301677038/ 24.03.2025] | 13 ഗുണഭോക്താക്കൾ നേരിട്ട് വളം വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി. ഒരു കർഷകൻ ഒഴികെ ബാക്കി എല്ലാവരും തിരൂർ സർവീസ് സഹകരണ ബാങ്ക് എന്ന സ്ഥാപനത്തിൽ നിന്നാണ് വളം വാങ്ങിയത്. |

മേൽ പ്രൊജക്റ്റുകളിൽ കർഷകർ നേരിട്ട് വളം വാങ്ങിയതിന്റെ ബില്ല് ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

സർക്കാർ ഉത്തരവിലെ മുൻഗണനാ നിർദ്ദേശം പാലിക്കാതെ വളം വിതരണം നടത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 39/ 22.07.2024 ) ഇത്തരത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതി നിർവഹണം നടത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥന് നിർദ്ദേശം നൽകി കൗൺസിൽ തീരുമാനം എടുത്തത് താഴെ നൽകുന്നു - തീരുമാനം നം 2 / 24.12.2024 – A5-2804264-2024

*"തിരൂർ നഗരസഭ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മൂലം കർഷകർ 2 ഘട്ടമായിട്ടാണ് വളപ്രയോഗം നടത്തുന്നത്. ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ ജൂൺ മുതൽ ഓഗസ്റ്റ് വരെയും താഴ്ന്ന വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ സെപ്റ്റംബർ മുതൽ നവംബർ വരെയുമാണ് വളപ്രയോഗം നടത്തുന്നത്. ഭൂരിഭാഗം കർഷകരും നിലവിൽ വളപ്രയോഗം പൂർത്തീകരിച്ചതിനാൽ തിരൂർ നഗരസഭ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 'സമഗ്ര നാളികേര വികസനം(14/2024-25)' പദ്ധതി പ്രകാരം വളം വാങ്ങി നൽകുന്നത് പ്രായോഗികമല്ല എന്നും ആയതിൽ ഉചിതമായ തീരുമാനം ലഭ്യമാക്കണമെന്നും കാണിച്ച് കൃഷി ഓഫീസർ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബില്ല് സമർപ്പിക്കുന്ന മുറക്ക് കർഷകർക്ക് പണം അനുവദിക്കുന്നതിന് കൗൺസിൽ തീരുമാനം എടുത്തു"*

ഓഡിറ്റ് പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

**1) നേരിട്ട് വളം വാങ്ങി വിതരണം ചെയ്യുന്നതിന്റെ സാധ്യത പരിശോധിക്കാതെ തീരുമാനം എടുത്തു.**

ഉയർന്ന പ്രദേശത്തും താഴ്ന്ന പ്രദേശത്തും ഉള്ള ആളുകൾ വ്യത്യസ്ത സമയങ്ങളിലും വ്യത്യസ്തമായ വളങ്ങളും ഉപയോഗിക്കുന്നു എന്നതിനാലും, ഭൂരിഭാഗം കർഷകരും വളപ്രയോഗം നടത്തിയതിനാലും വളം വാങ്ങി നൽകുന്നത് പ്രായോഗികമല്ല എന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് കർഷകർ ബിൽ സമർപ്പിക്കുന്ന മുറക്ക് കർഷകർക്ക് പണം നൽകുന്നതിന് കൗൺസിൽ തീരുമാനം എടുത്തത്.

**പ്രാദേശിക ആവശ്യത്തിനനുസിച്ച് വാങ്ങൽ നടത്താനും വിതരണം ചെയ്യാനും ശ്രമിച്ചില്ല.**

പ്രാദേശിക പ്രത്യേകതകൾ അനുസരിച്ച് ഓരോ വിളയ്ക്കും ഉപയോഗിക്കേണ്ട ജൈവവളം ഏതാണ് എന്നും അത് ഏത് സമയത്താണ് പ്രയോഗിക്കേണ്ടത് എന്നും ശാസ്ത്രീയമായ അറിവുള്ള അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർക്ക് തെങ്ങ് കൃഷിയിൽ ഓരോ മേഖലയിലും ഏത് സമയത്ത് ഏത് തരം ജൈവ വളങ്ങളാണ് വിതരണം ചെയ്യേണ്ടത് എന്ന് വ്യക്തമായി നിശ്ചയിക്കാവുന്നതും അതനുസരിച്ച് വാങ്ങൽ വിവിധ ഘട്ടങ്ങളായി നടപ്പാക്കാവുന്നതുമായിരുന്നു. എന്നാൽ ഇത്തരത്തിലുള്ള സാധ്യതകളൊന്നും പരിഗണിക്കാതെയും ആയതിനാവശ്യമായ പരിശ്രമങ്ങളൊന്നും നടത്താതെയും കർഷകർ നേരിട്ട് വളം വാങ്ങുന്നതിനും അതനുസരിച്ച് കർഷകർക്ക് പണം നൽകുന്നതും പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് കൃഷി ഓഫീസർ സ്വീകരിച്ചത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**2) വളം ഡിപ്പോയിൽ നിന്ന് വളം വാങ്ങി- കർഷകർക്കും നഗരസഭയ്ക്കും അധികച്ചെലവിന് അവസരം സൃഷ്ടിച്ചു.**

നഗരസഭയിൽ ഓരോ ഇനം കൃഷിക്കും ആവശ്യമായ വളം കേന്ദ്രീകൃതമായി സുതാര്യമായ വാങ്ങൽ നടപടികളിലൂടെ ഒരുമിച്ച് വാങ്ങുകയായിരുന്നുവെങ്കിൽ ഗുണനിലവാരമുള്ള വളം കുറഞ്ഞ നിരക്കിൽ ലഭ്യമാകുമായിരുന്നു. എന്നാൽ ഇത്തരം നടപടി സ്വീകരിക്കാതെ ഓരോ കർഷകരും സ്വന്തമായി വളം ഡിപ്പോയിൽ നിന്ന് വാങ്ങുന്നതിന് തീരുമാനം എടുത്തത് വഴി വളത്തിന് കർഷകർക്ക് ചില്ലറ വില്പന വില നൽകേണ്ടിവന്നു.

കേന്ദ്രീകൃത സമാഹരണം വഴി വളരെക്കുറഞ്ഞ വിലക്ക് ലഭിക്കുമായിരുന്ന ജൈവവളങ്ങൾ ചില്ലറ വില്പന വില നല്കി വളം ഡിപ്പോയിൽ നിന്ന് വാങ്ങുന്നതിന് ഇടവരുത്തുകയാണ് നഗരസഭ ചെയ്തത്. ഇതുമൂലം വളം വിലയിനത്തിൽ കർഷകർക്കും , സബ്സിഡി ഇനത്തിൽ നഗരസഭയ്ക്കും അധികച്ചെലവ് വരുന്നതിന് ഇടയായിട്ടുണ്ട്.

സർക്കാർ വ്യക്തമായി നിർദ്ദേശിക്കുകയും , മുൻഗണന നൽകുകയും ചെയ്ത, വാങ്ങൽ നടപടികൾ പാലിക്കുന്നതിനുള്ള സാഹചര്യം പരിശോധിക്കാതെയും നടപ്പിലാക്കാൻ ശ്രമിക്കാതെയും വർഷങ്ങളായി സ്വകാര്യ വളം ഡിപ്പോയിൽ നിന്ന് വളം വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്ന നടപടിയാണ് നഗരസഭയിൽ സ്വീകരിച്ച് വരുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഭാവിയിൽ പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിക്കാൻ പരമാവധി പരിശ്രമങ്ങൾ നടത്തേണ്ടതും കർഷകർക്ക് ചുരുങ്ങിയ ചെലവിൽ ഗുണമേൻമയുള്ള വളം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-86 യു.പി.എ പ്രൊജക്ട് ഓഫീസർ - രജിസ്റ്ററുകൾ ശരിയായി സൂക്ഷിക്കുന്നില്ല.

നഗരസഭയിലെ നിർവഹണോദ്യോഗസ്ഥനായ നഗര ദാരിദ്ര്യ നിർമ്മാജന സെൽ പ്രോജക്ട് ഓഫീസറുടെ 2024-25 സാമ്പത്തിക വർഷത്തെ ചെലവ് രേഖകൾ പരിശോധിച്ചതിൽ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടെത്തി.
വിശദ വിവരം താഴെ നൽകുന്നു.

**1) ക്യാഷ് ബുക്ക്.**
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ പ്രൊജക്ട് ഓഫീസർ ഇപ്രകാരം നിശ്ചിത മാതൃകയിൽ ക്യാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

**2) ആനുകൂല്യം കൈപ്പറ്റുന്നവരുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.**

വിവിധ ആനുകൂല്യ വിതരണ പ്രൊജക്ടുകൾ പ്രകാരം ആനുകൂല്യം കൈപ്പറ്റുന്നവരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അത് നഗരസഭ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണെന്ന് പദ്ധതി മാർഗ്ഗരേഖ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട് (സ.ഉ (കൈ) 86/2022/ LSGD Dt 19.04.2022 ). നഗരസഭയിൽ പ്രൊജക്ട് ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്ന വിവിധ ഭവന നവീകരണ പ്രൊജക്ടുകൾ പ്രകാരം ആനുകൂല്യം കൈപ്പറ്റുന്നവരുടെ പ്രവൃത്തി പുരോഗതി നിരീക്ഷിക്കുന്നതിനുതകുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പ്രൊജക്ടുകൾ ലക്ഷ്യം നേടുന്നുണ്ടോ എന്നും പണം പാഴ്ചെലവാകുന്നുണ്ടോ എന്നും നിരീക്ഷിക്കുന്നതിന് സാധിക്കുന്നില്ല.

വിശദ വിവരം താഴെ നൽകുന്നു

2024-25 വർഷത്തിൽ പ്രൊജക്ട് ഓഫീസർ നിർവഹണം നടത്തുന്നതിന് അംഗീകാരം ലഭിച്ച വിവിധ നവീകരണ പ്രൊജക്ടുകളുടെ വിവരം താഴെ നൽകുന്നു.

| പ്രൊജക്ട് | അടങ്കൽ | ചെലവ് | കുറിപ്പ് |
|---|---|---|---|
| വീട് വാസയോഗ്യമാക്കൽ ജനറൽ ( 64/ 25) | 1540000 | 120000 | പുതിയ പ്രൊജക്ട് - തൻവർഷം പൂർത്തിയായിട്ടില്ല |
| വീട് വാസയോഗ്യമാക്കൽ പട്ടികജാതി ( 80/ 25) | 2828866 | 1350000 | പുതിയ പ്രൊജക്ട് - തൻവർഷം പൂർത്തിയായിട്ടില്ല |
| വീട് വാസയോഗ്യമാക്കൽ എസ്.സി ( 166/ 25) | - | 225000 | പ്രൊജക്ട് ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല |
| വീട് വാസയോഗ്യമാക്കൽ ജനറൽ ( 379/ 25) | 3440000 | 1151000 | സ്പിൽ ഓവർ പ്രൊജക്ട് ആയി തുടർന്നു വരുന്നു |
| വീട് വാസയോഗ്യമാക്കൽ പട്ടികജാതി ( 380/ 25) | 1115000 | 1115000 | സ്പിൽ ഓവർ പ്രൊജക്ട് ആയി തുടർന്നു വരുന്നു |
| വീട് വാസയോഗ്യമാക്കൽ പട്ടികജാതി ( 404/ 25) | 800000 | 800000 | സ്പിൽ ഓവർ പ്രൊജക്ട് ആയി തുടർന്നു വരുന്നു |

2024-25 വർഷത്തിൽ നിർവ്വഹണോദ്യോഗസ്ഥൻ നടപ്പിലാക്കിയ മേൽപറഞ്ഞ പദ്ധതികൾ മുൻ വർഷങ്ങളിൽ ആരംഭിച്ച് പൂർത്തീകരിക്കാതെ സ്പിൽ ഓവറായി തുടർന്ന് പോരുന്നതും / പുതിയ പ്രൊജക്ട് ആരംഭിച്ച് തൻവർഷം പൂർത്തീകരിക്കാതെ അടുത്ത വർഷങ്ങളിലും തുടരുന്നവയും ആണ്.

ഈ പദ്ധതികളുടെ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് മുൻകൂർ ഉൾപ്പെടെ വിവിധ തവണകളായിട്ടാണ് തുക അനുവദിക്കുന്നത് എന്ന് വ്യക്തമായി. പ്രവൃത്തി പൂർത്തീകരിച്ച് വാല്വേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന മുറക്ക് മാത്രമാണ് അവസാന ഗഡു അനുവദിച്ച് നൽകേണ്ടത്. നഗരസഭയിൽ മേൽ പരാമർശിക്കപ്പെട്ട വിവിധ നവീകരണ പ്രവൃത്തികൾക്ക് കരാർ ചമക്കുന്ന ഗുണഭോക്താക്കളുടെ വിവരം രേഖപ്പെടുത്തി വ്യക്തമായ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾക്ക് അവസരം ഉണ്ടാകുന്നു.

- കരാർ ചമച്ച് ആദ്യ ഗഡു കൈപ്പറ്റുന്ന ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാതെ പദ്ധതിപ്പണം പാഴ്ചെലവാക്കുന്നത്
- ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് അനർഹമായി വീണ്ടും ആനുകൂല്യം കൈപ്പറ്റുന്നത്

രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ക്രമക്കേടുകൾ പരിശോധിക്കുന്നത് പ്രയാസമാണ്. ഇത് അനർഹമായി ആനുകൂല്യം നൽകുന്നതിനും നഗരസഭ ഫണ്ടിന്റെ പാഴ്ചെലവിനും ഇടയാകാൻ സാധ്യതയുണ്ട്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.81/18.12.2025, 84/19.12.2025, 85/19.12.2025, 86/19.12.2025, 87/19.12.2025, 88/19.12.2025, 93/27.12.2025, 110/09.01.2026, 114/09.01.2026) ) മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശപ്രകാരം ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതും നഗരസഭയുടെ വിവിധ ഭവന റിപ്പയർ/ നവീകരണ പ്രൊജക്ടുകൾ പ്രകാരം ആനുകൂല്യം നൽകിയവരുടെ വിവരം, നാളിതുവരെ കൈപ്പറ്റിയ തുകയുടെ

വിവരം എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തി ലക്ഷ്യം നേടാത്ത ഗുണഭോക്താക്കൾ , അനർഹമായി പണം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ എന്നിവരെ കണ്ടെത്തി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-87 വീട് വാസയോഗ്യമാക്കൽ (SC) - ചെലവ് രേഖകൾ ഹാജരാക്കിയില്ല.

2024-25 ലെ ചെലവ് പത്രിക പ്രകാരം പ്രൊജക്റ്റ് ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (എസ്.സി.) പ്രൊജക്ടിലൂടെ (പ്രൊജക്റ്റ് നം. 166/25) 225000 രൂപ ചെലവാക്കിയിട്ടുണ്ട്.( ബിൽ നം 24150547001501536830 / 14.03.2025 )
പ്രസ്തുത പ്രൊജക്ടിന്റെ ഫയലും, അനുബന്ധ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല. ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( നം. 182/19.02.2026 )( ഓഡിറ്റ് റിക്വിസിഷൻ നം. 13/ 30.01.2026) മറുപടി ലഭ്യമാക്കിയില്ല.
ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല. ആയതിനാൽ 225000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. ഫയൽ , അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം തീർപ്പാക്കേണ്ടതാണ്.

## 1-88 ബാലസഭ പ്രവർത്തനം - അപാകതകൾ

പ്രൊജക്റ്റ് നം : 62/2025- ബാലസഭ പ്രവർത്തനം

അടങ്കൽ : 50000 ( Plan Fund General )

ചെലവ് : 50000 ( ബിൽ നം 24150547001501060572/ 18.12.2024)

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രൊജക്റ്റ് ഓഫീസർ

2024-25 സാമ്പത്തിക വർഷം പ്രൊജക്റ്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്റ്റ് (നമ്പർ 62/2025 - ബാലസഭ പ്രവർത്തനം) ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ തീ.28.05.2022 07.07.10പ്രകാരം

ബാലസഭ കമ്മിറ്റിയുണ്ടാക്കി അതിന്റെ കീഴിൽ കലാകായിക മത്സരങ്ങൾ തുടങ്ങി വിവിധ പരിപാടികൾ നടത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ബിൽ പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത് കുട്ടികൾക്ക് വിനോദയാത്ര നടത്തിയ ഇനത്തിൽ ആണ്.
യാത്രാ വാഹനം , ഭക്ഷണം , രണ്ട് ടീച്ചർമാർക്ക് ഹോണറേറിയം തുടങ്ങി ചെലവുകളുടെ ബില്ലുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതൊക്കെ കുട്ടികളെയാണ് തിരഞ്ഞെടുത്ത് പഠനയാത്ര നൽകിയതെന്നോ, എപ്രകാരമാണ് കുട്ടികളെ തിരഞ്ഞെടുത്തതെന്നോ മുതലായ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. യാത്ര സംബന്ധിച്ച റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല.
പ്രസ്തുത വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടും , കലാകായിക മത്സരങ്ങൾക്ക് പകരം വിനോദയാത്ര നടത്തിയതിന്റെ കാരണമന്വേഷിച്ചും നൽകിയ എൻക്വയറിക്ക് (നം.83/08.12.2025 ) മറുപടി ലഭ്യമാക്കിയില്ല.
ചെലവ് സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിലെ ചെലവ് ₹ 50000 തടസ്സം ചെയ്യുന്നു.

പഠനയാത്ര നടത്തിയ കുട്ടികളുടെ വിവരങ്ങൾ , കുട്ടികളെ തിരഞ്ഞെടുത്ത രീതി എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-89 അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി ചെലവ് രേഖകൾ ലഭ്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രൊജക്റ്റ് ഓഫീസർ
പ്രൊജക്റ്റ് നം : 15/2025
അടങ്കൽ : 150000 ( Plan Fund General )
ചെലവ് : 111500

| ബിൽ റഫറൻസ് നമ്പർ | തീയതി | തുക |
|---|---|---|
| 24150547001500905025 | 14.11.2024 | 27500 |
| 24150547001501497049 | 11.03.2025 | 84000 |
| ആകെ | | 111500 |

2024-25 സാമ്പത്തിക വർഷം പ്രൊജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ട് (നമ്പർ 15/2025 – അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി) ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

തിരൂർ നഗരസഭയിലുള്ള അതിദരിദ്രരായിട്ടുള്ള 55 കുടുംബങ്ങൾക്ക് ഓണകിറ്റ് സപ്ലൈകോ വഴി വിതരണം ചെയ്തതിന്റെ ചെലവായ 27500 രൂപയുടെ ബില്ലും അനുബന്ധ രേഖകളും പരിശോധനക്ക് ലഭ്യമാക്കി. പ്രൊജക്ട് പ്രകാരം ചെലവഴിച്ച 84000 രൂപയുടെ ബിൽ പരിശോധനക്ക് ലഭ്യമാക്കിയെങ്കിലും പ്രസ്തുത ബിൽ പ്രകാരമുള്ള ചെലവ് വിവരങ്ങളൊന്നും പരിശോധനക്ക് ലഭ്യമാക്കിയില്ല . 84000 രൂപ എന്ത് ആവശ്യത്തിന് ചെലവാക്കിയതാണെന്നോ, ആർക്ക് വിതരണം ചെയ്തതാണെന്നോ വ്യക്തമല്ല.

84000 രൂപയുടെ ചെലവ് വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 82/18.12.2025 ) 55 പേർക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്തതാണെന്നും , കൈപ്പറ്റ് വിവരം രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ടെന്നും മറുപടി നൽകി.
രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 വർഷം 44 ഗുണഭോക്താക്കൾ കിറ്റ് കൈപ്പറ്റിയതാണ് കണ്ടെത്തിയത്. എത്ര രൂപയുടെ സാധനങ്ങൾ അടങ്ങിയ കിറ്റാണെന്നോ, ഏത് ബിൽ ( 27500 / 84000 ) പ്രകാരമുള്ള കിറ്റാണെന്നോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല.84000 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.ചെലവ് രേഖകൾ ഹാജരാക്കേണ്ടതും കൈപ്പറ്റ് രജിസ്റ്ററിലെ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

**1-90 ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യാത്തത് മൂലം പിഴ – തുടർ നടപടി സ്വീകരിച്ചിട്ടില്ല.**

**K Smart File No – 1867954- 24**

കെ സ്മാർട്ട് ഫയൽ പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങൾ താഴെ നൽകുന്നു.

- ഇൻകംടാക്സ് ടി.ഡി.എസ് റിട്ടേൺ ഫയൽ പരിശോധിച്ചതിൽ അസി.എക്സി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള TAN - CHNM04064E ന്റെ 2014-15 വർഷത്തെ ഇൻകംടാക്സ് ടി.ഡി.എസ് റിട്ടേൺ ഫയൽ ചെയ്തതിൽ കാലതാമസം വന്നതിനാൽ ആയതിന് ലേറ്റ് ഫീസ് ഇനത്തിൽ 218376/- രൂപ അടവാക്കാനുണ്ടെന്നും ആയത് സംബന്ധിച്ച ഹിയറിംഗിന് 13.08.2024 ന് അസി.എക്സി.എഞ്ചിനീയർ

ഹാജരാകണമെന്നും ഇൻകംടാക്സ് ഡിപ്പാർട്ട്മെൻറിൽ നിന്നും 04.08.2024 ലെ കത്ത് ലഭ്യമായി. ഈ കത്തിലെ ഖണ്ഡിക 5 പ്രകാരം അന്നത്തെ ആകെ ഡിമാന്റ് 277073.12 രൂപയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ഇതിന് മുമ്പ് PW1/12562/15 ഫയൽ പ്രകാരം നടപടി സ്വീകരിച്ചിരുന്നതായി കാണുന്നു. ആയതിൽ ആ കാലയളവിലെ AEE ആയിരുന്ന ശ്രീ.സജീന്ദ്രൻ. എന്നവർക്ക് 16.06.22 ന് അറിയിപ്പ് നൽകിയതിന്റെ പകർപ്പ് ഈ ഫയലിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്. ഈ കത്ത് പ്രകാരമുള്ള വിവരം താഴെ നൽകുന്നു.

| | |
|---|---|
| Q1 (26Q) | 79872 |
| Q2 (26Q) | 13116 |
| Q4 (24Q) | 13064 |
| Q4 (26Q) | 110200 |
| TOTAL | 218376 |

- പ്രസ്തുത കത്തിന്റെ സൂചന പ്രകാരം 11/2016 ൽ ഇതു സംബന്ധിച്ച് ഇൻകം ടാക്സ് നോട്ടീസ് ലഭിച്ചതായും , ഇത് സംബന്ധിച്ച് 17.12.2016 ന് വീഴ്ച വരുത്തിയ കാലയളവിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് കത്ത് നല്കിയതായും വ്യക്തമാകുന്നുണ്ട്.
- തുടർന്ന് 26.03.2025 ന് ഇൻകം ടാക്സ് നോട്ടീസ് പ്രകാരം Q4 (26Q) പ്രകാരമുള്ള ഡിമാന്റ് – 220400 ആയി മാറ്റം വരുത്തി നഗരസഭ അറിയിച്ചിട്ടുണ്ട്.
- ഇത് സംബന്ധിച്ചുള്ള മാന്വൽ ഫയൽ PW1/12562/15 ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഫയൽ പരിശോധനയിൽ ഓഡിറ്റിന് വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

1. യഥാസമയം റിട്ടേൺ ഫയൽ ചെയ്യാത്തത് സംബന്ധിച്ച് 2016 ന് തന്നെ നോട്ടീസ് ലഭിച്ചിട്ടും അപാകത പരിഹരിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല.
2. സമയബന്ധിതമായി നടപടി സ്വീകരിക്കാത്തത് കാരണം ഈ ഇനത്തിലെ ഡിമാന്റ് തുക വലിയതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ട്.
3. നിർവഹണോദ്യോഗസ്ഥൻ റിട്ടേൺ ഫയൽ ചെയ്യാത്തത് അതാത് കാലത്തെ നിർവഹണോദ്യോഗസ്ഥന്റെ വ്യക്തിഗത ബാധ്യതയാണ്. ഇക്കാര്യത്തിൽ നഗരസഭ കൗൺസിൽ തീരുമാനം എടുക്കാൻ കാത്തിരിക്കുന്നത് ഇതിലെ തുടർ നടപടി വൈകിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യാൻ വൈകിയത് മൂലമുള്ള ഇൻകം ടാക്സ് പിഴ നിലവിൽ എത്രയാണ് ഒടുക്ക് വരുത്താനുള്ളത് എന്ന് TRACES പരിശോധിച്ച് ഉറപ്പ് വരുത്തി ഇൻകം ടാക്സ് വകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ അവസാനിപ്പിക്കുന്നതിന് ഉത്തരവാദപ്പെട്ട ഓഫീസർ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-91 ഡയാലിസിസ് രോഗികൾക്ക് ധനസഹായം – അപാകതകൾ

ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകുന്നതിന് ഹെൽത്ത് ഓഫീസർ നിർവഹണോദ്യോഗസ്ഥനായി താഴെ പരാമർശിക്കുന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട് | ചെലവ് | കുറിപ്പ് |
|---|---|---|
| ഡയാലിസിസ് രോഗികൾക്ക് ധനസഹായം ( 106/25 ) | 520000<br>500,000(24150547004101537175/ 14.03.25),<br>20000(24150547004101638770/ 22.03.25) | ഡയാലിസിസ് ചെയ്യുന്ന വിവിധ രോഗികൾക്കുള്ള ചികിത്സാ സഹായം ഇനത്തിൽ തുക വിവിധ ഡയാലിസിസ് സെന്ററുകൾക്ക് കൈമാറിയത്. |
| ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് | 200000<br>(24150547000201471752/ 10.03.2025) | |

| | | |
|---|---|---|
| ധനസഹായം ( 189/25 ) | | |
| ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ധനസഹായം ( 385/25 ) | 80000 (24150547004101120550/03.01.2025) | |

സർക്കാർ ഉത്തരവ് പ്രകാരം ഡയാലിസിസ് ചെയ്യുന്നതിന് ആഴ്ചയിൽ 1000 രൂപ നിരക്കിൽ പ്രതിമാസം 4000 രൂപ ഓരോ രോഗിക്കും ചെലവഴിക്കാവുന്നതാണ്.

നഗരസഭയിൽ പ്രൊജക്ട് പ്രകാരം ആനുകൂല്യം നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

**1) നൽകിയ തുകയുടെ വിനിയോഗ വിവരം പൂർണ്ണമായി ലഭ്യമല്ല.**

വിവിധ ഗുണഭോക്താക്കളുടെ ഡയാലിസിസ് ധനസഹായം ഇനത്തിൽ തുക കൈപ്പറ്റിയ സ്ഥാപനങ്ങൾ രോഗികൾക്ക് ഡയാലിസിസ് നടത്തിയതിന്റെ വ്യക്തമായ രേഖകൾ ഫയലിൽ ലഭ്യമല്ല.

രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിന് നഗരസഭയിൽ നിന്ന് പണം കൈപ്പറ്റിയ സ്ഥാപനങ്ങൾ അതാത് രോഗികൾക്ക് ഡയാലിസിസ് ചെയ്തതിന്റെ വ്യക്തമായ രേഖകൾ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

**2) ഒരേ രോഗിക്ക് ഡയാലിസിസ് ചെയ്യുന്നതിന് രണ്ട് സ്ഥാപനങ്ങൾക്ക് പണം നൽകി.**

ഡയാലിസിസ് രോഗികൾക്ക് ധനസഹായം ( 106/25 ) എന്ന പ്രൊജക്ട് പ്രകാരം ഡയാലിസിസ് ചെയ്യുന്നതിന് ധനസഹായം നൽകിയ രോഗികളുടെ വിവരം പരിശോധിച്ചതിൽ ശ്രീ സയ്യിദ് അബൂബക്കർ പുത്തൻ പുരയിൽ എന്ന രോഗിയുടെ ഡയാലിസിസ് സഹായം ഇനത്തിൽ രണ്ട് സ്ഥാപനങ്ങൾക്ക് പണം നൽകിയതായി വ്യക്തമായി.

| പണം നൽകിയ സ്ഥാപനം | നൽകിയ തുക | ബിൽ നം |
|---|---|---|
| അൽമാസ് ഹോസ്പിറ്റൽ | 20000 | 24150547004101537175/ 14.03.2025 ₹ 500,000 |
| ഡോ കുട്ടീസ് ഹെൽത്ത് കെയർ പ്രൈ.ലിമിറ്റഡ് | 20000 | 24150547004101638770/ 22.03.2025 ₹ 20,000 |

ഒരേ രോഗിയുടെ ഡയാലിസിസിന് രണ്ട് വ്യത്യസ്ത സ്ഥാപനങ്ങൾക്ക് തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 63 /2024-25 തീയതി. 14.07.2025 ) നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

രോഗികൾക്ക് സ്ഥാപനങ്ങൾ ഡയാലിസിസ് ചെയ്തു എന്ന് ഉറപ്പുവരുത്തുന്ന രേഖകൾ ലഭ്യമാക്കി മാത്രം സ്ഥാപനങ്ങൾക്ക് പണം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-92 ശുചീകരണത്തിന് ടിപ്പർ ലോറി വാങ്ങൽ - ബിൽ പ്രകാരമുള്ള ലോറി വിതരണം ചെയ്തില്ല.**

**ഫയൽ നം H1 ( A5) 16289/23 - Ksmart File No. 2053715-2024 )**

| | |
|---|---|
| പ്രൊജക്ട് | ശുചീകരണത്തിന് മിനി എസ്കവേറ്റർ ടിപ്പർ ലോറി വാങ്ങൽ ( 383/ 25 ) |
| അടങ്കൽ | 1925911 |
| ഫണ്ട് | CFC |
| ചെലവ് | ₹1908566 ( Inv No 152418772507041/ 31.07.2024 Of KAPS MOTORS , PFMS Advice No C102427098664/ 17.10.2024 ) |

2024-25 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഓഫീസർ ( ക്ലീൻ സിറ്റി മാനേജർ ) നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് പ്രകാരം ശുചീകരണ ആവശ്യത്തിന് **912LPKDCR30UBT125B6M5** Model ടിപ്പർ ലോറിയുടെ വിലയാണ് സ്ഥാപനത്തിന് നൽകിയത്.

വാഹനം കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ ഇൻഷ്വർ ചെയ്ത ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് പ്രകാരം ( സർട്ടിഫിക്കറ്റ് നം 130102411852 ) **912LPKDCR27UBT125B6M5** Model വാഹനമാണ് നഗരസഭ ഇൻഷ്വർ ചെയ്തിട്ടുള്ളത്.

**912LPKDCR30UBT125B6M5 മോഡൽ വാഹനത്തിന് 3000 Cm നിളമുള്ള ലോഡ് ബോഡിയും 912LPKDCR27UBT125B6M5 മോഡൽ വാഹനത്തിന് 2700 Cm നീളമുള്ള ലോഡ് ബോഡിയും ആണ് ഉള്ളത് എന്നാണ് വാഹനത്തിന്റെ സ്പെസിഫിക്കേഷൻ ഇന്റർനെറ്റിൽ പരിശോധിച്ചതിൽ വ്യക്തമായത്. ഇൻഷ്വറൻസ് രേഖകൾ പ്രകാരം 912LPKDCR27UBT125B6M5** Model ആണ് വാഹനം എന്ന് രേഖപ്പെടുത്തിയതിനാൽ നഗരസഭക്ക് വിതരണം ചെയ്തത് ഇതേ മോഡൽ ആണ് എന്നാണ് വ്യക്തമാകുന്നത്.

3000 Cm ലോഡ് ബോഡി നീളമുള്ള വാഹനത്തിന്റെ ബിൽ സമർപ്പിച്ച് നഗരസഭയിൽ നിന്ന് പണം കൈപ്പറ്റിയ സ്ഥാപനം 2700 Cm ലോഡ് ബോഡി നീളമുള്ള വാഹനം വിതരണം ചെയ്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 64 /2024 -25 തീയതി. 14.07.2025 ) അപാകതകൾ നിർവഹണോദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട് എന്നാണ് നഗരസഭ മറുപടി ലഭ്യമാക്കിയത്.

നഗരസഭ പണം നൽകിയ മോഡൽ ലോറിയല്ല വിതരണം ചെയ്തത് എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. ആയതിനാൽ ഈ ഇനത്തിൽ ചെലവ് ചെയ്ത ₹ ₹1908566 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

നഗരസഭ ഓർഡർ ചെയ്ത് പണമടച്ചതല്ലാത്ത വാഹനം വിതരണം ചെയ്ത് നഗരസഭയെ കബളിപ്പിച്ച സ്ഥാപനത്തിനെതിരെ തുടർ നടപടി സ്വീകരിക്കേണ്ടതും , ഈ ഇനത്തിൽ നഗരസഭക്ക് അധികച്ചെലവായ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി നഗരസഭാഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതുമാണ്.

## 1-93 അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനുള്ള ചാക്ക് വിതരണം - വാങ്ങൽ നടപടികളിൽ അപാകത

**ഫയൽ നം H1 - 25699/23 - Ksmart File No. 2244920-2024 )**

| | |
|---|---|
| പ്രൊജക്റ്റ് | **അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനുള്ള ചാക്ക് വിതരണം ഗാർഹികം സ്ഥാപനം** ( 293/ 25 ) |
| അടങ്കൽ | 200000 |
| ഫണ്ട് | CFC |
| ചെലവ് | ₹198488<br>( Inv No 124/ 26.03.2024 Of Shibu Distributers Calicut , PFMS Advice No C102402493657/ 03.10.2024 ) |

2024-25 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഓഫീസർ ( ക്ലീൻ സിറ്റി മാനേജർ ) നിർവഹണം നടത്തിയ പ്രൊജക്റ്റ് പ്രകാരം 8900 ചാക്ക് വാങ്ങിയ ഫയൽ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) ടെണ്ടർ നോട്ടീസിൽ വ്യക്തമായ വിവരങ്ങൾ ഇല്ല.**

പ്രൊജക്റ്റിന്റെ ഭാഗമായുള്ള ചാക്ക് വാങ്ങുന്നതിനുള്ള ടെണ്ടർ നോട്ടീസിൽ ( 22.12.2023 , 09.01.2023 ) വിതരണം ചെയ്യേണ്ട ചാക്കിന്റെ സ്പെസിഫിക്കേഷൻ ഒന്നും തന്നെ വ്യക്തമാക്കിയിട്ടില്ല.

വിതരണം ചെയ്യേണ്ട ചാക്കിന്റെ തരം, അളവ്, ആവശ്യമായ മറ്റ് വിവരങ്ങൾ എന്നിവയൊന്നും വ്യക്തമാക്കാതെ പുറപ്പെടുവിച്ച ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ വാങ്ങൽ നടത്തിയതിനാൽ വാങ്ങലിന്റെ സുതാര്യത ഉറപ്പുവരുത്താനാവുന്നില്ല.

**2) ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ച രേഖകൾ ഇല്ല.**

ടെണ്ടർ നോട്ടീസ് പ്രകാരം ഓഫീസ് നോട്ടീസ് ബോർഡ്, ലൈബ്രറി നോട്ടീസ് ബോർഡ്, വില്ലേജ് ഓഫീസ് /

താലൂക്ക് ഓഫീസ് , ചന്ദ്രിക ദിന പത്രം എന്നിവിടങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതായി കാണിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

**3) ടെണ്ടർ സമർപ്പിക്കാൻ മതിയായ കാലയളവ് അനുവദിച്ചിട്ടില്ല.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ പ്രൊക്യൂയർമെന്റ് മാന്വൽ GO(P) No 259/ 2010/LSGD Dt 8.11.2020 പ്രകാരം ഓപ്പൺ ടെണ്ടർ പ്രകാരമുള്ള ടെണ്ടറുകൾ സമർപ്പിക്കുന്നതിന് 21 ദിവസം കാലയളവ് അനുവദിക്കേണ്ടതാണ്.

എന്നാൽ നഗരസഭ മേൽ വാങ്ങലിന് പ്രസിദ്ധീകരിച്ച ടെണ്ടർ നോട്ടീസ് പ്രകാരം ടെണ്ടർ ഫോറം സമർപ്പിക്കുന്നതിന് രണ്ട് ദിവസം മാത്രമാണ് അനുവദിച്ചിട്ടുള്ളത്. [ 22.12.2023 ലെ ടെണ്ടർ നോട്ടീസ് പ്രകാരം 4.1.2024 ന് ടെണ്ടർ ഫോറം വിതരണം ആരംഭിച്ച് 05.01.2024 1 Pm ന് ടെണ്ടർ സമർപ്പിക്കേണ്ട അവസാന തിയ്യതി. 09.01.2024 ലെ ടെണ്ടർ നോട്ടീസ് പ്രകാരം 17.1.2024 ന് ടെണ്ടർ ഫോറം വിതരണം ആരംഭിച്ച് 18.01.2024ന് ടെണ്ടർ സമർപ്പിക്കേണ്ട അവസാന തിയ്യതി. ]

ടെണ്ടർ ഫോറം വിതരണം ചെയ്ത പിറ്റേ ദിവസം തന്നെ സമർപ്പിക്കുന്നതിന്റെ അവസാന തിയ്യതിയായി കാണിച്ച് ടെണ്ടർ നോട്ടീസ് തയ്യാറാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

**4) ടെണ്ടർ ഫോറത്തിന് അധിക വില ഈടാക്കി.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ പ്രൊക്യൂയർമെന്റ് മാന്വൽ GO(P) No 259/ 2010/LSGD Dt 8.11.2020 പ്രകാരം 1000000 രൂപ വരെ മതിപ്പ് വിലയുള്ള ടെണ്ടറുകൾക്ക് ടെണ്ടർ ഫോറം വില 200 രൂപയാണ്. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 1 ലക്ഷം മുതൽ 10ലക്ഷം വരെയുള്ള സാധാരണ ടെണ്ടറുകൾക്ക് ടെണ്ടർ തുകയുടെ 0.20% നെ 100 ന്റെ അടുത്ത ഗുണിതത്തിലേക്ക് നിജപ്പെടുത്തിയ തുകയുമാണ് ഈടാക്കേണ്ടത് (കുറഞ്ഞത് 400 )

എന്നാൽ 200000 രൂപ വകയിരുത്തിയ മേൽ പ്രൊജക്റ്റ് പ്രകാരമുള്ള വാങ്ങലിനുള്ള ടെണ്ടർ നോട്ടീസ് പ്രകാരം ടെണ്ടർ ഫോറം വില ₹1000 രൂപയായാണ് നിജപ്പെടുത്തിയത്.

ടെണ്ടർ ഫോറത്തിന് സർക്കാർ ഉത്തരവ് പ്രകാരമുള്ളതിലും വളരെ ഉയർന്ന വില നിശ്ചയിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

**5) ടെണ്ടറുകളിൽ വിതരണം ചെയ്യുന്ന സാധനത്തിന്റെ വ്യക്തമായ വിവരം ഇല്ല.**

നഗരസഭയുടെ ടെണ്ടർ നോട്ടീസ് പ്രകാരം ലഭ്യമായ ടെണ്ടറുകളിൽ ഒന്നും തന്നെ വിതരണം ചെയ്യുന്ന ചാക്കിന്റെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല.

സ്പെസിഫിക്കേഷൻ വ്യക്തമാക്കാതെ ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ എങ്ങനെയാണ് വിതരണം ചെയ്യേണ്ട ഏജൻസിയെ തെരഞ്ഞെടുത്തത് എന്ന് വ്യക്തമല്ല.

**6) സപ്ലൈ ഓർഡർ നൽകുന്നതിന് മുമ്പ് കരാർ ചമച്ചു.**

മേൽ പ്രൊജക്റ്റ് പ്രകാരമുള്ള ടെണ്ടർ സമർപ്പിച്ച ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സിനെ നഗരസഭ അംഗീകരിച്ചത് 18/ 15.03.2024 പ്രകാരമാണ്. ഇതനുസരിച്ച് 19.03.2024 ന് ക്ലീൻസിറ്റി മാനേജർ മേൽ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനം 16.03.2024 ന് തന്നെ നഗരസഭയുമായി കരാർ ചമച്ചതായി ഫയൽ പരിശോധനയിൽ വ്യക്തമായി.

**7) പെർഫോമൻസ് സെക്യൂരിറ്റി ഈടാക്കാതെ കരാർ ചമച്ചു..**

പ്രൊക്യൂയർമെന്റ് മാന്വൽ പ്രകാരം ആകെ മതിപ്പുതുകയുടെ 5% തുക പെർഫോമൻസ് സെക്യൂരിറ്റിയായി ഒടുക്കുവരുത്തിയാണ് കരാറിൽ ഏർപ്പെടേണ്ടത്. ഇതനുസരിച്ച് മേൽ പ്രൊജക്റ്റിന് 10000 രൂപ പെർഫോമൻസ് സെക്യൂരിറ്റി ഒടുക്ക് വരുത്തേണ്ടതായിരുന്നു.

എന്നാൽ നഗരസഭയുമായി കരാർ ചമച്ച ഷിബു ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനം പെർഫോമൻസ് സെക്യൂരിറ്റി സമർപ്പിച്ചതായി കാണുന്നില്ല.

**8) വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.**

പ്രൊജക്റ്റ് പ്രകാരം വാങ്ങിയ ചാക്കുകൾ ( 8900 എണ്ണം ) വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ചാക്ക് ആർക്കാണ് നൽകിയത് എന്നും എങ്ങനെയാണ് വിതരണം നടത്തിയത് എന്നും വ്യക്തമല്ല.

പ്രൊജക്ട് നടത്തിപ്പിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്കുള്ള വിശദീകരണം / രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 66/2024 -25 തീയതി. 14.08.2025 ) അപാകതകൾ നിർവഹണോദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട് എന്നാണ് നഗരസഭ മറുപടി ലഭ്യമാക്കിയത്.

വാങ്ങൽ നടപടികളിലും വിതരണ ഏജൻസിയെ തെരഞ്ഞെടുത്തതിലും സുതാര്യത ഇല്ലാത്തതിനാലും വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്ത രേഖകൾ ലഭ്യമല്ലാത്തതിനാലും ഈ ഇനത്തിലെ ചെലവ് ₹198488 തടസ്സം ചെയ്യുന്നു.

വാങ്ങൽ നടപടികളിൽ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം / രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-94 വയോ മിത്രം മരുന്ന് വാങ്ങൽ - സ്റ്റോക്ക് & ഇഷ്യൂ രേഖകൾ ലഭ്യമല്ല.

**- Ksmart File No. 4921884-2025**

| | |
|---|---|
| പ്രൊജക്ട് | **വയോ മിത്രം മരുന്ന് വാങ്ങൽ** ( 105/ 25 ) |
| അടങ്കൽ | 150000 |
| ഫണ്ട് | Plan Gen |
| ചെലവ് | ₹139895 (Bill N0 – 24150547004101659603/ 24.03.2025 ). |

2024-25 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഓഫീസർ ( ക്ലീൻ സിറ്റി മാനേജർ ) നിർവഹണം നടത്തിയ പ്രൊജക്ട് പ്രകാരം ₹139895 ചെലവഴിച്ച് നീതി മെഡിക്കൽ സ്റ്റോറിൽ നിന്ന് മരുന്ന് വാങ്ങിയിട്ടുണ്ട്.

എന്നാൽ പ്രൊജക്ട് പ്രകാരം വാങ്ങിയ മരുന്നുകൾ സ്റ്റോക്കിൽ ഉൾപ്പെടുത്തിയതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മരുന്നുകളുടെ സ്റ്റോക്ക് & ഇഷ്യൂ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 67 /2024 -25 തീയതി. 14.08.2025 ) വയോമിത്രം മരുന്ന് സ്റ്റോക്ക് & ഇഷ്യൂ രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നത് വയോമിത്രം പ്രൊജക്ട് ഓഫീസർ ആണ് എന്നും രജിസ്റ്റർ ഹാജരാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കി.

വാങ്ങിയ മരുന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവഴിച്ച പണത്തിന്റെ വിനിയോഗം ഓഡിറ്റിന് ഉറപ്പ് വരുത്താനായിട്ടില്ല. ആയതിനാൽ ഈ ഇനത്തിലെ ചെലവ് ₹139895 തടസ്സം ചെയ്യുന്നു.

മരുന്ന് സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്ത രേഖകൾ പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-95 8,9,10 ക്ലാസുകളിലെ കുട്ടികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം- മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവ്

**ഫയൽ നം - A5-16287/2023 (HS )**

| | |
|---|---|
| പ്രൊജക്ട് | 8,9,10 ക്ലാസുകളിലെ കുട്ടികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം ( 183/25 ) |
| അടങ്കൽ | 700000 |
| ഫണ്ട് | Plan Gen |
| ചെലവ് | ₹700,000 ( ബിൽ നം 24150547004100345436/ 09.05.2024 ) |

ഹെൽത്ത് ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

**1) റിയൂസബ്ൾ സാനിറ്ററി നാപ്കിൻ - അംഗീകാരം ലഭിച്ചിട്ടില്ല.**

പ്രൊജക്ട് പ്രകാരം ബെസ്റ്റ ഫ്രണ്ട് എന്ന സ്ഥാപനത്തിന്റെ കോട്ടൺ റിയൂസബ്ൾ സാനിറ്ററി നാപ്കിൻ ആണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. ബെസ്റ്റ് ഫ്രണ്ട് എന്ന സ്ഥാപനത്തിന്റെ കോട്ടൺ റിയൂസബ്ൾ സാനിറ്ററി നാപ്കിൻ ഗുണനിലവാരം, റിയൂസ് ചെയ്യാവുന്ന പരിധി എന്നിവ പരിശോധിച്ച് ഏതെങ്കിലും സർക്കാർ

ഏജൻസി അംഗീകരിച്ചതിന്റെ രേഖകൾ, ഈ ഏജൻസിയുടെ നാപ്കിൻ നിർമ്മാണ യൂണിറ്റിന്റെ വിവരങ്ങൾ, യൂണിറ്റിന്റെ അംഗീകാരം എന്നിവ സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട് ഉപയോഗിച്ച് ഇത്തരത്തിൽ റിയൂസബ്ൾ സാനിറ്ററി നാപ്കിൻ വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതിയും നൽകിയിട്ടില്ല.

2) സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി സാനിറ്ററി നാപ്കിൻ വിതരണം ചെയ്തു.

പതിനാലാം പഞ്ചവത്സര പദ്ധതിക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115 /2022 / തസ്വഭവ; തീയതി 28.05.2022 നം ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ട് ഉപയോഗിച്ച് സാനിറ്ററി നാപ്കിൻ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടില്ല.

മേൽ ഉത്തരവിലെ ഖ 7.6.8 പ്രകാരം എല്ലാ വിഭാഗം വനിതകൾക്കും 100% സബ്സിഡിയിൽ മെൻസ്ട്രൽ കപ്പ് വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ സംവിധാനം പ്രോത്സാഹിപ്പിക്കണമെന്നും അതിന് സ്വീകരിക്കേണ്ട നടപടികളും പ്രസ്തുത ഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങൾക്ക് സർക്കാറിന്റെ അനുമതിയോടെ മാത്രമേ സബ്സിഡി നൽകാവൂ എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട് ( ഖ 5.2 ) മെൻസ്ട്രുവൽ കപ്പ് ഉപയോഗിക്കാൻ സാധിക്കാത്ത ബി.ആർ.സി കളിലെ അന്തേവാസികൾക്ക് മാത്രമാണ് സാനിറ്ററി പാഡ് വാങ്ങി നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളൂ. (സ.ഉ (സാധാ) 1629/2025 Dt 01.07.2025 )

സബ്സിഡി മാർഗ്ഗരേഖ പ്രകാരം, വാങ്ങിനൽകുന്നതിന് അനുമതിയില്ലാത്ത സാനിറ്ററി നാപ്കിൻ സ്കൂൾ വിദ്യാർത്ഥിനികൾക്ക് വാങ്ങി നൽകുന്നതിന് നഗരസഭ സർക്കാറിൽ നിന്ന് പ്രത്യേക അനുമതി നേടിയ രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (61 /2024-25 തീയതി. 10.07.2025 ) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

എല്ലാ വിഭാഗം വനിതകൾക്കും മെൻസ്ട്രൽ കപ്പ് വിതരണം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കണം എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമായി നിർദ്ദേശം നൽകിയിരിക്കെത്തന്നെ ആയതിന് വിരുദ്ധമായി സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുമതിയില്ലാത്ത സാനിറ്ററി പാഡ് സർക്കാറിന്റെ മുൻകൂർ അനുമതിയില്ലാതെ വാങ്ങി വിതരണം നടത്തിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുമതിയില്ലാത്ത ഇനം സാധനം വാങ്ങിയതിനാലും, വിതരണം ചെയ്യപ്പെട്ട നാപ്കിൻ ഗുണനിലവാരം സംബന്ധിച്ച വ്യക്തമായ രേഖകൾ ലഭ്യമല്ലാത്തതിനാലും ഈ ഇനത്തിൽ ചെലവ് ചെയ്ത ₹700,000 ഓഡിറ്റ് തടസ്സം ചെയ്യുന്നു.

നാപ്കിൻ നിർമ്മാണ യൂണിറ്റിന്റെ അംഗീകാരം, നാപ്കിൻ ഗുണനിലവാര രേഖകൾ എന്നിവയും, മാർഗ്ഗേരേഖക്ക് വിരുദ്ധമായ ചെലവ് സർക്കാർ ശ്രദ്ധയിൽപ്പെടുത്തി ഇക്കാര്യത്തിൽ സർക്കാർ തീരുമാനവും ലഭ്യമാക്കി അതിനനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-96 എഞ്ചിനിയറിംഗ് വിഭാഗം നിർവഹണോദ്യോഗസ്ഥർ കാഷ്ബുക്ക് എഴുതിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

നഗരസഭയിലെ നിർവഹണോദ്യോഗസ്ഥരായ മുനിസിപ്പൽ എഞ്ചിനിയർ, അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവർ കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.
എഞ്ചിനിയറിംഗ് വിഭാഗം നിർവഹണോദ്യോഗസ്ഥർ കാഷ് ബുക്ക് എഴുതി സൂക്ഷിക്കാത്തത് 2023-24 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു എങ്കിലും ആയതിന് ശേഷവും കാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

സർക്കാർ നിർദ്ദേശപ്രകാരം കാഷ്ബുക്ക് എഴുതി കാലികമാക്കി പരിശോധനക്ക് ഹാജരാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം 69/18.10.2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശപ്രകാരം കാഷ് ബുക്ക് എഴുതി പൂർത്തീകരിച്ച് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-97 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ട്- അപാകതകൾ

GST, IT ഉൾപ്പെടെ മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള വിവിധ കിഴിവുകൾ ഒടുക്ക് വരുത്തുന്നതിന് വേണ്ടി

മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ IDBI ബാങ്ക് തിരൂർ ശാഖയിൽ 0749104000228572 നം അക്കൗണ്ട് നിലവിലുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടുകൾ മുഖേന പണം നൽകുന്ന മരാമത്ത് പ്രവൃത്തിബില്ലുകളിൽ നിന്ന് ഒടുക്ക് വരുത്തേണ്ട ഡിഡക്ഷൻ തുകകൾ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ഈ അക്കൗണ്ടിൽ നിന്ന് തുക ഒടുക്ക് വരുത്തുകയുമാണ് ചെയ്യേണ്ടത്.
മേൽ പരാമർശിച്ച അക്കൗണ്ടിലെ 2024-25 ലെ സാമ്പത്തിക ഇടപാടുകളുടെ വിവരം താഴെ നൽകുന്നു. ( ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം )

| ഇനം | തുക |
|---|---|
| മുൻബാക്കി | 294978 |
| സാമ്പത്തിക വർഷത്തെ വരവ് | 1171901 |
| ആകെ | 1466879 |
| സാമ്പത്തിക വർഷത്തെ ചെലവ് | 950137 |
| നീക്കിയിരുപ്പ് | 516742 |

ഓഡിറ്റിന് ലഭ്യമാക്കിയ 25.09.2025 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 701750 രൂപ നീക്കിയിരുപ്പുള്ളതായും 29.03.2025 ന് ശേഷം അക്കൗണ്ടിൽ നിന്ന് പണം ചെലവഴിച്ചിട്ടില്ല എന്നും വ്യക്തമായി. അക്കൗണ്ട് പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

## 1-97-1 അക്കൗണ്ടിലെ സാമ്പത്തിക ഇടപാടുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ സാമ്പത്തിക ഇടപാടുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു.
അസിസ്റ്റന്റ് എഞ്ചിനിയർ കാഷ്ബുക്ക് എഴുതി സൂക്ഷിക്കാത്തതിനാൽ ബാങ്ക് അക്കൗണ്ടിലെ മുൻബാക്കി, നീക്കിയിരുപ്പ്, സാമ്പത്തിക ഇടപാടുകൾ എന്നിവ സംബന്ധിച്ച ഒരു വിവരവും ലഭ്യമല്ല. ഏതെല്ലാം ഇനത്തിലാണ് പണം വരവ് വന്നത് എന്നും ചെലവുകൾ ഏത് ഇനങ്ങളിലാണ് ചെയ്തത് എന്നും പരിശോധിക്കാൻ സാധിക്കുന്നില്ല. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്നും വ്യക്തമല്ല.

## 1-97-2 ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ബാങ്ക് അക്കൗണ്ടിൽ 2024-25 ൽ വിവിധ ട്രാൻസാക്ഷനുകളിലായി 1171901 രൂപ വരവ് വരികയും രണ്ട് ട്രാൻസാക്ഷനുകളിലായി അക്കൗണ്ടിൽ നിന്ന് 948520 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വരവ് ചെലവുകളുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
ചെലവിന്റെ വിവരം താഴെ നൽകുന്നു.

| ഇൻസ്ട്രുമെന്റ് നം / തിയ്യതി | തുക |
|---|---|
| 475285/ 29.03.2025 | 293536 |
| 475284/ 29.03.2025 | 654984 |
| TOTAL | 948520 |

മേൽ പരാമർശിക്കപ്പെട്ട ചെലവിന്റെ യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 70 /18.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.
2024-25 സാമ്പത്തിക വർഷത്തിൽ അക്കൗണ്ടിൽ നിന്ന് ചെലവഴിച്ച ₹ 948520 രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു.
ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്ത പക്ഷം അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിക്കൽ സാമ്പത്തിക ക്രമക്കേടായി പരിഗണിച്ച് ചെലവ് തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നതും തുക ഈടാക്കുന്നതിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

## 1-97-3 പലിശ വരവ് അക്കൗണ്ട് ചെയ്തതിലെ അപാകതകൾ

മേൽ പരാമർശിക്കപ്പെട്ട അക്കൗണ്ടിലെ പലിശ വരവ് പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1)പലിശ വരവ് ചെലവായി രേഖപ്പെടുത്തി.**

23.10.2024 ന് Int Coll 29.09.2024 To 23.10.2024 എന്ന് കാണിച്ച് 1617 രൂപ അക്കൗണ്ടിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. പലിശ ഇനത്തിൽ പണം വരവ് വയ്ക്കുകയാണ് സാധാരണ ചെയ്യാറുള്ളത്. പണം വരവ് വെക്കുന്നതിന് പകരം ചെലവായി കാണിച്ചത് മൂലം അക്കൗണ്ടിന് 3234രൂപ ( 1617x2) നഷ്ടം ഉണ്ടായി.

പലിശ ഇനത്തിൽ പണം  പണം പിൻവലിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

**2) പലിശ വരവ് വന്നിട്ടില്ല.**

23.10.2024 ന് ശേഷം ഈ അക്കൗണ്ടിൽ പലിശ ഇനത്തിൽ വരവ് ഒന്നും തന്നെ വന്നിട്ടില്ല. പലിശ ലഭിച്ചുകൊണ്ടിരുന്ന അക്കൗണ്ടിൽ 23.10.2024 ന് ശേഷം പലിശ ലഭിക്കാത്തതിന് കാരണം വ്യക്തമാക്കുന്ന രേഖകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

അക്കൗണ്ടുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം / രേഖകൾ / വിവരങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 70 /18.10.2025) അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിന്റെയും സാമ്പത്തിക ഇടപാടിന്റെയും യാതൊരു രേഖയും ലഭ്യമല്ല എന്നത് ഓഡിറ്റ് വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. ബാങ്ക് അക്കൗണ്ടുകൾ കണക്കിൽപ്പെടുത്താതെ സൂക്ഷിക്കുന്നത് സാമ്പത്തിക ക്രമക്കേടുകൾക്ക് കാരണമാകുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

ആയതിനാൽ മേൽ പരാമർശിക്കപ്പെട്ട അക്കൗണ്ട് സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ മേൽ അപാകതകൾക്ക് വിശദീകരണം/ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-98 മരാമത്ത് പ്രവൃത്തിയിൽ നിന്നുള്ള ഡിഡക്ഷൻ - 5.09 ലക്ഷം രൂപ ഒടുക്ക് വരുത്തിയില്ല.**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടുകൾ മുഖേന പണം നൽകുന്ന മരാമത്ത് പ്രവൃത്തിബില്ലുകളിൽ നിന്ന് ഒടുക്ക് വരുത്തേണ്ട GST, IT ഉൾപ്പെടെ മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള വിവിധ കിഴിവുകൾ ഒടുക്ക് വരുത്തുന്നതിന് വേണ്ടി മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ IDBI ബാങ്ക് തിരൂർ ശാഖയിൽ 0749104000228572 നം അക്കൗണ്ട് നിലവിലുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തിബില്ലുകളിൽ നിന്ന് ഒടുക്ക് വരുത്തേണ്ട ഡിഡക്ഷൻ തുകകൾ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും അക്കൗണ്ടിൽ നിന്ന് തുക ഒടുക്ക് വരുത്തുകയുമാണ് ചെയ്യേണ്ടത്. ഇത്തരത്തിൽ പ്രവൃത്തി ബില്ലുകളിൽ നിന്നുള്ള കിഴിവുകൾ കിഴിവ് വരുത്തിയതിന്റെ തൊട്ടടുത്ത മാസം 10 ന് മുമ്പായി അതാത് അക്കൗണ്ടുകളിലേക്ക് ഒടുക്ക് വരുത്തുകയും നിയമപ്രകാരം റിട്ടേൺ ഫയൽ ചെയ്യുകയും ചെയ്യേണ്ടതുണ്ട്.

മേൽ പരാമർശിച്ച അക്കൗണ്ടിലെ 2024-25 ലെ സാമ്പത്തിക ഇടപാടുകളുടെ വിവരം താഴെ നൽകുന്നു. ( ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം )

| ഇനം | തുക |
|---|---|
| മുൻബാക്കി | 294978 |
| സാമ്പത്തിക വർഷത്തെ വരവ് ( പലിശ ഉൾപ്പെടെ ) | 1171901 |
| ആകെ | 1466879 |
| സാമ്പത്തിക വർഷത്തെ ചെലവ് | 950137 |
| നീക്കിയിരുപ്പ് | 516742 |

ഓഡിറ്റിന് ലഭ്യമാക്കിയ 25.09.2025 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 701750 രൂപ നീക്കിയിരുപ്പുള്ളതായും 29.03.2025 ന് ശേഷം അക്കൗണ്ടിൽ നിന്ന് പണം ചെലവഴിച്ചിട്ടില്ല എന്നും വ്യക്തമായി.

**അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.**

1) 06.07.2023 വരെ അക്കൗണ്ടിൽ വരവ് വന്ന മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

2) 06.07.2023 മുതൽ 31.03.2025 വരെ വിവിധ ബില്ലുകളിൽ നിന്നുള്ള കിഴിവുകൾ ഇനത്തിൽ വിവിധ തിയ്യതികളിലായി 1603154 രൂപ വരവ് വന്നിട്ടുണ്ട്. ഇതിൽ 1094021രൂപ മാത്രമാണ് ഒടുക്ക് വരുത്തിയിട്ടുള്ളത്.

**3) മരാമത്ത് പ്രവൃത്തി ബില്ലിലെ കിഴിവുകൾ ഇനത്തിൽ അക്കൗണ്ടിൽ 31.03.2025 വരെ വരവ് വന്നതിൽ 509133 രൂപ ഒടുക്ക് വരുത്താതെ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നതായി വ്യക്തമായി.**

ബാങ്ക് അക്കൗണ്ടിലെ വരവ്, ചെലവ് വിവരങ്ങൾ കാഷ്ബുക്കിലോ മറ്റ് രജിസ്റ്ററുകളിലോ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ഏതെല്ലാം ഇനത്തിലുള്ള തുകകളാണ് ഒടുക്ക് വരുത്താതെ അവശേഷിക്കുന്നത് എന്ന് ഓഡിറ്റിന് കണ്ടെത്താനായിട്ടില്ല.

മരാമത്ത് പ്രവൃത്തിബില്ലുകളിലെ ഡിഡക്ഷൻ നിർവഹണോദ്യോഗസ്ഥൻ ഒടുക്ക് വരുത്തി റിട്ടേൺ ഫയൽ ചെയ്താൽ മാത്രമേ അതാത് വകുപ്പുകൾക്ക് കരാറുകാരിൽ നിന്ന് നികുതി കൃത്യമായി ഡിമാന്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. കിഴിവ് തുകകൾ യഥാസമയം പൂർണ്ണമായി ഒടുക്ക് വരുത്താത്തത് വഴി നിയമപ്രകാരമുള്ള ചുമതലകൾ നിറവേറ്റുന്നതിൽ എഞ്ചിനിയർ വീഴ്ചവരുത്തുകയും അത് വഴി സർക്കാറിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതിന് കാരണമായതായും ഓഡിറ്റ് വിലയിരുത്തുന്നു.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 187/ 21.02.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബാങ്ക് അക്കൗണ്ടിൽ ഒടുക്ക് വരുത്താതെ അവശേഷിക്കുന്ന തുകകൾ അതാത് വകുപ്പുകളിലേക്ക് ഒടുക്ക് വരുത്തി റിട്ടേൺ ഫയൽ ചെയ്ത് രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**1-99 ഇലക്ട്രിക്കൽ പ്രവൃത്തി- എഞ്ചിനിയറുമായി കരാർ ചമക്കാതെ പ്രവൃത്തി നടത്തി.**

2024-25 വർഷത്തിൽ നഗരസഭയിൽ നടപ്പാക്കിയ വിവിധ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് നഗരസഭക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിപ്പിന് മേൽ നോട്ടം വഹിച്ച എഞ്ചിനിയറെ തെരഞ്ഞെടുത്ത് നഗരസഭ കരാർ ചമച്ചിട്ടില്ല എന്ന് വ്യക്തമായി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇലക്ട്രിക്കൽ പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച സ.ഉ (കൈ) നം 86/2022/ തസ്വഭവ തി.19.04.2022 ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

1. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്നതിന് ജില്ലാ ആസൂത്രണ സമിതി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.
2. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക. നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങൾക്ക് ടെക്നിക്കൽ കമ്മിറ്റിയിലെ അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ടെക്നിക്കൽ കമ്മിറ്റി അംഗമായ ഒരു എഞ്ചിനീയറെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരഞ്ഞെടുക്കാവുന്നതും മേൽപ്പറഞ്ഞ ചുമതലകൾ നിറവേറ്റുന്നതിന് പ്രസ്തുത എൻജിനീയറുമായി കരാറിൽ ഏർപ്പെടാവുന്നതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മതപത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എസ്റ്റിമേറ്റിന്റെ 0.5 ശതമാനം തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50,000 രൂപ) പ്രതിഫലം/ഓണറേറിയം ആയി നൽകാവുന്നതാണ്. ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക. ബിൽ തയ്യാറാക്കുക തുടങ്ങിയവയ്ക്ക് 1.5 ശതമാനം തുകയും (കുറഞ്ഞത് 2000 രൂപ, പരമാവധി 2,00,000 രൂപ) പ്രതിഫലം നൽകാം.
3. ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരു അംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ് എന്നാൽ നിർവ്വഹണ മേൽനോട്ടം നടത്തി അളവുകൾ രേഖപ്പെടു ത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർമെന്റ് നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. മറ്റൊരു അംഗത്തെ നിയോഗിക്കാവുന്നതാണ്. എസ്റ്റിമേറ്റിന്റെ 0.5 ശതമാനം തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50,000 രൂപ) ഇതിന് പ്രതിഫലമായി നൽകാവുന്നതാണ്.

ഇലക്ട്രിക്കൽ പ്രവൃത്തി നടത്തുന്നതിന് സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചതിന്റെ രേഖകളും , പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക.

നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങൾക്ക് സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം നഗരസഭ എഞ്ചിനിയറെ തെരഞ്ഞെടുക്കാത്ത അപാകത 2023-24 ഓഡിറ്റിൽ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തി എങ്കിലും അപാകത പരിഹരിക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തിയുടെ നടത്തിപ്പിലെ എറ്റവും പ്രധാന ഘട്ടങ്ങളായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെയും പ്രവൃത്തി നടത്തിപ്പിന്റെയും പൂർണ്ണ ചുമതല നഗരസഭാ ഉദ്യോഗസ്ഥനല്ലാത്ത ഒരു സ്വകാര്യ എഞ്ചിനിയറെ ഏല്പിക്കുന്നതിനാലാണ് എഞ്ചിനിയറുമായി കരാർ ചമക്കണം എന്നും കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മതപത്രം വാങ്ങുകയും വേണം എന്നും സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്.

സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ച് മാത്രമാണ് പ്രവൃത്തി നടത്തുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-100 നഗരസഭാ ഓഫീസ് ഫ്രണ്ട് ഓഫീസ്, കൗൺസിലേഴ്സ് ലോഞ്ച് നവീകരണം പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

**ഫയൽ നം - PW2/D9/70/2023-24**

| | |
|---|---|
| പ്രൊജക്ട് | **നഗരസഭാ ഓഫീസ് ഫ്രണ്ട് ഓഫീസ്, കൗൺസിലേഴ്സ് ലോഞ്ച് നവീകരണം**<br>( 323/25 )<br>Price Comp No - 5831/ 2024 |
| അടങ്കൽ / ഫണ്ട് | 500000 Plan Gen |
| കരാറുകാരൻ | ഹാസ്കോൺ കൺസ്ട്രക്ഷൻസ്& ഇന്റീരിയേഴ്സ്<br>Agri 8/ 24-25 Dt 18.06.2024 ( Agreed PAC 411763 0.50% Below ) |
| മൂല്യ നിർണ്ണയം | 483958 ( Final Bil ) ( 410134+73824 ) |
| ചെലവ് | 483958 ( Bill No 2415054700450l029072/ 13.12.2024 ) |

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി 2024-25 ൽ നടപ്പാക്കിയ മേൽ പ്രവൃത്തി ഫയൽ പരിശോധിച്ചതിലും പ്രവൃത്തി സ്ഥലം നേരിട്ട് പരിശോധിച്ചതിലും പ്രവൃത്തി നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) എസ്റ്റിമേറ്റ് ഡാറ്റ പ്രകാരമുള്ള സാധനങ്ങൾ ഉപയോഗിച്ചില്ല- നഗരസഭക്ക് അധികച്ചെലവ്**

**A)**എസ്റ്റിമേറ്റ് ഇനം 1.004 പ്രകാരം 19 Mm കനമുള്ള പ്ലൈവുഡ് ഉപയോഗിച്ച് 45 Cm Depth ഉള്ള സ്റ്റോറേജ് നിർമ്മിക്കുന്നതിനാണ് പണം വകയിരുത്തിയിട്ടുള്ളത്. ഇതനുസരിച്ച് പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തി ബിൽ നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പ്രവൃത്തിയിൽ 16 Mm കനമുള്ള പ്ലൈവുഡ് ഉപയോഗിച്ച് 40 Cm Depth ഉള്ള സ്റ്റോറേജാണ് നിർമ്മിച്ചത് എന്ന് വ്യക്തമായി.

**B)** എസ്റ്റിമേറ്റ് ഇനം 1.012 പ്രകാരം 19 Mm കനമുള്ള പ്ലൈവുഡ് ഉപയോഗിച്ച് ടേബിൾ നിർമ്മിച്ച് അതിന് മുകളിൽ 10 Mm കനമുള്ള ഗ്ലാസ്സ് സ്ഥാപിക്കുന്നതിനാണ് പണം വകയിരുത്തിയിട്ടുള്ളത്. ഇതനുസരിച്ച് പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തി ബിൽ നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പ്രവൃത്തിയിൽ 16 Mm കനമുള്ള പ്ലൈവുഡ് ഉപയോഗിച്ചാണ് ടേബ്ൾ നിർമ്മിച്ചിട്ടുള്ളത് കൂടാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള ഗ്ലാസ്സ് , ടേബിളിനു മുകളിൽ സ്ഥാപിക്കുകയും ചെയ്തിട്ടില്ല എന്ന് വ്യക്തമായി.

എസ്റ്റിമേറ്റിൽ നിർദ്ദേശിച്ച പ്രകാരമുള്ള അളവിലുള്ള സാധനങ്ങൾ ഉപയോഗിക്കാതെ പ്രവൃത്തി നിർവഹിച്ചതിനാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ഗുണനിലവാരമില്ലാത്ത പ്രവൃത്തിയാണ് നടത്തിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

എസ്റ്റിമേറ്റ് പ്രകാരമല്ലാതെ പ്രവൃത്തി നടത്തിയതിനാൽ പ്രവൃത്തിക്ക് ചെലവഴിച്ച ₹483958 തടസ്സം ചെയ്യുന്നു.

എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തിക്ക് അധികം നൽകിയ തുക കണക്കാക്കി ഉത്തരവാദികളിൽ നിന്ന് ഈടാക്കി നഗരസഭയിൽ തിരിച്ചടച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **( ഓഡിറ്റ് എൻക്വയറി നം 60 /2024-25 തീയതി. 27.06.2025 ) മറുപടി ലഭ്യാക്കിയിട്ടില്ല.**

## 1-101 നഗരസഭയിൽ സംഭരിച്ച ബിറ്റുമിൻ ഉപയോഗിച്ചില്ല- സാമ്പത്തിക നഷ്ടം.

2020-21 വർഷത്തെ വിവിധ മരാമത്ത് പ്രവർത്തികൾക്കായി നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ വാങ്ങിയ ബിറ്റുമിൻ, എമെൽഷൻ എന്നിവ ഉപയോഗിക്കാതെ അവശേഷിക്കുന്നതായി നഗരസഭയുടെ 2022-23 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ( Para 1-47)

**പരാമർശത്തിലെ പ്രസക്ത വിവരങ്ങൾ താഴെ നൽകുന്നു.**

1)നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ വാല്യം 3 പേജ് 37 പ്രകാരം

RS1 - 1050.15 Kg =5.25 ബാരൽ (1050.15/200) , SS1 - 352.81 Kg = 2 ബാരൽ (352.81/181.8) = 2) VG 0 - 1589.81 Kg ( 9.8 ബാരൽ (1589.81/161.8 = 9.8) എന്നിങ്ങനെയാണ് അവശേഷിക്കുന്നത്.

2) 2022-23 ഓഡിറ്റിന്റെ ഭാഗമായി 24-11-23 ൽ നടത്തിയ സ്റ്റോക്ക് പരിശോധനയിൽ 12 ബാരൽ VG30, 6 ബാരൽ RS1, 5 ബാരൽ SS1 എന്നിവ ഉപയോഗിക്കാതെ അവശേഷിക്കുന്നത് കണ്ടെത്തി.സ്റ്റോക്ക് രജിസ്റ്ററിൽ പരാമർശിച്ചതിൽ കൂടുതൽ ബിറ്റുമിൻ, എമെൽഷൻ എന്നിവ സ്റ്റോക്കിൽ അവശേഷിച്ചത് എങ്ങനെ എന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

(3) നഗരസഭയിലെ ബിറ്റുമിൻ, ഇമൽഷൻ സിഡ്കോയിൽ നിന്ന് അവസാനമായി ഇറക്കിയത് 2021 മാർച്ച് മാസത്തിലാണ്. ഇമൽഷന്റെ കാലയളവ് ഒരു വർഷമാണ്. യഥാസമയം ഉപയോഗിക്കാത്തതിനാൽ 24-11-2023 ലെ സ്റ്റോക്ക് പരിശോധനയിൽ കണ്ടെത്തിയ RS1, SS1 എന്നിവ കാലാവധി കഴിഞ്ഞ് ഉപയോഗ ശൂന്യമായി.

ആയതിനാൽ കാലഹരണപ്പെട്ട ബിറ്റുമിൻ എമെൽഷന്റെ വില ₹ 147574/- ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയർ ശ്രീ രാമചന്ദ്രൻ.കെ യിൽ നിന്ന് തിരികെ ഈടാക്കുന്നതിനും റിപ്പോർട്ടിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓഡിറ്റ് പരാമർശത്തിന് നഗരസഭ മറുപടി ലഭ്യമാക്കുകയോ അപാകതകൾ പരിഹരിക്കുകയോ ചെയ്തതായി കാണുന്നില്ല.

നഗരസഭയുടെ 2024-25 ഓഡിറ്റിന്റെ ഭാഗമായി 20.02.2026 ന് ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച അതേ അളവ് ഉപയോഗിക്കാതെ അവശേഷിക്കുന്നതായി വ്യക്തമായി. യഥാർത്ഥ സ്റ്റോക്ക് പരിശോധിക്കുന്നതിന് സ്റ്റോക്ക് സൈറ്റ് പരിശോധന നടത്തുന്നതിന് നഗരസഭ അസിസ്റ്റന്റ് എഞ്ചിനിയറെ അറിയിച്ചരുന്നുവെങ്കിലും ഈ പ്രദേശം കാട്ടുമൂടിക്കിടക്കുന്നതിനാൽ നേരിൽ പരിശോധന സാധ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട കെ സ്മാർട്ട് ഫയൽ (359185-2024 ) പരിശോധിച്ചതിൽ 2022-23 ഓഡിറ്റ് റിപ്പോർട്ടിലെ അപാകത നിലവിലും നില നിൽക്കുന്നു എന്നാണ് വ്യക്തമാകുന്നത്.

ബിറ്റുമിൻ എമെൽഷൻ ഉപയോഗിക്കാതെ കാലഹരണപ്പെട്ടത് വഴി നഗരസഭക്ക് ₹ 147575 നഷ്ടം വരുത്തിയതിനും VG 30 ഉപയോഗിക്കാതെ പണം പാഴ്ച്ചെലവാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതും നഷ്ടത്തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതുമാണ്.

ഇക്കാര്യത്തിൽ നഗരസഭ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-102 പി.ഡബ്ല്യൂ.ഡി റോഡിൽ ട്രാഫിക് സിഗ്നൽ - സർക്കാർ അനുമതിയില്ലാതെ നടപ്പാക്കി.

ഫയൽ നം - PW2/10070/22 ( K Smart File No – 501103-2024, 808337-2024, 1940100 -2024)

പ്രൊജക്ട് - നഗരത്തിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കൽ ( 369/25 )

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനിയർ

അടങ്കൽ / ഫണ്ട് - 2769529 ( CFC, Own Fund )

കരാറുകാരൻ - കെൽട്രോൺ ട്രാഫിക് സിഗ്നൽ ഡിവിഷൻ തിരുവനന്തപുരം ( കരാർ നം 117/ 22-23 Dt 29.03.2023 )

ചെലവ് - 2769528 ( 23,00000 ( P-M100400-25000822/ 31.03.2025 ) , 469528 ( Own Fund PM100400-24000909/ 8.01.2025 )

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി 2022-23 , 2023-24, 2024-25 വർഷങ്ങളിലായി നഗരസഭ നടപ്പാക്കിയ നഗരത്തിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കൽ എന്ന പ്രൊജക്ട് നിർവഹണത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ ഓഡിറ്റ് ചൂണ്ടിക്കാണിച്ചതായിരുന്നു ( 2023-24 ഓഡിറ്റ് റിപ്പോർട്ട് )

**1) നഗരസഭക്ക് ഏറ്റെടുക്കാൻ അനുമതിയില്ലാത്ത പ്രൊജക്ട് ഏറ്റെടുത്തു.**

മുനിസിപ്പാലിറ്റികളുടെ പദ്ധതി രൂപീകരണ മാർഗ്ഗരേഖ ( സ.ഉ (കൈ) നം 86/ 2022/ LSGD Dt 19.04.2022 ) പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പൊതു മരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിൽ ഒരു തരത്തിലുള്ള നിർമ്മാണ പ്രവൃത്തികളും ഏറ്റെടുക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ ഓട വൃത്തിയാക്കുന്നതിന് മാത്രമാണ് ഇക്കാര്യത്തിൽ ഇളവ് നൽകിയിട്ടുള്ളത്. ( ഖ 8.14.3 )

നഗരസഭ മേൽ പ്രവൃത്തി നടപ്പാക്കുന്നത് പൊതു മരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിലാണ്. ഇത്തരത്തിൽ അനുമതിയില്ലാത്ത പ്രവൃത്തി നടപ്പാക്കുന്നതിന് നഗരസഭ സർക്കാരിന്റെ മുൻകൂർ അനുമതി നേടിയിട്ടില്ല.

**2)ജില്ലാ റോഡ് സേഫ്റ്റി കൗൺസിൽ അനുമതി നേടിയില്ല.**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 18.09.2012 ലെ 55225/DD3/2012/ ത.സ്വ.ഭ.വ നം സർക്കുലർ പ്രകാരം ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനു മുമ്പ് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുമായി കൺസൾട്ട് ചെയ്ത് അനുമതി നേടേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

നഗരസഭയിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിന് മുമ്പ് മേൽ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുമായി കൺസൾട്ട് ചെയ്ത് അനുമതി നേടിയിട്ടില്ല.

പ്രൊജക്ട് നടത്തിപ്പിലെ മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **( 32/2024-25 തീയതി. 02.06.2025 )** ലഭ്യമാക്കിയ മറുപടിയിൽ സർക്കാരിന്റെ മുൻകൂർ അനുമതി നേടാതെ പ്രൊജക്ട് നടപ്പാക്കിയതിന് സർക്കാർ സാധൂകരണം ലഭിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷ അയച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നഗരസഭക്ക് ഏറ്റെടുക്കാൻ അനുമതിയില്ലാത്ത പ്രൊജക്ട് സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ നടപ്പാക്കിയതിനാൽ സാധൂകരിക്കുന്നതിന് നൽകിയ അപേക്ഷയിലെ സർക്കാർ തീരുമാനം വരുന്നത് വരെ ഈ ഇനത്തിൽ ചെലവഴിച്ച ₹ 2769528 ഓഡിറ്റ് തടസ്സം ചെയ്യുന്നു.

പ്രൊജക്ട് നടപ്പാക്കിയത് സാധൂകരിക്കുന്നതിന് നൽകിയ അപേക്ഷയിലെ സർക്കാർ തീരുമാനത്തിനനുസൃതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-103 നഗരസഭാ ഓഫീസ് ബിൽഡിംഗ് നവീകരണം പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

ഫയൽ നം - PW2/D9/205/2022-23 ( K Smart File No – 58192-2025 )

| | |
|---|---|
| പ്രൊജക്ട് | നഗരസഭാ ഓഫീസ് ബിൽഡിംഗ് നവീകരണം ( 313/25 )<br>Price Comp No – 87214/ 2022 |
| അടങ്കൽ / ഫണ്ട് | 1500000 ( തനത് ഫണ്ട് ) |
| കരാറുകാരന് | ശ്രീ കെ സിദ്ദീഖ്<br>Agri 82/ 22-23 Dt 10.02.2023 ( Agreed PAC 1121768 , 6.42% Above ) |
| മൂല്യ നിർണ്ണയം | 1302368 ( Final Bil ) ( 1103702+198666 ) |
| ചെലവ് | ₹1302368<br>1) ₹244209 ( Vr No 22301581/ 20.03.2024)<br>2) ₹1058159 (Vr No 24000957/ 17.01.2025) |

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി 2023-24, 2024-25 ൽ നടപ്പാക്കിയ മേൽ പ്രവൃത്തി ഫയൽ പരിശോധിച്ചതിലും പ്രവൃത്തി സ്ഥലം 26.06.2025 ന് നഗരസഭാ ഓവർസിയറുടെ സാന്നിധ്യത്തിൽ

നേരിട്ട് പരിശോധിച്ചതിലും പ്രവൃത്തി നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്തിയില്ല ₹ 30064അധികച്ചെലവ്**

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 1.003 പ്രകാരം DSR Data 12.53 പ്രകാരമുള്ള Calcium Silicate False Ceiing പ്രവൃത്തി നടത്തുന്നതിന് പണം വകയിരുത്തുകയും പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തി ബിൽ നൽകുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 26.06.2025 ന് നടത്തിയ സ്ഥല പരിശോധനയിൽ Calcium Silicate False Ceiling പ്രവൃത്തിക്ക് പകരമായി സീലിംഗ് പ്രവൃത്തി നടത്തിയത് Perforated Gypusm Plaster Board ഉപയോഗിച്ചാണ് എന്ന് വ്യക്തമായി.

Perforated Gypusm Plaster Board ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് DSR Data 12.45.4 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകാവുന്നത്.

DSR Data 12.45.4 പ്രകാരം നടത്തിയ പ്രവൃത്തിക്ക് DSR Data 12.53 ന്റെ നിരക്ക് അനുവദിച്ച് നൽകിയതുമൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി / ചെയ്ത അളവ് | നൽകിയ തുക / നിരക്ക്<br>( 12.53) | അർഹമായ തുക / നിരക്ക്<br>( 12.45.4) | അധികം |
|---|---|---|---|
| Ceiling Work Using Perforated Gypsum Plaster Board<br>90.480 $M^2$ | 193800.02<br>( 90.48 X 2141.91 * )<br>* കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് ) സി | 168322.66<br>(90.48 X 1860.33 - 12.45.4 പ്രകാരമുള്ള നിരക്കിൽ ( 1748.10 ) 6.42%% ടെണ്ടർ വർദ്ധനവ് വരുത്തിയ ശേഷമുള്ള തുകയാണ് അനുവദിക്കാവുന്നത്. ) | 30064<br>( 193800.02-168322.33)+ 18 % GST |

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി നടത്താതെ ഗുണനിലവാരവും നിരക്കും കുറഞ്ഞ പ്രവൃത്തി നടത്തിയതിനും, എം ബുക്കിൽ തെറ്റായ രേഖപ്പെടുത്തൽ നടത്തി അനർഹമായി കരാറുകാരന് പണം അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതും, എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തിക്ക് അധികമായി നൽകിയ തുക ₹ 30064 അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതുമാണ്.

**2) എസ്റ്റിമേറ്റ് ഡാറ്റ പ്രകാരമുള്ള സാധനങ്ങൾ ഉപയോഗിച്ചില്ല- ഗുണനിലവാരമില്ലാത്ത പ്രവൃത്തി**

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 1.007 പ്രകാരമുള്ള പാനലിംഗ് പ്രവൃത്തിയിൽ പുറംഭാഗത്ത് 9 Mm കനമുള്ള പ്ലൈവുഡിന് മുകളിൽ 4 Mm കനമുള്ള വെനീർ ഫിക്സ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റിൽ പണം വകയിരുത്തിയത്. ഇതനുസരിച്ച് പ്രവൃത്തി നടത്തിയതായി എംബുക്കിൽ രേഖപ്പെടുത്തി പണം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

**26.06.2025 ന് പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചതിൽ പുറംഭാഗത്ത് 6 Mm കനമുള്ള പ്ലൈവുഡിന് മുകളിൽ 4 Mm കനമുള്ള വെനീർ ഫിക്സ് ചെയ്താണ് പ്രവൃത്തി നടത്തിയത് എന്ന് വ്യക്തമായി.** ഇതേ ഇനം പ്രവൃത്തിയിൽ പാനലിംഗ് പ്രവൃത്തിയുടെ ഫ്രെയിംവർക്ക് പ്രവൃത്തി നടത്തേണ്ടത് 19 Mm പ്ലൈവുഡ് ഉപയോഗിച്ചാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഫ്രെയിം വർക്ക് പ്രവൃത്തി നടത്തിയത് പരിശോധിക്കാൻ സാധിക്കാത്തതിനാൽ പ്രവൃത്തിയിൽ ഉപയോഗിച്ച പ്ലൈവുഡിന്റെ കനം ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

9 Mm കനമുള്ള പ്ലൈവുഡ് ഷീറ്റ് ഉപയോഗിച്ച് നടത്തേണ്ട പ്രവൃത്തി 6 Mm ഷീറ്റ് ഉപയോഗിച്ച് നടത്തിയതിനും ആയത് തെറ്റായി അളവ് രേഖപ്പെടുത്തിയതിനും കാരണം വ്യക്തമാക്കേണ്ടതും പ്രവൃത്തിയിൽ ഫ്രെയിംവർക്ക് പ്രവൃത്തി നടത്തിയത് എസ്റ്റിമേറ്റ് പ്രകാരം തന്നെയാണോ എന്നതിന് വ്യക്തത നൽകേണ്ടതുമാണ്.

കുറഞ്ഞ കനമുള്ള പ്ലൈവുഡ് ഉപയോഗിച്ച് ഗുണനിലവാരമില്ലാത്ത പ്രവൃത്തി നടത്തിയതിനും, എം ബുക്കിൽ തെറ്റായ രേഖപ്പെടുത്തൽ നടത്തി അനർഹമായി കരാറുകാരന് പണം അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതും എസ്റ്റിമേറ്റ് പ്രകാരമല്ലാതെ പ്രവൃത്തി നടത്തിയതുമൂലം നഗരസഭക്കുണ്ടായ നഷ്ടം കണക്കാക്കി ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതുമാണ്.

**3) പൊളിച്ചുമാറ്റിയ പഴയ സീലിംഗ് - സർവേ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.**

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 1.001 പ്രകാരം 186.735 ചതുരശ്ര മീറ്റർ വിസ്തൃതിയിലുള്ള പഴയ സീലിംഗ് പൊളിച്ചുമാറ്റിയിട്ടുണ്ട്. എന്നാൽ പഴയ സീലിംഗ് പൊളിച്ചുമാറ്റുമ്പോൾ ലഭിക്കുന്ന അലുമിനിയം/ ഇരുമ്പ് സപ്പോർട്ട് ഉൾപ്പെടെയുള്ള സാധനങ്ങൾ സർവേ നടത്തി വില നിർണ്ണയിക്കുകയോ സ്റ്റോക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നഗരസഭക്ക് നഷ്ടം വന്ന തുക കണക്കാക്കി ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 21/2024-25 തീയതി. 15 .05.2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-104 എസ്റ്റിമേറ്റ് പ്രകാരമല്ലാതെ പ്രവൃത്തി നടത്തി - ₹135758 അധികച്ചെലവ്.

2024-25 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന വിവധ പ്രവൃത്തികളിൽ അംഗീകൃത എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരമാണ് എന്ന് രേഖപ്പെടുത്തി ബിൽ തയ്യാറാക്കിയത് മൂലം നഗരസഭക്ക് താഴെ പരാമർശിക്കും പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമായി.

വിശദ വിവരങ്ങൾ താഴെ നൽകുന്നു.

### 1-104-1 വാർഡ് 5അംഗൻവാടി കെട്ടിട നിർമ്മാണം

**ഫയൽ നം - PW2/D10/328/2023-24 ( K Smart File No - 1141816-2024) )**

| | |
|---|---|
| പ്രൊജക്ട് | വാർഡ് 5അംഗൻവാടി കെട്ടിട നിർമ്മാണം Cno 36 ( 334/25 ) Price Component No 23461/2023 |
| അടങ്കൽ / ഫണ്ട് | 2000000 ( Plan Gen , Own ) |
| കരാറുകാരന് | ശ്രീ മുഹമ്മദ് സിറാജ് കെ.കെ , Agri - 47/ 22-23 Dt 18.01.2023 ( Agreed PAC 1685117 , 4.13% Above ) |
| മൂല്യ നിർണ്ണയം | 1985833 ( Including GST ) ( 1682909+302924) |
| ചെലവ് | ₹1985833<br>₹385269 – Vr No24001258/29.03.2025<br>₹827533- Bill No 24150547004501029063/13.12.2024<br>₹773031 – Bill No 24150547004501635518/22.03.2025 |

മേൽ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് ഇനം 17 പ്രകാരം അംഗൻവാടിക്ക് ജനൽ സ്ഥാപിക്കുന്നതിന് DSR ഇനം 9.147.5 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ( വിജാഗിരി ഉപയോഗിച്ച് ഫിറ്റ് ചെയ്യതും തുറക്കുകയും അടക്കുകയും ചെയ്യാവുന്ന ഷട്ടറുകളോട് കൂടിയ UPVC Casement Window ) പ്രവൃത്തി നടത്തുന്നതിനുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്. പ്രവൃത്തി സൈറ്റ് 27.05.2025 ന് നേരിട്ട് പരിശോധിച്ചതിൽ കെട്ടിടത്തിൽ സ്ഥാപിച്ചത് DSR ഇനം 9.147. D3 മാതൃകയിലുള്ള UPVC Casement Window With Two Chanel Sliding Doors ജനലുകൾ ആണ് എന്ന് വ്യക്തമായി എന്നാൽ DSR ഡാറ്റ പ്രകാരമുള്ള GI Reinforced UPVC Chanel ആണോ പ്രവൃത്തിയിൽ ഉപയോഗിച്ചത് എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.

DSR Data 9.147.D3 പ്രകാരമുള്ള പ്രവൃത്തി നടത്തിയതിന് DSR Data 9.147.5 പ്രകാരമുള്ള നിരക്ക് നൽകിയത് മൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി / ചെയ്ത അളവ് | നൽകിയ തുക / നിരക്ക്<br>( 9.147.5 ) | അർഹമായ തുക / നിരക്ക്<br>( 9.147D3 ) | അധികം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| UPVC Casement Window With Two Chanel Sliding Doors<br>6.430 M² | 77300.17<br>( 6.430 X 12021.8 * )<br>* കരാറുകാരൻ ക്വോട്ട് ചെയ്ത തുക. | 54818.32<br>( 6.430 X *(8187.27x104.13%) ) * 9.147D3 പ്രകാരമുള്ള നിരക്കിൽ ടെണ്ടർ വ്യത്യാസം കണക്കാക്കിയ ശേഷമുള്ള തുകയാണ് അനുവദിക്കാവുന്നത്. ) | 26529<br>( 77300.17-54818.32 )+ 18 % GST |

കുറിപ്പ്:- DSR Data 9.147.D3 പ്രകാരമുള്ള GI Reinforced UPVC ചാനലുകൾ ഉപയോഗിച്ച് പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിലുള്ള അധികച്ചെലവിന്റെ വിവരമാണ് മുകളിൽ നൽകിയിട്ടുള്ളത്. പ്രവൃത്തിയിൽ ഉപയോഗിച്ച ചാനലുകളുടെ സാമ്പിളുകൾ പരിശോധനക്ക് ഹാജരാക്കുന്ന മുറക്ക് മാത്രമേ ഇക്കാര്യം ഓഡിറ്റിന് ഉറപ്പു വരുത്താനാവൂ.

പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതിനും എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം നടന്നതായി രേഖപ്പെടുത്തി പണം നൽകിയതിനും കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **( ഓഡിറ്റ് എൻക്വയറി നം 35/2024-25 തീയതി. 13.06.2025)** നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല

പ്രവൃത്തിക്ക് തെറ്റായി അളവ് രേഖപ്പെടുത്തിയത്മൂലം അധികച്ചെലവായ ₹26529 തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതും പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-104-2 8ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം

ഫയൽ നം - PW1/D8/187/2022-23 ( K Smart File No – 2062395-2024 )

| | |
|---|---|
| പ്രൊജക്റ്റ് | 8ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം ( 309/25 ) Price Component No 76555/2022 |
| അടങ്കൽ / ഫണ്ട് | 2000000 ( Plan Gen , CFC Own , External Aid ) |
| കരാറുകാരന് | ശ്രീ P യൂസുഫ് , Agri - 74/ 22-23 Dt 25.01.2023 ( Agreed PAC 1767112 , 8.65% Above ) |
| മൂല്യ നിർണ്ണയം | 20851149 ( Including GST ) ( 1767076+318073) |
| ചെലവ് | 1286694<br>₹786694 – Vr No 24000452/9.9.2024,<br>₹500000 - Bill No 241505470045015974З0/19.03.2025 |

മേൽ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് ഇനം 27 പ്രകാരം അംഗൻവാടിക്ക് ജനൽ സ്ഥാപിക്കുന്നതിന് DSR ഇനം 9.147.5 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ( വിജാഗിരി ഉപയോഗിച്ച് ഫിറ്റ് ചെയ്തതും തുറക്കുകയും അടക്കുകയും ചെയ്യാവുന്ന ഷട്ടറുകളോട് കൂടിയ UPVC Casement Window ) പ്രവൃത്തി നടത്തുന്നതിനുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

പ്രവൃത്തി സൈറ്റ് 12.06.2025 ന് നേരിട്ട് പരിശോധിച്ചതിൽ കെട്ടിടത്തിൽ സ്ഥാപിച്ചത് DSR ഇനം 9.147. D3 മാതൃകയിലുള്ള UPVC Casement Window With Two Chanel Sliding Doors ജനലുകൾ ആണ് എന്ന് വ്യക്തമായി എന്നാൽ DSR ഡാറ്റ പ്രകാരമുള്ള GI Reinforced UPVC Chanel ആണോ പ്രവൃത്തിയിൽ ഉപയോഗിച്ചത് എന്ന് പരിശോധിച്ച് ഉറപ്പു വരുത്താനായിട്ടില്ല.

DSR Data 9.147.D3 പ്രകാരമുള്ള പ്രവൃത്തി നടത്തിയതിന് DSR Data 9.147.5 പ്രകാരമുള്ള നിരക്ക് നൽകിയത് മൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി / ചെയ്ത അളവ് | നൽകിയ തുക / നിരക്ക്<br>( 9.147.5 ) | അർഹമായ തുക / നിരക്ക്<br>( 9.147D3 ) | അധികം |
|---|---|---|---|
| UPVC Casement Window With Two Chanel Sliding Doors<br>6.74 $M^2$ | 84499.38<br>( 6.74 X 12537 * )<br>* കരാറുകാരൻ ക്വോട്ട് ചെയ്ത തുക. | 59955.47<br>(6.74 X *(8187.27x108.65%) ) * 9.147D3 പ്രകാരമുള്ള നിരക്കിൽ ടെണ്ടർ വ്യത്യാസം കണക്കാക്കിയ ശേഷമുള്ള തുകയാണ് അനുവദിക്കാവുന്നത്. ) | 28962<br>( 84499.38-59955.47 )+ 18 % GST |

കുറിപ്പ്:- DSR Data 9.147.D3 പ്രകാരമുള്ള GI Reinforced UPVC ചാനലുകൾ ഉപയോഗിച്ച് പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിലുള്ള അധികച്ചെലവിന്റെ വിവരമാണ് മുകളിൽ നൽകിയിട്ടുള്ളത്. പ്രവൃത്തിയിൽ ഉപയോഗിച്ച ചാനലുകളുടെ സാമ്പിളുകൾ പരിശോധനക്ക് ഹാജരാക്കുന്ന മുറക്ക് മാത്രമേ ഇക്കാര്യം ഓഡിറ്റിന് ഉറപ്പു വരുത്താനാവൂ..

പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതിനും എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം നടന്നതായി രേഖപ്പെടുത്തി പണം നൽകിയതിനും കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **( ഓഡിറ്റ് എൻക്വയറി നം 36/2024-25 തീയതി. 13.06.2025)** നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല

പ്രവൃത്തിക്ക് തെറ്റായി അളവ് രേഖപ്പെടുത്തിയത്മൂലം അധികച്ചെലവായ ₹28962 തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതും പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

**1-104-3 17-ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം**

**ഫയൽ നം - PW1/D1/188/2022-23 ( K Smart File No - 2331650-2024 )**

| | |
|---|---|
| പ്രൊജക്ട് | 17-ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം ( 310/25 ) Price Component No 81198/2022 |
| അടങ്കൽ / ഫണ്ട് | 2000000 ( CFC Own , External Aid ) |
| കരാറുകാരൻ | ശ്രീ പി യുസുഫ് , Agri - 107/ 22-23 Dt 17.02.2023 ( Agreed PAC 1641538 , 9.416% Above ) |
| മൂല്യ നിർണ്ണയം | 1895441 ( Including GST ) ( 1606306+289135) |
| ചെലവ് | 787200 ( Vr No 24000589 Dt 14.10.2024 ) |

മേൽ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് ഇനം 28 പ്രകാരം അംഗൻവാടിക്ക് ജനൽ സ്ഥാപിക്കുന്നതിന് DSR ഇനം 9.147.5 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ( വിജാഗിരി ഉപയോഗിച്ച് ഫിറ്റ് ചെയ്യുതും തുറക്കുകയും അടക്കുകയും ചെയ്യാവുന്ന ഷട്ടറുകളോട് കൂടിയ UPVC Casement Window ) പ്രവൃത്തി നടത്തുന്നതിനുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

പ്രവൃത്തി സൈറ്റ് 12.06.2025 ന് നേരിട്ട് പരിശോധിച്ചതിൽ കെട്ടിടത്തിൽ സ്ഥാപിച്ചത് DSR ഇനം 9.147. D1 മാതൃകയിലുള്ള UPVC Casement Window With Two Chanel Sliding Doors ജനലുകൾ ആണ് എന്ന് വ്യക്തമായി എന്നാൽ DSR ഡാറ്റ പ്രകാരമുള്ള GI Reinforced UPVC Chanel ആണോ പ്രവൃത്തിയിൽ ഉപയോഗിച്ചത് എന്ന് പരിശോധിച്ച് ഉറപ്പു വരുത്താനായിട്ടില്ല.

DSR Data 9.147.D1 പ്രകാരമുള്ള പ്രവൃത്തി നടത്തിയതിന് DSR Data 9.147.5 പ്രകാരമുള്ള നിരക്ക് നൽകിയത് മൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി / ചെയ്ത അളവ് | നൽകിയ തുക / നിരക്ക് ( 9.147.5 ) | അർഹമായ തുക / നിരക്ക് ( 9.147D1 ) | അധികം |
|---|---|---|---|
| UPVC Casement Window With Two Chanel Sliding Doors 5.472 $M^2$ | 68914.37 ( 5.472 X 12594 * ) * കരാറുകാരൻ ക്വോട്ട് ചെയ്ത തുക. | 47582.76 (5.472 X *(7947.36x109.416%) ) * 9.147D1 പ്രകാരമുള്ള നിരക്കിൽ ടെണ്ടർ വ്യത്യാസം കണക്കാക്കിയ ശേഷമുള്ള തുകയാണ് അനുവദിക്കാവുന്നത്. ) | 25171 ( 68914.37-47582.76 )+ 18 % GST |

കുറിപ്പ്:- DSR Data 9.147.D1 പ്രകാരമുള്ള GI Reinforced UPVC ചാനലുകൾ ഉപയോഗിച്ച് പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിലുള്ള അധികച്ചെലവിന്റെ വിവരമാണ് മുകളിൽ നൽകിയിട്ടുള്ളത്. പ്രവൃത്തിയിൽ ഉപയോഗിച്ച ചാനലുകളുടെ സാമ്പിളുകൾ പരിശോധനക്ക് ഹാജരാക്കുന്ന മുറക്ക് മാത്രമേ ഇക്കാര്യം ഓഡിറ്റിന് ഉറപ്പു വരുത്താനാവൂ..

പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതിനും എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം നടന്നതായി രേഖപ്പെടുത്തി പണം നൽകിയതിനും കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 37/2024-25 തീയതി. 13.06.2025) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല

പ്രവൃത്തിക്ക് തെറ്റായി അളവ് രേഖപ്പെടുത്തിയത്മൂലം അധികച്ചെലവായ ₹25171 തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതും പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

### 1-104-4 24-ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം

ഫയൽ നം - PW1/D7/189/2022-23 ( K Smart File No – 2600331-2024 )

| | |
|---|---|
| പ്രൊജക്ട് | 24ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം ( 311/25 ) Price Component No 85470/2022 |
| അടങ്കൽ / ഫണ്ട് | 2000000 ( CFC Own , External Aid ) 1609549 |
| കരാറുകാരൻ | ശ്രീ K സിദ്ദീഖ് , Agri - 115/ 22-23 Dt 29.03.2023 ( Agreed PAC 1501086 , 6.74% Below ) |
| മൂല്യ നിർണ്ണയം | 1726397 ( Including GST ) ( 1463048+263349) |
| ചെലവ് | 760000 ( Vr No 24000730/ 22.11.2024 ) |

മേൽ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് ഇനം 27 പ്രകാരം അംഗൻവാടിക്ക് ജനൽ സ്ഥാപിക്കുന്നതിന് DSR ഇനം 9.147.5 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ( വിജാഗിരി ഉപയോഗിച്ച് ഫിറ്റ് ചെയ്യുതും തുറക്കുകയും അടക്കുകയും ചെയ്യാവുന്ന ഷട്ടറുകളോട് കൂടിയ UPVC Casement Window ) പ്രവൃത്തി നടത്തുന്നതിനുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

പ്രവൃത്തി സൈറ്റ് 12.06.2025 ന് നേരിട്ട് പരിശോധിച്ചതിൽ കെട്ടിടത്തിൽ സ്ഥാപിച്ചത് DSR ഇനം 9.147. D3 മാതൃകയിലുള്ള UPVC Casement Window With Two Chanel Sliding Doors ജനലുകൾ ആണ് എന്ന് വ്യക്തമായി എന്നാൽ DSR ഡാറ്റ പ്രകാരമുള്ള GI Reinforced UPVC Chanel ആണോ പ്രവൃത്തിയിൽ ഉപയോഗിച്ചത് എന്ന് പരിശോധിച്ച് ഉറപ്പു വരുത്താനായിട്ടില്ല.

DSR Data 9.147.D3 പ്രകാരമുള്ള പ്രവൃത്തി നടത്തിയതിന് DSR Data 9.147.5 പ്രകാരമുള്ള നിരക്ക് നൽകിയത് മൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി / ചെയ്ത അളവ് | നൽകിയ തുക / നിരക്ക് ( 9.147.5 ) | അർഹമായ തുക / നിരക്ക് ( 9.147D3 ) | അധികം |
|---|---|---|---|
| UPVC Casement Window With Two Chanel Sliding Doors 6.245 $M^2$ | 67068.05 ( 6.245 X 10739.48 * ) * കരാറുകാരൻ ക്വോട്ട് ചെയ്ത തുക. | 47683.39 (6.245 X *(8187.27x93.26%) ) * 9.147D3 പ്രകാരമുള്ള നിരക്കിൽ ടെണ്ടർ വ്യത്യാസം കണക്കാക്കിയ ശേഷമുള്ള തുകയാണ് അനുവദിക്കാവുന്നത്. ) | 22874 ( 67068.05-47683.39 )+ 18 % GST |

കുറിപ്പ്:- DSR Data 9.147.D3 പ്രകാരമുള്ള GI Reinforced UPVC ചാനലുകൾ ഉപയോഗിച്ച് പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിലുള്ള അധികച്ചെലവിന്റെ വിവരമാണ് മുകളിൽ നൽകിയിട്ടുള്ളത്. പ്രവൃത്തിയിൽ ഉപയോഗിച്ച ചാനലുകളുടെ സാമ്പിളുകൾ പരിശോധനക്ക് ഹാജരാക്കുന്ന മുറക്ക് മാത്രമേ ഇക്കാര്യം ഓഡിറ്റിന് ഉറപ്പ് വരുത്താനാവൂ.

പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതിനും എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം നടന്നതായി രേഖപ്പെടുത്തി പണം നൽകിയതിനും കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 38/2024-25 തീയതി. 13.06.2025) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല

പ്രവൃത്തിക്ക് തെറ്റായി അളവ് രേഖപ്പെടുത്തിയത് മൂലം അധിക ചെലവായ ₹22874 തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതും പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-104-5 28-ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം-

ഫയൽ നം - PW2/D9/190/2022-23

| | |
|---|---|
| പ്രൊജക്റ്റ് | 28ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം ( 312/25 ) Price Component No 58875/2022 |
| അടങ്കൽ / ഫണ്ട് | 2000000 ( Plan Gen CFC , External Aid ) |
| കരാറുകാരൻ | ശ്രീ K സിദ്ദീഖ് , Agri - 47/ 22-23 Dt 18.01.2023 ( Agreed PAC 1796896 , 9.624% Above ) |
| മൂല്യ നിർണ്ണയം | 2094608 ( Including GST ) ( 1775092+319516) |
| ചെലവ് | 840,000 ( Bill No 24150547004500598677/29.08.2024) |

മേൽ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് ഇനം 29 പ്രകാരം അംഗൻവാടിക്ക് ജനൽ സ്ഥാപിക്കുന്നതിന് DSR ഇനം 9.147.5 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ( വിജാഗിരി ഉപയോഗിച്ച് ഫിറ്റ് ചെയ്യുതും തുറക്കുകയും അടക്കുകയും ചെയ്യാവുന്ന ഷട്ടറുകളോട് കൂടിയ UPVC Casement Window ) പ്രവൃത്തി നടത്തുന്നതിനുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

പ്രവൃത്തി സൈറ്റ് 12.06.2025 ന് നേരിട്ട് പരിശോധിച്ചതിൽ കെട്ടിടത്തിൽ സ്ഥാപിച്ചത് DSR ഇനം 9.147. D1 മാതൃകയിലുള്ള UPVC Casement Window With Two Chanel Sliding Doors ജനലുകൾ ആണ് എന്ന് വ്യക്തമായി എന്നാൽ DSR ഡാറ്റ പ്രകാരമുള്ള GI Reinforced UPVC Chanel ആണോ പ്രവൃത്തിയിൽ ഉപയോഗിച്ചത് എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.

DSR Data 9.147.D1 പ്രകാരമുള്ള പ്രവൃത്തി നടത്തിയതിന് DSR Data 9.147.5 പ്രകാരമുള്ള നിരക്ക് നൽകിയത്

മൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി / ചെയ്ത അളവ് | നൽകിയ തുക / നിരക്ക് ( 9.147.5 ) | അർഹമായ തുക / നിരക്ക് ( 9.147D1 ) | അധികം |
|---|---|---|---|
| UPVC Casement Window With Two Chanel Sliding Doors 7.034 $M^2$ | 88588.10 ( 7.034 X 12594.27 * ) * കരാറുകാരൻ ക്വോട്ട് ചെയ്ത തുക. | 61281.69 (7.034 X *(7947.36x109.624%) ) * 9.147D1 പ്രകാരമുള്ള നിരക്കിൽ ടെണ്ടർ വ്യത്യാസം കണക്കാക്കിയ ശേഷമുള്ള തുകയാണ് അനുവദിക്കാവുന്നത്. ) | 32222 ( 88588.10-61281.69 )+ 18 % GST |

കുറിപ്പ്:- DSR Data 9.147.D1 പ്രകാരമുള്ള GI Reinforced UPVC ചാനലുകൾ ഉപയോഗിച്ച് പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിലുള്ള അധികച്ചെലവിന്റെ വിവരമാണ് മുകളിൽ നൽകിയിട്ടുള്ളത്. പ്രവൃത്തിയിൽ ഉപയോഗിച്ച ചാനലുകളുടെ സാമ്പിളുകൾ പരിശോധനക്ക് ഹാജരാക്കുന്ന മുറക്ക് മാത്രമേ ഇക്കാര്യം ഓഡിറ്റിന് ഉറപ്പ് വരുത്താനാവൂ..

പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതിനും എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം നടന്നതായി രേഖപ്പെടുത്തി പണം നൽകിയതിനും കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 39/2024-25 തീയതി. 13.06.2025) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തിക്ക് തെറ്റായി അളവ് രേഖപ്പെടുത്തിയതുമൂലം അധികച്ചെലവായ ₹32222 തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതും പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-105 ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിൽ ടോയ്‌ലറ്റ് കോംപ്ലക്സ് സ്ഥാപിക്കൽ ( 320/25) - അപാകതകൾ

ഫയൽ നം - PW2/D9/47/2023-24 ( K Smart File No – 2049620-2024, 1852156-2024 )

| | |
|---|---|
| പ്രൊജക്ട് | ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിൽ ടോയ്‌ലറ്റ് കോംപ്ലക്സ് സ്ഥാപിക്കൽ ( 320/25) Price Component No 71662/2023 |
| അടങ്കൽ / ഫണ്ട് | 2500000 ( CFC ) |
| കരാറുകാരന് | കോർടെക് കൺസ്ട്രക്ഷൻസ് എൽ.എൽ.പി , Agri -38/ 23-24 Dt 06.11.2023 ( Agreed PAC 2122863 , 4.64% Above ) |
| മൂല്യ നിർണ്ണയം | 2504021 ( Including GST ) ( 2122051+381970) |
| ചെലവ് | 1500000 (24150547004501676638/24.03.2025--₹659552, 24150547004501691230/25.03.2025--₹770965, 24150547004501168410/13.01.2025--₹4000, 24150547004501168407/13.01.2025 ₹65483) |

പ്രവൃത്തി സൈറ്റ് 27.05.2025 ന് നഗരസഭ ഓവർസിയറുടെ സാന്നിധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ പ്രവൃത്തി നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) നടപ്പാക്കാത്ത പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തി പണം നൽകി. – ₹ 48430 അധികച്ചെലവ്.**

പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഇനം 1.023, 2.022 എന്നിവ പ്രകാരം DSR ഇനം 9.143 പ്രകാരമുള്ള UPVC Door Frame സ്ഥാപിക്കുന്നതിന് പണം വകയിരുത്തുകയും പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തി പണം നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പ്രവൃത്തിയിൽ 1.024, 2.023 എന്നിവ പ്രകാരമുള്ള Casement Door പ്രവൃത്തിയുടെ ഭാഗമായി Door Frame സ്ഥാപിച്ചതിനാൽ എസ്റ്റിമേറ്റ് ഇനം 1.023, 2.022 എന്നിവ പ്രകാരമുള്ള പ്രവൃത്തി നടത്തിയിട്ടില്ല എന്ന് സ്ഥല പരിശോധനയിൽ വ്യക്തമായി.

നടപ്പാക്കാത്ത ഇനം പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തി പണം നൽകിയത് മൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | നൽകിയ തുക / എം ബുക്ക് പ്രകാരമുള്ള അളവ്, നിരക്ക്<br>( 9.143 ) | അർഹമായ തുക / യഥാർത്ഥത്തിൽ ചെയ്ത അളവ്, നിരക്ക് | അധികം |
|---|---|---|---|
| DSR Data 9.143 – Providing & Fixing Factory Made UPVC Door Frame Etc....<br>( Estimate Item 1.023) | 35234.21<br>( 53.580 X 657.60 * )<br>* കരാറുകാരൻ ക്വോട്ട് ചെയ്ത തുക. | 0<br>( പ്രവൃത്തി നടത്തിയിട്ടില്ല.) | 41576<br>( 35234.21+ 18 % GST ) |
| DSR Data 9.143 – Providing & Fixing Factory Made UPVC Door Frame Etc....<br>( Estimate Item 2.022) | 5808.41<br>( 8.84x 657.06 * )<br>* കരാറുകാരൻ ക്വോട്ട് ചെയ്ത തുക. | 0<br>( പ്രവൃത്തി നടത്തിയിട്ടില്ല.) | 6854<br>( 5808.41+ 18 % GST ) |
| | | **ആകെ അധികം** | **48430** |

നടപ്പാക്കാത്ത പ്രവൃത്തി നടത്തിയതായി തെറ്റായ രേഖപ്പെടുത്തൽ വരുത്തി കരാറുകാരന് അധികം നൽകിയ ₹ 48430 അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ . ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

**2) യൂറിനൽ പാർട്ടീഷൻ – നിരക്ക് കണക്കാക്കിയതിൽ വ്യക്തത ഇല്ല.**

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 2.014 പ്രകാരം Modular Urinal Partition സ്ഥാപിക്കുന്നതിന് ഒരെണ്ണത്തിന് 5027.76 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ( OD 103825/2023-2024 ). എം ബുക്ക് പ്രകാരം ഇത്തരത്തിലുള്ള 8 Nos പാർട്ടീഷൻ സ്ഥാപിച്ചതായി രേഖപ്പെടുത്തി ഒരെണ്ണത്തിന് 5052.53 രൂപ നിരക്കിൽ 40420.24 രൂപ അനുവദിച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ ഡാറ്റ പരിശോധിച്ചതിൽ മേൽ പരാമർശിച്ച നിരക്ക് കണക്കാക്കിയത് എങ്ങനെയാണ് എന്ന് വ്യക്തമാക്കാതെ Modular Urinal Partition എന്ന് മാത്രം രേഖപ്പെടുത്തി തുക രേഖപ്പെടുത്തിയിരിക്കുകയാണ്.

ഡാറ്റയിൽ വ്യക്തമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി നടത്തിയത് എസ്റ്റിമേറ്റ് പ്രകാരമാണോ എന്നും നിരക്ക് കണക്കാക്കിയത് ശരിയാണോ എന്നും ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

നിരക്ക് നിശ്ചയിച്ചതിന്റെ പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

പ്രവൃത്തിയിലെ മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(40/2024-25 തീയതി.16.06.2025) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-106 മണ്ണ് നീക്കുന്നതിന് തെറ്റായ ഡാറ്റ അനുവദിച്ചു – ₹50539 അധികച്ചെലവ്.**

ഫയൽ നമ്പർ : PW-2/D1/12/2023-24 ( Ksmart File No 2490070-2024 )

| | |
|---|---|
| പ്രവൃത്തി | കീഴേടത്ത് റോഡ് നവീകരണം വാർഡ് 4 (SO 316/25) Price ID-97684/2023 |
| ഫണ്ട്, അടങ്കൽ | തനത് ഫണ്ട് , 765,000 |
| കരാറുകാരൻ | ശ്രീ മോഹൻദാസ്. പി ( 81/2023-24 Dt 23.01.2024 ) |
| Agreed PAC ,<br>Site Hand Over<br>Completion Period | 647407 ( 0.008% Below )<br>23.01.2024<br>6 Month |
| മൂല്യ നിർണ്ണയം | 742191 ( 628975+113216 ) |
| ചെലവ് | 742191 ( Vr No 24000695/ 12.11.2024 ) |

അസിസ്റ്റന്റ് എഞ്ചിനിയർ നിർഹണം നടത്തിയ മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 1 പ്രകാരം റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് റോഡിന്റെ ഇരു വശങ്ങളിലുമായി ശരാശരി 0.5 മീറ്റർ വീതിയിൽ 424.5 മീറ്റർ നീളത്തിൽ മണ്ണ് എടുക്കുന്നതിനാണ് വിഭാവനം ചെയ്യുന്നത്. ഈ പ്രവൃത്തി ചെയ്യുന്നതിന് OD 171644/2023-2024 – Earth Work In Surface Excavation Not Exceeding 30 Cm In Depth But Exceeding 1.5 M In Width As Well As 10 Sqm On Plan .................. എന്ന പ്രവൃത്തിക്കുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.

മേൽ പരാമർശിച്ച നിരക്ക് 30 Cm ൽ താഴെ ആഴത്തിലും 1.5 മീറ്ററിൽ അധികം വീതിയിലും ആകെ 10 ചതുരശ്ര മീറ്ററിലധികം വിസ്തൃതിയുള്ള ഭാഗങ്ങളിൽ മണ്ണ് നീക്കുന്നതിന് അനുവദിക്കാവുന്ന നിരക്കാണ് എന്ന് ഇതിൽനിന്ന് വ്യക്തമാണ്.

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ മണ്ണ് നീക്കം ചെയ്യാനുള്ളത് 0.5 മീറ്റർ വീതിയിലാണ് എന്ന് വ്യക്തമാക്കിയതിനാൽ ഈ പ്രവൃത്തിക്ക് മേൽ പരാമർശിച്ച നിരക്ക് അനുവദിക്കാനാവില്ല എന്ന് വ്യക്തമാണ്. കൂടാതെ പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിലും പ്രവൃത്തി നടപ്പാക്കിയത് 1.5 മീറ്ററിൽ കുറവ് വീതിയിലാണ് എന്ന് വ്യക്തമായി.

നഗരസഭയിൽ നടപ്പാക്കിയ മറ്റ് പ്രവൃത്തികളിൽ 1.5 മീറ്ററിൽ കുറവ് വീതിയിൽ മണ്ണ് നീക്കി റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് MORD Data 3.5.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ( Eg പുല്ലുപറമ്പ് എസ്.സി കോളനി നവീകരണം ( 217/25) – 6707/ 2024 ). അതിനാൽത്തന്നെ മേൽ പരാമർശിച്ച പ്രവൃത്തിക്കും MORD Data 3.5.2 പ്രകാരമുള്ള നിരക്കായിരുന്നു നൽകേണ്ടിയിരുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ എസ്റ്റിമേറ്റ് ഇനം 1 പ്രകാരം മണ്ണ് നീക്കിയ സ്ഥലത്ത് എസ്റ്റിമേറ്റ് ഇനം 2 പ്രകാരമുള്ള ക്വാറിമക്ക് ഫില്ലിംഗ് ചെയ്ത് അതിന് മുകളിൽ കോൺക്രീറ്റ് ചെയ്യുകയാണ് ചെയ്തത് എന്ന് വ്യക്തമായി. എസ്റ്റിമേറ്റ് ഇനം 1 പ്രകാരം മണ്ണ് നീക്കിയ അതേ അളവിലാണ് എസ്റ്റിമേറ്റ് ഇനം 2 പ്രകാരം ഫില്ലിംഗ് നടത്തിയത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. എസ്റ്റിമേറ്റ് ഇനം 2 പ്രകാരം 33.281 $M^3$ ഫില്ലിംഗ് ആണ് നടത്തിയത് അതിനാൽത്തന്നെ എസ്റ്റിമേറ്റ് ഇനം 1 പ്രകാരവും ഇതേ അളവിലാണ് മണ്ണ് നീക്കിയത് എന്ന് വ്യക്തമാണ്.

തെറ്റായ ഡാറ്റ അനുവദിച്ച് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയതുമൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| നടപ്പാക്കിയ പ്രവൃത്തി | അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | 18% GST ഉൾപ്പെടെ അധികം നൽകിയത്. |
|---|---|---|---|
| 1.5 M ൽ കുറവ് വീതിയിലും 0.3 M ൽ കുറവ് ആഴത്തിലും മണ്ണ് നീക്കൽ - | ₹44974.64<br>393.72 $M^2$ @ 114.23 /$M^2$ ( Od 171644/ | 2144.96<br>33.281 $M^3$ @ 64.45 /$M^3$ - MORD Data 3.5.2 പ്രകാരമുള്ള നിരക്ക് | 50539<br>(44974.64-2144.96 )X 118% |

| | | | |
|---|---|---|---|
| 33.281 $M^3$ | 2023-2024) @ 114.23 / SQM | | |

തെറ്റായ ഡാറ്റ അനുവദിച്ച് നൽകിയ പ്രവൃത്തി നടത്തി നഗരസഭക്ക് അധികച്ചെലവ് വരുത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/2024-25 തീയതി. 15.05.2025) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല

തെറ്റായ ഡാറ്റ അനുവദിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയത് വഴി നഗരസഭക്ക് അധികച്ചെലവായ ₹50539 എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ , സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

**1-107 മരാമത്ത് പ്രവൃത്തി - ബില്ലിൽ നിന്നുള്ള കിഴിവുകൾ ഒടുക്ക് വരുത്തിയില്ല.**

നഗരസഭയിൽ തനത് ഫണ്ട് വകയിരുത്തി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരിച്ച് എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയാണ് തനത് ഫണ്ടിൽ നിന്ന് പേയ്മെന്റ് നൽകുന്നത്.
2024-25 ൽ തനത് ഫണ്ട് ഫണ്ട് വകയിരുത്തി നടപ്പാക്കിയ പ്രവൃത്തികളുടെ രേഖകൾ, കെ സ്മാർട്ട് ഫയലുകൾ, കെ സ്മാർട്ട് ലെഡ്ജറുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന പ്രവൃത്തികളുടെ പെയ്മെന്റ് നൽകിയപ്പോൾ കരാറുകാരന് നൽകേണ്ട നെറ്റ് തുക മാത്രം നൽകിയതായും, എഞ്ചിനിയർ അംഗീകരിച്ച ബില്ലുകളിൽ പരാമർശിച്ച ഡിഡക്ഷനുകൾ അതാത് ഹെഡുകളിൽ ഒടുക്ക് വരുത്താതെ തനത് ഫണ്ടിൽ അവശേഷിക്കുന്നതായും വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | അംഗീകരിച്ച ബിൽ പ്രകാരമുള്ള വിവരം | ചെലവ് | കുറിപ്പ് |
|---|---|---|---|
| കാക്കടവ് റോഡ് നവീകരണം ( 376/25 )<br>File No 2062593-2024 | Gross Total - 772612 ( 654756 +117856 GST )<br>Deductions ( IT - 13095,<br>CGST - 6548, SGST- 6548, CWWF- 6548, Fine - 34112)<br>Balance To Contractor - 705761 | 705761<br>Vr No 24000505/20.09.2024 ) | കിഴിവുകൾ ₹ 66851 രൂപ ഒടുക്കിയതായി കാണുന്നില്ല.<br>പ്രവൃത്തി ഫയലിൽ കരാറുകാരന് നൽകാനുള്ള തുക മാത്രമേ Claim ചെയ്തിട്ടുള്ളൂ. |
| വാർഡ് 8 - അംഗനവാടി കെട്ടിട നിർമ്മാണം ( 309/25 )<br>File No 2062395-2024 | Gross Total - 786694 ( 666690+ 120004 GST )<br>Deductions ( IT - 6667,<br>CGST - 6667, SGST- 6667, CWWF- 6667, | 743359<br>Vr No 24000452/09.09.2024 ) | കിഴിവുകൾ ₹ 43335 രൂപ ഒടുക്കിയതായി കാണുന്നില്ല.<br>പ്രവൃത്തി ഫയലിൽ കരാറുകാരന് നൽകാനുള്ള തുക മാത്രമേ Claim ചെയ്തിട്ടുള്ളൂ. |

| | | | | |
|---|---|---|---|---|
| | Retension – 16667)<br>Balance To Contractor – 743359 | | | |

അംഗീകരിച്ച ബിൽ പ്രകാരമുള്ള കിഴിവുകൾ ഒടുക്ക് വരുത്താത്തതിന് കാരണം വ്യക്തമാക്കുന്നതിനും, കിഴിവുകൾ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 161/ 03.02.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിക്കപ്പെട്ട മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്ന് ഈടാക്കേണ്ട GST TDS ഈടാക്കി ഒടുക്ക് വരുത്തി റിട്ടേൺ ഫയൽ ചെയ്യാത്തത്, മേൽ പ്രവൃത്തികളുടെ ബില്ലിന്റെ കൂടെ അനുവദിക്കപ്പെട്ട GST തുക ₹237860 (117856+ 120004 ), GST വകുപ്പിന്റെ കണക്കിൽ ഉൾപ്പെടാതെ വരുന്നതിനും അതുവഴി സർക്കാരിന് ലഭിക്കേണ്ട നികുതി ഡിമാന്റ് ചെയ്യപ്പെടുന്നതിൽ നിന്ന് കരാറുകാരൻ ഒഴിവാക്കപ്പെടുകയും ചെയ്യുന്നതിന് ഈടാക്കുന്നുണ്ട്.
IT , GST TDS എന്നിവ സമയബന്ധിതമായി ഒടുക്ക് വരുത്താത്തതും റിട്ടേൺ ഫയൽ ചെയ്യാത്തതും അതാത് വകുപ്പുകൾ വളരെ ഗൗരവമായി കാണുന്നതും വൻ തുക പിഴ ചുമത്തപ്പെടുന്നതിന് ഇടയാക്കുന്നതുമാണ്.

മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്നുള്ള കിഴിവുകൾ അതാത് വകുപ്പുകൾ , സ്ഥാപനങ്ങൾക്ക് ഒടുക്ക് വരുത്തി റിട്ടേൺ ഫയൽ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-108 പൂർത്തീകരിക്കാൻ വൈകിയ മരാമത്ത് പ്രവൃത്തികൾ - കരാർ പ്രകാരം പിഴ ഈടാക്കിയില്ല.

സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാർ പ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കാതെ കരാറുകാർക്ക് പണം നൽകിയതായി വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

### 1-108-1 ചോലക്കത്താഴം പാത്ത്‌വേ കോൺക്രീറ്റിംഗ്

ഫയൽ നമ്പർ : PW-1/D6/95/2023-24 ( Ksmart File No - 1940760-2024 )

| | |
|---|---|
| പ്രവൃത്തി | ചോലക്കത്താഴം പാത്ത്‌വേ കോൺക്രീറ്റിംഗ് (SO 329/25) Price ID-101713/2023 |
| ഫണ്ട്, അടങ്കൽ | Plan Gen, 710000 |
| കരാറുകാരൻ | ശ്രീ യൂസുഫ് പി ( 96/2023-24 Dt 25.01.2024 ) |
| Agreed PAC ,<br>Site Hand Over<br>Completion Period<br>Completed On<br>Delay | 601089<br>04.02.2024<br>6 Month<br>24.10.2024<br>84 ദിവസം |
| മൂല്യ നിർണ്ണയം | 697010 |
| ചെലവ് | 697010 ( 186388+377438+133184 ) |

പ്രവൃത്തി കരാറുകാരൻ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി പിഴയോടുകൂടി രണ്ട് തവണകളിലായി 08.12.2024 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയ ശേഷം പണം നല്കാനാണ് കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കരാർ പ്രകാരം ആദ്യ എക്സ്റ്റൻഷന് 1% നിരക്കിലും തുടർന്നുള്ള എക്സ്റ്റൻഷനുകൾക്ക് 2% നിരക്കിലും പിഴ ഈടാക്കേണ്ടതുണ്ട്.

എന്നാൽ കരാർ പ്രകാരമുള്ള പിഴ ഈടാക്കാതെ ബില്ല് പ്രകാരമുള്ള പണം പൂർണ്ണമായും കരാറുകാരന് നൽകുകയാണ് ചെയ്തത്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 25/2024-25 തീയതി. 22.05.2025 )നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല

കരാർ പ്രകാരമുള്ള പിഴ ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

### 1-108-2 ജെ.എം സ്കൂൾ റോഡ് നവീകരണം- പിഴ ഈടാക്കാതെ പണം നൽകി ₹10573 നഷ്ടം

ഫയൽ നമ്പർ : PW-1/D3/337/2022-23 ( Ksmart File No - Not Available )

| | |
|---|---|
| പ്രവൃത്തി | ജെ.എം സ്കൂൾ റോഡ് നവീകരണം (SO 279/25) Price ID-107832/2022 |
| ഫണ്ട്, അടങ്കൽ | MG (R), 435000 |
| കരാറുകാരൻ | ഹാസ്കോൺ കൺസ്ട്രക്ഷൻ & ഇന്റീരിയേഴ്സ് ( 34/2023-24 Dt 20.07.2023 ) |
| Agreed PAC ,<br>Site Hand Over<br>Completion Period<br>Completed On | 352437<br>20.07.2023<br>6 Month<br>25.03.2024 |
| മൂല്യ നിർണ്ണയം | 415824 |
| ചെലവ് | 415824 (PFMS Payment Advice No C092403647108/ 04.09.2024)<br>[Contractor –397499, IT- 7048, CWWF- 3524, GST- 7048, Fine For Insurance -705] |

പ്രവൃത്തി കരാറുകാരൻ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി പിഴയോടുകൂടി രണ്ട് തവണകളിലായി 15.06.2024 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

പ്രവൃത്തിയുടെ കുറിപ്പ് ഫയലിൽ പ്രവൃത്തി ടൈം എക്സ്റ്റൻഷനുള്ള 3% പിഴ ₹ 10573 എന്ന് എഞ്ചിനിയർ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയ ശേഷം പണം നല്കാനാണ് കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ എഞ്ചിനിയറുടെ നിർദ്ദേശപ്രകാരമുള്ള പിഴ ഈടാക്കാതെ ബില്ല് പ്രകാരമുള്ള പണം പൂർണ്ണമായും കരാറുകാരന് നൽകുകയാണ് ചെയ്തത്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 26/2024-25 തീയതി. 22.05.2025 ) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയറുടെ നിർദ്ദേശപ്രകാരമുള്ള പിഴ ഈടാക്കാതെ കരാറുകാരന് പണം നൽകിയത് വഴി നഗരസഭക്കുണ്ടായ നഷ്ടം ₹ 10573 ഉത്തരവാദികളിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

### 1-109 മരാമത്ത് പ്രവൃത്തി- പൊളിച്ചുമാറ്റിയ സാധനങ്ങൾ കണക്കിൽ പെടുത്തിയില്ല.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന വിവിധ പ്രവൃത്തികളിൽ പൊളിച്ചുമാറ്റിയ പഴയ സാധനങ്ങൾ സർവേ നടത്തി കണക്കിൽപ്പെടുത്തി സ്റ്റോക്കിൽ ഉൾപ്പെടുത്തുകയോ വില്പന നടത്തി പണം ഈടാക്കി നഗരസഭയിൽ ഒടുക്ക് വരുത്തുകയോ ചെയ്യാത്തതിനാൽ നഗരസഭക്ക് നഷ്ടം വന്നതായി ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി

വിശദ വിവരം താഴെ നൽകുന്നു.

## 1-109-1 GLPS അന്നാര നവീകരണം -പൊളിച്ചുമാറ്റിയ 433.382 Kg സ്റ്റീൽ നഷ്ടപ്പെട്ടു.

ഫയൽ നമ്പർ : PW-2/D8/278/2022-23

| | |
|---|---|
| പ്രവൃത്തി | GLPS അന്നാര നവീകരണം (SO 170/25) Price ID- 78813/2022 |
| ഫണ്ട്, അടങ്കൽ | MG (NR ) , 600,000 |
| കരാറുകാരൻ | ഹാസ്കോൺ കൺസ്ട്രക്ഷൻ & ഇന്റീരിയേഴ്സ് |
| ചെലവ് | 5,49,295 (ബില്ല് നമ്പർ : 24150547004500959581 തീ.27-11-2024 ) |

GLPS അന്നാര നവീകരണം പ്രവൃത്തിയുടെ എം.ബുക് പരിശോധിച്ചതിൽ 555.84 കിലോ ഗ്രാം പഴയ ഇരുമ്പ് പൈപ്പുകൾ പൊളിച്ചു മാറ്റിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം | പ്രവൃത്തി ഇനം | ഇനം | അളവ് |
|---|---|---|---|
| 3 | DSR Data 15.19 | Dismantling Of Steel Work | 228.96 Kg |
| 4 | DSR Data 15.17.1 | Dismantling Old Roof Members (Rafter & Purlin ) | 326.88 Kg |
| | | **ആകെ** | **555.84 Kg** |

എം ബുക്ക് പ്രകാരം പ്രവൃത്തിയിൽ ഉപയോഗിച്ച പഴയ ഇരുമ്പ് പൈപ്പുകളുടെ വിവരം താഴെ നൽകുന്നു.

| ക്ര.നം | പ്രവൃത്തി ഇനം | ഇനം | അളവ് |
|---|---|---|---|
| 19 | OD 407024/ 2022-2023 | Fixing Dep Tubular Tresses | 35.628 Kg |
| 24 | OD 407088/ 2022-2023 | Providing Departmental Purlin | 54.72 Kg |
| | | **ആകെ** | **90.348 Kg** |

കൂടാതെ, 32.11 കിലോ സ്റ്റീൽ പൈപ്പ് ആക്രി വിലയ്ക്ക്(27/Kg ) വില്പന നടത്തുകയും ആയതിന്റെ തുക 866.97 രൂപ (32.11x27) കരാറുകാരൻ 01-07-2024 ന് R-M100400-24007364 നഗരസഭയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

ആകെ 555.84 കിലോഗ്രാം സ്റ്റീൽ പൈപ്പ് പൊളിച്ചുമാറ്റിയെങ്കിലും 122.458 കിലോഗ്രാം ( 90.348+ 32.11 ) മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. അവശേഷിക്കുന്ന 433.382 കിലോഗ്രാം ഉപയോഗിച്ചതായോ, വില്പന നടത്തിയതിന്റെയോ വിവരം ലഭ്യമല്ല.

**433.382 Kg സ്റ്റീൽ സൈറ്റിൽ നിന്ന് നഷ്ടപ്പെട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന്റെ വിലയിനത്തിൽ ഏറ്റവും ചുരുങ്ങിയത് 11701 രൂപ (433.382×27) നഗരസഭക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്.**

**പ്രവൃത്തിയിൽ ഉപയോഗിക്കാത്ത പഴയ സ്റ്റീൽ നഷ്ടപ്പെട്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്** 19/2024-25 തീയതി. 09.05.2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

സൈറ്റിൽ നിന്ന് പൊളിച്ചുമാറ്റിയ സ്റ്റീലിന്റെ വില കണക്കാക്കി ഉത്തരവാദികളിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്ക് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-109-2 ഫിഷ്മാർക്കറ്റ് നവീകരണം - പൊളിച്ചുമാറ്റിയ സാധനങ്ങളുടെ വില ഒടുക്ക് വരുത്തിയിട്ടില്ല.

ഫയൽ നമ്പർ : PW-1/D3/331/2023-24

| | |
|---|---|
| പ്രവൃത്തി | ഫിഷ്മാർക്കറ്റ് നവീകരണം (SO 337/25) Price ID- 113006/2023 |
| ഫണ്ട്, അടങ്കൽ | CFC , 1000,000 |
| കരാറുകാരൻ | ഹാസ്കോൺ കൺസ്ട്രക്ഷൻ & ഇന്റീരിയേഴ്സ് |
| ചെലവ് | 721018 ( PFMS Payment Advice No C112421115761/ 15.11.2024 ) |

മേൽ പ്രവൃത്തിയിൽ പൊളിച്ചുമാറ്റിയ ഉപയോഗ യോഗ്യമല്ലാത്ത സാധനങ്ങൾ അസിസ്റ്റന്റ് എഞ്ചിനിയർ സർവേ നടത്തി താഴെ പരാമർശിക്കും പ്രകാരം വില നിർണ്ണയം നടത്തിയിട്ടുണ്ട്.

| ഇനം | അളവ് | നിർണ്ണയിച്ച വില |
|---|---|---|
| ഫയർവുഡ് | 110 Kg | 770 |
| MS Angle | 681.07 Kg | 14098.14 |
| | | |

| | | |
|---|---|---|
| Asbestos Sheet | 387 $M^2$ | 2480.64 |
| | TOTAL | **17349** |

സർവേ റിപ്പോർട്ട് പ്രകാരമുള്ള തുക കരാറുകാരിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കാൻ 30.10.2024 ന് അസിസ്റ്റന്റ് എഞ്ചിനിയർ ഫയലിൽ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക കുറവ് വരുത്താതെയാണ് കരാറുകാരന് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്.

സർവേ റിപ്പോർട്ട് പ്രകാരമുള്ള തുക കരാറുകാരനിൽ നിന്ന് ഈടാക്കിയ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 29/2024-25 തീയതി. 23.05.2025 ) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തിയിൽ പൊളിച്ചുമാറ്റിയ പഴയ സാധനങ്ങളുടെ വില ₹ **17349** ഉത്തരവാദികളിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-109-3 GHSS ഏഴൂർ നവീകരണം - പൊളിച്ചുമാറ്റിയ സാധനങ്ങൾ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഫയൽ നമ്പർ : PW1/D4/076/2023-24 ( 2046113-2024)

| | |
|---|---|
| പ്രവൃത്തി | GHSS ഏഴൂർ നവീകരണം(SO 325/25) Price ID- 108627/2023 |
| ഫണ്ട്, അടങ്കൽ | MG( NR) , 2400,000 |
| കരാറുകാരൻ | കോർടെക് കൺസ്ട്രക്ഷൻസ് എൽ.എൽ.പി |
| ചെലവ് | 495193 |

മേൽ പ്രവൃത്തിയുടെ ഭാഗമായി 512.258 $M^2$ ആസ്ബസ്റ്റോസ് ഷീറ്റ്, 647.64 Kg ഇരുമ്പ് പൈപ്പ് എന്നിവ പൊളിച്ചുമാറ്റിയിട്ടുണ്ട്. ( M Book Entry On 08.06.2024, 30.06.2024 ). പൊളിച്ചുമാറ്റിയ മേൽ സാധനങ്ങൾ പ്രവൃത്തിയിൽ ഉപയോഗിക്കുന്നതിനുള്ള ഇനം ഒന്നും തന്നെ പ്രവൃത്തിയുടെ അംഗീകൃത എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

പൊളിച്ചുമാറ്റിയ ഉപയോഗിക്കാത്ത പഴയ സാധനങ്ങൾ അസിസ്റ്റന്റ് എഞ്ചിനിയർ സർവേ നടത്തി സ്റ്റോക്കിൽ ഉൾപ്പെടുത്തുകയോ വില്പന നടത്തി വില നഗരസഭയിൽ ഒടുക്ക് വരുത്തുകയോ ചെയ്തതായി കാണുന്നില്ല.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( **49/2024-25 തീയതി. 23.06.2025** ) പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് പൊളിച്ചുമാറ്റിയ സാധനങ്ങൾ സർവേ ചെയ്ത് ബില്ലിൽ നിന്ന് കുറവ് വരുത്തുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പൊളിച്ചുമാറ്റിയ സാധനങ്ങൾ സർവേ ചെയ്ത് തുക നഗരസഭയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-110 വാഗൺ ട്രാജഡി സ്മാരക മ്യൂസിയം- എസ്റ്റിമേറ്റിൽ തെറ്റായ ഇനം അനുവദിച്ചു -₹ 16211 അധികച്ചെലവ്

കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ മേസനറി പ്രവൃത്തികൾക്കുള്ള നിരക്ക് അനുവദിക്കുമ്പോൾ താഴത്തെ നിലയിലും ഒന്നാം നിലയിലുമായി നടത്തുന്ന പ്രവൃത്തികൾക്ക് പ്രത്യേക നിരക്കും അതിന് മുകളിലുള്ള പ്രവൃത്തികൾക്ക് പ്രത്യേക നിരക്കും DSR പ്രകാരം അനുവദിക്കപ്പെട്ടിട്ടുണ്ട്.

2024-25 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ വാഗൺ ട്രാജഡി സ്മാരക ചരിത്ര കാർഷിക മ്യൂസിയം ( 322 / 25 ) കെട്ടിട നിർമ്മാണ പ്രവൃത്തിയിൽ താഴത്തെ നിലയിലും ഒന്നാം നിലയിലുമായി നടത്തിയ മേസനറി പ്രവൃത്തികൾക്ക് രണ്ടാം നിലക്ക് മുകളിൽ അഞ്ചാം നിലവരെയുള്ള മേസനറി പ്രവൃത്തിയുടെ നിരക്ക് അനുവദിച്ചത് വഴി നഗരസഭാ ഫണ്ടിന് അധികച്ചെലവുണ്ടായതായി പരിശോധനയിൽ വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.
ഫയൽ നം - PW2/D9/52/2023-24

| | |
|---|---|
| പ്രൊജക്റ്റ് | വാഗൺ ട്രാജഡി സ്മാരക ചരിത്ര കാർഷിക മ്യൂസിയം ( 322 / 25 ) Price ID- 15044/2024 |
| അടങ്കൽ / | 2500000 ( Plan Gen & Own Fund ) |

| | |
|---|---|
| ഫണ്ട് | |
| കരാറുകാരന് | ശ്രീ മുഹമ്മദ് സിറാജ് കെ.കെ<br>Agri 03/ 24-25 Dt 14.06.2024 ( Agreed PAC 1778234 , 9.67% Below ) |
| മൂല്യ നിർണ്ണയം | 2071584 ( Iind & Final Bil ) ( 1755579+316005 ) |
| ചെലവ് | 500,000 ( 24150547004501633672/ 22.03.2025 ) |

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി 2024-25 ൽ നടപ്പാക്കിയ മേൽ പ്രവൃത്തിയിൽ ഒന്നാമത്തെ നിലയിൽ നടത്തിയ മേസനറി പ്രവൃത്തിക്ക് രണ്ടാം നിലക്ക് മുകളിൽ അഞ്ചാം നിലവരെയുള്ള പ്രവൃത്തിയുടെ നിരക്കാണ് ( 50.6.1.6 Solid Block Masonry Using Pre Cast Solid Blocks (Factory Made) Of Size 30x20x20cm Or Nearest Available Size Confirming To IS 2185 Part I Of 1979 For Super Structure Above Floor Two Level Upto Floor Five Level Thickness 20cm And Above In : CM 1:6 ( 1 Cement : 6 Coarse Sand Sand) Etc Complete ) അനുവദിച്ച് നൽകിയത് ( Estmate Item No 10) .

ഈ പ്രവൃത്തിക്ക് രണ്ടാം നിലവരെയുള്ള മേസനറി പ്രവൃത്തിയുടെ നിരക്കാണ് ( 50.6.1.5 Solid Block Masonry Using Pre Cast Solid Blocks ( Factory Made) Of Size 30x20x20cm Or Nearest Available Size Confirming To IS 2185 Part I Of 1979 For Super Structure Up To Floor Two Level Thickness 20cm And Above In: CM 1:6 ( 1 Cement : 6 Coarse Sand) Etc Complete ) അനുവദിച്ച് നൽകാവുന്നത്.

തെറ്റായ നിരക്ക് അനുവദിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അളവ് രേഖപ്പെടുത്തി അതനുസരിച്ച് ബില്ല് തയ്യാറാക്കിയത് വഴിയുണ്ടായ അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി / ചെയ്ത അളവ് | നൽകിയ തുക / നിരക്ക്<br>( 50.6.1.6 ) | അർഹമായ തുക / നിരക്ക്<br>( 50.6.1.5 ) | അധികം |
|---|---|---|---|
| Solid Block Masonry Using Pre-Cast Solid Blocks 30x20x20<br>15.22 $M^3$ | 105373.84<br>( 15.22x6923.38* )<br>* കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് ) | 91636.12<br>(15.22x6020.77 - 50.6.1.5 പ്രകാരമുള്ള നിരക്കിൽ ( 6665.30 ) നിന്ന് 9.67% ടെണ്ടർ കുറവ് വരുത്തിയ ശേഷമുള്ള തുകയാണ് അനുവദിക്കാവുന്നത്. ) | 16211<br>( 105373.84-91636.12)+ 18 % GST |

ഒന്നാം നിലയിലെ മേസനറി പ്രവൃത്തിക്ക് രണ്ടാംനിലക്ക് മുകളിലുള്ള മേസനറി പ്രവൃത്തിയുടെ നിരക്ക് അനുവദിച്ച് നൽകി അനുവദിച്ച് നൽകിയത് വഴി നഗരസഭക്ക് അധികച്ചെലവായ ₹16211 എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ , സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( **58 /2024-25 തീയതി. 25.06.2025)** മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-111 കുണ്ടനാത്ത് കടവ് പാലം ഫെൻസിംഗ് - അളവ് രേഖപ്പെടുത്തിയതിൽ അപാകത ₹81234 അധികച്ചെലവ്.

ഫയൽ നം - PW1/ 365/2022-23

| | |
|---|---|
| പ്രൊജക്ട് | കുണ്ടനാത്ത് കടവ് പാലം ഫെൻസിംഗ് ( 371/25 ) Price Component No 15581/2023 |
| അടങ്കൽ / ഫണ്ട് | 1250000 ( CFC ) |
| കരാറുകാരന് | ശ്രീ P മോഹൻദാസ് , Agri - 11/ 23-24 Dt 04.05.2023 ( Agreed PAC 790366 , 4.07% Below ) |
| | |

| | |
|---|---|
| മൂല്യ നിർണ്ണയം | 932630 ( Including GST ) ( 790364+142266) |
| ചെലവ് | 932630 ( 899433+33197 ) PFMS Che No C092403656535 Dt 23.12.2024 ) |

പ്രവൃത്തി സൈറ്റ് 12.06.2025 ന് നഗരസഭാ ഓവർസിയറുടെ സാന്നിധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ പ്രവൃത്തി നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) ഫെൻസിംഗ് അളവ് രേഖപ്പെടുത്തിയതിലെ അപാകത ₹ 37368 അധികച്ചെലവ്.**

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 1 പ്രകാരം പാലത്തിന്റെ ഓരോ വശങ്ങളിലും 73.33 മീറ്റർ വീതം നീളത്തിലും വിവിധ സ്ട്രെച്ചുകളിലായി 2.6, 3 മീറ്റർ വീതം നീളത്തിലും ഫെൻസിംഗ് നടത്തിയതായി രേഖപ്പെടുത്തി ആകെ 435.596 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഫെൻസിംഗ് നടത്തിയതിന് പണം അനുവദിച്ച് നൽകിയിട്ടുണ്ട്.

എന്നാൽ ഓഡിറ്റിന്റെ ഭാഗമായി 12.06.2025 ന് നഗരസഭാ എഞ്ചിനിയറിംഗ് വിഭാഗം ഓവർസിയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചതിൽ പാലത്തിന്റെ ഓരോ വശങ്ങളിലും 67.4 മീറ്റർ വീതം നീളത്തിലാണ് ഫെൻസിംഗ് നടത്തിയത് എന്ന് വ്യക്തമായി.
എം ബുക്കിൽ അധികമായി രേഖപ്പെടുത്തിയ അളവുകൾ ഏതെല്ലാം സ്ട്രെച്ചുകളിലേതാണ് എന്ന് വ്യക്തമാകാത്തതിനാൽ ഒരുമീറ്റർ നീളത്തിന് എം ബുക്ക് പ്രകാരം അനുവദിച്ച ശരാശരി ഫെൻസിംഗ് വിസ്തൃതി കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ പ്രവൃത്തി നടത്തിയ 134.8 മീറ്ററിന് അനുദിക്കാവുന്ന ഫെൻസിംഗ് വിസ്തൃതി 400.37 ച.മീ ആണ് എന്നാണ് ഓഡിറ്റിന് വ്യക്തമായത്.( 435.596/146.66x 134.8 )

ഫെൻസിംഗ് നടത്തിയ ഏരിയ തെറ്റായി കണക്കാക്കി ബിൽ തയ്യാറാക്കി പണം നൽകിയത് മൂലമുള്ള നഷ്ടത്തിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | നൽകിയ തുക / എം ബുക്ക് പ്രകാരമുള്ള അളവ്, നിരക്ക്<br>( 9.143 ) | അർഹമായ തുക / യഥാർത്ഥത്തിൽ ചെയ്ത അളവ്, നിരക്ക് | അധികം |
|---|---|---|---|
| DSR Data 16.70.1 - Providing & Fixing GI Chain Linked Fabric Fensing<br>( Estimate Item 1.001) | 391600.80<br>( 435.596 X 899 * )<br>* കരാറുകാരൻ ക്വോട്ട് ചെയ്ത തുക. | 359932.63<br>( 400.37 X 899 * )<br>* കരാറുകാരൻ ക്വോട്ട് ചെയ്ത തുക. ) | 37368<br>( 391600.8-359932.63)+ 18 % GST ) |

ഓരോ വശങ്ങളിലും 67.4 മീറ്റർ വീതം നീളത്തിൽ ഫെൻസിംഗ് നടത്തിയ പാലത്തിന് ഓരോ വശങ്ങളിലും 73.33 മീറ്റർ വീതം ഫെൻസിംഗ് നീളം അനുവദിച്ച് നൽകിയത് വഴി നഗരസഭക്ക് ₹37368 അധികച്ചെലവുണ്ടായി. ഈ തുക തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

**2) ഫ്രെയിം നിർമ്മിച്ച പൈപ്പിന്റെ ഭാരം കണക്കാക്കിയതിലെ അപാകത ₹ 43866 അധികച്ചെലവ്.**

ഓഡിറ്റിന്റെ ഭാഗമായി 12.06.2025 ന് നഗരസഭാ എഞ്ചിനിയറിംഗ് വിഭാഗം ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രവൃത്തിയിൽ GI വയർമെഷ് ഫിക്സ് ചെയ്യുന്നതിനുള്ള ഫ്രെയിം നിർമ്മിച്ചത് 50x25x1.4 Mm അളവിലുള്ള ഇരുമ്പ് പൈപ്പ് ഉപയോഗിച്ചാണ് എന്ന് വ്യക്തമായി. ( പൈപ്പിൽ കനം രേഖപ്പെടുത്തിയിട്ടുണ്ട്. ).

പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ എം ബുക്കിൽ ഫ്രെയിം നിർമ്മാണത്തിന് ഉപയോഗിച്ച സാമഗ്രിയുടെ സ്പെസിഫിക്കേഷൻ വ്യക്തമായി രേഖപ്പെടുത്താതെ നീളം, ഭാരം എന്നിവ മാത്രമാണ് രേഖപ്പെടുത്തിയത്. എം ബുക്ക് പ്രകാരം ഒരു മീറ്റർ 50x25 Mm Pipe ന് 1.976 Kg ഭാരം കണക്കാക്കിയാണ് അളവ് രേഖപ്പെടുത്തിയത്.

ശാസ്ത്രീയമായി കണക്കാക്കുമ്പോൾ 50x25x1.4 Mm അളവിലുള്ള ഒരു മീറ്റർ ഇരുമ്പ് പൈപ്പിന്റെ ഭാരം 1.59 Kg

ആണ് ഉണ്ടാകേണ്ടത്.

പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ ആകെ ഉപയോഗിച്ച 50x25 Mm പൈപ്പിന്റെ നീളം 798.041 മീറ്റർ ആണ് എന്ന് വ്യക്തമായി. ഇതനുസരിച്ച് പ്രവൃത്തിയിൽ ഉപയോഗിച്ച 50x25x1.4 Mm ഇരുമ്പ് പൈപ്പിന്റെ ഭാരം യഥാർത്ഥത്തിൽ 1268.89 Kg ( 798.041 X 1.59 ) ആണ് .

പ്രവൃത്തിയിൽ ഉപയോഗിച്ച പൈപ്പിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെ ഉയർന്ന ഭാരം കണക്കാക്കി അളവ് രേഖപ്പെടുത്തിയത് മൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | നൽകിയ തുക / എം ബുക്ക് പ്രകാരമുള്ള അളവ്, നിരക്ക്<br>( 9.143 ) | അർഹമായ തുക / യഥാർത്ഥത്തിൽ ചെയ്ത അളവ്, നിരക്ക് | അധികം |
|---|---|---|---|
| DSR Data 10.25.2 - Grating Frames<br>( Estimate Item 1.002) | 311055<br>( 2073.70 Kg X 150 * )<br>* കരാറുകാരൻ ക്വോട്ട് ചെയ്ത തുക.<br>( Iron Pipe Weight -1576.929+ Angle & Flat Weight -556.979 Kg) | 273880.5<br>( 1825.87x 150 )<br>( Iron Pipe Weight -1268.89+ Angle & Flat Weight -556.979 Kg) | 43866<br>( 311055-273880.5)+ 18 % GST ) |

പൈപ്പിന്റെ ഭാരം തെറ്റായി കണക്കാക്കി അളവ് രേഖപ്പെടുത്തിയത് വഴി ഉണ്ടായ നഷ്ടം ₹ 43866 തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(42/2024-25 തീയതി. 17.06.2025) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-112 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റിന്റെ ഭാഗമായി നൽകിയ വിവിധ ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശിച്ച അപാകതകൾ പരിഹരിച്ചതിന്റെ വിവരങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | വിഷയം | തുടർ നടപടി |
|---|---|---|
| 1 | ആനപ്പടി റെയിൽവേ ലൈൻ റോഡ് റിടാറിംഗ് (SO 254/25) പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയില്ല.<br>ഓഡിറ്റ് എൻക്വയറി നം 21/2024-25 തീയതി. 15 .05.2025 | പിഴ തുക ₹8553 കരാറുകാരനിൽ നിന്ന് ഈടാക്കി.<br>Rt No Rm100400-25006297/ 28.06.2025 |
| 2 | **മദ്രസ ഫൂട്ട്പാത്ത് നവീകരണം** (SO 358/25) പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയില്ല. | പിഴ തുക ₹ 8281 കരാറുകാരനിൽ നിന്ന് ഈടാക്കി.<br>R-M100400-25011198/ 16.09.2025 |

| | | |
|---|---|---|
| | ഓഡിറ്റ് എൻക്വയറി നം 27/2024-25 തീയതി. 22.05.2025 | |
| 3 | GBHSS അടുക്കള ക്ലാസ്സ് റൂം നവീകരണം ( 324/25 ) ഡിസ്മാന്റിൽഡ് ഇനത്തിന്റെ അളവ് തെറ്റായി രേഖപ്പെടുത്തി, ഡിസ്മാന്റിൽഡ് സാധനങ്ങളുടെ വില ഒടുക്ക് വരുത്തിയില്ല<br>ഓഡിറ്റ് എൻക്വയറി നം **50/2024-25 തീയതി. 23.06.2025** , 51/2024-25 തീയതി. 23.06.2025, | അപാകതകൾ പ്രകാരം ഈടാക്കേണ്ട അധികത്തുക ₹72830 കരാറുകാരന് നൽകാനുള്ള ബാക്കി തുകയിൽ നിന്ന് 2025-26 ൽ ക്രമീകരിച്ചു.<br>File No 3791400-2025 |
| 4 | സ്മാർട്ട് അംഗൻവാടി നിർമ്മാണം ( 168/25 )പ്രവൃത്തിയിൽ മേസനറി പ്രവൃത്തിക്ക് തെറ്റായ ഡാറ്റ അനുവദിച്ചത് വഴി അധികച്ചെലവ്<br>ഓഡിറ്റ് എൻക്വയറി **34/2024-25 തീയതി. 05.06.2025** | അപാകതകൾ പ്രകാരം ഈടാക്കേണ്ട അധികത്തുക ₹36756 കരാറുകാരന് നൽകാനുള്ള ബാക്കി തുകയിൽ നിന്ന് 2025-26 ൽ കുറവ് വരുത്തി നഗരസഭാ അക്കൗണ്ടിൽ വരവ് വച്ചു. |
| 5 | ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ (292/ 2025 ) പ്രവൃത്തിയിൽ ബോട്ടിൽ ബൂത്തിന് തെറ്റായ എസ്റ്റിമേറ്റ് തയ്യാക്കിയത് വഴി അധികത്തുക ഡിമാന്റ് ചെയ്തു ബിൽ സമർപ്പിച്ചു.<br>ഓഡിറ്റ് ഖ 1-117 ( 2023-24 ) | ഓഡിറ്റ് പരാമർശിച്ച അപാകതകൾ നിർവഹണ ഏജൻസിയെ നഗരസഭ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അധിക ക്വോട്ട് ചെയ്ത നിരക്ക് കുറവ് വരുത്തി 18.01.2025 ന് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മുമ്പ് സ്ഥാപിച്ച ബോട്ടിൽ ബൂത്തിന്റെ ബിൽ തുക ₹564300 ൽ നിന്ന് ₹509960 ആയി കുറവ് വരുത്തി 2024-25 ൽ പണം നൽകി. |

ഓഡിറ്റ് പരാമർശിച്ച മറ്റ് അപാകതകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-113 ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല - അനർഹമായി ആനുകൂല്യം കൈപ്പറ്റുന്നതിന് അവസരം നിലനിൽക്കുന്നു.**

സബ്സിഡി മാർഗ്ഗരേഖ പ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾക്കും, കുടുംബങ്ങൾക്കും വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിലെ ചില ആനുകൂല്യങ്ങൾ ഒരിക്കൽ കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് വീണ്ടും അനുവദിക്കുന്നതിന് സർക്കാർ ചില നിയന്ത്രണങ്ങൾ നിശ്ചയിച്ചിട്ടുണ്ട് ( ഒരിക്കൽ അനുവദിച്ചവർക്ക് വീണ്ടും നൽകാൻ പാടില്ല, ഒരിക്കൽ ലഭിച്ച് നിശ്ചിത വർഷങ്ങൾക്ക് ശേഷം മാത്രമേ വീണ്ടും നൽകാവൂ ...Etc.....)

ഏതാനും ആനുകൂല്യങ്ങളുടെ വിവരം താഴെ നൽകുന്നു.

| ഇനം | വീണ്ടും നൽകുന്നതിനുള്ള |
|---|---|

| | |
|---|---|
| | അനുമതി |
| ഭവന നിർമ്മാണം | ഒരിക്കൽ ലഭിച്ചവർക്ക് വീണ്ടും അർഹതയില്ല. |
| ഭൂരഹിതർക്ക് ഭൂമി. | |
| എസ്.സി വനിതകൾക്കുള്ള വിവാഹ ധനസഹായം | |
| എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | |
| എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി | |
| വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ | ,, |
| പുതിയ ജലസേചന കിണർ / തുറന്ന കിണർ, തുറസ്സായ കിണർ ശുചിത്വ കിണറാക്കി മാറ്റൽ, | |
| കിണർ റിചാർജ്ജിംഗ് | |
| ഫൈബർ വള്ളം, വള്ളവും വലയും, ഫിഷ് ബോക്സ് Etc.. | 8 വർഷത്തിൽ ഒരിക്കൽ |
| ഗിൽനെറ്റ്, വല | 4 വർഷത്തിൽ ഒരിക്കൽ |

ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിന് സർക്കാർ അംഗീകരിച്ച കാലപരിധി പാലിക്കാതെ വീണ്ടും ആനുകൂല്യം നൽകുന്നത് ഇല്ലാതാക്കുന്നതിന് ഇത്തരത്തിൽ ഓരോ വർഷവും നഗരസഭയിൽ നിന്ന് ആനുകൂല്യം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുത്തി എല്ലാ കാലയളവിലും പരിശോധിക്കാൻ സാധിക്കുന്ന രീതിയിൽ ഓൺലൈൻ ഡാറ്റാബേസ് / രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്.

എന്നാൽ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ നഗരസഭയിൽ നിന്ന് ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദ വിവരങ്ങൾ ഉൾപ്പെടുത്തിയ ഡാറ്റാബേസ് തുടർന്നുള്ള വർഷങ്ങളിലും പരിശോധിക്കാവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

ഇക്കാരണത്താൽ തന്നെ നഗരസഭയിൽ നിന്ന് ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ അനർഹമായി വീണ്ടും ആനുകൂല്യം കൈപ്പറ്റുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിനും, ആയത് തടയുന്നതിനും സാധിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ഇക്കാരണത്താൽത്തന്നെ 2024-25 വർഷത്തിൽ ഏതെങ്കിലും ഗുണഭോക്താക്കൾ ഇത്തരത്തിൽ അനർഹമായി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോ എന്ന് ഓഡിറ്റിന് പരിശോധന നടത്തുന്നതിനും സാധിച്ചിട്ടില്ല.

ഇക്കാര്യം നഗരസഭയുടെ 2023-24 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചുവെങ്കിലും നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിലും ഇത്തരം ഡാറ്റാബേസ് നഗരസഭയിൽ സൂക്ഷിച്ച് വരുന്നില്ല.

നഗരസഭയിൽ നിന്ന് വിവിധ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നവരുടെ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് തുടർന്നുള്ള പരിശോധനക്ക് ലഭ്യമാകുന്ന തരത്തിൽ സൂക്ഷിക്കേണ്ടതുമാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ജിയോ ഡിജിറ്റൽ ഫൈബർ കേബിൾ - ഫീസ് ഈടാക്കിയില്ല 12.48 ലക്ഷം കുടിശ്ശിക

നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെട്ട റോഡുകളിൽ GI പോളുകൾ സ്ഥാപിച്ച് OFC കേബിൾ വലിച്ച സ്ഥാപനത്തിൽ നിന്ന് 2022-23, 2023-24, 2024-25 കാലയളവിൽ ഈടാക്കേണ്ട വാർഷിക ഫീസ് ഈടാക്കാത്തത് മൂലം നഗരസഭക്ക് **₹1248753** നഷ്ടം വന്നു. നഗരസഭയിലെ വിവിധ ഭാഗങ്ങളിൽ ഓവർഹെഡ് ഒപ്റ്റിക് ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് നഗരസഭാ റോഡുകളിൽ GI പോൾ സ്ഥാപിച്ച് കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നേടിയ ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് ഫീസ് ഈടാക്കാത്തത് മൂലമാണ് നഷ്ടം ഉണ്ടായത്.

**(ഫയൽ നമ്പർ : PW2-15842/21, PW1-12936/21, PW1-12937/21)**

GO(Rt)No 89/2020/PWD Dt 23.01.2020 നം ഉത്തരവ് പ്രകാരം റോഡുകളിൽ പോൾ സ്ഥാപിക്കുന്നതിന് ഒരു പോളിന് വാർഷിക വാടക 360 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. വാടകയിൽ 5% വാർഷിക വർദ്ധനവിനും

പ്രസ്തുത ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

നഗരസഭയിലെ വിവിധ ഭാഗങ്ങളിലെ നഗരസഭാ റോഡുകളിൽ GI പോൾ സ്ഥാപിച്ച് കേബിൾ സ്ഥാപിക്കുന്നതിന് ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിച്ച് കരാർ ചമച്ച് നിയമാനുസൃത ഫീസ്, റിസ്റ്റോറേഷൻ ചാർജ്ജ് എന്നിവ ഈടാക്കി പോൾ സ്ഥാപിക്കുന്നതിന് നഗരസഭ അനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം റിസ്റ്റോറേഷൻ ചാർജ്ജ്, ആദ്യ വർഷത്തെ ഫീസ് എന്നിവ ഒടുക്ക് വരുത്തി പോൾ സ്ഥാപിച്ച് കേബിൾ വലിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ ഒടുക്കേണ്ട വാർഷിക ഫീസ് നഗരസഭക്ക് ലഭ്യമായിട്ടില്ല എന്ന് വ്യക്തമായി.

ഫയൽ പരിശോധനയിൽ വ്യക്തമായ വിവരങ്ങൾ താഴെ നൽകുന്നു.

**A) വാർഷിക ഫീസ് ഈടാക്കിയില്ല - 1248753 രൂപ കുടിശ്ശിക.**

വിശദ വിവരം വിവരം താഴെ നൽകുന്നു.

| ഫയൽ | ഈടാക്കിയ വാർഷിക ഫീസ് , കാലാവധി | ഈടാക്കാനവശേഷിക്കുന്ന ഫീസ് |
|---|---|---|
| ഫയൽ നംPW1-12937/21<br>11.28 KM OFC Cable (364 GI Pole )<br>23.12.2021 ലെ 1 നം തീരുമാനം | ₹137592 @ 378/Pole<br>( രസീത് നം 01/ 121010400028 / 08.02.2022 )<br>22.02.2022 To 21.02.2023 | 1) 144508<br>( @ 397/ Pole For The Period 22.02.2023 To 21.02.2024)<br>2) 151788<br>( @417 / Pole For The Period 22.02.2024 To 21.02.2025 )<br>3) 159432<br>( @438 / Pole For The Period 22.02.2025 To 21.02.2026 ) |
| ഫയൽ നംPW1-12936/21<br>10.85 KM OFC Cable (350 GI Pole )<br>23.12.2021 ലെ 2 നം തീരുമാനം | ₹132300 @ 378/Pole<br>(രസീത് നം 01/ 121010400025 / 08.02.2022 )<br>22.02.2022 To 21.02.2023 | 1) ₹ 138950<br>( @ 397/ Pole For The Period 22.02.2023 To 21.02.2024)<br>2) ₹ 145950<br>( @417 / Pole For The Period 22.02.2024 To 21.02.2025 )<br>3) 153300<br>( @438 / Pole For The Period 22.02.2025 To 21.02.2026 ) |
| ഫയൽ നംPW2-15842/2021<br>13.85 KM OFC Cable (415 GI Pole )<br>23.12.2021 ലെ 4 നം തീരുമാനം | ₹156870 @ 378/Pole<br>(രസീത് നം 01/ 121010400030 / 08.02.2022 )<br>15.02.2022 To 14.02.2023<br>₹ 164755 @ 397/ Pole<br>( Rt.No 01/ 123010400014/ 26.07.2023 .) | 1) 173055<br>( @417 / Pole For The Period 15.02.2024 To 21.02.2025 )<br>2) 181770<br>( @438 / Pole For The Period 22.02.2025 To 21.02.2026 ) |

| | | |
|---|---|---|
| | 15.02.2023 To 14.02.2024 | |

**B) ഫയൽ പരിശോധനയിൽ വ്യക്തമായ മറ്റ് അപാകതകൾ താഴെ നൽകുന്നു.**

- വാർഷിക ഫീസിന്റെ 18% തുക GST ഇനത്തിൽ ഈടാക്കേണ്ടതുണ്ട്. ഈ തുക ഈടാക്കിയിട്ടില്ല.
- സ്ഥാപനവുമായി ചമച്ച കരാറിൽ വാർഷിക ഫീസ് സമയബന്ധിതമായി ഒടുക്കുന്നതിനെക്കുറിച്ചും, ഫീസ് ഒടുക്കാൻ വൈകുന്ന സാഹചര്യത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികളെക്കുറിച്ചും വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.
- വൈകി ഒടുക്ക് വരുത്തിയ ഫീസിന് കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 538 (2) പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.
- സ്ഥാപനത്തിൽ നിന്ന് ലഭിക്കാനുള്ള ഫീസ് ഈടാക്കുന്നതിന് നഗരസഭ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ല – ഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുക നഗരസഭയുടെ വരവ് ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ 2023-24 ഓഡിറ്റിന്റെ ഭാഗമായി നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു എങ്കിലും ഇക്കാര്യത്തിൽ നഗരസഭ യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല.

ജിയോ ഡിജിറ്റൽ ഫൈബർ കേബ്ൾ സ്ഥാപിച്ചതിന് നഗരസഭക്ക് ലഭ്യമാകേണ്ട ഫീസ് , നികുതി, വൈകിയതിനുള്ള പിഴ എന്നിവ ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച തുടർ നടപടികളുടെ രേഖകൾ ഹാജരാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ സ്ഥാപനത്തിന് നൽകാൻ തയ്യാറാക്കിയ ഡിമാന്റ് നോട്ടീസ് ഫയലിൽ കണ്ടെത്തി. എന്നാൽ ഈ നോട്ടീസ് അയച്ചതിന്റെയും സ്ഥാപനം ആയത് കൈപ്പറ്റിയതിന്റെയും രേഖകൾ ഓഡിറ്റിന് കണ്ടെത്താനായില്ല. ഈ ഒരു നോട്ടീസ് തയ്യാറാക്കിയതല്ലാതെ ഫീസ് ഈടാക്കുന്നതിന് നഗരസഭ നിയമപ്രകാരമുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന് ഓഡിറ്റിന് വ്യക്തമായി.

ഫീസ് ലഭിക്കാനുള്ള വിവരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിലോ , നഗരസഭാ കൗൺസിലിലോ റിപ്പോർട്ട് ചെയ്ത് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിലും നഗരസഭക്ക് ലഭിക്കാനുള്ള ഫീസ് ഈടാക്കുന്നതിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിലും ഈ കാലയളവിലെ സെക്രട്ടറി, റവന്യൂ ഓഫീസർ എന്നിവർ വീഴ്ച വരുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

നഗരസഭക്ക് ലഭിക്കാനുള്ള ഫീസ്, നിയമപ്രകാരമുള്ള GST, വൈകി ഒടുക്ക് വരുത്തുന്നതിന് കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 538 (2) പ്രകാരമുള്ള പിഴ എന്നിവ ഉത്തരവാദികളിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതും ഓഡിറ്റ് പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

നഗരസഭക്ക് ലഭിക്കാനുള്ള ഫീസ് ഈടാക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തുന്നത്മൂലം നഗരസഭക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**2-2 സ്റ്റേഡിയത്തിന് മുൻവശം വാടക-സമയബന്ധിതമായി നടപടി സ്വീകരിച്ചില്ല ₹ 18000 നഷ്ടം**

ഫയൽ നം – **2340966-2024**

നഗരസഭാ സ്റ്റേഡിയത്തിന് മുൻ ഭാഗത്തുള്ള പാർക്കിംഗ് ഏരിയ വ്യാപാരമേള നടത്തുന്നതിന് വേണ്ടി 25/10/2024 മുതൽ 05/12/2024 വരെ അനുവദിച്ച് തരണമെന്നുള്ള ശ്രീ. അബ്ദുൾഅസീസ് എന്നവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ " നഗരസഭ കൌൺസിലിന്റെ 31.03.2023 തീയതിയിലെ 2-ാം നമ്പർ തീരുമാന പ്രകാരം സ്റ്റേഡിയം വാടക മുമ്പ് നിശ്ചയിച്ചത് പ്രായോഗികമല്ലാത്തതിനാൽ ആയത് പുതുക്കി നിശ്ചയിക്കുന്നതിന് ധനകാര്യ സ്ഥിരം സമിതിയെയും റവന്യൂ ഓഫീസറെയും ചുമതലപ്പെടുത്തുന്നതിനും വ്യാപാരമേള നടത്തുന്നതിനു വേണ്ടി താത്കാലികമായി 210000/- രൂപ അടവാക്കി അനുമതി നൽകുന്നതിനും തീരുമാനിച്ചു. ധനകാര്യ സ്ഥിരം സമിതി നിരക്ക് പുനർ നിശ്ചയിക്കുന്നത് പ്രകാരമുള്ള തുക അടവാക്കുന്നതിന് മേളയുടെ നടത്തിപ്പുകാരൻ ബാധ്യസ്ഥനായിരിക്കും." എന്നും 24.10.2024 ലെ 8ാം നമ്പർ അജണ്ട പ്രകാരം

തീരുമാനം എടുത്തിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ 210000 രൂപ വാടകയും 18% GST യും ഉൾപ്പെടെ 247800 ഒടുക്ക് വരുത്തി 28.11.2024 മുതൽ 04.01.2025 വരെ 38 ദിവസം വ്യാപാരമേള നടത്തുകയും ചെയ്തിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 09.12.2024 ലെ 5ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത സ്ഥലത്തിന്റെ പ്രതിദിന വാടക 6000 രൂപ + നികുതികൾ എന്ന് നിശ്ചയിച്ചിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ വാടക ഇനത്തിൽ 18000 രൂപ + നികുതികൾ കൂടി ടിയാൾ നഗരസഭയിൽ ഒടുക്ക് വരുത്തേണ്ടതുണ്ട്. ഒടുക്ക് വരുത്താനുള്ള തുക ഒടുക്കാൻ ആവശ്യപ്പെട്ട് വ്യാപാരമേള നടത്തിപ്പുകാരന് നഗരസഭ കത്ത് തയ്യാറാക്കിയത് ടിയാൾ വ്യാപാരമേള നിർത്തി 25 ദിവസങ്ങൾക്ക് ശേഷം 30.01.2025 ന് മാത്രമാണ്. എന്നാൽ ഈ കത്ത് അയച്ചതായി കാണുന്നില്ല. തുടർന്ന് 19.11.2025 ന് മാത്രമാണ് ബാക്കി തുക ഒടുക്കാനാവശ്യപ്പെട്ടുള്ള കത്ത് നഗരസഭ അയച്ചത് എന്ന് ഫയൽ പരിശോധനയിൽ വ്യക്തമായി. കത്ത് അയച്ച ശേഷം പിന്നീട് നാളിതുവരെയും ഇക്കാര്യത്തിൽ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

വ്യാപാരമേള നടത്തിയ സ്ഥലത്തിന്റെ വാടക 09.12.2024 ലെ ധനകാര്യ സമിതി യോഗത്തിൽ നിശ്ചയിച്ചശേഷം 25 ദിവസത്തോളം വ്യാപാരമേള നടന്നുവെങ്കിലും വാടക നിശ്ചയിച്ച വിവരം നടത്തിപ്പുകാരനെ യഥാസമയം അറിയിച്ച് ലഭിക്കാനുള്ള വാടക ഈടാക്കുന്നതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതാണ് നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന ₹ 18000 നാളിതുവരെ ലഭിക്കാതെ നഷ്ടപ്പെടുന്നതിന് ഇടയാക്കിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

വ്യാപാരമേള അവസാനിപ്പിച്ച് ഒരു വർഷത്തിലധികം കഴിഞ്ഞിട്ടും നഗരസഭക്ക് ലഭിക്കാനുള്ള തുക പിരിച്ചെടുക്കുന്നതിന് നിയമപരമായ ഒരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല എന്നത് വളരെ ഗൗരവമായി കാണേണ്ടതുണ്ട്.

ഈടാക്കാൻ ബാക്കിയുള്ള വാടക 18000 രൂപ വാടകക്കാരനിൽ നിന്നോ അതിന് സാധിക്കാത്ത പക്ഷം വാടക ഈടാക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കാതെ നഗരസഭക്ക് വരുമാന നഷ്ടം വരുത്തുന്നതിന് ഇടവരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 137/19.01.2026 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മുട്ട കോഴി വിതരണം- അധിക നിരക്കിൽ സബ്സിഡി നൽകി ₹ 37160 അധികച്ചെലവ്.

| | |
|---|---|
| **പ്രോജക്ട്** | വനിതകൾക്ക് മുട്ടക്കോഴി വിതരണം ( 143/25 ) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | **സീനിയർ വെറ്ററിനറി സർജൻ** |
| **അടങ്കൽ** | **499720/- ( പ്ലാൻ ഫണ്ട് ജനറൽ)** |
| **ചെലവ്** | **483080** |

| ബിൽ നം | തുക | കുറിപ്പ് |
|---|---|---|
| **24150547003401512493 / 12-03-2025** | **217880** | 1676 Chicks @ ₹130/ No - നിധിലം എഗ്ഗർ നഴ്സറി കരുവാരക്കുണ്ട്. |
| **24150547003401478725/ 10-03-2025** | **265200** | 2040 Chicks @ ₹130/ No - നിധിലം എഗ്ഗർ നഴ്സറി കരുവാരക്കുണ്ട്. |

മേൽ പ്രൊജക്ട് രേഖകൾ പരിശോധിച്ചതിൽ മുട്ടക്കോഴിക്ക് സർക്കാർ അംഗീകരിച്ച സബ്സിഡി നിരക്കിനെക്കാൾ ഉയർന്ന നിരക്കിൽ സബ്സിഡി അനുവദിച്ച് കോഴി വാങ്ങി വിതരണം ചെയ്തത് വഴി ₹ 37160 അധികച്ചെലവ് ഉണ്ടായതായി വ്യക്തമായി.

2024-25 വർഷത്തിൽ സീനിയർ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി ഒരു ഗുണഭോക്താവിന് 4

മുട്ടക്കോഴികൾ വീതം വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം ഒരു കോഴിക്ക് 130/- രൂപ നിരക്കിൽ 3716 കോഴികളെ വാങ്ങി 100% സബ്സിഡി നിരക്കിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

28.05.2022 ലെ സ.ഉ.(കൈ)നം.115/2022 ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗരേഖ പ്രകാരം ഒരു കോഴിക്ക് 120/- രൂപ നിരക്കിൽ 5 കോഴിക്കുഞ്ഞുങ്ങൾ അടങ്ങിയ ഒരു യൂണിറ്റിന് 600 യാണ് പരമാവധി സബ്സിഡി നൽകാവുന്നത്.

മൃഗസംരക്ഷണ വകുപ്പ് ഒരു കോഴിക്കുഞ്ഞിന്റെ വില 130/- രൂപയായി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19-10-2023 ലെ ഡി.എ 1/ 353/ 2023- തസ്വഭവ സർക്കുലർ പ്രകാരം ഒരു കോഴിക്ക് അധികം വരുന്ന 10/- രൂപ ഗുണഭോക്താക്കൾ വഹിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.കൂടാതെ വർദ്ധിപ്പിച്ച നിരക്ക് സബ്സിഡി ധനസഹായ മാർഗരേഖയിൽ ഉൾപ്പെടുത്തുന്നത് 2024-25 വർഷം പരിഗണിക്കുന്നതാണെന്നും മേൽ ഉത്തരവിൽ പരാമർശിച്ചിരുന്നു. എന്നാൽ പിന്നീട് സബ്സിഡി നിരക്ക് വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

ഒരു കോഴിക്ക് 120 രൂപ സബ്സിഡി അനുവദിക്കുന്നതിന് പകരമായി 130 രൂപ സബ്സിഡി അനുവദിച്ചത് വഴി പദ്ധതിപ്പണം അധികം ചെലവഴിച്ചത് പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (68/22.08.2025 ) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു ഗുണഭോക്താവിന് 600 രൂപ സബ്സിഡി നൽകാൻ വ്യവസ്ഥയുണ്ട് എന്നും നഗരസഭയിൽ ഒരു ഗുണഭോക്താവിന് 4 കോഴിക്കുഞ്ഞുങ്ങൾക്ക് 520 രൂപ മാത്രമേ സബ്സിഡി നൽകിയിട്ടുള്ളൂ എന്നുമാണ് വ്യക്തമാക്കിയത്.

സബ്സിഡി മാർഗ്ഗരേഖയിൽ 5 കോഴികൾ അടങ്ങുന്ന ഒരു യൂണിറ്റിന് 600 രൂപ പരമാവധി സബ്സിഡി എന്ന് വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പ് ഒരു കോഴിക്കുഞ്ഞിന്റെ വില 130/- രൂപയായി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19-10-2023 ലെ ഡി.എ 1/ 353/ 2023- തസ്വഭവ സർക്കുലർ പ്രകാരം ഒരു കോഴിക്ക് അധികം വരുന്ന 10/- രൂപ ഗുണഭോക്താക്കൾ വഹിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിൽ നിന്നും ഒരു കോഴിക്ക് പരമാവധി 120 രൂപ മാത്രമേ സബ്സിഡി അനുവദിക്കാവൂ എന്നത് വളരെ വ്യക്തമാണ്. നഗരസഭയിൽ 4 കോഴികൾ അടങ്ങിയ യൂണിറ്റാണ് വിതരണം ചെയ്തത്. ഇതിന് സർക്കാർ ഉത്തരവ് പ്രകാരം പരമാവധി 480 രൂപ മാത്രമേ സബ്സിഡി അനുവദിക്കാനാവൂ. യൂണിറ്റിന് അധികം വരുന്ന 40 രൂപ ഗുണഭോക്തൃ വിഹിതമായാണ് ഒടുക്ക് വരുത്തേണ്ടിയിരുന്നത് എന്നും മേൽ ഉത്തരവിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിർവഹണോദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുന്നില്ല.

സർക്കാർ വ്യക്തമായ നിർദ്ദേശം നൽകിയിട്ടും ആയത് പാലിക്കാതെ 3716 കോഴികൾ 130 രൂപ സബ്സിഡി നിരക്കിൽ വാങ്ങിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഒരു കോഴിക്ക് 10 രൂപ നിരക്കിൽ 3716 കോഴികൾക്ക് അധികമായി സബ്സിഡി നൽകിയ ₹ 37160 രൂപ [3716 X(130-120)] ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി നഗരസഭാഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

## 3-2 എസ്റ്റിമേറ്റ് പ്രകാരമല്ലാതെ പ്രവൃത്തി നടത്തി - ₹135758 അധികച്ചെലവ്.

2024-25 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന വിവിധ പ്രവൃത്തികളിൽ അംഗീകൃത എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരമാണ് എന്ന് രേഖപ്പെടുത്തി ബിൽ തയ്യാറാക്കിയത്മൂലം നഗരസഭക്ക് താഴെ പരാമർശിക്കും പ്രകാരം അധികച്ചെലവ് ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമായി.

വിശദ വിവരങ്ങൾ താഴെ നൽകുന്നു.

**1)വാർഡ് 5അംഗൻവാടി കെട്ടിട നിർമ്മാണം-**

ഫയൽ നം - PW2/D10/328/2023-24 ( K Smart File No – 1141816-2024) )

| | |
|---|---|
| പ്രൊജക്ട് | വാർഡ് 5അംഗൻവാടി കെട്ടിട നിർമ്മാണം Cno 36 ( 334/25 ) Price Component No 23461/2023 |
| അടങ്കൽ / ഫണ്ട് | 2000000 ( Plan Gen , Own ) |
| കരാറുകാരന് | ശ്രീ മുഹമ്മദ് സിറാജ് കെ.കെ , Agri - 47/ 22-23 Dt 18.01.2023 ( Agreed PAC 1685117 , 4.13% Above ) |
| | |

| | |
|---|---|
| മൂല്യ നിർണ്ണയം | 1985833 ( Including GST ) ( 1682909+302924) |
| ചെലവ് | ₹1985833<br>₹385269 – Vr No24001258/29.03.2025<br>₹827533- Bill No 24150547004501029063/13.12.2024 ,<br>₹773031 – Bill No 24150547004501635518/22.03.2025 |

മേൽ പ്രവ്യത്തിയിൽ എസ്റ്റിമേറ്റ് ഇനം 17 പ്രകാരം അംഗൻവാടിക്ക് ജനൽ സ്ഥാപിക്കുന്നതിന് DSR ഇനം 9.147.5 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ( വിജാഗിരി ഉപയോഗിച്ച് ഫിറ്റ് ചെയ്യുതും തുറക്കുകയും അടക്കുകയും ചെയ്യാവുന്ന ഷട്ടറുകളോട് കൂടിയ UPVC Casement Window ) പ്രവൃത്തി നടത്തുന്നതിനുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്. പ്രവൃത്തി സൈറ്റ് 27.05.2025 ന് നേരിട്ട് പരിശോധിച്ചതിൽ കെട്ടിടത്തിൽ സ്ഥാപിച്ചത് DSR ഇനം 9.147. D3 മാതൃകയിലുള്ള UPVC Casement Window With Two Chanel Sliding Doors ജനലുകൾ ആണ് എന്ന് വ്യക്തമായി എന്നാൽ DSR ഡാറ്റ പ്രകാരമുള്ള GI Reinforced UPVC Chanel ആണോ പ്രവൃത്തിയിൽ ഉപയോഗിച്ചത് എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.

DSR Data 9.147.D3 പ്രകാരമുള്ള പ്രവൃത്തി നടത്തിയതിന് DSR Data 9.147.5 പ്രകാരമുള്ള നിരക്ക് നൽകിയതുമൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി / ചെയ്ത അളവ് | നൽകിയ തുക / നിരക്ക് ( 9.147.5 ) | അർഹമായ തുക / നിരക്ക് ( 9.147D3 ) | അധികം |
|---|---|---|---|
| UPVC Casement Window With Two Chanel Sliding Doors<br>6.430 $M^2$ | 77300.17<br>( 6.430 X 12021.8 * )<br>* കരാറുകാരൻ ക്വോട്ട് ചെയ്ത തുക. | 54818.32<br>( 6.430 X *(8187.27x104.13%) ) * 9.147D3 പ്രകാരമുള്ള നിരക്കിൽ ടെണ്ടർ വ്യത്യാസം കണക്കാക്കിയ ശേഷമുള്ള തുകയാണ് അനുവദിക്കാവുന്നത്. ) | 26529<br>( 77300.17-54818.32 )+ 18 % GST |

കുറിപ്പ്:- DSR Data 9.147.D3 പ്രകാരമുള്ള GI Reinforced UPVC ചാനലുകൾ ഉപയോഗിച്ച് പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിലുള്ള അധികച്ചെലവിന്റെ വിവരമാണ് മുകളിൽ നൽകിയിട്ടുള്ളത്. പ്രവൃത്തിയിൽ ഉപയോഗിച്ച ചാനലുകളുടെ സാമ്പിളുകൾ പരിശോധനക്ക് ഹാജരാക്കുന്ന മുറക്ക് മാത്രമേ ഇക്കാര്യം ഓഡിറ്റിന് ഉറപ്പ് വരുത്താനാവൂ.

പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതിനും എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം നടന്നതായി രേഖപ്പെടുത്തി പണം നൽകിയതിനും കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **( ഓഡിറ്റ് എൻക്വയറി നം 35/2024-25 തീയതി. 13.06.2025)** നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല

പ്രവൃത്തിക്ക് തെറ്റായി അളവ് രേഖപ്പെടുത്തിയതുമൂലം അധികച്ചെലവായ ₹26529 തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതും പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

2) **8ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം**

ഫയൽ നം - PW1/D8/187/2022-23 ( K Smart File No – 2062395-2024 )

| | |
|---|---|
| പ്രൊജക്ട് | 8ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം ( 309/25 ) Price Component No 76555/2022 |
| | |

| | |
|---|---|
| അടങ്കൽ / ഫണ്ട് | 2000000 ( Plan Gen , CFC Own , External Aid ) |
| കരാറുകാരന് | ശ്രീ P യൂസുഫ് , Agri - 74/ 22-23 Dt 25.01.2023 ( Agreed PAC 1767112 , 8.65% Above ) |
| മൂല്യ നിർണ്ണയം | 20851149 ( Including GST ) ( 1767076+318073) |
| ചെലവ് | 1286694<br>₹786694 – Vr No 24000452/9.9.2024,<br>₹500000 - Bill No 241505470045015974З0/19.03.2025 |

മേൽ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് ഇനം 27 പ്രകാരം അംഗൻവാടിക്ക് ജനൽ സ്ഥാപിക്കുന്നതിന് DSR ഇനം 9.147.5 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ( വിജാഗിരി ഉപയോഗിച്ച് ഫിറ്റ് ചെയ്യുതും തുറക്കുകയും അടക്കുകയും ചെയ്യാവുന്ന ഷട്ടറുകളോട് കൂടിയ UPVC Casement Window ) പ്രവൃത്തി നടത്തുന്നതിനുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

പ്രവൃത്തി സൈറ്റ് 12.06.2025 ന് നേരിട്ട് പരിശോധിച്ചതിൽ കെട്ടിടത്തിൽ സ്ഥാപിച്ചത് DSR ഇനം 9.147. D3 മാതൃകയിലുള്ള UPVC Casement Window With Two Chanel Sliding Doors ജനലുകൾ ആണ് എന്ന് വ്യക്തമായി എന്നാൽ DSR ഡാറ്റ പ്രകാരമുള്ള GI Reinforced UPVC Chanel ആണോ പ്രവൃത്തിയിൽ ഉപയോഗിച്ചത് എന്ന് പരിശോധിച്ച് ഉറപ്പു വരുത്താനായിട്ടില്ല.

DSR Data 9.147.D3 പ്രകാരമുള്ള പ്രവൃത്തി നടത്തിയതിന് DSR Data 9.147.5 പ്രകാരമുള്ള നിരക്ക് നൽകിയത് മൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി / ചെയ്ത അളവ് | നൽകിയ തുക / നിരക്ക്<br>( 9.147.5 ) | അർഹമായ തുക / നിരക്ക്<br>( 9.147D3 ) | അധികം |
|---|---|---|---|
| UPVC Casement Window With Two Chanel Sliding Doors<br>6.74 $M^2$ | 84499.38<br>( 6.74 X 12537 * )<br>* കരാറുകാരൻ ക്വോട്ട് ചെയ്ത തുക. | 59955.47<br>(6.74 X *(8187.27x108.65%) ) * 9.147D3 പ്രകാരമുള്ള നിരക്കിൽ ടെണ്ടർ വ്യത്യാസം കണക്കാക്കിയ ശേഷമുള്ള തുകയാണ് അനുവദിക്കാവുന്നത്. ) | 28962<br>( 84499.38-59955.47 )+ 18 % GST |

കുറിപ്പ്:- DSR Data 9.147.D3 പ്രകാരമുള്ള GI Reinforced UPVC ചാനലുകൾ ഉപയോഗിച്ച് പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിലുള്ള അധികച്ചെലവിന്റെ വിവരമാണ് മുകളിൽ നൽകിയിട്ടുള്ളത്. പ്രവൃത്തിയിൽ ഉപയോഗിച്ച ചാനലുകളുടെ സാമ്പിളുകൾ പരിശോധനക്ക് ഹാജരാക്കുന്ന മുറക്ക് മാത്രമേ ഇക്കാര്യം ഓഡിറ്റിന് ഉറപ്പു വരുത്താനാവൂ..

പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതിനും എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം നടന്നതായി രേഖപ്പെടുത്തി പണം നൽകിയതിനും കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **( ഓഡിറ്റ് എൻക്വയറി നം 36/2024-25 തീയതി. 13.06.2025)** നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല

പ്രവൃത്തിക്ക് തെറ്റായി അളവ് രേഖപ്പെടുത്തിയത്മൂലം അധികച്ചെലവായ ₹28962 തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതും പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

**3) 17ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം**

ഫയൽ നം - PW1/D1/188/2022-23 ( K Smart File No – 2331650-2024 )

| | |
|---|---|
| പ്രൊജക്ട് | 17ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം ( 310/25 ) Price Component No 81198/2022 |
| അടങ്കൽ / ഫണ്ട് | 2000000 ( CFC Own , External Aid ) |
| കരാറുകാരന് | ശ്രീ P യൂസുഫ് , Agri - 107/ 22-23 Dt 17.02.2023 ( Agreed PAC 1641538 , 9.416% Above ) |
| മൂല്യ നിർണ്ണയം | 1895441 ( Including GST ) ( 1606306+289135) |
| ചെലവ് | 787200 ( Vr No 24000589 Dt 14.10.2024 ) |

മേൽ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് ഇനം 28 പ്രകാരം അംഗൻവാടിക്ക് ജനൽ സ്ഥാപിക്കുന്നതിന് DSR ഇനം 9.147.5 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ( വിജാഗിരി ഉപയോഗിച്ച് ഫിറ്റ് ചെയ്യുതും തുറക്കുകയും അടക്കുകയും ചെയ്യാവുന്ന ഷട്ടറുകളോട് കൂടിയ UPVC Casement Window ) പ്രവൃത്തി നടത്തുന്നതിനുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

പ്രവൃത്തി സൈറ്റ് 12.06.2025 ന് നേരിട്ട് പരിശോധിച്ചതിൽ കെട്ടിടത്തിൽ സ്ഥാപിച്ചത് DSR ഇനം 9.147. D1 മാതൃകയിലുള്ള UPVC Casement Window With Two Chanel Sliding Doors ജനലുകൾ ആണ് എന്ന് വ്യക്തമായി എന്നാൽ DSR ഡാറ്റ പ്രകാരമുള്ള GI Reinforced UPVC Chanel ആണോ പ്രവൃത്തിയിൽ ഉപയോഗിച്ചത് എന്ന് പരിശോധിച്ച് ഉറപ്പു വരുത്താനായിട്ടില്ല.

DSR Data 9.147.D1 പ്രകാരമുള്ള പ്രവൃത്തി നടത്തിയതിന് DSR Data 9.147.5 പ്രകാരമുള്ള നിരക്ക് നൽകിയത് മൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി / ചെയ്ത അളവ് | നൽകിയ തുക / നിരക്ക് ( 9.147.5 ) | അർഹമായ തുക / നിരക്ക് ( 9.147D1 ) | അധികം |
|---|---|---|---|
| UPVC Casement Window With Two Chanel Sliding Doors 5.472 $M^2$ | 68914.37 ( 5.472 X 12594 * ) * കരാറുകാരൻ ക്വോട്ട് ചെയ്ത തുക. | 47582.76 (5.472 X *(7947.36x109.416%) ) * 9.147D1 പ്രകാരമുള്ള നിരക്കിൽ ടെണ്ടർ വ്യത്യാസം കണക്കാക്കിയ ശേഷമുള്ള തുകയാണ് അനുവദിക്കാവുന്നത്. ) | 25171 ( 68914.37-47582.76 )+ 18 % GST |

കുറിപ്പ്:- DSR Data 9.147.D1 പ്രകാരമുള്ള GI Reinforced UPVC ചാനലുകൾ ഉപയോഗിച്ച് പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിലുള്ള അധികച്ചെലവിന്റെ വിവരമാണ് മുകളിൽ നൽകിയിട്ടുള്ളത്. പ്രവൃത്തിയിൽ ഉപയോഗിച്ച ചാനലുകളുടെ സാമ്പിളുകൾ പരിശോധനക്ക് ഹാജരാക്കുന്ന മുറക്ക് മാത്രമേ ഇക്കാര്യം ഓഡിറ്റിന് ഉറപ്പു വരുത്താനാവൂ..

പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതിനും എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം നടന്നതായി രേഖപ്പെടുത്തി പണം നൽകിയതിനും കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **( ഓഡിറ്റ് എൻക്വയറി നം 37/2024-25 തീയതി. 13.06.2025)** നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല

പ്രവൃത്തിക്ക് തെറ്റായി അളവ് രേഖപ്പെടുത്തിയത്മൂലം അധികച്ചെലവായ ₹25171 തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതും പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

**4) 24ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം**

ഫയൽ നം - PW1/D7/189/2022-23 ( K Smart File No – 2600331-2024 )

| | |
|---|---|
| പ്രൊജക്ട് | 24ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം ( 311/25 ) Price Component No 85470/2022 |
| അടങ്കൽ / ഫണ്ട് | 2000000 ( CFC Own , External Aid ) 1609549 |
| കരാറുകാരന് | ശ്രീ K സിദ്ദീഖ് , Agri - 115/ 22-23 Dt 29.03.2023 ( Agreed PAC 1501086 , 6.74% Below ) |
| മൂല്യ നിർണ്ണയം | 1726397 ( Including GST ) ( 1463048+263349) |
| ചെലവ് | 760000 ( Vr No 24000730/ 22.11.2024 ) |

മേൽ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് ഇനം 27 പ്രകാരം അംഗൻവാടിക്ക് ജനൽ സ്ഥാപിക്കുന്നതിന് DSR ഇനം 9.147.5 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ( വിജാഗിരി ഉപയോഗിച്ച് ഫിറ്റ് ചെയ്യുതും തുറക്കുകയും അടക്കുകയും ചെയ്യാവുന്ന ഷട്ടറുകളോട് കൂടിയ UPVC Casement Window ) പ്രവൃത്തി നടത്തുന്നതിനുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

പ്രവൃത്തി സൈറ്റ് 12.06.2025 ന് നേരിട്ട് പരിശോധിച്ചതിൽ കെട്ടിടത്തിൽ സ്ഥാപിച്ചത് DSR ഇനം 9.147. D3 മാതൃകയിലുള്ള UPVC Casement Window With Two Chanel Sliding Doors ജനലുകൾ ആണ് എന്ന് വ്യക്തമായി എന്നാൽ DSR ഡാറ്റ പ്രകാരമുള്ള GI Reinforced UPVC Chanel ആണോ പ്രവൃത്തിയിൽ ഉപയോഗിച്ചത് എന്ന് പരിശോധിച്ച് ഉറപ്പു വരുത്താനായിട്ടില്ല.

DSR Data 9.147.D3 പ്രകാരമുള്ള പ്രവൃത്തി നടത്തിയതിന് DSR Data 9.147.5 പ്രകാരമുള്ള നിരക്ക് നൽകിയതുമൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി / ചെയ്ത അളവ് | നൽകിയ തുക / നിരക്ക് ( 9.147.5 ) | അർഹമായ തുക / നിരക്ക് ( 9.147D3 ) | അധികം |
|---|---|---|---|
| UPVC Casement Window With Two Chanel Sliding Doors 6.245 $M^2$ | 67068.05 ( 6.245 X 10739.48 * ) * കരാറുകാരൻ ക്വോട്ട് ചെയ്ത തുക. | 47683.39 (6.245 X *(8187.27x93.26%) ) * 9.147D3 പ്രകാരമുള്ള നിരക്കിൽ ടെണ്ടർ വ്യത്യാസം കണക്കാക്കിയ ശേഷമുള്ള തുകയാണ് അനുവദിക്കാവുന്നത്. ) | 22874 ( 67068.05- 47683.39 )+ 18 % GST |

കുറിപ്പ്:- DSR Data 9.147.D3 പ്രകാരമുള്ള GI Reinforced UPVC ചാനലുകൾ ഉപയോഗിച്ച് പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിലുള്ള അധികച്ചെലവിന്റെ വിവരമാണ് മുകളിൽ നൽകിയിട്ടുള്ളത്. പ്രവൃത്തിയിൽ ഉപയോഗിച്ച ചാനലുകളുടെ സാമ്പിളുകൾ പരിശോധനക്ക് ഹാജരാക്കുന്ന മുറക്ക് മാത്രമേ ഇക്കാര്യം ഓഡിറ്റിന് ഉറപ്പു വരുത്താനാവൂ..

പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതിനും എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം നടന്നതായി രേഖപ്പെടുത്തി പണം നൽകിയതിനും കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **( ഓഡിറ്റ് എൻക്വയറി നം 38/2024-25 തീയതി. 13.06.2025)** നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല

പ്രവൃത്തിക്ക് തെറ്റായി അളവ് രേഖപ്പെടുത്തിയതുമൂലം അധികച്ചെലവായ ₹22874 തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതും പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

**5) 28ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം-**

ഫയൽ നം - PW2/D9/190/2022-23

| | |
|---|---|
| പ്രൊജക്ട് | 28ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം ( 312/25 ) Price Component No 58875/2022 |
| അടങ്കൽ / ഫണ്ട് | 2000000 ( Plan Gen CFC , External Aid ) |
| കരാറുകാരന് | ശ്രീ K സിദ്ദീഖ് , Agri - 47/ 22-23 Dt 18.01.2023 ( Agreed PAC 1796896 , 9.624% Above ) |
| മൂല്യ നിർണ്ണയം | 2094608 ( Including GST ) ( 1775092+319516) |
| ചെലവ് | 840,000 ( Bill No 24150547004500598677/29.08.2024) |

മേൽ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് ഇനം 29 പ്രകാരം അംഗൻവാടിക്ക് ജനൽ സ്ഥാപിക്കുന്നതിന് DSR ഇനം 9.147.5 സ്പെസിഫിക്കേഷൻ പ്രകാരമുള്ള ( വിജാഗിരി ഉപയോഗിച്ച് ഫിറ്റ് ചെയ്യുതും തുറക്കുകയും അടക്കുകയും ചെയ്യാവുന്ന ഷട്ടറുകളോട് കൂടിയ UPVC Casement Window ) പ്രവൃത്തി നടത്തുന്നതിനുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

പ്രവൃത്തി സൈറ്റ് 12.06.2025 ന് നേരിട്ട് പരിശോധിച്ചതിൽ കെട്ടിടത്തിൽ സ്ഥാപിച്ചത് DSR ഇനം 9.147. D1 മാതൃകയിലുള്ള UPVC Casement Window With Two Chanel Sliding Doors ജനലുകൾ ആണ് എന്ന് വ്യക്തമായി എന്നാൽ DSR ഡാറ്റ പ്രകാരമുള്ള GI Reinforced UPVC Chanel ആണോ പ്രവൃത്തിയിൽ ഉപയോഗിച്ചത് എന്ന് പരിശോധിച്ച് ഉറപ്പു വരുത്താനായിട്ടില്ല.

DSR Data 9.147.D1 പ്രകാരമുള്ള പ്രവൃത്തി നടത്തിയതിന് DSR Data 9.147.5 പ്രകാരമുള്ള നിരക്ക് നൽകിയതുമൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി / ചെയ്ത അളവ് | നൽകിയ തുക / നിരക്ക് ( 9.147.5 ) | അർഹമായ തുക / നിരക്ക് ( 9.147D1 ) | അധികം |
|---|---|---|---|
| UPVC Casement Window With Two Chanel Sliding Doors 7.034 $M^2$ | 88588.10 ( 7.034 X 12594.27 * ) * കരാറുകാരൻ ക്വോട്ട് ചെയ്ത തുക. | 61281.69 (7.034 X *(7947.36x109.624%) ) * 9.147D1 പ്രകാരമുള്ള നിരക്കിൽ ടെണ്ടർ വ്യത്യാസം കണക്കാക്കിയ ശേഷമുള്ള തുകയാണ് അനുവദിക്കാവുന്നത്. ) | 32222 ( 88588.10-61281.69 )+ 18 % GST |

കുറിപ്പ്:- DSR Data 9.147.D1 പ്രകാരമുള്ള GI Reinforced UPVC ചാനലുകൾ ഉപയോഗിച്ച് പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിലുള്ള അധികച്ചെലവിന്റെ വിവരമാണ് മുകളിൽ നൽകിയിട്ടുള്ളത്. പ്രവൃത്തിയിൽ ഉപയോഗിച്ച ചാനലുകളുടെ സാമ്പിളുകൾ പരിശോധനക്ക് ഹാജരാക്കുന്ന മുറക്ക് മാത്രമേ ഇക്കാര്യം ഓഡിറ്റിന് ഉറപ്പു വരുത്താനാവൂ..

പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കുന്നതിനും എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം നടന്നതായി രേഖപ്പെടുത്തി പണം നൽകിയതിനും കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **( ഓഡിറ്റ് എൻക്വയറി നം 39/2024-25 തീയതി. 13.06.2025)** നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല

പ്രവൃത്തിക്ക് തെറ്റായി അളവ് രേഖപ്പെടുത്തിയതുമൂലം അധികച്ചെലവായ ₹32222 തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതും പ്രവൃത്തിയിൽ ഉപയോഗിച്ച UPVC ചാനലുകളുടെ സാക്ഷ്യപ്പെടുത്തിയ സാമ്പിൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-3 നടപ്പാക്കാത്ത പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തി പണം നൽകി. - ₹ 48430

**അധികച്ചെലവ്.**

ഫയൽ നം - PW2/D9/47/2023-24 ( K Smart File No – 2049620-2024, 1852156-2024 )

| | |
|---|---|
| പ്രൊജക്ട് | ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിൽ ടോയ്ലറ്റ് കോംപ്ലക്സ് സ്ഥാപിക്കൽ ( 320/25) Price Component No 71662/2023 |
| അടങ്കൽ / ഫണ്ട് | 2500000 ( CFC ) |
| കരാറുകാരന് | കോർടെക് കൺസ്ട്രക്ഷൻസ് എൽ.എൽ.പി , Agri -38/ 23-24 Dt 06.11.2023 ( Agreed PAC 2122863 , 4.64% Above ) |
| മൂല്യ നിർണ്ണയം | 2504021 ( Including GST ) ( 2122051+381970) |
| ചെലവ് | 1500000<br>(24150547004501676638/24.03.2025--₹659552, 24150547004501691230/25.03.2025--₹770965, 24150547004501168410/13.01.2025--₹4000, 24150547004501168407/13.01.2025 ₹65483) |

പ്രവൃത്തി സൈറ്റ് 27.05.2025 ന് നഗരസഭാ ഓവർസിയറുടെ സാനിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ **നടപ്പാക്കാത്ത പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തി പണം നൽകിയതായി വ്യക്തമായി**

പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഇനം 1.023, 2.022 എന്നിവ പ്രകാരം DSR ഇനം 9.143 പ്രകാരമുള്ള UPVC Door Frame സ്ഥാപിക്കുന്നതിന് പണം വകയിരുത്തുകയും പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തി പണം നൽകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പ്രവൃത്തിയിൽ 1.024, 2.023 എന്നിവ പ്രകാരമുള്ള Casement Door പ്രവൃത്തിയുടെ ഭാഗമായി Door Frame സ്ഥാപിച്ചതിനാൽ എസ്റ്റിമേറ്റ് ഇനം 1.023, 2.022 എന്നിവ പ്രകാരമുള്ള പ്രവൃത്തി നടത്തിയിട്ടില്ല എന്ന് സ്ഥല പരിശോധനയിൽ വ്യക്തമായി.

നടപ്പാക്കാത്ത ഇനം പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തി പണം നൽകിയത്മൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | നൽകിയ തുക / എം ബുക്ക് പ്രകാരമുള്ള അളവ്, നിരക്ക്<br>( 9.143 ) | അർഹമായ തുക / യഥാർത്ഥത്തിൽ ചെയ്ത അളവ്, നിരക്ക് | അധികം |
|---|---|---|---|
| DSR Data 9.143 - Providing & Fixing Factory Made UPVC Door Frame Etc....<br>( Estimate Item 1.023) | 35234.21<br>( 53.580 X 657.60 * )<br>* കരാറുകാരൻ ക്വോട്ട് ചെയ്ത തുക. | 0<br>( പ്രവൃത്തി നടത്തിയിട്ടില്ല.) | 41576<br>( 35234.21+ 18 % GST ) |
| DSR Data 9.143 - Providing & Fixing Factory Made UPVC Door Frame Etc....<br>( Estimate Item 2.022) | 5808.41<br>( 8.84x 657.06 * )<br>* കരാറുകാരൻ ക്വോട്ട് ചെയ്ത തുക. | 0<br>( പ്രവൃത്തി നടത്തിയിട്ടില്ല.) | 6854<br>( 5808.41+ 18 % GST ) |
| | | **ആകെ അധികം** | **48430** |

നടപ്പാക്കാത്ത പ്രവൃത്തി നടത്തിയതായി തെറ്റായ രേഖപ്പെടുത്തൽ വരുത്തി കരാറുകാരന് അധികം നൽകിയ ₹ 48430 അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ . ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ്

എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

പ്രവൃത്തിയിലെ മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( **40/2024-25 തീയതി. 16.06.2025 ) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.**

## 3-4 മണ്ണ് നീക്കുന്നതിന് തെറ്റായ ഡാറ്റ അനുവദിച്ചു - ₹50539 അധികച്ചെലവ്.

ഫയൽ നമ്പർ : PW-2/D1/12/2023-24 ( Ksmart File No 2490070-2024 )

| | |
|---|---|
| പ്രവൃത്തി | കീഴേടത്ത് റോഡ് നവീകരണം വാർഡ് 4 (SO 316/25) Price ID-97684/2023 |
| ഫണ്ട്, അടങ്കൽ | തനത് ഫണ്ട് , 765,000 |
| കരാറുകാരൻ | ശ്രീ മോഹൻദാസ്. പി ( 81/2023-24 Dt 23.01.2024 ) |
| Agreed PAC ,<br>Site Hand Over<br>Completion Period | 647407 ( 0.008% Below )<br>23.01.2024<br>6 Month |
| മൂല്യ നിർണ്ണയം | 742191 ( 628975+113216 ) |
| ചെലവ് | 742191 ( Vr No 24000695/ 12.11.2024 ) |

അസിസ്റ്റന്റ് എഞ്ചിനിയർ നിർഹണം നടത്തിയ മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 1 പ്രകാരം റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് റോഡിന്റെ ഇരു വശങ്ങളിലുമായി ശരാശരി 0.5 മീറ്റർ വീതിയിൽ 424.5 മീറ്റർ നീളത്തിൽ മണ്ണ് എടുക്കുന്നതിനാണ് വിഭാവനം ചെയ്യുന്നത്. ഈ പ്രവൃത്തി ചെയ്യുന്നതിന് OD 171644/2023-2024 – Earth Work In Surface Excavation Not Exceeding 30 Cm In Depth But Exceeding 1.5 M In Width As Well As 10 Sqm On Plan .................. എന്ന പ്രവൃത്തിക്കുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.

മേൽ പരാമർശിച്ച നിരക്ക് 30 Cm ൽ താഴെ ആഴത്തിലും 1.5 മീറ്ററിൽ അധികം വീതിയിലും ആകെ 10 ചതുരശ്ര മീറ്ററിലധികം വിസ്തൃതിയുള്ള ഭാഗങ്ങളിൽ മണ്ണ് നീക്കുന്നതിന് അനുവദിക്കാവുന്ന നിരക്കാണ് എന്ന് ഇതിൽനിന്ന് വ്യക്തമാണ്.

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ മണ്ണ് നീക്കം ചെയ്യാനുള്ളത് 0.5 മീറ്റർ വീതിയിലാണ് എന്ന് വ്യക്തമാക്കിയതിനാൽ ഈ പ്രവൃത്തിക്ക് മേൽ പരാമർശിച്ച നിരക്ക് അനുവദിക്കാനാവില്ല എന്ന് വ്യക്തമാണ്. കൂടാതെ പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിലും പ്രവൃത്തി നടപ്പാക്കിയത് 1.5 മീറ്ററിൽ കുറവ് വീതിയിലാണ് എന്ന് വ്യക്തമായി.

നഗരസഭയിൽ നടപ്പാക്കിയ മറ്റ് പ്രവൃത്തികളിൽ 1.5 മീറ്ററിൽ കുറവ് വീതിയിൽ മണ്ണ് നീക്കി റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് MORD Data 3.5.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ( Eg പുല്ലുപറമ്പ് എസ്.സി കോളനി നവീകരണം ( 217/25) – 6707/ 2024 ). അതിനാൽത്തന്നെ മേൽ പരാമർശിച്ച പ്രവൃത്തിക്കും MORD Data 3.5.2 പ്രകാരമുള്ള നിരക്കായിരുന്നു നൽകേണ്ടിയിരുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ എസ്റ്റിമേറ്റ് ഇനം 1 പ്രകാരം മണ്ണ് നീക്കിയ സ്ഥലത്ത് എസ്റ്റിമേറ്റ് ഇനം 2 പ്രകാരമുള്ള ക്വാറിമക്ക് ഫില്ലിംഗ് ചെയ്ത് അതിന് മുകളിൽ കോൺക്രീറ്റ് ചെയ്യുകയാണ് ചെയ്തത് എന്ന് വ്യക്തമായി. എസ്റ്റിമേറ്റ് ഇനം 1 പ്രകാരം മണ്ണ് നീക്കിയ അതേ അളവിലാണ് എസ്റ്റിമേറ്റ് ഇനം 2 പ്രകാരം ഫില്ലിംഗ് നടത്തിയത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. എസ്റ്റിമേറ്റ് ഇനം 2 പ്രകാരം 33.281 $M^3$ ഫില്ലിംഗ് ആണ് നടത്തിയത് അതിനാൽത്തന്നെ എസ്റ്റിമേറ്റ് ഇനം 1 പ്രകാരവും ഇതേ അളവിലാണ് മണ്ണ് നീക്കിയത് എന്ന് വ്യക്തമാണ്.

തെറ്റായ ഡാറ്റ അനുവദിച്ച് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയതുമൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| നടപ്പാക്കിയ പ്രവൃത്തി | അനുവദിച്ച നിരക്ക് | അനുവദിക്കാവുന്ന നിരക്ക് | 18% GST ഉൾപ്പെടെ അധികം നൽകിയത്. |
|---|---|---|---|
| 1.5 M ൽ കുറവ് വീതിയിലും 0.3 M ൽ കുറവ് ആഴത്തിലും മണ്ണ് നീക്കൽ - 33.281 $M^3$ | ₹44974.64<br>393.72 $M^2$ @ 114.23 /$M^2$ ( Od 171644/ 2023-2024) @ 114.23 / SQM | 2144.96<br>33.281 $M^3$ @ 64.45 / $M^3$ - MORD Data 3.5.2 പ്രകാരമുള്ള നിരക്ക് | 50539<br>(44974.64-2144.96 )X 118% |

തെറ്റായ ഡാറ്റ അനുവദിച്ച് നൽകിയ പ്രവൃത്തി നടത്തി നഗരസഭക്ക് അധികച്ചെലവ് വരുത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 22/2024-25 തീയതി. 15.05.2025 )നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല

തെറ്റായ ഡാറ്റ അനുവദിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയത് വഴി നഗരസഭക്ക് അധികച്ചെലവായ ₹50539 എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ , സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 3-5 ഫിഷ്മാർക്കറ്റ് നവീകരണം - പൊളിച്ചുമാറ്റിയ സാധനങ്ങളുടെ വില ഒടുക്ക് വരുത്തിയിട്ടില്ല.

ഫയൽ നമ്പർ : PW-1/D3/331/2023-24

| | |
|---|---|
| പ്രവൃത്തി | ഫിഷ്മാർക്കറ്റ് നവീകരണം (SO 337/25) Price ID- 113006/2023 |
| ഫണ്ട്, അടങ്കൽ | CFC , 1000,000 |
| കരാറുകാരൻ | ഹാസ്കോൺ കൺസ്ട്രക്ഷൻ & ഇന്റീരിയേസ് |
| ചെലവ് | 721018 ( PFMS Payment Advice No C112421115761/ 15.11.2024 ) |

മേൽ പ്രവൃത്തിയിൽ പൊളിച്ചുമാറ്റിയ ഉപയോഗ യോഗ്യമല്ലാത്ത സാധനങ്ങൾ അസിസ്റ്റന്റ് എഞ്ചിനിയർ സർവേ നടത്തി താഴെ പരാമർശിക്കും പ്രകാരം വില നിർണ്ണയം നടത്തിയിട്ടുണ്ട്.

| ഇനം | അളവ് | നിർണ്ണയിച്ച വില |
|---|---|---|
| ഫയർവുഡ് | 110 Kg | 770 |
| MS Angle | 681.07 Kg | 14098.14 |
| Asbestos Sheet | 387 $M^2$ | 2480.64 |
| | **TOTAL** | **17349** |

സർവേ റിപ്പോർട്ട് പ്രകാരമുള്ള തുക കരാറുകാരിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കാൻ 30.10.2024 ന് അസിസ്റ്റന്റ് എഞ്ചിനിയർ ഫയലിൽ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക കുറവ് വരുത്താതെയാണ് കരാറുകാരന് ഫൈനൽ ബിൽ നൽകിയിട്ടുള്ളത്.

സർവേ റിപ്പോർട്ട് പ്രകാരമുള്ള തുക കരാറുകാരനിൽ നിന്ന് ഈടാക്കിയ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 29/2024-25 തീയതി. 23.05.2025 ) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തിയിൽ പൊളിച്ചുമാറ്റിയ പഴയ സാധനങ്ങളുടെ വില ₹ **17349 ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന്** ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-6 കുണ്ടനാത്ത് കടവ് പാലം ഫെൻസിംഗ് - അളവ് രേഖപ്പെടുത്തിയതിൽ അപാകത ₹81234 അധികച്ചെലവ്.

ഫയൽ നം - PW1/ 365/2022-23

| | |
|---|---|
| പ്രൊജക്ട് | കുണ്ടനാത്ത് കടവ് പാലം ഫെൻസിംഗ് ( 371/25 ) Price Component |

| | |
|---|---|
| | No 15581/2023 |
| അടങ്കൽ / ഫണ്ട് | 1250000 ( CFC ) |
| കരാറുകാരന് | ശ്രീ P മോഹൻദാസ് , Agri - 11/ 23-24 Dt 04.05.2023 ( Agreed PAC 790366 , 4.07% Below ) |
| മൂല്യ നിർണ്ണയം | 932630 ( Including GST ) ( 790364+142266) |
| ചെലവ് | 932630 ( 899433+33197 ) PFMS Che No C092403656535 Dt 23.12.2024 ) |

പ്രവൃത്തി സൈറ്റ് 12.06.2025 ന് നഗരസഭ ഓവർസിയറുടെ സാനിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ പ്രവൃത്തി നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) ഫെൻസിംഗ് അളവ് രേഖപ്പെടുത്തിയതിലെ അപാകത ₹ 37368 അധികച്ചെലവ്.**

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 1 പ്രകാരം പാലത്തിന്റെ ഓരോ വശങ്ങളിലും 73.33 മീറ്റർ വീതം നീളത്തിലും വിവിധ സ്ട്രെച്ചുകളിലായി 2.6, 3 മീറ്റർ വീതം ഉയരത്തിലും ഫെൻസിംഗ് നടത്തിയതായി രേഖപ്പെടുത്തി ആകെ 435.596 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഫെൻസിംഗ് നടത്തിയതിന് പണം അനുവദിച്ച് നൽകിയിട്ടുണ്ട്.

എന്നാൽ ഓഡിറ്റിന്റെ ഭാഗമായി 12.06.2025 ന് നഗരസഭ എഞ്ചിനിയറിംഗ് വിഭാഗം ഓവർസിയറുടെ സാനിദ്ധ്യത്തിൽ പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചതിൽ പാലത്തിന്റെ ഓരോ വശങ്ങളിലും 67.4 മീറ്റർ വീതം നീളത്തിലാണ് ഫെൻസിംഗ് നടത്തിയത് എന്ന് വ്യക്തമായി.
എം ബുക്കിൽ അധികമായി രേഖപ്പെടുത്തിയ അളവുകൾ ഏതെല്ലാം സ്ട്രെച്ചുകളിലേതാണ് എന്ന് വ്യക്തമാകാത്തതിനാൽ ഒരുമീറ്റർ നീളത്തിന് എം ബുക്ക് പ്രകാരം അനുവദിച്ച ശരാശരി ഫെൻസിംഗ് വിസ്തൃതി കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ പ്രവൃത്തി നടത്തിയ 134.8 മീറ്ററിന് അനുദിക്കാവുന്ന ഫെൻസിംഗ് വിസ്തൃതി 400.37 ച.മീ ആണ് എന്നാണ് ഓഡിറ്റിന് വ്യക്തമായത്.( 435.596/146.66x 134.8 )

ഫെൻസിംഗ് നടത്തിയ ഏരിയ തെറ്റായി കണക്കാക്കി ബിൽതയ്യാറാക്കി പണം നൽകിയത്മൂലമുള്ള നഷ്ടത്തിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | നൽകിയ തുക / എം ബുക്ക് പ്രകാരമുള്ള അളവ്, നിരക്ക് ( 9.143 ) | അർഹമായ തുക / യഥാർത്ഥത്തിൽ ചെയ്ത അളവ്, നിരക്ക് | അധികം |
|---|---|---|---|
| DSR Data 16.70.1 - Providing & Fixing GI Chain Linked Fabric Fensing ( Estimate Item 1.001) | 391600.80 ( 435.596 X 899 * ) * കരാറുകാരൻ ക്വോട്ട് ചെയ്ത തുക. | 359932.63 ( 400.37 X 899 * ) * കരാറുകാരൻ ക്വോട്ട് ചെയ്ത തുക. ) | 37368 ( 391600.8-359932.63)+ 18 % GST ) |

ഓരോ വശങ്ങളിലും 67.4 മീറ്റർ വീതം നീളത്തിൽ ഫെൻസിംഗ് നടത്തിയ പാലത്തിന് ഓരോ വശങ്ങളിലും 73.33 മീറ്റർ വീതം ഫെൻസിംഗ് നീളം അനുവദിച്ച് നൽകിയത് വഴി നഗരസഭക്ക് ₹37368 അധികച്ചെലവുണ്ടായി. ഈ തുക തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

**2) ഫ്രെയിം നിർമ്മിച്ച പൈപ്പിന്റെ ഭാരം കണക്കാക്കിയതിലെ അപാകത ₹ 43866 അധികച്ചെലവ്.**

ഓഡിറ്റിന്റെ ഭാഗമായി 12.06.2025 ന് നഗരസഭ എഞ്ചിനിയറിംഗ് വിഭാഗം ഓവർസിയറുടെ സാനിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രവൃത്തിയിൽ GI വയർമെഷ് ഫിക്സ് ചെയ്യുന്നതിനുള്ള ഫ്രെയിം നിർമ്മിച്ചത് 50x25x1.4 Mm അളവിലുള്ള ഇരുമ്പ് പൈപ്പ് ഉപയോഗിച്ചാണ് എന്ന് വ്യക്തമായി. ( പൈപ്പിൽ കനം

രേഖപ്പെടുത്തിയിട്ടുണ്ട്. ).

പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ എം ബുക്കിൽ ഫ്രെയിം നിർമ്മാണത്തിന് ഉപയോഗിച്ച സാമഗ്രിയുടെ സ്പെസിഫിക്കേഷൻ വ്യക്തമായി രേഖപ്പെടുത്താതെ നീളം, ഭാരം എന്നിവ മാത്രമാണ് രേഖപ്പെടുത്തിയത്. എം ബുക്ക് പ്രകാരം ഒരു മീറ്റർ 50x25 Mm Pipe ന് 1.976 Kg ഭാരം കണക്കാക്കിയാണ് അളവ് രേഖപ്പെടുത്തിയത്.

ശാസ്ത്രീയമായി കണക്കാക്കുമ്പോൾ 50x25x1.4 Mm അളവിലുള്ള ഒരു മീറ്റർ ഇരുമ്പ് പൈപ്പിന്റെ ഭാരം 1.59 Kg ആണ് ഉണ്ടാകേണ്ടത്.

പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ ആകെ ഉപയോഗിച്ച 50x25 Mm പൈപ്പിന്റെ നീളം 798.041 മീറ്റർ ആണ് എന്ന് വ്യക്തമായി. ഇതനുസരിച്ച് പ്രവൃത്തിയിൽ ഉപയോഗിച്ച 50x25x1.4 Mm ഇരുമ്പ് പൈപ്പിന്റെ ഭാരം യഥാർത്ഥത്തിൽ 1268.89 Kg ( 798.041 X 1.59 ) ആണ് .

പ്രവൃത്തിയിൽ ഉപയോഗിച്ച പൈപ്പിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെ ഉയർന്ന ഭാരം കണക്കാക്കി അളവ് രേഖപ്പെടുത്തിയതുമൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി | നൽകിയ തുക / എം ബുക്ക് പ്രകാരമുള്ള അളവ്, നിരക്ക് ( 9.143 ) | അർഹമായ തുക / യഥാർത്ഥത്തിൽ ചെയ്ത അളവ്, നിരക്ക് | അധികം |
|---|---|---|---|
| DSR Data 10.25.2 - Grating Frames ( Estimate Item 1.002) | 311055 ( 2073.70 Kg X 150 * ) * കരാറുകാരൻ ക്വോട്ട് ചെയ്ത തുക. ( Iron Pipe Weight -1576.929+ Angle & Flat Weight -556.979 Kg) | 273880.5 ( 1825.87x 150 ) ( Iron Pipe Weight -1268.89+ Angle & Flat Weight -556.979 Kg) | 43866 ( 311055-273880.5)+ 18 % GST ) |

പൈപ്പിന്റെ ഭാരം തെറ്റായി കണക്കാക്കി അളവ് രേഖപ്പെടുത്തിയത് വഴി ഉണ്ടായ നഷ്ടം ₹ 43866 തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ , ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( **42/2024-25 തീയതി. 17.06.2025 ) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.**

## 3-7 മേസനറി പ്രവൃത്തി അധിക നിരക്ക് അനുവദിച്ച് നൽകി -₹ 16211 അധികച്ചെലവ്

കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ മേസനറി പ്രവൃത്തികൾക്കുള്ള നിരക്ക് അനുവദിക്കുമ്പോൾ താഴത്തെ നിലയിലും ഒന്നാം നിലയിലുമായി നടത്തുന്ന പ്രവൃത്തികൾക്ക് പ്രത്യേക നിരക്കും അതിന് മുകളിലുള്ള പ്രവൃത്തികൾക്ക് പ്രത്യേക നിരക്കും DSR പ്രകാരം അനുവദിക്കപ്പെട്ടിട്ടുണ്ട്.

2024-25 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ വാഗൺ ട്രാജഡി സ്മാരക ചരിത്ര കാർഷിക മ്യൂസിയം ( 322 / 25 ) കെട്ടിട നിർമ്മാണ പ്രവൃത്തിയിൽ താഴത്തെ നിലയിലും ഒന്നാം നിലയിലുമായി നടത്തിയ മേസനറി പ്രവൃത്തികൾക്ക് രണ്ടാം നിലക്ക് മുകളിൽ അഞ്ചാം നിലവരെയുള്ള മേസനറി പ്രവൃത്തിയുടെ നിരക്ക് അനുവദിച്ചത് വഴി നഗരസഭാ ഫണ്ടിന് അധികച്ചെലവുണ്ടായതായി പരിശോധനയിൽ വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.
ഫയൽ നം - PW2/D9/52/2023-24 ( K Smart File No – )

| | |
|---|---|
| പ്രൊജക്റ്റ് | വാഗൺ ട്രാജഡി സ്മാരക ചരിത്ര കാർഷിക മ്യൂസിയം ( 322 / 25 ) Price ID- 15044/2024 |
| അടങ്കൽ / | 2500000 ( Plan Gen & Own Fund ) |

| | |
|---|---|
| ഫണ്ട് | |
| കരാറുകാരന് | ശ്രീ മുഹമ്മദ് സിറാജ് കെ.കെ<br>Agri 03/ 24-25 Dt 14.06.2024 ( Agreed PAC 1778234 , 9.67% Below ) |
| മൂല്യ നിർണ്ണയം | 2071584 ( IInd & Final Bil ) ( 1755579+316005 ) |
| ചെലവ് | 500,000 ( 24150547004501633672/ 22.03.2025 ) |

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി 2024-25 ൽ നടപ്പാക്കിയ മേൽ പ്രവൃത്തിയിൽ ഒന്നാമത്തെ നിലയിൽ നടത്തിയ മേസനറി പ്രവൃത്തിക്ക് രണ്ടാം നിലക്ക് മുകളിൽ അഞ്ചാം നിലവരെയുള്ള പ്രവൃത്തിയുടെ നിരക്കാണ് ( 50.6.1.6 Solid Block Masonry Using Pre Cast Solid Blocks (Factory Made) Of Size 30x20x20cm Or Nearest Available Size Confirming To IS 2185 Part I Of 1979 For Super Structure Above Floor Two Level Upto Floor Five Level Thickness 20cm And Above In : CM 1:6 ( 1 Cement : 6 Coarse Sand Sand) Etc Complete ) അനുവദിച്ച് നൽകിയത് ( Estmate Item No 10) .

ഈ പ്രവൃത്തിക്ക് രണ്ടാം നിലവരെയുള്ള മേസനറി പ്രവൃത്തിയുടെ നിരക്കാണ് ( 50.6.1.5 Solid Block Masonry Using Pre Cast Solid Blocks ( Factory Made) Of Size 30x20x20cm Or Nearest Available Size Confirming To IS 2185 Part I Of 1979 For Super Structure Up To Floor Two Level Thickness 20cm And Above In: CM 1:6 ( 1 Cement : 6 Coarse Sand) Etc Complete ) അനുവദിച്ച് നൽകാവുന്നത്.

തെറ്റായ നിരക്ക് അനുവദിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അളവ് രേഖപ്പെടുത്തി അതനുസരിച്ച് ബില്ല് തയ്യാറാക്കിയത് വഴിയുണ്ടായ അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി / ചെയ്ത അളവ് | നൽകിയ തുക / നിരക്ക്<br>( 50.6.1.6 ) | അർഹമായ തുക / നിരക്ക്<br>( 50.6.1.5 ) | അധികം |
|---|---|---|---|
| Solid Block Masonry Using Pre-Cast Solid Blocks 30x20x20<br>15.22 $M^3$ | 105373.84<br>( 15.22x6923.38* )<br>* കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് ) | 91636.12<br>(15.22x6020.77 - 50.6.1.5 പ്രകാരമുള്ള നിരക്കിൽ ( 6665.30 ) നിന്ന് 9.67% ടെണ്ടർ കുറവ് വരുത്തിയ ശേഷമുള്ള തുകയാണ് അനുവദിക്കാവുന്നത്. ) | 16211<br>( 105373.84-91636.12)+ 18 % GST |

ഒന്നാം നിലയിലെ മേസനറി പ്രവൃത്തിക്ക് രണ്ടാംനിലക്ക് മുകളിലുള്ള മേസനറി പ്രവൃത്തിയുടെ നിരക്ക് അനുവദിച്ച് നൽകിയത് വഴി നഗരസഭക്ക് അധികച്ചെലവായ ₹16211 എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ , സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( **58 /2024-25 തീയതി. 25.06.2025)** മറുപടി ലഭ്യമാക്കിയിട്ടില്ല.

### 3-8 നഗരസഭാ ഓഫീസ് ബിൽഡിംഗ് നവീകരണം- എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്തിയില്ല ₹ 30064അധികച്ചെലവ്

ഫയൽ നം - PW2/D9/205/2022-23 ( K Smart File No – 58192-2025 )

| | |
|---|---|
| പ്രൊജക്ട് | നഗരസഭാ ഓഫീസ് ബിൽഡിംഗ് നവീകരണം ( 313/25 )<br>Price Comp No – 87214/ 2022 |
| അടങ്കൽ / ഫണ്ട് | 1500000 ( തനത് ഫണ്ട് ) |
| കരാറുകാരന് | ശ്രീ കെ സിദ്ദീഖ്<br>Agri 82/ 22-23 Dt 10.02.2023 ( Agreed PAC 1121768 , 6.42% Above ) |
| മൂല്യ നിർണ്ണയം | 1302368 ( Final Bil ) ( 1103702+198666 ) |

| | |
|---|---|
| ചെലവ് | ₹1302368<br>1) ₹244209 ( Vr No 22301581/ 20.03.2024)<br>2) ₹1058159 (Vr No 24000957/ 17.01.2025) |

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി 2023-24, 2024-25 ൽ നടപ്പാക്കിയ മേൽ പ്രവൃത്തി ഫയൽ പരിശോധിച്ചതിലും പ്രവൃത്തി സ്ഥലം 26.06.2025 ന് നഗരസഭാ ഓവർസിയറുടെ സാനിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചതിലും പ്രവൃത്തി നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

**1) എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്തിയില്ല ₹ 30064അധികച്ചെലവ്**

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 1.003 പ്രകാരം DSR Data 12.53 പ്രകാരമുള്ള Calcium Silicate False Ceiing പ്രവൃത്തി നടത്തുന്നതിന് പണം വകയിരുത്തുകയും പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തി ബിൽ നൽകുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 26.06.2025 ന് നടത്തിയ സ്ഥല പരിശോധനയിൽ Calcium Silicate False Ceiling പ്രവൃത്തിക്ക് പകരമായി സീലിംഗ് പ്രവൃത്തി നടത്തിയത് Perforated Gypusm Plaster Board ഉപയോഗിച്ചാണ് എന്ന് വ്യക്തമായി.

Perforated Gypusm Plaster Board ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് DSR Data 12.45.4 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകാവുന്നത്.

DSR Data 12.45.4 പ്രകാരം നടത്തിയ പ്രവൃത്തിക്ക് DSR Data 12.53 ന്റെ നിരക്ക് അനുവദിച്ച് നൽകിയതുമൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി / ചെയ്ത അളവ് | നൽകിയ തുക / നിരക്ക്<br>( 12.53) | അർഹമായ തുക / നിരക്ക്<br>( 12.45.4) | അധികം |
|---|---|---|---|
| Celing Work Using Perforated Gypsum Plaster Board<br>90.480 $M^2$ | 193800.02<br>( 90.48 X 2141.91 * )<br>* കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് ) സി | 168322.66<br>(90.48 X 1860.33 - 12.45.4 പ്രകാരമുള്ള നിരക്കിൽ ( 1748.10 ) 6.42%% ടെണ്ടർ വർദ്ധനവ് വരുത്തിയ ശേഷമുള്ള തുകയാണ് അനുവദിക്കാവുന്നത്. ) | 30064<br>( 193800.02-168322.33)+ 18 % GST |

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി നടത്താതെ ഗുണനിലവാരവും നിരക്കും കുറഞ്ഞ പ്രവൃത്തി നടത്തിയതിനും, എം ബുക്കിൽ തെറ്റായ രേഖപ്പെടുത്തൽ നടത്തി അനർഹമായി കരാറുകാരന് പണം അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതും, എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തിക്ക് അധികമായി നൽകിയ തുക ₹ 30064 അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതുമാണ്.

**3-9 GLPS അന്നാര നവീകരണം -പൊളിച്ചുമാറ്റിയ 433.382 Kg സ്റ്റീൽ നഷ്ടപ്പെട്ടു.**

ഫയൽ നമ്പർ : PW-2/D8/278/2022-23

| | |
|---|---|
| പ്രവൃത്തി | GLPS അന്നാര നവീകരണം (SO 170/25) Price ID- 78813/2022 |
| ഫണ്ട്, അടങ്കൽ | MG (NR ) , 600,000 |
| കരാറുകാരൻ | ഹാസ്കോൺ കൺസ്ട്രക്ഷൻ & ഇന്റീരിയേസ് |
| ചെലവ് | 5,49,295 (ബില്ല് നമ്പർ : 24150547004500959581 തീ.27-11-2024 ) |

GLPS അന്നാര നവീകരണം പ്രവൃത്തിയുടെ എം.ബുക് പരിശോധിച്ചതിൽ 555.84 കിലോ ഗ്രാം പഴയ ഇരുമ്പ് പൈപ്പുകൾ പൊളിച്ചു മാറ്റിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം | പ്രവൃത്തി ഇനം | ഇനം | അളവ് |
|---|---|---|---|
| 3 | DSR Data 15.19 | Dismantling Of Steel Work | 228.96 Kg |

| | | | |
|---|---|---|---|
| 4 | DSR Data 15.17.1 | Dismantling Old Roof Members (Rafter & Purlin ) | 326.88 Kg |
| | | **ആകെ** | **555.84 Kg** |

എം ബുക്ക് പ്രകാരം പ്രവൃത്തിയിൽ ഉപയോഗിച്ച പഴയ ഇരുമ്പ് പൈപ്പുകളുടെ വിവരം താഴെ നൽകുന്നു.

| ക്ര.നം | പ്രവൃത്തി ഇനം | ഇനം | അളവ് |
|---|---|---|---|
| 19 | OD 407024/ 2022-2023 | Fixing Dep Tubular Tresses | 35.628 Kg |
| 24 | OD 407088/ 2022-2023 | Providing Departmental Purlin | 54.72 Kg |
| | | **ആകെ** | **90.348 Kg** |

കൂടാതെ, 32.11 കിലോ സ്റ്റീൽ പൈപ്പ് ആക്രി വിലയ്ക്ക്(27/Kg ) വില്പന നടത്തുകയും ആയതിന്റെ തുക 866.97 രൂപ (32.11x27) കരാറുകാരൻ 01-07-2024 ന് R-M100400-24007364 നഗരസഭയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

ആകെ 555.84 കിലോഗ്രാം സ്റ്റീൽ പൈപ്പ് പൊളിച്ചുമാറ്റിയെങ്കിലും 122.458 കിലോഗ്രാം ( 90.348+ 32.11 ) മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. അവശേഷിക്കുന്ന 433.382 കിലോഗ്രാം ഉപയോഗിച്ചതായോ, വില്പന നടത്തിയതിന്റെയോ വിവരം ലഭ്യമല്ല.

**433.382 Kg സ്റ്റീൽ സൈറ്റിൽ നിന്ന് നഷ്ടപ്പെട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന്റെ വിലയിനത്തിൽ ഏറ്റവും ചുരുങ്ങിയത് 11701 രൂപ (433.382×27) നഗരസഭക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്.**

**പ്രവൃത്തിയിൽ ഉപയോഗിക്കാത്ത പഴയ സ്റ്റീൽ നഷ്ടപ്പെട്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്** 19/2024-25 തീയതി. 09.05.2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

സൈറ്റിൽ നിന്ന് പൊളിച്ചുമാറ്റിയ സ്റ്റീലിന്റെ വില 11701 രൂപ പ്രവൃത്തി നടത്തിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്ക് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് അവലോകനം

തിരൂർ നഗരസഭയിലെ ജീവനക്കാരുടെ **മെഡിസെപ്** പ്രീമിയവുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

**1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ (2024-25) ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക. | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക. | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക. | റിമാർക്സ്. |
|---|---|---|---|---|
| 58 | 348000 | 348000 | 0 | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

**2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

ഇല്ല

**3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

ഇല്ല

**4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

ഇല്ല

**5) മെഡിസെപ് പ്രീമിയം ഒടുക്ക് (നഗരസഭയിലെ റഗുലർ പെൻഷൻ ഗുണഭോക്താക്കൾ).**

| ഓഡിറ്റ് വർഷത്തിലെ റഗുലർ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം. | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക. | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക. | റിമാർക്സ്. |
|---|---|---|---|---|
| 52 | 312000 | 312000 | 0 | - |

**6) മെഡിസെപ് പ്രീമിയം ഒടുക്ക് (നഗരസഭയിലെ കണ്ടിജന്റ് പെൻഷൻ ഗുണഭോക്താക്കൾ).**

| ഓഡിറ്റ് വർഷത്തിലെ കണ്ടിജന്റ് പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം. | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക. | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക. | റിമാർക്സ്. |
|---|---|---|---|---|
| 59 | 354000 | 354000 | 0 | - |

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | ഓഡിറ്റ് സർട്ടിഫിക്കേഷൻ - പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രിക പരിശോധിച്ചിട്ടുള്ളത്. ഓഡിറ്റ് സാക്ഷ്യപത്രം ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. | | |

## 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി (KWA/ KSEB /GWD) | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (55/24-25) | 241550500000028537/12.03.2025 | 141542 | 0 | 141542 |
| കെ എസ് ഇ ബി | വാർഡ് 17 സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ | 544878- 24/02/2025 | 95176 | 0 | 95176 |
| കെ എസ് ഇ ബി | വാർഡ് .37 അച്ചുട്ടി റോഡിന്റെ ആരംഭം മുതൽ ആലി മാസ്റ്റർ റോഡ് വരെ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 539613 - 21/01/2025 | 40108 | 0 | 40108 |
| കെ എസ് ഇ ബി | വാർഡ് 11 അറക്കൽ കാക്കടവ് റോഡിലെ അപകടാവസ്ഥയിലുള്ള ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിച്ചത് | 544927/17.03.2025 | 303503 | 0 | 303503 |

| | | | | | |
|---|---|---|---|---|---|
| കെ എസ് ഇ ബി | വാർഡ് 8 ലെ ചെമ്പ്ര ജുമാമസ്ജിദ് - പൈങ്ങോട്ട്പാടം റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിച്ചത് | 544923/14.03.2025 | 33918 | 0 | 33918 |

## 4-6 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ, പി.എം.എ.വൈ/ ലൈഫ് മിഷൻ | | വായ്പ ഇല്ല | 2,71,33,331 | 2325763 | - | 24807568 |

## 4-7 സ്ഥിര നിക്ഷേപം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6184406 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6184406 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| നിക്ഷേപത്തിന്റെ വിവരം | വാർഷിക കണക്ക് പ്രകാരം |
|---|---|
| കേരള മർമ്മ ആയുർവേദിക കോ-ഓപ് ഫാർമസി | 100 |
| കെ.യു.ആർ.ഡി.എഫ്.സി | 35000 |
| എം.ഡി.സി. സ്പിന്നിംഗ് മിൽ | 5000 |
| ഗവ. പ്രസ്സ്, തിരുവനന്തപുരം | 500 |
| ആർട്ടിസാൻ കോർപ്പറേഷൻ | 10000 |
| എം.ഡി.സി. ഹോസ്പിറ്റൽ | 5000 |
| ഫിക്സഡ് ഡെപ്പോസിറ്റ് | 2128806 |
| ഇക്യുറ്റി ഷെയർ | 4000000 |
| ആകെ | 6184406 |

കുറിപ്പ് : ഭൗതിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഖ 1-17 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-8 ഓഡിറ്റ് റിക്കവറി

RP-9 ഷെഡ്യൂളിൽ Recovery From Employees 622 രൂപയുണ്ട്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|---|---|
| 2000-2001 | 61 | 2004-2005 | 4- II-9-1 | കാർഷിക യന്ത്രവൽക്കരണം-ട്രാക്ടർ ദുരുപയോഗം ചെയ്തു. |
| 2001-2002 | 3(61) | 2006-2007 | 4.23.3 | നിർമ്മാണ പ്രവൃത്തികളുടെ ഫയലുകൾ ലഭ്യമാക്കാത്തത് |
| 2001-2002 | 3(61) | 2006-2007 | 4.23.3 | തെക്കുംമുറി ജി.എൽ.പി.എസ് കെട്ടിട നിർമ്മാണം |
| 2001-2002 | 3(61) | 2006-2007 | 4.23.3 | താലൂക്ക് ആശുപത്രി കെട്ടിടം അറ്റകുറ്റപ്പണി-മൊബിലൈസേഷൻ അഡ്വാൻസ് |
| 2004-2005 | 3.24 | 2007-2008 | 4.10.1 | ജൈവവള നിർമ്മാണ യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടില്ല. |
| - | പ്രവർത്തനാവലോകന റിപ്പോർട്ട് | 2011-12 | 3.3.6 | ശിശു ക്ഷേമ പദ്ധതികളും അംഗനവാടികളും |
| 2010-11 | പ്രവർത്തനാവലോകന റിപ്പോർട്ട് | 2011-12 | 3.1.9 | കേരകൃഷി |
| - | പ്രവർത്തനാവലോകന റിപ്പോർട്ട് | 2011-12 | 3.1.12 | കാർഷിക പദ്ധതികളും കൃഷി ഭവനും - സ്തംഭനത്തിലായ ജലസേചന പ്രവൃത്തികൾ |
| 2010-11 | 3.20 | 2012-2013 | 4.6.3 | കൂത്തുപറമ്പ് ഗ്യാസ് ക്രിമറ്റോറിയം-18.94 ലക്ഷം പാഴായി |
| - | മുന്നറിയിപ്പില്ലാതെ നടത്തിയ പരിശോധന | 2013-2014 | 3.13 | പെൻഷൻ വിതരണത്തിനായുള്ള തുക അനധികൃതമായി കൈവശം സൂക്ഷിച്ച സെക്ഷൻ ക്ലാർക്കിന് സസ്പെൻഷൻ |
| -- | പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ | 2013-2014 | 5.3.5-3.6 | വനിത വ്യവസായ കേന്ദ്രം |

| | | | | |
|---|---|---|---|---|
| | | | | നിഷ്ക്രിയമായിരിക്കുന്നത് |
| -- | പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ | 2013-2014 | 5.3.5-5.10 | മൈക്രോ സംരംഭകർക്ക് സഹായം ലഭ്യമാക്കാത്തത് |
| 2011-12 | പ്രത്യേക ഓഡിറ്റ് പരിശോധനാ റിപ്പോർട്ട് | 2014-2015 | അദ്ധ്യായം-2 | നഗരസഭകളുടെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി തുടർ നടപടികളില്ല. |
| 2014-15 | ,, | 2015-2016 | 4.2.4 | വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കൽ |

## 4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 275755983 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 247214426 |
| വരവിനങ്ങളിലെ നഷ്ടം | 1266753 |
| ചെലവിനങ്ങളിലെ നഷ്ടം | 428446 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21692743 |

**ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 624377 | | ശ്രീമതി. സിനി ടി എൻ, സെക്രട്ടറി, തിരൂർ നഗരസഭ |
| | 624376 | | ശ്രീ.അരുൺകുമാർ വി സി,റവന്യൂ ഓഫീസർ |
| 2-2 | 9000 | | ശ്രീമതി. സിനി ടി എൻ, സെക്രട്ടറി |
| | 9000 | | ശ്രീ.അരുൺകുമാർ വി സി,റവന്യൂ ഓഫീസർ |
| 3-1 | | 37160 | ഡോ. അനിൽകുമാർ ,സീനിയർ വെറ്റിനറി സർജൻ |
| 3-2-1 | | 13265 | ശ്രീമതി. റിജ. പി.ടി ,അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 13264 | ശ്രീമതി. ധന്യ. ടി.വി ,മുനിസിപ്പൽ എഞ്ചിനീയർ |
| 3-2-2 | | 14481 | ശ്രീമതി. റിജ. പി.ടി ,അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | 14481 | ശ്രീമതി. ധന്യ. ടി.വി ,മുനിസിപ്പൽ എഞ്ചിനീയർ |
| 3-2-3 | | 12586 | ശ്രീമതി. റിജ. പി.ടി ,അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 12585 | ശ്രീമതി. ധന്യ. ടി.വി ,മുനിസിപ്പൽ എഞ്ചിനീയർ |
| 3-2-4 | | 11437 | ശ്രീമതി. റിജ. പി.ടി ,അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 11437 | ശ്രീമതി. ധന്യ. ടി.വി ,മുനിസിപ്പൽ എഞ്ചിനീയർ |
| 3-2-5 | | 16111 | ശ്രീമതി. റിജ. പി.ടി ,അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 16111 | ശ്രീമതി. ധന്യ. ടി.വി ,മുനിസിപ്പൽ എഞ്ചിനീയർ |
| 3-3 | | 24215 | ശ്രീമതി. ധന്യ. ടി.വി ,മുനിസിപ്പൽ എഞ്ചിനീയർ |
| | | 24215 | ശ്രീമതി. റിജ. പി.ടി ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 25269 | ശ്രീമതി. ധന്യ. ടി.വി ,മുനിസിപ്പൽ എഞ്ചിനീയർ |
| | | 25270 | ശ്രീമതി. റിജ. പി.ടി ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 17349 | ശ്രീമതി. റിജ. പി.ടി ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6-1 | | 18684 | ശ്രീമതി. ധന്യ. ടി.വി ,മുനിസിപ്പൽ എഞ്ചിനീയർ |
| | | 18684 | ശ്രീമതി. റിജ. പി.ടി ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6-2 | | 21933 | ശ്രീമതി. ധന്യ. ടി.വി ,മുനിസിപ്പൽ എഞ്ചിനീയർ |
| | | 21933 | ശ്രീമതി. റിജ. പി.ടി ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 8105 | ശ്രീമതി. ധന്യ. ടി.വി ,മുനിസിപ്പൽ എഞ്ചിനീയർ |
| | | 8106 | ശ്രീമതി. റിജ. പി.ടി ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | | 15032 | ശ്രീമതി. ധന്യ. ടി.വി ,മുനിസിപ്പൽ എഞ്ചിനീയർ |
| | | 15032 | ശ്രീമതി. റിജ. പി.ടി ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | | 11701 | ശ്രീമതി. റിജ. പി.ടി ,അസിസ്റ്റന്റ് എഞ്ചിനീയർ |
| | 1266753 | 428446 | |

**സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-67 | 200000 | ശ്രീമതി. സിനി ടി എൻ, സെക്രട്ടറി |
| 1-69 | 1000000 | ശ്രീമതി. സിനി ടി എൻ, സെക്രട്ടറി |
| 1-71-1 | 523411 | ശ്രീമതി. സിനി ടി എൻ, സെക്രട്ടറി |
| 1-71-2 | 686980 | ശ്രീമതി. സിനി ടി എൻ, സെക്രട്ടറി |
| 1-71-3 | 485375 | ശ്രീമതി. സിനി ടി എൻ, സെക്രട്ടറി |
| 1-71-4 | 454370 | ശ്രീമതി. സിനി ടി എൻ, സെക്രട്ടറി |
| 1-72 | 20000 | ശ്രീമതി. സിനി ടി എൻ, സെക്രട്ടറി |
| 1-74 | 40000 | സിനിൽ എസ് കെ, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-75 | 7932846 | ശ്രീമതി. സിനി ടി എൻ, സെക്രട്ടറി |
| 1-76 | 789089 | ശ്രീമതി. സിനി ടി എൻ, സെക്രട്ടറി |
| 1-77 | 80000 | സജിതാകുമാരി, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-78 | 1176017 | റിജ പി ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-82 | 252200 | ഡോ. സെൽവരാജ്.കെ.ആർ, മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി |
| 1-84-3 | 544500 | ശ്രീമതി.ഷൈജ.പി, ബഡ്സ് സ്കൂൾ മേധാവി |
| 1-87 | 225000 | റഷീദുദ്ദീൻ, പ്രൊജക്ട് ഓഫീസർ |
| 1-88 | 50000 | റഷീദുദ്ദീൻ,പ്രൊജക്ട് ഓഫീസർ |
| 1-89 | 84000 | റഷീദുദ്ദീൻ, പ്രൊജക്ട് ഓഫീസർ |
| 1-92 | 1908566 | ബാബു ഇ, ഹെൽത്ത് സൂപ്പർവൈസർ |
| 1-93 | 198488 | ജീവരാജ് ഇ കെ,ഹെൽത്ത് സൂപ്പർവൈസർ |
| 1-94 | 139895 | ബാബു ഇ,ഹെൽത്ത് സൂപ്പർവൈസർ |
| 1-95 | 700000 | ജീവരാജ് ഇ കെ,ഹെൽത്ത് സൂപ്പർവൈസർ |
| 1-97-2 | 948520 | ശ്രീമതി. റിജ. പി.ടി,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-100 | 483958 | ശ്രീമതി. ധന്യ. ടി.വി ,മുനിസിപ്പൽ എഞ്ചിനീയർ |
| 1-102 | 2769528 | ശ്രീമതി. റിജ. പി.ടി,അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 21692743 | |

**ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം**

ഇല്ല

**ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. അനിൽകുമാർ | സീനിയർ വെറ്റിനറി സർജൻ, | ചേരിയിൽ (ഹൗസ്), |

| | | |
|---|---|---|
| ,സീനിയർ വെറ്റിനറി സർജൻ | തിരൂർ നഗരസഭ | ഈശ്വരമംഗലം(പി ഒ)-679573<br>പൊന്നാനി |
| ശ്രീമതി. ധന്യ. ടി.വി ,മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ,<br>തിരൂർ നഗരസഭ | താളിക്കൽ(ഹൗസ്)<br>വരന്തരപ്പള്ളി(പി ഒ)<br>തൃശ്ശൂർ -680303 |
| ശ്രീമതി. റിജ. പി.ടി ,അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>തിരൂർ നഗരസഭ | പുലിപറമ്പിൽ (ഹൗസ്)<br>എലിഞ്ഞുരുത്ത് (പി ഒ)- 680611<br>തൃശ്ശൂർ |
| ശ്രീ.അരുൺകുമാർ വി സി, റവന്യൂ ഓഫീസർ | റവന്യൂ ഓഫീസർ<br>തിരൂർ നഗരസഭ | കാവ്യം<br>കൊരട്ടിക്കര പി ഒ<br>തൃശ്ശൂർ-680543 |
| ശ്രീമതി.സിനി ടി എൻ, സെക്രട്ടറി | സെക്രട്ടറി,<br>തിരൂർ നഗരസഭ | ന്യൂ ഡെയിൽ ഹൗസ്, വേങ്ങ പി.ഒ, ശാസ്താംകോട്ട, മൈനാഗപ്പള്ളി, കൊല്ലം – 690521 |

## 4–12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | എൽഎഫ്.എം4/343/2003/<br>തിയ്യതി 13-08-2004 | 30 |
| 2001-2002 | എൽഎഫ്.എം18/1121/2009<br>തീയതി 18-07-2009/12-08-2009 | 76 |
| 2002-2003 (വരവ്) | എൽഎഫ്.എം14/1313/2006<br>തീയതി 13-11-2003 | 20 |
| 2002-2003 (ചെലവ്) | എൽഎഫ്.എം4/1343/2005<br>തീയതി 02-03-2007 | 27 |
| 2003-2004 | എൽഎഫ്.എം18/273/2007 | 39 |

| | | |
|---|---|---|
| | തീയതി 20-03-2007 | |
| 2004-2005 | എൽഎഫ്.എം18/273/2007<br>തീയതി 20-03-2007 | 29 |
| 2005-2006 | എൽഎഫ്.ടി.എം1/31/2010<br>തീയതി 02-05-2011 | 34 |
| 2006-2007 | എൽഎഫ്.ടി.എം1/32/2010<br>തീയതി 27-06-2011 | 22 |
| 2007-2008 | എൽഎഫ്.ടി.എം1/33/2010<br>തീയതി 18-09-2011 | 20 |
| 2008-2009 | കെ.എസ്.എ.ടി.ആർ.എം.2/454/2022<br>തീയതി 28-10-2022 | 20 |
| 2009-2010 | കെ.എസ്.എ.ടി.ആർ.എം.2/454/2022<br>തീയതി 28-10-2022 | 8 |
| 2010-2011 | എൽഎഫ്.ടി.എം2/356/2012<br>തീയതി 19-08-2013 | 48 |
| 2011-2012 | കെ.എസ്.എ.ടി.ആർ.എം.2/454/2022<br>തീയതി 28-10-2022 | 22 |
| 2012-2013 | കെ.എസ്.എ.ടി.ആർ.എം.2/454/2022<br>തീയതി 28-10-2022 | 12 |
| 2013-2014 | കെ.എസ്.എ-ടി.ആർ.എം2/230/2016<br>തീയതി 22-10-2018 | 41 |
| 2014-2015 | കെ.എസ്.എ-ടി.ആർ.എം2/171/2016<br>തീയതി 27-06-2016 | 29 |
| 2015-2016 | കെ.എസ്.എ-ടി.ആർ.എം2/20/2017<br>തീയതി 08-02-2017 | 25 |
| 2016-2017 | കെ.എസ്.എ-ടി.ആർ.എം2/326/2017<br>തീയതി 21-06-2018 | 17 |
| 2017-2018 | കെ.എസ്.എ-ടി.ആർ.എം2/76/2018<br>തീയതി 02-02-2019 | 16 |
| 2018-2019 | കെ.എസ്.എ.ടി.ആർ.എം2/57/2020<br>തീയതി 03-07-2020 | 36 |
| 2019-2020 | കെ.എസ്.എ.ടി.ആർ.എം2/370/2021<br>തീയതി 15-12-2021 | 22 |
| 2020-2021 | കെ.എസ്.എ.ടി.ആർ.എം2/230/2022<br>തീയതി 02-06-2022 | 33 |
| 2021-2022 | കെ.എസ്.എ.ടി.ആർ.എം2/229/2023<br>തീയതി 25-07-2023 | 40 |
| 2022-2023 | കെ.എസ്.എ.ടി.ആർ.എം2/507/2023<br>തീയതി 28-12-2023 | 50 |

| | | |
|---|---|---|
| 2023-24 | കെ.എസ്.എ.ടി.ആർ.എം2/114/2025<br>തീയതി 27.03.2025 | 42 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
നഗരസഭ ഓഡിറ്റ് കാര്യാലയം, തിരൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 27-11-2025 and submitted on 30-11-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Tirur Concurrent Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Tirur Concurrent Municipality as on 31-03-2025

**Date: 28/03/2026**

**Deputy Director**
**Tirur Municipality**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Tirur Concurrent Municipality for the Year 2024-2025 .

**1.Major Observations**

**2.Other Observations**

### 1-1-1: Missing Financial Disclosures

The following required items under Rule 58 of the 2007 Kerala Municipality Accounting Rules were not included:

Notes on Accounts.

Financial Performance Indicators.

**1-1-2: Balance Mismatch**

The closing balance from the 2023-24 Balance Sheet does not match the opening balance for the 2024-25 financial year.

**1-1-3 Bank Reconciliation Statements**

Bank Reconciliation Statements were prepared in respect of all bank accounts maintained up to 31.03.2025. However, reconciliation was not carried out in respect of certain items as required under RP 40(b).

**1-1-4 Difference noticed in Bank Reconciliation**

In the E-Pay D&O-0501 Account, the closing balance as per the bank book in the reconciliation statement is shown as 77,36,505/-.
However, as per the bank statement, the balance amount is 63,69,233/-. The difference has not been properly explained/verified.

**1-1-5 The Registers are not properly maintained in a way that allows verification of the accuracy of the AFS**

Unsupported Assets & Deposits: Fixed deposits totaling 6,184,406 lack supporting investment registers or share certificates. Similarly, deposit registerswere not produced to verify balances in Schedule B-7.
Grant & Fund Mismanagement: Appropriation control registers for Special Purpose Grants (Schedule B-4) were not produced, preventing verification of fund usage.
Missing Financial Records: Loan registers (Schedule B-5) and Advance registers (Schedule B-18) were not made available, making it impossible to verify outstanding balances.
Lack of Documentation: An audit recovery income of 622/- was recorded without an accompanying audit recovery register to support it.

**1-1-6 Reconciliation Process**

Contrary to Rule 54 of the Kerala Municipality (Accounts) Rules, 2007, bank and treasury accounts are not being reconciled with bank books on a monthly basis. Reconciliations are not prepared monthly, nor are they certified by the Accounts Officer and the Secretary as required by regulation.

**1-1-7 Unresolved Discrepancies**

No Corrective Action: The Municipality has failed to take steps to rectify discrepancies identified in the bank/treasury reconciliation as of 31.03.2025.
Unrecorded Withdrawals: 7,860,843 was directly debited by banks but not recorded in the Municipality's books, with no investigation into the cause.
Unverified Deposits: 19,480,680 was directly credited to the Municipality's account without verification of the source or purpose.
Uncollected Revenue: Checks totaling 37,346,377 recorded as revenue have not been credited to the account by the bank to date.

**1-1-8: Failure to Transfer Stale Cheques**

The municipality failed to transfer cheques totaling 12,409,285 which were issued but not cashed within their validity period to the "Stale Cheque"
account head. This constitutes a violation of Rule 45 of the Kerala Municipality (Accounts) Rules, according to the bank reconciliation statement dated March 31, 2025.

**1-1-9: Lack of Asset Valuation**

The audit found that asset values were not recorded in the municipality's Asset and Stock Registers. Consequently, auditors were unable to verify the actual condition of the assets listed in the 2024-25 balance sheet.

**1-1-10 : Actual expenditure is not booked**

Various expenditures are not reflected correctly because they were accounted for under the wrong head instead of the actual expenditure head.

**1-1-11 Monthly Reconciliation of Ledger Balances and Receipt Registers not done**

Monthly reconciliation between the ledger balances of various items and their corresponding registers is not being conducted. Due to this, the accuracy of the balance carried forward cannot be verified and ensured.

**1-1-12 Deposit Certificates not available**

According to the annual financial statement, there are deposits worth 6,184,406. However, physical verification found deposits worth only 2,453,909. Details are provided in item 1-17.

**1-1-13 Depreciation calculation worksheet not produced for verification**

Although depreciation for fixed assets has been calculated and journalized this year according to the trial balance and ledger, this is not reflected in the Income and Expenditure statement. Furthermore, since the worksheet for the depreciation calculation was not produced for verification, the accuracy of the figures for this item could not be ensured.

**1-1-14 Monthly Receipt & Payment Statement not prepared and submitted to the Standing Committee**

The monthly Receipt & Payment statement, as required under Rule 56 of the Kerala Municipality (Accounts) Rules 2007, is not being prepared and submitted to the Standing Committee.

**1-1-15: Misclassification of Revenue**

The municipality incorrectly recorded its own revenue (like market fees and rent) under liability heads instead of income heads, and wrongly booked a deposit refund as tax revenue. This resulted in the financial statement failing to accurately show the municipality's actual income.

**1-1-16: Missing Bank Accounts**

There is a discrepancy in the number of bank accounts reported. While 55 accounts were listed in the previous year, only 31 were included in the current
year's accounts. 24 accounts are missing, and there is no documentation available to prove they were closed.

**1-1-17: Lack of Documentation for Reconciliation**

While journal entries were made to reconcile bank balances, the supporting documents to justify these entries were not produced for the audit.

Consequently, the accuracy of the bank balances reported in the annual accounts cannot be verified.

**1-1-18: Unrecorded AUEGS Expenditures**Missing Financial Entry: Audit of the cash book and BIMS statement revealed that 10,530,952 was spent from the AUEGS fund

Omission in Reporting: Despite the expenditure occurring, this amount was entirely omitted from the municipality's annual accounts .

**1-1-19: Accounting Errors Affecting Financial Statements**

Inflated Figures: Incorrect accounting methods specifically booking fund transfers as expenses instead of contra entries caused both revenue and expenses to be inaccurately inflated.Improper Recording: Advance payments to AUEGS were booked as expenses, and their repayment was booked as revenue, further distorting the financial records.Balance Sheet Discrepancy: Recording GST collections under the GST TDS head inaccurately showed collected GST amounts as unspent funds on the balance sheet.

**1-1-20 accuracy of the arrivals cannot be guaranteed.**

Since the documents required to verify the accuracy of the demand for 2024-25 for incomes such as property tax, rent, institutional employment tax, etc., which record accrual demand, such as the demand register and arrears demand register, have not been prepared and kept in a concise manner, it has not been possible to

verify and ensure the actual status of income and balances in such incomes.

**1-1-21 Special Purpose Grant - Interest accounted as own revenue.**

The interest earned by depositing the amount received under the special purpose grant in the bank should also be accounted for as income from the said grant.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരൂർ മുനിസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, തിരൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

MUNICIPAL AUDIT OFFICE, TIRUR
KERALA STATE AUDIT DEPARTMENT
PO TRIKKANDIYUR, MALAPPURAM 676101